കേരള പ്രസ് അക്കാദമി

# സാമൂഹിക നവോത്ഥാനവും മാധ്യമങ്ങളും

സി.പി. സത്യരാജ്



# സാമൂഹിക നവോത്ഥാനവും മാധ്യമങ്ങളും

സി.പി. സത്യരാജ്

കേരള പ്രസ് അക്കാദമി
2014

## സി.പി. സത്യരാജ്

മാധ്യമ പ്രവർത്തകൻ. കണ്ണൂർ ജില്ലയിലെ ചാവശ്ശേരിയിൽ ജനനം. അച്ഛൻ: കെ വി രാജഗോപാലൻ. അമ്മ: സി പി പത്മിനി. *വർത്തമാനം, ന്യൂ ഏജ്, മാധ്യമം* തുടങ്ങിയ പത്രങ്ങളിൽ പ്രവർത്തിച്ചു. ഇപ്പോൾ *ഇന്ത്യാവിഷനിൽ* ചീഫ് സബ് എഡിറ്റർ. ഭാര്യ: വിനീത, മകൻ:ചേതൻ എസ്. രാജ്. ഇ മെയിൽ: cpsathiaraj@gmail.com

Malayalam Title :

**Sammohika Navodhanavum Madhyamangalum**

**By C.P. Sathyaraj**

© Kerala Press Academy. Some rights reserved.

The e-book edition of this work is licensed by Kerala Press Academy under CC BY 4.0. The work is to be attributed to C.P. Sathyaraj

No part of this publication may be reproduced or transmitted, on paper or any non-electronic form, without the prior written permission of the copyright-owner.

C.P. Sathyaraj asserts the moral right to be identified as the author of this work.

Published by
**Kerala Press Academy**
Kakkanadu, Kochi-30

Cover Design : Saji Clarion

Published in May 2014

E-book edition not for sale.

# ഉള്ളടക്കം


**ആമുഖം**

**1. കേരളം: ഇരുളും വെളിച്ചവും** 11 –30

*സംഘകാല കേരളം–ആര്യാധിനിവേശവും വർണാശ്രമധർമങ്ങളും–മാറുന്ന ശീലങ്ങൾ–നാമെടുക്കുന്ന നവോത്ഥാനം–പരിഷ്കർത്താക്കളും പ്രസ്ഥാനങ്ങളും*

**2. നവോത്ഥാന മുന്നേറ്റവും ആദ്യകാല പത്രങ്ങളും** 31 –63

*ആദ്യകാല മാധ്യമങ്ങളും മതബോധനവും–മതബോധനത്തിൽനിന്ന് സാമൂഹിക വിമർശനത്തിലേക്ക്–ആദ്യകാല പ്രസിദ്ധീകരണങ്ങളും മുൻനിരക്കാരും–വഴിനടപ്പ്, ക്ഷേത്രപ്രവേശന സമരങ്ങൾ–സമദർശി–ധർമ്മസമരം–മലയാളി, സമദർശി പോര്– കേസരി–സഹോദരൻ–തളിക്ഷേത്രപരിസരത്തെ വഴിനടപ്പ്–കേരള കൗമുദി–വൈക്കം സത്യാഗ്രഹം –സഞ്ചാരസ്വാതന്ത്ര്യത്തിനെതിരെ ഈഴവന്റെ വോട്ട്–മാതൃഭൂമിയുടെ തുടക്കം–ക്ഷേത്രപ്രവേശനത്തിനുള്ള ഇടപെടലുകൾ–കെ.പി. കേശവ മേനോന്റെ അറസ്റ്റ്–സവർണജാഥ–ഗുരുവായൂർ സത്യാഗ്രഹം–സാമൂതിരിക്കും ചെകിടത്തടിച്ച സവർണനുമെതിരെ–മലയാളമനോരമയുടെ സൂക്ഷ്മചുവടുകൾ–പ്രജാസഭയിലെ മാമൻ മാപ്പിള–കേരള സേവകനെതിരെ സർക്കാർ*

**3. സമുദായ പരിഷ്കരണങ്ങൾക്കൊപ്പം** 64 – 91

*സമുദായപരിഷ്കരണ പ്രവർത്തനങ്ങൾ–ഉണ്ണിനമ്പൂതരി–അന്തർജനത്തിന്റെയും നേത്യാരമ്മയുടെയും പോര്–മിതവാദിയുടെ ദന്ദ്വനിലപാട്–നവശക്തി–വിദ്യാവിനോദിനി–സഹോദരൻ–മിശ്രഭോജനം, മിശ്രവിവാഹം, വിധവാവിവാഹം–മതംമാറ്റങ്ങൾ– മുസ്ലീം സമുദായത്തിലെ മാറ്റങ്ങൾ–അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ–മുറജപത്തിനെതിരെ–മൃഗബലി നിർത്താൻ–പത്രമാരണ നിയമങ്ങൾ*

**4. സ്വാതന്ത്ര്യാനന്തര പിൻനടത്തം** 92 –136

*സ്വാതന്ത്ര്യാനന്തര രാഷ്ട്രീയമാറ്റം–പത്രങ്ങളുടെ പ്രഫഷണൽ രീതി–ജാതീയതയുടെ പുനഃസൃഷ്ടിയും ജാതിരാഷ്ട്രീയവും–മാധ്യമങ്ങളിലെ ജാതീയത–വർഗീയ ചേരുവകൾ–മൂലധനവും സാമൂഹിക കാഴ്ചപ്പാടും–ഭക്തിയും പത്രപ്രവർത്തനവും–ഗുരുവായൂരിലെ ചോറൂൺ വിവാദം–പടിക്കുപുറത്താകുന്ന ഈഴവപ്പൂജാരിമാർ–ശബരിലയും സ്വർണപ്രശ്നത്തിലെ മൗനവും–മകര ജ്യോതിയുടെ ഉള്ളറകളിലേക്ക് കടക്കാതെ–പത്മനാഭക്ഷേത്ര നിലവറ തുറക്കാത്ത രഹസ്യങ്ങൾ–പൊങ്കാലയക്ഷരങ്ങളിലെ ഭക്തി–ആഘോഷമാകുന്ന ബലിതർപ്പണം–ആൾദൈവങ്ങൾക്കുപിന്നാലെ–അമൃതാനന്ദമയിക്കു മുന്നിൽ തലകുനിച്ച്–സന്തോഷ് മാധവനിൽ സടകുടഞ്ഞ്–മുസ്ലീം നവോത്ഥാനവും ആചാരങ്ങളും–തിരുകേശം തൊടാത്ത നിഷ്പക്ഷത–മിശ്രവിവാഹത്തിൽനിന്ന് ലൗ ജിഹാദിലേക്ക്*

**5. വിശ്വാസങ്ങളുടെ വിപണി** 137 –148

*വിപണിയും ജനാഭിലാഷവും–ഇംഗ്ലീഷ് മാധ്യമങ്ങളുടെ വഴിയേ–ഉല്പന്ന സങ്കല്പം പത്രങ്ങളിലും–ആഭിചാരക്രിയകളുടെ പരസ്യവിപണി–മാന്ത്രികഏലസ്സുകളെന്ന ധനാഗമനമാർഗ്ഗം–പരേതാത്മാക്കൾക്കും ഇടം–പത്രങ്ങൾക്ക് ഒരു ഉപകാരസ്മരണ*

**6. അറച്ചുനിൽക്കുന്ന ദൃശ്യമാധ്യമങ്ങൾ** 149 –152

*ദൃശ്യമാധ്യമങ്ങളുടെ തുടക്കവും വാർത്താ ചാനലുകളുടെ ആവിർഭാവവും–പൊലിമയേകുന്ന ദൃശ്യവിരുന്നുകൾ–ആഘോഷമാകുന്ന മകരജ്യോതിയും പൊങ്കാലയും–ദൃശ്യാന്വേഷണ സാധ്യതകളിലേക്ക് കടക്കാതെ*

**സഹായക ഗ്രന്ഥങ്ങൾ**

# ആമുഖം

രാജ്യത്തിന് മാതൃകയായിരുന്നു കേരളത്തിലെ സാമൂഹിക നവോത്ഥാന മുന്നേറ്റങ്ങൾ. സാമൂഹിക ഉച്ചനീചത്വം അതിന്റെ എല്ലാ രൗദ്രതയോടെയും അരങ്ങേറിയ ഒരു ഭൂതകാലത്തിൽനിന്ന് കീഴാളജനവിഭാഗങ്ങൾക്ക് തലയുയർത്തി നടക്കാനുള്ള സാഹചര്യം ഒരുങ്ങിയത് ദീർഘകാലം സമൂഹത്തിന്റെ സർവതലങ്ങളിലും നടന്ന പരിഷ്കരണ പ്രവർത്തനങ്ങളിലൂടെയാണ്. സാമൂഹിക മുന്നേറ്റത്തിലെ ഈ മലയാളപ്പെരുമയിൽ ഊറ്റംകൊള്ളുമ്പോഴും നവോത്ഥാനമുന്നേറ്റങ്ങളെ കീഴ്മേൽ മറിക്കുന്ന സംഭവങ്ങൾ വർത്തമാനകാല സമൂഹത്തിലും അരങ്ങേറിക്കൊണ്ടിരിക്കുന്നു എന്നത് ഒരു യാഥാർഥ്യമാണ്. വ്യത്യസ്ത കാലഘട്ടത്തിലെ സാമൂഹിക സാഹചര്യങ്ങളെ മാധ്യമങ്ങൾ എങ്ങനെ സമീപിച്ചുവെന്നതാണ് ഈ പഠനത്തിലെ ഉള്ളടക്കം.

ഐക്യകേരള പിറവിക്ക് മുമ്പുള്ള കേരളത്തിന്റെ സാമൂഹിക സാഹചര്യങ്ങൾ പരിശോധിക്കുന്നതിലൂടെ മാത്രമേ ആധുനിക കാലത്തെ സവിശേഷതയിലേക്ക് എങ്ങനെ എത്തിച്ചേർന്നു എന്ന വിശകലനം സാധ്യമാകൂ. ഒന്നാം അധ്യായത്തിൽ ഇതിനുള്ള ശ്രമമാണ് നടത്തുന്നത്. സംഘകാല സാമൂഹ്യ സാഹചര്യങ്ങളും അതിന്റെ തുടർച്ചയായി വർണാശ്രമധർമം കേരളത്തിന്റെ സാമൂഹ്യ മനസ്സിനെ കീഴടക്കിയതെങ്ങനെയെന്നും ഈ അധ്യായത്തിൽ പരിശോധിക്കുന്നു.

സാമൂഹിക നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഉദയവും അതിന്റെ പ്രവർത്തന രീതിയും ആദ്യകാല മലയാള പത്രങ്ങൾ അതിനെ എങ്ങനെയാണ് വീക്ഷിച്ചതെന്നുമാണ് രണ്ടാം അധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം കേരളത്തിലെ പൊതു സാമൂഹിക ബോധത്തിൽവന്ന മാറ്റങ്ങളെയും അതിനോടുള്ള മാധ്യമ സമീപനങ്ങളുമാണ് മൂന്നും നാലും അധ്യായത്തിലുള്ളത്. മാധ്യമരംഗത്ത് മൂലധന താല്പര്യങ്ങൾ ഉടലെടുക്കുകയും അത് നവോത്ഥാന മൂല്യങ്ങൾ പിന്തുടരുന്നതിൽ എന്ത് സമീപനമാണ് സ്വീകരിച്ചതെന്നും നാലാം അധ്യായം പരിശോധിക്കുന്നു. ദൃശ്യമാധ്യമങ്ങൾ കേരളത്തിൽ സജീവമായ ശേഷമുണ്ടായ സാഹചര്യങ്ങളെ അച്ചടിമാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും എങ്ങനെ കൈകാര്യം ചെയ്തുവെന്നതാണ് അഞ്ചാം അധ്യായം.

കേരളത്തിന്റെ സാമൂഹിക ചരിത്രത്തെയും വികാസത്തെയും കുറിച്ചുള്ള ഗ്രന്ഥങ്ങളും മലയാള പത്രപ്രവർത്തനചരിത്രം സംബന്ധിച്ച രചനകളും പഴയ പത്രങ്ങളുടെയും നിലവിലുള്ള പത്രങ്ങളുടെയും പതിപ്പുകളും പരിശോധിച്ചായിരുന്നു പഠനം. പഴയകാല പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും പതിപ്പുകൾ പരിശോധിക്കുന്നതിന് തൃശൂർ സാഹിത്യഅക്കാദമി ലൈബ്രറിയിൽനിന്ന് ലഭിച്ച സഹകരണം വിലപ്പെട്ടതായിരുന്നു. ഇതോടൊപ്പം വിവിധ മാധ്യമസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന മാധ്യമപ്രവർത്തകരുടെ സഹകരണവും പഠനം പൂർത്തിയാക്കുന്നതിന് സഹായകരമായി. അവരോടെല്ലാമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

കേരളത്തിന്റെ സാമൂഹികനവോത്ഥാനത്തെയും മാധ്യമങ്ങളുടെ പങ്കിനെയും കുറിച്ചുള്ള പഠനത്തിന് അനുമതിയും സാധ്യതയും ഒരുക്കിത്തന്ന കേരള പ്രസ് അക്കാദമിയോടുള്ള കൃതജ്ഞതയും പ്രത്യേകം രേഖപ്പെടുത്തുന്നു. സാമൂഹിക മാറ്റത്തെ കുറിച്ചുള്ള തുടർ മാധ്യമ പഠനങ്ങൾക്ക് ചെറിയ അടിത്തറയാകാൻ ഈ പഠനം സഹായകമാകും എന്നാണ് പ്രതീക്ഷ.

**സി.പി. സത്യരാജ്**

# പ്രസാധകക്കുറിപ്പ്

കേരള പ്രസ് അക്കാദമി സംസ്ഥാന സർക്കാറിന്റെ സഹായത്തോടെ പത്രപ്രവർത്തകർക്കുവേണ്ടി ഏറ്റെടുത്ത മാധ്യമഗവേഷണ പദ്ധതി യുടെ ഫലമാണ്, പത്രപ്രവർത്തകനായ ശ്രീ. സി.പി.സത്യരാജിന്റെ സാമൂഹ്യനവോത്ഥാനവും മാധ്യമങ്ങളും എന്ന ഈ ഗ്രന്ഥം.

കേരളത്തിലെ പത്രപ്രവർത്തനത്തിന്റെ തുടക്കം, യഥാർത്ഥത്തിൽ കേരളത്തിലെ നവോത്ഥാനത്തിന്റെ തുടക്കം തന്നെയാണ് എന്ന് ചിന്തകനും ചരിത്രവ്യാഖ്യാതാവും കൂടിയായ ഇ.എം.എസ് നമ്പൂതിരിപ്പാട് പറഞ്ഞുവെച്ചിട്ടുണ്ട്. നൂറ്ററുപത് വർഷത്തോളം നീണ്ട മലയാള പത്രപ്രവർത്തനത്തിന്റെ ചരിത്രത്തെ സാമൂഹ്യമാറ്റത്തിന്റെ ചരിത്രത്തിൽ നിന്ന് വേർതിരിച്ച് രേഖപ്പെടുത്തുക പ്രയാസമാണ്. സാമൂഹ്യമാറ്റങ്ങളെ പത്രപ്രവർത്തനവും പത്രപ്രവർത്തനത്തെ സാമൂഹ്യമാറ്റവും സ്വാധീനിച്ചുപോന്നു

തീർച്ചയായും ഗഹനമായ ഈ വിഷയമാണ് ശ്രീ സത്യരാജ് പഠന ത്തിന് ഏറ്റെടുത്തത്. എന്നാൽ പഠനം അതിലൊതുങ്ങിനിൽക്കുന്നില്ല. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ പട പൊരുതി യ അതേ പത്രങ്ങൾ തന്നെ സ്വാതന്ത്ര്യാനന്തരം പ്രൊഫഷനൽ പത്ര പ്രവർത്തനത്തിന്റെ മുഖംമൂടിയിട്ട് അന്ധ വിശ്വാസങ്ങൾക്കും അനാ ചാരങ്ങൾക്കുപോലും പ്രോത്സാഹനം നൽകുന്ന, നവോത്ഥാനത്തിൽ നിന്നുള്ള തിരിഞ്ഞുനടത്തത്തെകുറിച്ചും ശ്രീ സത്യരാജ് വിലയേറിയ നീരീക്ഷണങ്ങൾ നടത്തുന്നുണ്ട്. വിപണി എല്ലാ മൂല്യങ്ങൾക്കും വില യിടുന്ന കാലം എന്ന ദുരന്തത്തിലേക്കാണ് ഗവേഷകൻ വിരൽചൂണ്ടു ന്നത്.

വർഷങ്ങൾ പിന്നിട്ടാലും വായിക്കപ്പെടേണ്ട ഈ കൃതി വരും തലമുറ കൾക്കും എളുപ്പം ലഭ്യമാകുന്ന ഇ–ബുക്ക് ആയി പ്രസിദ്ധപ്പെടുത്തുന്ന തിൽ സന്തോഷവും അഭിമാനവുമുണ്ട്. ഇനിയുമേറെ ചർച്ചകൾക്കും സംവാദത്തിനും ഇത് പാത്രമാകും എന്ന് ആശിക്കുന്നു.

കൊച്ചി
15 ഏപ്രിൽ 2014

**എൻ.പി.രാജേന്ദ്രൻ**
ചെയർമാൻ, കേരള പ്രസ് അക്കാദമി

## അധ്യായം ഒന്ന്

# കേരളം: ഇരുളും വെളിച്ചവും

ജർമൻ ക്രൈസ്തവ മിഷണറിയായ ഡോ. ഹെർമൻ ഗുണ്ടർട്ട് 1847 ജൂണിൽ തലശ്ശേരിയിൽനിന്ന് മലയാളത്തിലെ ആദ്യത്തെ പ്രതിമാസ പത്രികയായ 'രാജ്യസമാചാരം' പ്രസീദ്ധീകരിച്ച് ഏതാണ്ട് അരനൂറ്റാണ്ട് കഴിഞ്ഞപ്പോഴായിരുന്നു സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശം. 'ഇതൊരു ഭ്രാന്താലയമാണ്' എന്ന സ്വാമി വിവേകാനന്ദന്റെ പരിഹാസം അന്നത്തെ കേരളത്തിലെ സാമൂഹ്യാന്തരീക്ഷത്തിന്റെ പരിതാപകരമായ സ്ഥിതിയുടെ വ്യാപ്തി വ്യക്തമാക്കുന്നതായിരുന്നു. ഇന്ത്യയിലെ ഇതരദേശങ്ങളെപ്പോലെ മതവിശ്വാസ കേന്ദ്രീകൃതമായിരുന്നു അന്ന് കേരളത്തിലെയും പൊതുസമൂഹം. എന്നാൽ, അതിലുപരിയായി മറ്റെങ്ങുമില്ലാത്ത വിധം ജാതി-ഉപജാതി ബന്ധങ്ങളും വേർതിരിവുകളും കേരളത്തിന്റെ സാമൂഹ്യസ്ഥിതി അത്യധികം സങ്കീർണമാക്കിയിരുന്നു. വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കുമൊപ്പം അന്ധവിശ്വാസവും അനാചാരവും സമൂഹത്തിൽ മുഖ്യസ്ഥാനം നേടി. ഒരർത്ഥത്തിൽ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമായിരുന്നു മേൽക്കൈ എന്നു പറയാം.

നാടുവാഴിത്തഭൂപ്രഭുത്വത്തിനായിരുന്നു അധികാരം. ഇവർക്കൊപ്പം ജാതിമേൽക്കോയ്മയും സമൂഹത്തിന്റെ ചലനങ്ങളെ നിയന്ത്രിച്ചു. നാടുവാഴിയിലാണോ, ജന്മിയിലാണോ, ഉയർന്ന ജാതിയിലാണോ അധികാരം കേന്ദ്രീകരിച്ചിരിക്കുന്നതെന്ന് വേർതിരിച്ചറിയാനാവാത്തവരായിരുന്നു കീഴാള ജനവിഭാഗം. ബ്രാഹ്മണരും ക്ഷത്രിയരും അവരുടെ കാര്യസ്ഥവർഗവും താന്താങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് നിയമങ്ങളും വ്യവസ്ഥകളും നിർമിക്കുകയും വ്യാഖ്യാനിക്കുകയും നടപ്പാക്കുകയും ചെയ്തു. തുല്യനീതിയല്ല, വിവേചനമായിരുന്നു നിയമവ്യവസ്ഥയുടെ അടിസ്ഥാനം തന്നെ. നാടുവാഴികളിലും ജാതി മേൽക്കോയ്മ സ്ഥാനത്തുള്ളവരിലും ഭൂമിയുടെയും സമ്പത്തിന്റെയും അധികാരം പൂർണമായും നിക്ഷിപ്തമായിരുന്നതിനാൽ കീഴാളവിഭാഗം ദരിദ്രരായിരുന്നു; എല്ലാ അർത്ഥത്തിലും. സമ്പത്തിന്റെ കാര്യത്തിൽ മാത്രമല്ല, വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ഈ ദാരിദ്ര്യം അവരെ പിടികൂടി. വിദ്യാഭ്യാസം സവർണരിൽ മാത്രം കേന്ദ്രീകരിക്കപ്പെട്ടു. അതുകൊണ്ടുതന്നെ സമൂഹത്തിൽ വിനീതവിധേയരാവാൻ മാത്രമേ അവർണ്ണർക്ക് സാധി

ക്കുമായിരുന്നുള്ളൂ. അതായിരുന്നു അന്നത്തെ നാട്ടുനടപ്പ്. അനുസരിക്കുക എന്നതിൽ അവർണന്റെ എല്ലാ അവകാശങ്ങളും ഒതുങ്ങി.

അന്ധവിശ്വാസവും അനാചാരവും അവർണനിൽ മാത്രമായിരുന്നില്ല. മൂഢവിശ്വാസങ്ങളുടെ മേൽ അടയിരിക്കുന്നതിൽ സവർണരായിരുന്നു മുന്നിൽ. അധികാരികളിൽനിന്നും മേൽജാതിക്കാരിൽനിന്നുമുള്ള പീഡനത്തിന്റെ ഭീതി നിമിത്തം അന്ധവിശ്വാസവും അനാചാരവും അനുഷ്ഠിക്കാൻ അവർണർ നിർബന്ധിതരായപ്പോൾ, സവർണർ സ്വയം സൃഷ്ടിച്ചെടുത്ത ഭീതിയുടെ ലോകത്തായിരുന്നു കഴിഞ്ഞത്. ആചാര നിഷേധം വഴി തങ്ങൾ പതനത്തിലേക്ക് നയിക്കപ്പെടുമെന്ന് അവർ ഭയന്നു. അന്ധവിശ്വാസം കാഴ്ചമറച്ചു. അതിനപ്പുറത്തെ കാഴ്ചകാണാൻ സവർണർക്ക് സാധിച്ചില്ല. ഈ ഭീതിയിൽനിന്നുള്ള മോചനമായിരുന്നു കീഴാളനുമേലുള്ള അധികാരപ്രയോഗത്തിലൂടെയും ആചാരനിഷ്കർഷയിലൂടെയും സവർണർ സാധ്യമാക്കിയിരുന്നത്.

അടിമസമ്പ്രദായം, അയിത്തം, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, ജാതിഭ്രഷ്ട്, പുലപ്പേടി, മണ്ണാപ്പേടി, പറപ്പേടി, മുറജപം, ദായക്രമം, ശൈശവ വിവാഹം, ബഹുഭാര്യാത്വം, ബഹുഭർതൃത്വം, താലികെട്ട് കല്യാണം, തിരണ്ടുകല്യാണം, സ്ത്രീകളുടെ മാറുമറയ്ക്കാതിരിക്കൽ, സഞ്ചാര സ്വാതന്ത്ര്യ നിഷേധം, ക്ഷേത്രപ്രവേശനമില്ലായ്മ, വിദ്യാഭ്യാസ നിഷേധം, മരുമക്കത്തായം, ജന്മിത്തം എന്നിങ്ങനെ നാനാവിധാചാരങ്ങളും നിയമവ്യവസ്ഥകളുമായിരുന്നു അക്കാലത്ത് നിലനിന്നിരുന്നത്. ഈ നിയമങ്ങളും ആചാരങ്ങളും പാലിക്കുന്നതിൽ സൂക്ഷ്മത പുലർത്തേണ്ട ബാധ്യതയും അവർണനും കീഴ്ജാതിക്കാർക്കുമായിരുന്നു. അതായത്, സവർണന്റെ പരിശുദ്ധി നഷ്ടമാകാതിരിക്കാനുള്ള ശ്രദ്ധ കീഴാളർ പുലർത്തണമായിരുന്നു. അതിനായി സവർണരുടെ കൺവെട്ടത്ത് യാദൃച്ഛികമായിപോലും വന്നുപെടാതിരിക്കാൻ അവർണൻ ശ്രദ്ധിക്കണം. ബ്രാഹ്മണർ, ക്ഷത്രിയർ, നായർ തുടങ്ങി സവർണ വിഭാഗത്തിലുള്ളവർ പുറത്തുപോകുമ്പോൾ പ്രത്യേക ശബ്ദം പുറപ്പെടുവിക്കുമായിരുന്നു. അവർണൻ തീണ്ടാപ്പാടകലം സൂക്ഷിക്കുന്നതിനാണിത്. അചാരാനുഷ്ഠാനങ്ങളിൽ വരുത്തുന്ന വീഴ്ചയുടെ ശിക്ഷയും കടുത്തതായിരുന്നു. ശിക്ഷ ഭയന്ന് കടുകിട തെറ്റാതെ അവ പാലിക്കുന്നതിൽ ഒരു പരിധിവരെ എല്ലാവരും നിഷ്കർഷ പാലിച്ചു.

കേരളത്തിലെ സാമൂഹിക നവോത്ഥാന മുന്നേറ്റങ്ങൾ വൈദേശി കാധിപത്യം ഉടലെടുക്കുന്നതിനും ഒന്നോ രണ്ടോ നൂറ്റാണ്ടുമുമ്പേ കേരളം ഇത്തരമൊരു സാമൂഹിക ചട്ടക്കൂടിലായിരുന്നുവെന്ന് ചരിത്ര കാരന്മാർ രേഖപ്പെടുത്തുന്നു. എന്നാൽ, അതിനുമുമ്പുള്ള കാലഘട്ട ത്തിൽ ഇത്തരമൊരു വേർതിരിവ് കേരളത്തിൽ കാണാൻ സാധിക്കു മായിരുന്നില്ല. അതുകൊണ്ടുതന്നെ കേരളത്തിന്റെ സാമൂഹിക ചരിത്ര വികാസത്തെ പ്രാഥമികമായി മൂന്ന് ഘട്ടങ്ങളായി തിരിക്കാൻ സാധി ക്കും. ഒന്ന്, കേരളത്തിന്റെ ചരിത്രം രൂപപ്പെട്ടു തുടങ്ങിയ സംഘകാല ഘട്ടം. രണ്ട്, ആര്യവത്കരണവും അതിന് ശേഷവും. മൂന്ന്, നവോ ത്ഥാന കാലഘട്ടം.

ക്രിസ്തുവർഷത്തിന്റ ആദ്യത്തെ അഞ്ച് നൂറ്റാണ്ടുകൾ വരുന്ന സംഘ കാലത്തെ കേരളത്തിന്റെ സാമൂഹ്യഘടന പില്കാലത്തെ അപേക്ഷിച്ച് തികച്ചും വ്യത്യസ്തമായിരുന്നുവെന്ന് പ്രൊഫ. ഇളംകുളം പിഎം കുഞ്ഞൻപിള്ളയെയും എ ശ്രീധരമേനോനെയും പോലുള്ള ചരിത്ര കാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. കേരള ചരിത്രം രൂപപ്പെട്ടുതുടങ്ങു ന്നത്തന്നെ തമിഴ്സാഹിത്യത്തിലെ സുപ്രസിദ്ധമായ സംഘകാലഘ ട്ടത്തിലായിരുന്നു. അന്ന് തമിഴകത്തിന്റെ ഭാഗമായിരുന്നു കേരളവും. വേണാട്, കുട്ടനാട്, കുടനാട്, പൂഴിനാട്, കർക്കാനാട് എന്നിങ്ങനെ അഞ്ചുനാടുകളുടെ സമന്വയമായിരുന്നു കേരളം. അക്കാലത്തെ സാമൂ ഹിക ജീവിതത്തെ 'കേരള ചരിത്രത്തിൽ' എ ശ്രീധരമേനോൻ വിവരി ക്കുന്നത് ഇങ്ങനെയാണ്:

> *'ഒരു സംഗ്രഥിതസംസ്കാരത്തിന്റെ വികസനത്തിന് ആവശ്യ മായ അടിസ്ഥാന ഘടകങ്ങളെല്ലാം സംഘകാലത്ത് ഉണ്ടായി രുന്നു. അന്ന് സമൂഹം സമുദായങ്ങളായും ജാതികളായും ഖണ്ഡിതമായി വിഭജിക്കപ്പെട്ടിരുന്നില്ല. രൂക്ഷമായ ജാതിവ്യ ത്യാസമോ, സാമൂഹികമായ വേർതിരിക്കലോ അജ്ഞാതമാ യിരുന്നു. ജനങ്ങൾ സാമൂഹികമായ സ്വാതന്ത്ര്യത്തിലും സമ ത്വത്തിലും കഴിഞ്ഞുകൂടി. അദ്ധ്വാനത്തിന്റെ അന്തസ്സ് എവി ടെയും അംഗീകരിക്കപ്പെട്ടിരുന്നതിനാൽ തൊഴിലിന്റെ നില വാരത്തിനനുസരിച്ച് ജനങ്ങളെ സാമൂഹ്യമായി താണവ രെന്നോ ഉയർന്നവരെന്നോ തരംതിരിച്ചിരുന്നില്ല. പാണർ, കുറവർ, പറയർ, വേടർ തുടങ്ങിയ സമുദായങ്ങളെ രാജാക്ക ന്മാരും പ്രഭുക്കന്മാരും ബഹുമാനപൂർവ്വമാണ് പരിഗണിച്ചിരു*

*ന്നത്. പരിപൂർണമായ വിദ്യാഭ്യാസത്തിന് അവർക്ക് അവകാശമുണ്ടായിരുന്നു. പാണർ ബുദ്ധിപരവും സംസ്കാരികവുമായ സിദ്ധികളാൽ ബ്രാഹ്മണരെയും അതിശയിപ്പിച്ചു.'*

*-കേരള ചരിത്രം, പുറം 90*

സംഘകാലത്തെ ജനങ്ങളിൽ ഭൂരിപക്ഷത്തിനും എഡി 500 വരെ പ്രത്യേക മതമൊന്നും ഉണ്ടായിരുന്നില്ലെന്നും ശ്രീധരമേനോൻ പറയുന്നു. അതിന് ശേഷമുള്ള മൂന്നുനൂറ്റാണ്ടുകളിലെ കേരള ചരിത്രത്തെ കുറിച്ച് മതിയായ രേഖകളൊന്നും കണ്ടെടുക്കാൻ ചരിത്രകാരന്മാർക്ക് സാധിച്ചിട്ടില്ല. ചാലൂക്യർ, പല്ലവർ, പാണ്ഡ്യർ, രാഷ്ട്രകൂടർ എന്നീ വംശങ്ങൾ കേരളത്തെ ആക്രമിച്ച് ആധിപത്യമുറപ്പിച്ചെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഇവരുടെ ആധിപത്യം മുതൽ സാമൂഹികഘടനയിൽ കാതലായ മാറ്റത്തിന് കേരളം സാക്ഷിയായി. അതുകൊണ്ടുതന്നെ ഒമ്പതാം നൂറ്റാണ്ടിന് ശേഷം കേരളത്തിലുണ്ടായത് തീർത്തും പൊളിച്ചെഴുതിയ ഒരു സാമൂഹ്യഘടനയായിരുന്നു എന്നു പറയാം. കേരള ചരിത്രം സംബന്ധിച്ച ഈ ഇരുളാണ്ടകാലഘട്ടത്തിലാണ് ആര്യവത്കരണം ദക്ഷിണേന്ത്യയിലെ ദ്രാവിഡ സംസ്കാരത്തിന് മേൽ ആധിപത്യം സ്ഥാപിക്കുന്നത്. ഈ ആര്യവത്കരണം കേരളത്തിലെ വർണവ്യവസ്ഥയിലും സാമൂഹ്യഘടനയിലും വലിയ പരിവർത്തനം തന്നെ വരുത്തി. അതാകട്ടെ അഞ്ചാം നൂറ്റാണ്ടുവരെ നിലനിന്നിരുന്ന ഒരു ഘടനയുടെ നേർ വിപരീതമായിരുന്നു. അതുവരെയില്ലാതിരുന്ന ജാതിവ്യവസ്ഥയിലേക്ക് കേരളം വഴിമാറി നടന്നത് ഈ ആര്യവത്കരണത്തിന് ശേഷമാണ്.

'കേരളത്തിലെ ആര്യവത്കരണം മന്ദമെങ്കിലും അനുസ്യൂതമായ ഒരു പ്രക്രിയയായിരുന്നു. ആയുധങ്ങളുടെ ശക്തികൊണ്ടല്ല, സമാധാനത്തിന്റെ നയോപായങ്ങൾകൊണ്ടായിരുന്നു കൗശലത്തിൽ അതു സാധിച്ചത്. വടക്കുനിന്നു വന്ന ബ്രാഹ്മണരുടെ മുന്തിയ ബുദ്ധിശക്തിയുടെയും ഭരണവൈദഗ്ധ്യത്തിന്റെയും മുമ്പിൽ ഇവിടത്തെ ദ്രാവിഡവർഗക്കാർ നിശ്ശേഷം കീഴടങ്ങുന്നതുവരെ അതു നീണ്ടുനിന്നു' (കേരള ചരിത്രം, പുറം 102) എന്നാണ് എ ശ്രീധരമേനോൻ ഈ പരിവർത്തനത്തെ വിലയിരുത്തുന്നത്.

ഈ ആര്യവത്കരണത്തിന്റെ അടിത്തറയിലാണ് പില്കാല കേരളത്തിന്റെ സാമൂഹ്യഘടന കെട്ടിപ്പൊക്കിയത്. ചാലൂക്യർക്കും പല്ലവർക്കും കേരളത്തിലുണ്ടായ മേധാവിത്വം ആര്യവത്കരണത്തിന് വേഗം

കൂട്ടാൻ വലിയ സാഹചര്യമൊരുക്കുകയായിരുന്നു. ഇതോടെ പുതിയ സാമുഹിക ബന്ധങ്ങൾ ഉടലെടുത്തു. വർണവേർതിരിവുകൾക്ക് പുതിയ മാനദണ്ഡങ്ങളായി. അതിന് മുമ്പ് സമൂഹത്തിൽ ഉയർന്ന സ്ഥാനത്തുണ്ടായിരുന്ന വിഭാഗങ്ങൾ ക്രമേണ കീഴ്ജാതിക്കാരായി പരിണമിച്ചു. അധികാരവും സമ്പത്തും ആര്യന്മാരിൽ കേന്ദ്രീകരിക്കുക കൂടി ചെയ്തതോടെ ഇതിന് ആക്കം കൂടി. സംഘകാലത്തിന്റെ അവസാന ഘട്ടം വരെ സമൂഹത്തിൽ ഉന്നത സ്ഥാനത്തുണ്ടായിരുന്ന വേടർ, പാണർ, കുറവർ തുടങ്ങിയ അദ്ധ്വാനവർഗങ്ങൾ മൂന്നാംതരക്കാരായി താണ ജാതികളെന്ന അധിക്ഷേപത്തിന് ഇടയായി.

എഡി എട്ടാം നൂറ്റാണ്ട് കേരളത്തിൽ ബ്രാഹ്മണാധിപത്യം ശക്തിയാർജിച്ച കാലഘട്ടമായിരുന്നു. ആര്യവത്കരണ കാലഘട്ടത്തിൽ കേരളത്തിന് പുറത്തുനിന്ന് ബ്രാഹ്മണരുടെ വലിയൊരു സംഘം തന്നെ ഇവിടെ എത്തിച്ചേരുകയുണ്ടായി. കേരളത്തിലെ ബ്രാഹ്മണർക്കൊപ്പം പുറത്തുനിന്നെത്തിയ ബ്രാഹ്മണർകൂടി ചേർന്നതോടെ സമൂഹത്തിന്റെ മേൽ സമ്പൂർണാധിപത്യം ഉറപ്പിക്കാവുന്ന വിധത്തിലുള്ള ഒരു ശക്തിയായി ആര്യമതം മാറുകയായിരുന്നു. ബ്രാഹ്മണർക്കുണ്ടായ ഈ പ്രാമുഖ്യം പൊതുജീവിതത്തിന്റെ എല്ലാ മേഖലയിലും വലിയ പരിവർത്തനം തന്നെ സൃഷ്ടിച്ചു. സംഘകാലത്തെ ദ്രാവിഡഗോത്രം കൂടുതൽ ദുർബലമാവുകയും മുഖ്യധാരയിൽനിന്ന് ക്രമേണ ഉൾവലിയപ്പെടുകയും ചെയ്തു. 'ചാതുർവർണ്യത്തിന്റെ അനിഷേധ്യതയിൽ അധിഷ്ഠിതമായ ആര്യപ്രമാണങ്ങൾ പ്രചരിപ്പിക്കുന്നതിൽ അസാധാരണ മതതീവ്രതയോടെ പ്രവർത്തിച്ചിരുന്ന ഈ ബ്രാഹ്മണർ കേരളത്തിലെ ജാതിരഹിതമായ സമൂഹത്തിൽ ജാതിസമ്പ്രദായം തന്ത്രപൂർവ്വം തിരുകിക്കയറ്റുകയായിരുന്നു' (കേരള ചരിത്രം, പുറം 105) എന്ന് എ ശ്രീധരമേനോൻ ചൂണ്ടിക്കാട്ടുന്നു.

തമിഴ് സംസ്കാരത്തിന്റെ ഭാഗമായിരുന്ന കേരളത്തിൽ ആര്യസംസ്കാരത്തിന്റെ ഭാഗമായ വർണവിഭജനം നടന്നത് സാമൂഹികാധികാരം സ്ഥാപിച്ചെടുക്കുന്നതിന്റെ ഭാഗമായിരുന്നു. രാജാക്കന്മാരിലും നാടുവാഴികളിലും ഭൂപ്രഭുക്കന്മാരിലും സ്വാധീനം നേടുകയും ക്രമേണ അവരുടെ മേൽ സമ്പൂർണാധിപത്യം കൈവരിക്കുകയുമായിരുന്നു ആര്യന്മാർ. അന്നത്തെ അധികാരത്തിന്റെയും സമ്പത്തിന്റെയും കേന്ദ്രങ്ങളായിരുന്ന കോവിലകങ്ങളും ക്ഷേത്രങ്ങളും പരിപൂർണമായും ആര്യബ്രാഹ്മണരുടെയും ക്ഷത്രിയരുടെയും നിയന്ത്രണത്തിലേക്ക് ക്രമേണ വന്നുചേർന്നു. എന്നാൽ ഉത്തരേന്ത്യൻ സാമൂഹികഘടനയെ അതേ

പടി പറിച്ചുനടാൻ ആര്യന്മാർക്ക് കഴിഞ്ഞിരുന്നില്ല. കാരണം, സംഘ കാലത്തെ ദ്രാവിഡ സംസ്കാരം ഇവിടെ അക്കാലത്ത് അത്രമേൽ വേരൂന്നിക്കഴിഞ്ഞിരുന്നു. അതിന്റെ ഫലമായി വർണവിഭജനത്തിനും പ്രത്യേക സ്വഭാവം കൈവന്നു. കേരളത്തിലെ ആര്യാധിനിവേശ കാലഘട്ടത്തിൽതന്നെ കച്ചവടാവശ്യത്തിനായി എത്തിയ യഹൂദരുടെയും ക്രിസ്ത്യാനികളുടെയും അറബികളുടേയും സാന്നിധ്യം ഇവിടെയുണ്ടായിരുന്നു. തമിഴക സംസ്കാരത്തിനൊപ്പം ഈ വിദേശീയ കച്ചവടസമൂഹവും ഇഴചേർന്നു നിന്നതിനാൽ കേരളത്തിൽ പ്രത്യേക സാമൂഹ്യ ഘടനയാണ് രൂപപ്പെട്ടത്.

ആര്യാവർത്തത്തിലെന്നപോലെ വ്യക്തമായ ചാതുർവർണ്യത്തിലൂടെ കടന്നുപോയിട്ടല്ല ഇവിടെ ജാതി വ്യവസ്ഥ വളർന്നുവന്നത് എന്നാണ് ഇ എം എസ് ഈ ചരിത്രവികാസത്തെ വിലയിരുത്തുന്നത്.

> *'എങ്കിലും ആര്യാവർതത്തിലെന്നപോലെ ഇവിടെയും ജാതി സമ്പ്രദായം വളർന്നുവരാൻ വളക്കൂറുള്ള മണ്ണുണ്ടായിരുന്നു. ചാതുർവർണ്യം വികസിച്ചുകൊണ്ടല്ലാതെയാണെങ്കിലും, ജാതികളും ഉപജാതികളും ഇവിടെയും വളർന്നുവന്നു. വർഗവിഭജനത്തിന്റെ ഇവിടത്തെ രൂപം ചാതുർവർണ്യത്തിലൂടെയല്ലാതെ വളർന്നുവന്ന ജാതി വ്യത്യാസത്തിന്റെരൂപത്തിലാണെന്നർത്ഥം. അത് വളർന്നുവന്നതെങ്ങനെയാണന്നതിന് വിശ്വാസ്യമായ തെളിവുകളില്ല."*
>
> *–ഇ എം എസ് നമ്പൂതിരിപ്പാട്, കേരളചരിത്രം മാർക്സിസ്റ്റ് വീക്ഷണത്തിൽ, പുറം 32*

സംഘകാല സാമൂഹികഘടനയുടെ ശൈഥില്യത്തിന് ശേഷം ആര്യാധിപത്യം കുടുതൽ ശക്തിപ്പെട്ടുകൊണ്ടിരുന്നു. ഒമ്പതാം നൂറ്റാണ്ടുമുതൽ 19–ാം നൂറ്റാണ്ടിന്റെ പ്രാരംഭം വരെ ഈ ആര്യാധിപത്യം വലിയ അലട്ടില്ലാതെ നിലനിന്നു. വർണവിഭജനവും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഉച്ചസ്ഥായിയിലായി. നാടുവാഴികളും ഭൂപ്രഭുക്കന്മാരുമെല്ലാം ഈ വർണമേധാവികളുടെ ഇടയിൽ നിന്നായതിനാൽ ബ്രാഹ്മണർ, ക്ഷത്രിയർ, നായന്മാർ എന്നീ സവർണവിഭാഗത്തിലെ എല്ലാവർക്കും പ്രത്യേകാധികാരങ്ങളാണ് സമൂഹത്തിലുണ്ടായിരുന്നത്. ജാതി വിവേചനമായിരുന്നു സാമൂഹിക ബന്ധങ്ങളുടെയും സാമ്പത്തിക ഘടനയുടെയും മാനദണ്ഡം. അത് ഏറിക്കൊണ്ടിരുന്നതല്ലാതെ മാറ്റത്തിന്റെ കാഹളം എവിടെയും ഉയർന്നിരുന്നില്ല. കീഴ്ജാതിക്കാരുടെ

മേൽ കൈവരിച്ച ആധിപത്യം ആസ്വദിച്ച, അലസജീവിതം നയിച്ച സവർണവിഭാഗമായിരുന്നു അക്കാലത്ത് കേരളത്തിലുണ്ടായിരുന്നത്. കീഴ്ജാതിക്കാരന് സ്വാതന്ത്ര്യ നിഷേധം മാത്രമായിരുന്നു എവിടെയും. ജാതികൾ ഉപജാതികളായി പിരിയുകയും ഈ ഓരോ വിഭാഗത്തിനും അവരവരുടേതായ ആചാരനിഷ്ഠകൾ ഉടലെടുക്കുകയും ചെയ്തു. നാടുവാഴികൾക്ക് പൗരന്മാരുടെ ഇടയിൽ സമ്പൂർണാധികാരമായിരുന്നു. ഈ അധികാരം ആവശ്യംപോലെയും താന്തങ്ങളുടെ ഇഷ്ടത്തിനുസരിച്ചും വനിയോഗിക്കാനുള്ള അവകാശം കാര്യസ്ഥവർഗത്തിന് നല്കുകയും ചെയ്തു. അതിനാൽ നാടുവാഴികൾ അറിയാതെ തന്നെ താണ ജാതിക്കാരുടെ മേൽ ഇഷ്ടാനുസരണം എന്തധികാരവും പ്രയോഗിക്കാൻ സവർണർക്ക് സാധിച്ചിരുന്നു. ഇത് ചോദ്യം ചെയ്യാൻപാടില്ലെന്ന് മാത്രമല്ല, ചോദ്യം ചെയ്യുന്നത് തന്നെ ശിക്ഷയ്ക്ക് കാരണമായി.

യൂറോപ്യന്മാർ കേരളത്തിൽ കാലെടുത്തുവച്ചശേഷവും ഇതിൽ വലിയ മാറ്റമുണ്ടായില്ലെന്ന് മാത്രമല്ല പുതിയ രൂപത്തിൽ ശക്തിപ്രാപിക്കാനും തുടങ്ങി. അധികാരസ്ഥാനത്തുള്ള നാട്ടുരാജാക്കന്മാർക്കു പകരം സവർണ വിഭാഗങ്ങൾ യൂറോപ്യൻ ശക്തികളെ പ്രതിഷ്ഠിച്ചു. അധികാരത്തോട് ഒട്ടി നില്കുക എന്നതായിരുന്നു സവർണരുടെ രീതി. ഒരേസമയം യൂറോപ്യൻ ശക്തികളുടെയും നാടുവാഴികളുടെയും ഇഷ്ടതോഴന്മാരായി സവർണർക്ക് തുടരാൻ കഴിഞ്ഞപ്പോൾ താണജാതിക്കാരുടെ അവസ്ഥയിൽ മാറ്റമൊന്നും സംഭവിച്ചില്ല. അവരുടെ സ്ഥിതി കൂടുതൽ ദയനീയമായിക്കൊണ്ടിരുന്നു. സമൂഹത്തിൽ ചോദ്യം ചെയ്യപ്പെടാത്ത അധികാരാവകാശങ്ങൾ നിലനിർത്താൻ സവർണമേധാവികൾക്കായി. നാടുവാഴികളോടും പില്കാലത്ത് യൂറോപ്യന്മാരായ ഭരണാധികാരികളോടും മാത്രമേ ഈ സവർണവിഭാഗം ഏതെങ്കിലും വിധത്തിലുള്ള വിധേയത്വം കാണിക്കേണ്ടിവന്നിട്ടുള്ളൂ. അവരോട് എത്രമാത്രം വിധേയരാവാൻ സാധിച്ചുവോ അത്രമേൽ കീഴാളവിഭാഗത്തിന് മേൽ സർവാധികാരം സ്ഥാപിക്കാൻ സവർണർക്ക് സാധിക്കുകയും ചെയ്തു.

16, 17 നൂറ്റാണ്ടുകളിൽ നിലനിന്നിരുന്ന സാമൂഹിക സ്ഥിതിയുടെ ചിത്രം എ ശ്രീധരമേനോൻ വിവരിക്കുന്നത് ഇങ്ങനെയാണ്:

> *'ബ്രാഹ്മണർ, ക്ഷത്രിയർ, നായന്മാർ തുടങ്ങിയ സവർണ ഹിന്ദുക്കൾക്ക് വിശേഷാധികാരങ്ങളോടുകൂടിയ പദവിയാണുണ്ടായിരുന്നത്. ജാതിപരമായ ആചാരങ്ങൾ വിട്ടുവീഴ്ചയില്ലാതെ പാലി*

*ക്കാൻ കടപ്പെട്ടവരായിരുന്നു അവർ. ഈ ആചാരങ്ങൾ ലംഘിക്കുന്നവരെ നാടുവാഴിയുടെ ആജ്ഞപ്രകാരം ജാതിഭ്രഷ്ട് കല്പിച്ച് മുസ്ലീംകൾക്കോ ക്രിസ്ത്യാനികൾക്കോ വില്കുകയായിരുന്നു പതിവ്. അങ്ങനെയുള്ളവരുടെ ബന്ധുക്കൾ ചിലപ്പോൾ നാടുവാഴിയുടെ അപ്രീതിയിൽനിന്ന് രക്ഷപ്പെടാൻ അവരെ രഹസ്യമായി കൊല്ലാറുണ്ടായിരുന്നു. .....ബ്രാഹ്മണരുമായി അടുത്തിടപെട്ടിരുന്നതുകൊണ്ട് നായന്മാർക്കു സമുദായത്തിൽ ഉയർന്ന സ്ഥാനമാണ് ഉണ്ടായിരുന്നത്. അവർ ജാതിപരമായ ആചാരങ്ങൾ കർശനമായി പാലിക്കുകയും ചെയ്തിരുന്നു. തൊട്ടുകൂടായ്മ എന്ന അന്ധാചാരം കർശനമായി പുലർത്തുന്നവരായിരുന്നു നമ്പൂതിരിമാർ, ക്ഷത്രിയന്മാർ, നായന്മാർ തുടങ്ങിയവർ..........തൊടീൽ കൂടാതെ തീണ്ടലും കണ്ടുകൂടായ്മയും ബീഭത്സരൂപത്തിൽ അന്നു നിലനിന്നിരുന്നു. നായാടിയോ പുലയനോ നമ്പൂതിരിയെ കാണാനിടയായാൽ നമ്പൂതിരിക്ക് അയിത്തമായി. പുലയൻ നായരിൽനിന്ന് അറുപതടി അകലെ നിൽക്കണമെന്നായിരുന്നു ചട്ടം. നായർ പ്രമാണിമാർ പൊതുനിരത്തിലൂടെ സഞ്ചരിക്കുമ്പോൾ, ഒരു താണജാതിക്കാരൻ യാദൃച്ഛികമായെങ്കിലും തീണ്ടാപ്പാടിനപ്പുറം വന്ന് അശുദ്ധമാക്കുന്നത് തടയാൻവേണ്ടി അവരുടെ വാല്യക്കാർ 'പോ, പോ' എന്ന് ആട്ടിക്കൊണ്ടു മുമ്പേ നടക്കും. നായന്മാർക്കും മറ്റുയർന്ന ജാതിക്കാർക്കും വഴിമാറിക്കൊടുക്കാത്ത താണജാതിക്കാരൻ നിയമസമാധാനപാലകരുടെ മൗനസമ്മതത്തോടെ വധിക്കപ്പെടും.'*

*കേരള ചരിത്രം, പുറം 265*

കേരളത്തിലെ അക്കാലത്തെ ജാതിഘടനയെ ഡോ. എം എസ് നായർ വിവരിക്കുന്നത് ഇങ്ങനെയാണ്:

*'സവർണർ, അവർണർ എന്നിങ്ങനെ പ്രധാനമായും രണ്ടുതരത്തിൽ സമൂഹം വിഭജിക്കപ്പെട്ടു. ബ്രാഹ്മണർ, ക്ഷത്രിയൻ, വൈശ്യർ, ശൂദ്രർ എന്നിവർ സവർണവിഭാഗത്തിലും ഈഴവൻ, അരയൻ, പുലയൻ, പറയൻ, ഉള്ളടൻ, നായാടി തുടങ്ങിയവർ അവർണ വിഭാഗത്തിലും ഉൾപ്പെടുന്നു. കേരളത്തിൽ ക്ഷത്രിയൻ, വൈശ്യർ, ശൂദ്രൻ എന്നിങ്ങനെയുള്ള കൃത്യമായ തരംതിരിവ് അസാധ്യമാണെങ്കിലും നായന്മാർ ശൂദ്രരായി കണക്കാക്കപ്പെടുന്നു. ഈ ശൂദ്രരിൽനിന്നാണ് രാജാക്കന്മാരെ ഉയർത്തിക്കൊണ്ടുവന്നത്. ജാതിശ്രേണിയിൽ ഏറ്റവും പ്രാബല്യവും പ്രാമുഖ്യവും ബ്രാഹ്മണർക്കായിരുന്നു. അവർക്കുപിന്നാലെ*

*പ്രമുഖ പദവി അനുഭവിച്ചത് നായന്മാരായിരുന്നു. യാദവൻ, ഈഴവൻ(തീയ്യൻ), മുക്കുവൻ, ആശാരി, കൊല്ലൻ തുടങ്ങിയവർ നായന്മാർക്കുതാഴെയാണ്. വണ്ണാൻ, പാണർ, മലയൻ, പറയൻ തുടങ്ങിയവർ അധഃകൃതരായി കണക്കാക്കപ്പെട്ടു.*

*ഒരോ ജാതിക്കാരനും അവന്റെ മേൽജാതിക്കാരനിൽനിന്ന് നിർദിഷ്ട ദൂരം മാറിനിൽക്കാൻ അയിത്താചരണത്തിൽ വ്യവസ്ഥയുണ്ട്. സവർണരിൽതന്നെ ബ്രാഹ്മണനും നായരും തമ്മിൽ അയിത്തമുണ്ട്. നായർ, ബ്രാഹ്മണനിൽനിന്ന് പതിനാറടി ദൂരെ നില്കണം. ഈഴവൻ മുപ്പത്തരണ്ടടിയും പുലയർ അറുപത്തിനാലടിയു മാറിനില്കണം. ഇതേപോലെ ഈഴവർ നായരിൽനിന്ന് പതിനാറടി ദൂരെ നില്കണം. പുലയൻ മുപ്പത്തിരണ്ടടി ദൂരെ നില്കണം. ഓരോ പ്രദേശത്തിനനുസരിച്ച് ഇത്തരം അകലത്തിൽ വ്യതിയാനമുണ്ട്. ഇങ്ങനെ അടുക്കാൻ പാടില്ലാത്ത ജാതികൾ അടുക്കുന്നതിനെ തീണ്ടാടുക എന്നാണുപറയുന്നത്. തൊടാൻ പാടില്ലാത്തവർ തൊട്ടാൽ അതിലെ മേൽജാതിക്കാരൻ അശുദ്ധമാകും. ഇത്തരം അശുദ്ധത്തെ തൊടീൽ എന്നുപറയുന്നു. എത്രദൂരത്തായാലും ദൃഷ്ടിയിൽപോലും പെടാൻപാടില്ലാത്ത ജാതിക്കാരുണ്ട്. അങ്ങനെ ദൃഷ്ടിയിൽപെട്ടാലും അശുദ്ധമുണ്ടാകുന്നു. ഉള്ളാടനും ബ്രാഹ്മണനും തമ്മിൽ കാണരുതെന്നാണു വ്യവസ്ഥ. ഇത്തരത്തിൽ അശുദ്ധമുണ്ടായാൽ കുളിച്ചു ശുദ്ധമാകും. അശുദ്ധമായ ഒരാൾ സ്വജാതിക്കാരനെ തൊട്ടാൽ അവനും അശുദ്ധമാകും. ഇതിനെ 'കൂട്ടിതൊടീൽ' എന്നു പറയുന്നു. തീണ്ടപ്പെട്ടയാൾ കുളിച്ചു ശുദ്ധമാകാതെ വീട്ടിൽവന്നാൽ വീടും അശുദ്ധമാകും.'*

*(വാഗ്ഭടാനന്ദനും സാമൂഹിക നവോത്ഥാനവും, പുറം 3)*

ഈ സ്ഥിതിയിൽ വലിയമാറ്റമൊന്നും പൊടുന്നനെ ഉണ്ടായില്ല. ഫ്യൂഡലിസത്തിന്റെ അടിത്തറയിൽ സ്ഥാപിക്കപ്പെട്ട ബ്രിട്ടീഷ് ആധിപത്യം സാമൂഹ്യസാഹചര്യത്തിൽ ഒരുമാറ്റത്തിനും മുൻകൈ എടുത്തിരുന്നില്ലെന്നതാണ് യാഥാർഥ്യം. അക്കാലത്തെ ജാതിവൈജാത്യങ്ങൾ നിലനിർത്തുന്നത് ബ്രിട്ടീഷ്, നാടുവാഴി ഭരണങ്ങൾക്ക് ആവശ്യവുമായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും ഭൂതകാലസാഹചര്യങ്ങളിൽനിന്നുള്ള വലിയ മാറ്റത്തിന് കേരളം സാക്ഷിയായില്ല. സാമൂഹിക സ്വാതന്ത്ര്യം അടിയാളവിഭാഗത്തിന് അന്യമായിരുന്നു. നീതി സവർണനിലും ഭൂപ്രഭുക്കന്മാരിലും മാത്രമായി. നീതിനിഷേധത്തിന്റെ ഇരകളായി അവർണൻ കഴിഞ്ഞുപോരേണ്ടിവന്നു. ഇതിന് രൂക്ഷതയേറുകമാത്രമേ ചെയ്തുള്ളൂ.

അക്കാലത്ത് മലബാറിന്റെ ഭരണം ഏതാണ്ട് പൂർണമായും ബ്രീട്ടീഷുകാരുടെ നിയന്ത്രണത്തിലായിക്കഴിഞ്ഞിരുന്നു. കൊച്ചിയിലും തിരുവിതാംകൂറിലും രാജഭരണം നിലനിന്നിരുന്നതിനാൽ സവർണരുടെ ആധിപത്യത്തിന് ഒട്ടും കുറവുണ്ടായിരുന്നില്ല. ബ്രീട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ കീഴിലായ മലബാറിലും സ്ഥിതി ഒട്ടും ഭിന്നമായിരുന്നില്ല. ബ്രിട്ടീഷുകാർ അവരുടെ ആവശ്യത്തിന് ഉതകും വിധം ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിക്കാൻ തുടങ്ങിയിരുന്നെങ്കിലും അതൊരു സാമൂഹികവിപ്ലവത്തിന് ഉതകുന്നരീതിയിലേക്ക് വളർന്നിരുന്നില്ല. കാരണം, ആദ്യകാലഘട്ടങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുന്നവരുടെ മനോഭാവം പൂർണമായും ബ്രീട്ടീഷ് അധീശത്വത്തെ അംഗീകരിക്കുക എന്നതായിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും കേരളത്തിൽ നിലനിന്നിരുന്ന സാമൂഹ്യാവസ്ഥയെ ശ്രീധരമേനോൻ ചൂണ്ടിക്കാണിക്കുന്നത് ഇങ്ങനെയാണ്:

> *'സാമൂഹികമായ സ്വാതന്ത്ര്യത്തിന്റെയോ സമത്വത്തിന്റെയോ തത്വത്തിൽ അധിഷ്ഠിതമായിരുന്നില്ല അന്നത്തെ കേരളീയ സമുദായം. അതിരൂക്ഷമായ ജാതിവ്യത്യാസമായിരുന്നു സമുദായഘടനയുടെ മുഖ്യസവിശേഷത. ഉയർന്ന ജാതിക്കാർക്കും താണ ജാതിക്കാർക്കുമിടയ്ക്ക് ആഴമേറിയ ഒരു കിടങ്ങ് അവരെ വേർതിരിക്കാനുണ്ടായിരുന്നു. തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാരുടെ കൈകളിൽ അധികാരം കേന്ദ്രീകരിക്കപ്പെടുകയും ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി മലബാറിൽ ഭരണം നേരിട്ടേറ്റെടുക്കുകയും ചെയ്തിരുന്നെങ്കിലും ബ്രാഹ്മണർ, ക്ഷത്രിയർ, നായന്മാർ തുടങ്ങിയ ഉയർന്ന ജാതിക്കാരുടെ വിശേഷാവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും കുറവേതും സംഭവിച്ചിരുന്നില്ല. അവരായിരുന്നു ഭൂവുടമകൾ. പ്രധാനമായും മാപ്പിളമാർ, ഈഴവർ തുടങ്ങിയ സമുദായക്കാരുൾപ്പെട്ട കുടിയാൻ വർഗത്തെ അവർ ഇഷ്ടം പോലെ മർദ്ദിച്ചുപോന്നു. യഥാർത്ഥത്തിൽ ബ്രിട്ടീഷ് ഭരണാധികാരികളുടെ കീഴിൽ പ്രഭുക്കന്മാരും ജന്മിമാരും പൂർവ്വാധികം ശക്തിപ്രാപിക്കുകയാണുണ്ടായത്. ബ്രിട്ടീഷുകാർക്ക് സ്വന്തം അധികാരം നിലനിർത്താൻ അവരുടെ സജീവമായ പിന്തുണയും സഹകരണവും ആവശ്യമായിരുന്നു.*

*അന്നത്തെ നിയമം സമവ്യാപകമായിരുന്നില്ല. ഉയർന്ന ജാതിക്കാർ ഭൂനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്നു. വധശിക്ഷ ബ്രാഹ്മണർക്കു ബാധകമേ ആയിരുന്നില്ല. ഗൗരവാഹമായ വ്യവഹാരങ്ങളിൽ വിധി കല്പിക്കുക വൈദികന്മാരുടെ വിശേഷാധികാരമായിരുന്നു. താണജാതിക്കാരെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം കഠിനമായിരുന്നു ശിക്ഷാനിയമം. മോഷണം, ഗോവധം തുടങ്ങിയ സാധാരണ കുറ്റങ്ങൾക്കുപോലും വധശിക്ഷയായിരുന്നു വിധിച്ചിരുന്നത്. ആനയെക്കൊണ്ടു കൊല്ലിക്കുക, പീരങ്കി വായിൽകെട്ടി നിറയൊഴിക്കുക, മൂന്നു ദിവസം കൊണ്ടു മരിക്കത്തക്കവിധം ചിത്രവധം ചെയ്യുക മുതലായവ ശിക്ഷയുടെ സാധാരണ രൂപങ്ങളായിരുന്നു. രാജകീയോദ്യോഗസ്ഥന്മാർ ഏറ്റവും മനുഷ്യത്വ ഹീനവും നീചവുമായിട്ടാണ് പിന്നോക്ക സമുദായക്കാരോട് പെരുമാറിയത്.'*

*-കേരള ചരിത്രം, പുറം 370-371*

## മാറുന്ന ശീലങ്ങൾ

എന്നാൽ, 19-ാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും കേരളത്തിൽ പുതിയൊരു സാമൂഹ്യക്രമം ഉടലെടുത്തു. ഇതിനുള്ള കാരണങ്ങൾ നിരവധിയാണ്. സാമ്പത്തികാധികാരങ്ങൾ പുതിയ തലങ്ങളിലേക്ക് കേന്ദ്രീകരിക്കപ്പെട്ടു. സാംസ്കാരികഘടനയിൽ മാറ്റം വന്നു. സാമൂഹ്യസമ്മർദങ്ങൾ ഏറിത്തുടങ്ങി. 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ പഴയ സമ്പ്രദായങ്ങളുടെ ശിഥിലീകരണം ചെറിയ തോതിൽ ആരംഭിച്ചിരുന്നു. എന്നാൽ, അതിന് വേണ്ടത്ര ശക്തിസംഭരിക്കാൻ സാധിച്ചിരുന്നില്ല. ഏതൊരുസാമൂഹ്യവ്യവസ്ഥയ്ക്കും സംഭവിക്കാവുന്ന കാലാനുസൃതമായ മാറ്റമെന്നതിലുപരിയായി സംഘടിതവും ആസൂത്രിതവുമായ ഒരു ബാഹ്യസമ്മർദം ഈ പരിവർത്തനങ്ങൾക്ക് പിന്നിലുണ്ടായിരുന്നില്ലെന്നാണ് വ്യക്തമാകുന്നത്. എങ്കിലും വരാനിരിക്കുന്ന ഒരു വലിയ മാറ്റത്തിന് ഇടയൊരുക്കുന്ന ചലനങ്ങൾ അക്കാലത്ത് ഒറ്റപ്പെട്ട നിലയിലെങ്കിലുമുണ്ടായിരുന്നു. നാടുവാഴി ഭൂപ്രഭുത്വത്തിനും സവർണമേധാവിത്വത്തിനും ഇടിവ് തട്ടുന്നതാണ് പിന്നീട് കേരളം കണ്ടത്. നാടുവാഴിത്ത ആചാരസമ്പ്രദായങ്ങളിൽ പൊളിച്ചെഴുത്തിനുള്ള പ്രാഥമിക നടപടികൾ ചിലടിയങ്ങളിലെങ്കിലും തുടങ്ങിയിരുന്നു.

മൈസൂരിന്റെ ആക്രമണം മലബാറിലെ സാമൂഹ്യക്രമത്തെ തകർത്തുവെന്ന് വേണം പറയാൻ. കൊച്ചിയിലും തിരുവിതാംകൂറിലും മാർത്താണ്ഡവർമയുടെയും ശക്തൻതമ്പുരാന്റെയും ഭരണപരിഷ്കാരങ്ങളും കേന്ദ്രീകൃത നയങ്ങളും തെക്കൻകേരളത്തിലും ചലനങ്ങൾ സൃഷ്ടിച്ചു. പല ആചാരക്രമങ്ങളും നിശ്ശേഷം ഇല്ലാതായി. നാടുവാഴിത്തതിനും ഭൂപ്രഭുത്വത്തിനും സവർണവിഭാഗത്തിനും സമൂഹത്തിൽ മുമ്പുണ്ടായ സ്വാധീനം നിലനിർത്തിക്കൊണ്ടുപോവുക കടുത്ത വെല്ലുവിളിയായിത്തീർന്നു. വിദ്യഭ്യാസം വരേണ്യവർഗത്തിൽമാത്രം ഒതുങ്ങിനിന്ന പഴയ അവസ്ഥയിൽ മാറ്റം വന്നുതുടങ്ങി. വിദ്യാസമ്പന്നരായ പുതിയ തലമുറ മാറ്റത്തിന് വേണ്ടി പ്രയത്നിച്ചു. ലോകത്തിന്റെയും ഇന്ത്യയുടെ ഇതരഭാഗങ്ങളിലും നടക്കുന്ന മാറ്റങ്ങളും സംഭവ വികാസങ്ങളും കേരളത്തിലും അല്പാലമായി കേട്ടുതുടങ്ങി. അതിന്റെ അനുരണനങ്ങൾ സാമൂഹ്യമണ്ഡലത്തിലും പ്രതിഫലിച്ചു. നവീനകേരളത്തിന്റെ സൃഷ്ടിക്ക് ഭദ്രമായ അടിത്തറയൊരുക്കുന്നതായി ഈ ആദ്യകാല മുന്നേറ്റങ്ങൾ. അങ്ങനെ നവോത്ഥാന മുന്നേറ്റത്തിലേക്കും അതുവഴി പുതിയൊരു സാമൂഹ്യക്രമത്തിലേക്കും കേരളം നടന്നടുത്തു.

## നവോത്ഥാനം നാമ്പെടുക്കുന്നു

സാമൂഹികാന്ധത വകഞ്ഞുമാറ്റാനുള്ള മൗലികമായ ഇടപെടലുകൾ 19, 20 നൂറ്റാണ്ടുകളിലെ കേരളത്തിൽ സൃഷ്ടിച്ചത് വലിയ പ്രകമ്പനം തന്നെയായിരുന്നു. രണ്ട് രീതിയിലായിരുന്നു ഇടപെടലുകൾ. ഒന്ന്, വ്യാപകമായ ബോധവത്കരണം. രണ്ട്, ശക്തമായ പ്രക്ഷോഭം. ലോകത്തിന്റെയും ഇന്ത്യയുടെയും വിവിധ ഭാഗങ്ങളിൽ നടന്ന നവോത്ഥാന മുന്നേറ്റത്തിൽ ആവേശം ഉൾക്കൊള്ളാൻ അന്ന് കേരളത്തിലേയും നേതാക്കൾക്ക് സാധിക്കുകയുണ്ടായി. അവരുടെ എണ്ണം വളരെ ചുരുക്കമേയുണ്ടായുള്ളൂവെങ്കിലും സമൂഹത്തിൽ കാതലായ മാറ്റങ്ങൾക്ക് തിരികൊളുത്താൻ സാധിച്ചതായിരുന്നു ഇടപെടലുകൾ. ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ സ്വാധീനം, ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനം, താണജാതിക്കാർ സംഘടിതമായി ക്രിസ്തുമതത്തിലേക്ക് നടത്തിയ പരിവർത്തനങ്ങൾ എന്നിവയെല്ലാം സാമൂഹികമാറ്റത്തിന്റെ ആദ്യധാരകളിൽ നിർണായക സ്ഥാനം വഹിക്കുകയുണ്ടായി. ബ്രീട്ടീഷ് ഭരണം ഏറെക്കുറെ ഇന്ത്യയൊട്ടുക്കുമായപ്പോൾ നടപ്പാക്കിയ ഭരണപരിഷ്കാരങ്ങളും ഒരളവോളം മാറ്റത്തിന്റെ അടിത്തറയിടുന്നതായിരുന്നു.

എന്നാൽ, അധികാരം നിലനിർത്തുന്നതിനാവശ്യമായ രീതിയിൽമാത്രം സാമൂഹികഘടന മാറ്റുന്നതിലായിരുന്നു ബ്രിട്ടീഷ് അധികാരികളുടെ താല്പര്യം. ഇതൊരുതരം സ്വാർഥതാല്പര്യം തന്നെയുമായിരുന്നു. എങ്കിലും ബ്രിട്ടീഷുകാരന്റെ സ്വാർഥ വീക്ഷണത്തിനപ്പുറത്തേക്ക് കാര്യങ്ങൾ കാണാൻ ഇന്ത്യയിലെയും കേരളത്തിലെയും സാമൂഹിക പരിഷ്കർത്താക്കൾക്ക് കഴിഞ്ഞു.

ഇതര നാട്ടുരാജ്യങ്ങൾ മാറ്റത്തിന്റെ വഴിയിലൂടെ സഞ്ചരിക്കുമ്പോൾ ദീർഘകാലം പിന്നോട്ടുനടക്കാൻ കഴിയില്ലെന്ന് തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജഭരണകൂടങ്ങൾക്കും ബോധ്യപ്പെട്ടത് അക്കാലത്തായിരുന്നു. മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും അടിമത്ത സമ്പ്രദായം നിരോധിച്ചുകൊണ്ടുള്ള കല്പനകളായിരുന്നു ഈ പരിവർത്തനങ്ങളുടെ പ്രത്യക്ഷത്തിലുള്ള തുടക്കം. പുതിയൊരു സാമൂഹ്യക്രമം ഉയർന്നുവരുന്നതിന്റെ അടിത്തറയും ഇതുതന്നെയാണെന്ന് പറയാം. മതപരിവർത്തനം നടത്തിക്കുന്നതിൽ ക്രിസ്ത്യൻ മിഷനറിമാരുടെ പങ്ക് ഈ ഘട്ടത്തിൽ ശ്രദ്ധേയമായ ഒന്നാണ്. ഹിന്ദുമതത്തിൽ അന്തർലീനമായിരുന്ന അനാചാരങ്ങളെയും ദോഷങ്ങളെയും ഉയർത്തിക്കാട്ടുകയും സാമൂഹിക പരിഷ്കാരങ്ങൾക്ക് സാഹചര്യമൊരുക്കുന്ന പ്രചാരണം നടത്തുകയുമായിരുന്നു മിഷണറിമാർ. ഹിന്ദു മതവിശ്വാസികളായി തുടരുന്നിടത്തോളം സാമൂഹികാവശതകൾ വിട്ടുമാറില്ലെന്ന് മനസ്സിലാക്കിയ താണജാതിക്കാർ, പുതിയ മോചനസാധ്യതകൾ തേടി ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തുന്ന സ്ഥിതിയുണ്ടായത് ഈ സാഹചര്യത്തിലാണ്.

നീതിന്യായ സംവിധാനങ്ങൾ പാശ്ചാത്യമാതൃകയിലേക്ക് മാറുകയും നീതിയുടെ ആനുകൂല്യം കീഴ്ജാതിക്കാർക്കുകൂടി ലഭിക്കുകയും ചെയ്യുന്ന സാഹചര്യം ക്രമേണ രൂപപ്പെട്ടു. കീഴാളന്റെ മേൽ അടിച്ചേല്പിച്ചിരുന്ന പല നികുതികളും പിൻവലിക്കാൻ അധികാരികൾ തയ്യാറായി. ജന്മികുടിയാൻ ബന്ധങ്ങളിൽ വന്ന നേരിയ മാറ്റങ്ങൾ സാമ്പത്തികാസന്തുലിതാവസ്ഥയിൽ മാറ്റം വരുന്നതിന്റെ സൂചകങ്ങളായി. ആഭരണങ്ങളും വസ്ത്രങ്ങളും ധരിക്കുന്നതിനുള്ള അവകാശംപോലും നിഷേധിക്കപ്പെട്ടിരുന്ന ജനവിഭാഗത്തിൽ നിയമവ്യവസ്ഥയിലെ മാറ്റങ്ങളിലൂടെ ചില നേരിയ അവകാശങ്ങൾ കൈവന്നുതുടങ്ങി. വസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യം കീഴ്ജാതിക്കാർക്കുകൂടി അനുവദിച്ചുകിട്ടിയത് ഇത്തരത്തിൽ വലിയ ചലനം സൃഷ്ടിച്ച സംഭവങ്ങളിലൊന്നായിരുന്നു. ശക്തമായ പ്രക്ഷോഭങ്ങളായിരുന്നു ഇതിലേക്കെല്ലാം നയി

ച്ചത്. അതേസമയം ഈ പ്രക്ഷോഭങ്ങൾ വലിയതോതിലുള്ള സംഘർഷങ്ങൾക്കും ഇടനല്കി. സവർണർ അധികാരപദവി ഉപയോഗപ്പെടുത്തി കീഴ്ജാതിക്കാർക്കുനേരെ വ്യാപകമായ മർദ്ദനമുറകൾ സ്വീകരിച്ചു.

ഇത്തരം പ്രക്ഷോഭങ്ങളിൽ പ്രധാനപ്പെട്ടതും ആദ്യഗണത്തിൽവരുന്നതും 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ സമുദായം നടത്തിയ 'മേൽമുണ്ട് സമരം' ആയിരുന്നു. സവർണഹിന്ദുക്കളെപ്പോലെ മേൽമുണ്ട് ധരിക്കാനുള്ള അവകാശം അന്ന് മറ്റ് ജാതികളിലെ സ്ത്രീകൾക്കുണ്ടായിരുന്നില്ല. മുട്ടിന് താഴെ മുണ്ടുടുത്താലും മേൽമുണ്ടുധരിച്ചാലും കീഴ്ജാതിക്കാരായ സ്ത്രീകൾ നേരിടേണ്ടിവന്ന അധിക്ഷേപം വലുതായിരുന്നു.

> *'മുണ്ടും റവുക്കയും തോർത്തും ഒരുകാലത്ത് ഈഴത്തികൾക്കു പാടില്ലായിരുന്നു. മുട്ടിനുകീഴെത്താത്ത മുണ്ടേ ഉടുക്കാൻ പാടുണ്ടായിരുന്നുള്ളൂ. മുട്ടിനുകീഴ് നില്കുന്ന ഉടുമുണ്ടിന് അച്ചിപ്പുടവ എന്നായിരുന്നു പേര്. അച്ചിപ്പുടവ അച്ചികൾക്കു (നായർസ്ത്രീകൾ) മാത്രം അവകാശപ്പെട്ടതാണ്. മേൽമുണ്ട് മറ്റു സ്ത്രീകൾക്ക് പാടില്ല. മാറുമറയാതെ തന്നെ കിടക്കണം. ഒരു ഈഴത്തി മുട്ടിനുകീഴ്നില്കുന്ന മുണ്ടുമുടത്തുപോകുന്നതു കണ്ട് അരിശംപൂണ്ട നായന്മാർ അവളെക്കൊണ്ട് മുണ്ടഴിപ്പിച്ചതിൽ ആറാട്ടുപുഴ വേലായുധപ്പണിക്കർ ഒരു വലിയ ലഹള തന്നെ നടത്തിയിട്ടുണ്ട്.'*
>
> *-ജീവിതസമരം, സി കേശവൻ, പുറം 71*

ഇങ്ങനെ മേൽമുണ്ട് ധരിക്കാനുള്ള അവകാശം നിഷേധിക്കുന്നതിനെതിരെ നാടിന്റെ പലഭാഗത്തും എതിർപ്പ് ഉയർന്നുവന്നു. ക്രമേണ അത് സമരങ്ങളായി രൂപാന്തരപ്പെട്ടു. ശീലവഴക്ക്, മുലമാറാപ്പുവഴക്ക്, ചാന്നാർ ലഹള എന്നിങ്ങനെ പലപേരുകളിലുമായി നടന്ന സമരങ്ങൾ വിജയം കാണുകയും ചെയ്തു. തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ സ്ത്രീകളുടെ നേതൃത്വത്തിലായിരുന്നു സംഘടിതമായ പ്രക്ഷോഭം നടന്നത്. അതിന്റെ ഫലമായി കുപ്പായം ധരിക്കാനുള്ള അവകാശം ചാന്നാർ സ്ത്രീകൾക്കുകൂടി നല്കിക്കൊണ്ട് അന്നത്തെ തിരുവിതാംകൂർ ഗവൺമെന്റ് കല്പന പുറപ്പെടുവിച്ചുവെങ്കിലും ചാന്നാർ സ്ത്രീകൾ പ്രക്ഷോഭത്തിന്റെ ശക്തി കുറച്ചിരുന്നില്ല. സവർണസ്ത്രീകളെ പോലെ മേൽമുണ്ട് ധിരിച്ചുകൊണ്ട് പൊതുസ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ടായിരുന്നു ചാന്നാർ സ്ത്രീകൾ പ്രക്ഷോഭത്തിന്റെ രീതി മാറ്റിയത്. ഇത്

സവർണരുമായുള്ള പ്രത്യക്ഷഏറ്റമുട്ടലും കലാപവുമായി തീരുകയും ചെയ്തു. ചാന്നാർ ലഹളയെന്ന പേരിൽ ചരിത്രത്തിൽ ഇടംനേടിയ ഈ ആദ്യകാല കലാപത്തെ എ ശ്രീധരമേനോൻ *കേരളചരിത്രത്തിൽ* വിവരിക്കുന്നത് ഇങ്ങനെയാണ്:

> *'ക്രിസ്തുമതത്തിൽ ചേർന്ന നാടാർസ്ത്രീകൾക്കു കുപ്പായം ധരിക്കാൻ അനുവാദം നൽകിക്കൊണ്ടുള്ള ഒരുത്തരവ്, കേണൽ മൺറോ ദിവാനായിരിക്കുമ്പോൾ തിരുവിതാംകൂർ ഗവൺമെന്റ് പുറപ്പെടുവിക്കുകയുണ്ടായി. നാടാർ സ്ത്രീകൾ ഇതുകൊണ്ടു തൃപ്തിപ്പെടാതെ നമ്പൂതിരി സ്ത്രീകളെപ്പോലെ ഉത്തരീയവുമണിഞ്ഞ് പൊതുരംഗങ്ങളിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ഉയർന്ന ജാതിക്കാരായ ഹിന്ദുക്കൾക്ക് അതിഷ്ടപ്പെട്ടില്ല. അവർ ചാന്നാർ സ്ത്രീകളെ ആക്രമിച്ചു. ആക്രണമവും പ്രത്യാക്രമണവും തെക്കൻതിരുവിതാംകൂറിൽ ഗുരുതതരമായ നിയമസമാധാനഭഞ്ജനത്തിനിടയാക്കി. ഗവൺമെന്റിന് പട്ടാളത്തെയും പോലിസിനെയും അയക്കേണ്ടിവന്നു. ലഹളയുടെ ഫലമായി ചാന്നാർസ്ത്രീകൾക്കും മാറുമറയ്ക്കുന്നതിനുണ്ടായ നിയന്ത്രണം നീക്കിക്കൊണ്ട് 1859 ജൂലൈ 26-ാം തീയതി ഗവൺമെന്റ് ഒരു രാജകീയ വിളംബരം പ്രസിദ്ധപ്പെടുത്തി. മാറുമറയ്ക്കുന്ന കാര്യത്തിൽ ചാന്നാർ സ്ത്രീകൾക്കു സ്വാതന്ത്ര്യം ലഭിച്ചെങ്കിലും അവർ വേഷവിധാനത്തിൽ ഉയർന്ന ജാതിക്കാരായ ഹിന്ദുസ്ത്രീകളെ അനുകരിക്കരുതെന്ന് വിളംബരത്തിൽ വിലക്കിയിരുന്നു. പിന്നീട് ബ്രിട്ടീഷ് ഗവൺമെന്റിന്റെ നിർദേശത്തിൽ ഈ വിലക്കും പിൻവലിക്കുകയായിരുന്നു.'*

ആദ്യഘട്ടത്തിലെ ഇത്തരം ചെറിയ സംഭവങ്ങൾ 20-ാം നൂറ്റാണ്ടിന്റെ ആരംഭമായപ്പോഴേക്കും സാമൂഹികപരിഷ്കരണത്തിനുള്ള വലിയ പ്രസ്ഥാനങ്ങളായി വളർന്നുവന്നു. ബ്രാഹ്മണരും ക്ഷത്രിയരും ഉൾപ്പെടുന്ന സവർണഹിന്ദുക്കൾ നേതൃത്വംകൊടുത്ത സംഘടനകൾ തന്നെ പലയിടത്തും ഇതിൽ മുന്നിൽ നിന്നു. സ്വസമുദായത്തെ പരിഷ്കരിക്കുക എന്നതായിരുന്നു ഇത്തരം സംഘടനകളെല്ലാം ലക്ഷ്യമിട്ടത്. എന്നിരുന്നാലും ഹിന്ദുക്കളിലെ ഉയർന്നജാതികളിൽ തന്നെ ഉടലെടുത്ത പരിഷ്കരണപ്രസ്ഥാനങ്ങൾ കീഴ്ജാതികളിലും അന്യമതസ്ഥരിലും പരിഷ്കരണത്തിന് വലിയ പ്രചോദനമായിത്തീർന്നു. അക്കാലത്തെ ഇന്ത്യയുടെ പൊതുസ്ഥിതി പരിശോധിച്ചാൽ പലേടത്തും മതപരിഷ്കരണപ്രസ്ഥാനങ്ങൾ ശക്തിയാർജിച്ചിരുന്നതായി കാണാം. രാമ

കൃഷ്ണമിഷൻ, ബ്രഹ്മവിദ്യാസംഘം, ആര്യസമാജം, സമത്വസമാജം, ആത്മവിദ്യാസംഘം തുടങ്ങിയ സംഘടനകൾ മതപരിഷ്കരണത്തിൽ സജീവമായ ഇടപെടലുകൾ നടത്തി. ജാതിസമ്പ്രദായത്തിന്റെ ദൂഷ്യങ്ങളില്ലാതാക്കുന്ന നിലയിലേക്ക് അത് ക്രമേണ വളർന്നുവന്നു. ദേശീയപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പലയിടങ്ങളിലും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ നടത്തിയ പോരാട്ടങ്ങളും സാമൂഹികോന്നമനത്തിനായി നടത്തിയ ബോധവ്തകരണവും പരിവർത്തനത്തിന് ഇന്ധനമായിത്തീർന്നു. അയിത്തോച്ചാടനത്തിനും ഹരിജനോദ്ധാരണത്തിനും ശ്രദ്ധയൂന്നിയ പ്രവർത്തനങ്ങൾ അക്കാലത്ത് സജീവമായിരുന്നു.

കന്യാകുമാരി ജില്ലയിലെ സ്വാമിതോപ്പിൽ ജനിച്ച വൈകുണ്ഠസ്വാമി(1809–1851), ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ (1805–1871), ആറാട്ടുപുഴ വേലായുധപ്പണിക്കർ (1825–1874), ആലത്തൂർ ബ്രഹ്മാനന്ദശിവയോഗി(1852–1929), ചട്ടമ്പിസ്വാമികൾ(1855–1924), ശ്രീനാരായണഗുരു (1856–1928), ഡോ. അയ്യത്താൻ ഗോപാലൻ(1861–1948), അയ്യങ്കാളി (1866–1941), വക്കം അബ്ദുൾഖാദർ മൗലവി (1873–1932), വാഗ്ഭടാനന്ദഗുരു (1885–1939), കാലടി ശ്രീരാമകൃഷ്മാദ്വൈതാശ്രമത്തിലെ ആഗമാനന്ദസ്വാമികൾ(1896–1961), ഡോ. ടി പൽപ്പു(1863–1950), കുമാരനാശാൻ(1873–1924) തുടങ്ങിയവരുടെ നേതൃത്വത്തിൽ ഉയർന്നുവന്ന പരിഷ്കരണ പ്രസ്ഥാനങ്ങളായിരുന്നു കേരളത്തിലെ സാമുഹിക നവോത്ഥാനത്തിന്റെ അടിസ്ഥാന ശില. മന്നത്തുപത്മനാഭൻ (1877–1970), ദേശാഭിമാനി ടി കെ മാധവൻ (1884–1930), കെ പി കേശവമേനോൻ(1886–1978), കെ കേളപ്പൻ(1889–1971), സി കേശവൻ (1891–1969), ഡോ. വി വി വേലുക്കുട്ടി അരയൻ (1894–1969), വി ടി ഭട്ടതിരിപ്പാട് (1896–1982), എ കെ ഗോപാലൻ (1904–1977), പി കൃഷ്ണപ്പിള്ള(1906–1948), ഇഎം എസ് നമ്പൂതിരിപ്പാട് (1909–1998) തുടങ്ങിയവരിലൂടെ ഈ പ്രവർത്തനങ്ങൾ നവോത്ഥാനപ്രസ്ഥാനങ്ങളെ മുന്നോട്ടുനയിച്ചു.

അവർണരുടെ ഉന്നമനത്തിനും രാജഭരണത്തിലെ നീതി നിഷേധത്തിനുമെതിരെ പോരാടിയ, കീഴ്ജാതിയിൽ പിറന്ന മുത്തുക്കുട്ടി സ്വാമികൾ എന്ന വൈകുണ്ഠസ്വാമികളാണ് കേരളത്തിലെ ആദ്യത്തെ സാമൂഹികപരിഷ്കർത്താവെന്ന് പറയാം. തിരുവിതാംകൂറിൽ സ്വാതിതിരുനാളിന്റെ ഭരണകാലത്ത് 1836ൽ അദ്ദേഹം സ്ഥാപിച്ച 'സമത്വസമാജ'മാണ് കേരളത്തിലെ ആദ്യത്തെ സാമൂഹികസംഘടന. തെക്കൻ തിരുവിതാംകൂറിൽ നടന്ന മേൽമുണ്ട് സമരത്തിന്റെ പ്രധാനപ്രചോദനവും വൈകുണ്ഠസ്വാമികളിൽനിന്നായിരുന്നു. ചെറുതും ഒറ്റപ്പെട്ടതുമായി

ഇത്തരം സംഘടനകളും സമരങ്ങളുമുണ്ടായെങ്കിലും ചട്ടമ്പിസ്വാമിക ളുടെയും ശ്രീനാരായണഗുരുവിന്റെയും നേതൃത്വത്തിൽ രൂപംകൊണ്ട പരിഷ്കരണപ്രസ്ഥാനങ്ങളാണ് കേരളത്തിന്റെ നവോത്ഥാനമുന്നേറ്റ ത്തിൽ ഏറ്റവും വലിയ സ്വാധീനശക്തികളായി മാറിയത്.

ബ്രാഹ്മണർക്കാധിപത്യമുണ്ടായിരുന്ന സമൂഹത്തിൽ നായന്മാർക്കും ഈഴവർക്കും ന്യായമായസ്ഥാനം ലഭിക്കണമെന്നതായിരുന്നു ചട്ടമ്പി സ്വാമികൾ മുന്നോട്ടുവച്ച വാദം. അതേസമയം 'ഈഴവശിവനെ' പ്രതി ഷ്ഠിച്ചതിലൂടെ നിലവിലുണ്ടായിരുന്ന വിശ്വാസപ്രമാണങ്ങളെ കീഴ്മേൽമറിക്കുകയായിരുന്നു ശ്രീനാരായണഗുരു. ഹിന്ദുമതത്തിലെ പൗരോഹിത്യധാരണകളെ വെല്ലുവിളിച്ചുകൊണ്ട് പുതുതായി പ്രതിഷ്ഠ നടത്തിയ ക്ഷേത്രങ്ങളിൽ ഈഴവരെ തന്നെ പൂജാകർമങ്ങൾക്കായി നാരായണഗുരു നിശ്ചയിച്ചു. ഈഴവരല്ലാത്ത ജാതിക്കാർക്കും (ഈ ഴവരേക്കാൾ താണവർക്കും) ക്ഷേത്രങ്ങളിൽ പ്രവേശനം അനുവദി ച്ചു. ജാതിവൈജാത്യങ്ങളില്ലാത്ത ലോകമായിരുന്നു നാരായണഗുരു വിന്റെ സ്വപ്നം. മതനിരപേക്ഷതയുടെ ഉന്നതമൂല്യങ്ങളിലേക്ക് മനു ഷ്യനെ കൈപിടിച്ചുനടത്തിക്കാനുള്ള യത്നം അദ്ദേഹം സ്വയമേറ്റെടു ത്തു. മനുഷ്യനെന്ന ഏകജാതിയിലേക്കും ഏകമതത്തിലേക്കും സമൂഹം ഒന്നായിനീങ്ങാനുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആഹ്വാനം. ഈഴ വർക്കിടയിലെ താലികെട്ടുകല്യാണം, തിരണ്ടുകുളി തുടങ്ങിയ അനാ ചാരങ്ങളില്ലാതാക്കാനുള്ള പ്രചാരണങ്ങൾക്കും നാരായണഗുരു തുട ക്കമിട്ടു.

ജാതിഭേദത്തെയും വിഗ്രഹാരാധനയെയും അവയ്ക്കെല്ലാം നിദാ നമായ ശാസ്ത്രങ്ങളെയും എതിർത്തുകൊണ്ടാണ് ബ്രഹ്മാനന്ദശിവ യോഗി പുരോഗമനാശയങ്ങൾ പ്രചരിപ്പിച്ചത്. മരുമക്കത്തായ ദായക്രമ പരിഷ്കാരം, വിധവാവിവാഹം, സ്ത്രീവിദ്യാഭ്യാസം എന്നിവയെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു. വടക്കേമലബാറിൽ ബ്രഹ്മസമാജത്തിന്റെ ഭാഗമായും പിന്നീട് തന്റെതന്നെ നേതൃത്വത്തിൽ ആത്മവിദ്യാസംഘം സ്ഥാപിച്ചും ജാതിവ്യവസ്ഥയ്ക്കും വിഗ്രഹാരാധനയ്ക്കുമെതിരായി ശബ്ദമുയർത്തുകയും ജനങ്ങളെ സംഘടിപ്പിക്കുകയുമാണ് വാഗ്ഭടാ നന്ദൻ ചെയ്തത്.

അയിത്തോച്ചാടന പ്രക്ഷോഭത്തിൽ അഗ്രഗാമിയായിരുന്ന അയ്യങ്കാ ളി പുലയസമുദായത്തിന്റെ സാമൂഹികോന്നമനമായിരുന്നു ലക്ഷ്യമിട്ട ത്. പുലയർക്കൊപ്പം ഹരിജനങ്ങളെക്കൂടി സംഘടിപ്പിച്ചുകൊണ്ട് തിരു വിതാംകൂറിലെ പൊതുനിരത്തുകളിൽ സഞ്ചാരസ്വാതന്ത്ര്യം നേടിയെ

ടുക്കാനുള്ള ഐതിഹാസികമായ സമരങ്ങൾക്ക് അയ്യങ്കാളി നേതൃത്വം വഹിച്ചു. ഈ സമരങ്ങളെ വിജയപഥത്തിലെത്തിക്കാനും സഞ്ചാരസ്വാതന്ത്ര്യം നേടിയെടുക്കാനും അദ്ദേഹത്തിന് സാധിച്ചു.

സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ ഹിന്ദുമത്തിൽ മാത്രം ഒതുങ്ങിനിന്നതായിരുന്നില്ല. മുസ്‌ലീം സമുദായത്തിലെ സാമൂഹ്യപരിഷ്കരണത്തിന്റെ നെടുനായകത്വം വക്കം അബ്ദുൾ ഖാദർ മൗലവിക്കായിരുന്നു. ഇസ്‌ലാമിന് നിരക്കാത്ത ആചാരങ്ങൾ ഉപേക്ഷിക്കാനും ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയെടുക്കാനും മുസ്‌ലീം ജനവിഭാഗങ്ങളോട് അദ്ദേഹം ആഹ്വാനം ചെയ്തു. അതിനായുള്ള പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്തു. മുസ്‌ലീം സമുദായപരിഷ്കരണത്തിൽ സുപ്രധാന പങ്കുവഹിച്ച 'തിരുവിതാംകൂർ മുസ്‌ലീം മഹാസഭ' യും 'ചിറയൻകീഴ് താലൂക്ക് മുസ്‌ലീം സമാജ' വും വക്കം അബ്ദുൾഖാദർ മൗലവിയുടെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ടതായിരുന്നു.

സുറിയാനി കത്തോലിക്ക ജനവിഭാഗങ്ങളുടെയും സഭയുടെയും ആധുനികവത്കരണം മാത്രമായിരുന്നില്ല ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ചെയ്തത്. ഇതിനൊപ്പം അന്യമതങ്ങളിലെ കീഴ്ജാതിക്കാർക്കുകൂടി വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിലുമേർപ്പെട്ടു. ഇംഗ്ലീഷും മലയാളവും സംസ്കൃതവും സാധാരണക്കാരന് പ്രാപ്യമാക്കുന്നതിൽ വിലപ്പെട്ട സേവനങ്ങൾ അച്ചന്റെ നേതൃത്വത്തിൽ നടന്നു. സുറിയാനി കത്തോലിക്കാസഭയുടെ വികാരി ജനറാൾ എന്ന നിലയിൽ ഉയർത്തപ്പെട്ടപ്പോൾ വിദ്യാഭ്യാസ രംഗത്ത് സമഗ്രപുരോഗതിക്കുതകുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ അദ്ദേഹത്തിനായി. 'സാധാരണവിദ്യാർത്ഥികൾക്ക് നല്കിയ ഈ വിദ്യാഭ്യാസ സൗകര്യം അക്കാലത്ത് മറ്റു പല വിദ്യാലയങ്ങളിലും അയിത്തം മൂലം പ്രവേശനമില്ലാതിരുന്ന ദളിതർക്കുപോലും ലഭിക്കാൻ വികാരി ജനറൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവർക്ക് വിദ്യാലയങ്ങളിൽ പ്രവേശനത്തിന് പുറമെ വസ്ത്രം, ഭക്ഷണം, പുസ്തകം മുതലായവ സൗജന്യമായി കഴിയാവുന്നത്ര വിതരണം ചെയ്യാനും ശ്രദ്ധിച്ചിരുന്നു' എന്ന് ചാവറ അച്ചനെ കുറിച്ച് പി ഗോവിന്ദപ്പിള്ള (*കേരളനവോത്ഥാനം: യുഗസന്തതികൾ യുഗശില്പികൾ*) രേഖപ്പെടുത്തിയിട്ടുണ്ട്.

നവോത്ഥാനപ്രസ്ഥാനങ്ങളുടെ തുടർച്ചയായിരുന്നു സാമുദായിക സംഘടനകളുടെ ആവിർഭാവവും ശക്തിപ്രാപിക്കലും. ശ്രീനാരായണ ഗുരുവിന്റെ ആശയങ്ങളേറ്റെടുത്തുകൊണ്ട് ശ്രീനാരായണ ധർമപരിപാലന യോഗവും ചട്ടമ്പിസ്വാമികളുടെ പ്രവർത്തനത്തിന്റെ തുടർച്ച

യായി നായർസർവീസ് സൊസൈറ്റിയും സ്ഥാപിക്കപ്പെട്ടു. നാരായണഗുരുവിന്റെ സാന്നിധ്യത്തിൽതന്നെയായിരുന്നു 1903 മെയ് 15ന് എസ്എൻഡിപി യോഗത്തിന്റെ ആരംഭം. ഡോ. പൽപ്പു, കുമാരനാശാൻ തുടങ്ങിയവർ നാരായണഗുരു മുന്നോട്ടുവച്ച ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള കർമപദ്ധതികൾ ഏറ്റെടുത്തു. മന്നത്തുപത്മനാഭന്റെ നേതൃത്വത്തിൽ ഒരുസംഘം നായർ യുവാക്കൾ സംഘടിച്ചാണ് 1914 ഒക്ടോബർ 31ന് എൻഎസ്എസ്സിന് രൂപംകൊടുത്തത്. കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട 'നമ്പൂതിരി യോഗക്ഷേമസഭ' നമ്പൂതിരിമാർക്കിടിയിലെ പരിഷ്കരണപ്രവർത്തനങ്ങൾക്ക് ദിശാബോധം നല്കുകയുണ്ടായി.

സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ മധ്യകേരളത്തിൽ നടന്ന മുന്നേറ്റവും ഇതേ കാലഘട്ടത്തിൽ തന്നെയായിരുന്നു. ജാതിവ്യത്യാസം ഇല്ലാതാക്കാനും മിശ്രഭോജനം പ്രചരിപ്പിക്കാനുമായി 1917ൽ കെ അയ്യപ്പൻ സ്ഥാപിച്ച പ്രസ്ഥാനമാണ് 'സഹോദരസംഘം.' ഈഴവർ, അരയർ, പുലയർ തുടങ്ങിയ അവർണഹിന്ദുക്കൾക്ക് സവർണരുടെ സമ്പ്രദായങ്ങളെ വെല്ലുവിളിക്കാനും അവർക്കൊപ്പമിരുന്ന് ഭക്ഷണം കഴിക്കാനുമുള്ള അവകാശബോധം സഹോദരസംഘത്തിലൂടെ അയ്യപ്പൻ പകർന്നുനല്കി.

അയിത്തോച്ചാടന പ്രക്ഷോഭത്തിന് വ്യക്തമായ രൂപവും സംഘടിത സ്വഭാവും നൽകാൻ ഈ ആദ്യകാല സാമൂഹ്യപരിഷ്കർത്താക്കളുടെ നേതൃത്വവും സംഘാടന മികവും പ്രചാരണശേഷിയും കൊണ്ട് സാധിച്ചു. ദേശീയസ്വാതന്ത്ര്യ സമരത്തിനൊപ്പം അയിത്തോച്ചാടനവും കോൺഗ്രസ് മുഖ്യവിഷയമാക്കിയെടുത്തത് 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലായിരുന്നു. ഇതിന്റെ അനുരണനങ്ങൾ കേരളത്തിൽ നല്ല നിലയിൽതന്നെയുണ്ടായി. കേരളത്തിലെ കോൺഗ്രസിൽ ഇടതുപക്ഷാശയഗതിക്കാർക്കുണ്ടായിരുന്ന മേൽക്കൈ നവോത്ഥാനമുന്നേറ്റത്തെ ഏറ്റെടുത്തുനടത്തുന്നതിന് വലിയൊരളവ് സഹായകരമായിരുന്നു. വൈക്കം സത്യാഗ്രഹം (1924-25), ഗുരുവായൂർ സത്യാഗ്രഹം (1931-32), പാലിയം സത്യാഗ്രഹം (1947-48) എന്നിവ അയിത്തോച്ചാടന പ്രസ്ഥാനത്തിൽ മഹദ്ചരിത്രം തന്നെ സൃഷ്ടിച്ചു. വൈക്കം സത്യാഗ്രഹമായിരുന്നു അയിത്തോച്ചാടനത്തിലേക്ക് നയിച്ച ആദ്യത്തെ ഉജ്വല സമരം. വൈക്കം ക്ഷേത്രത്തിലേക്കുള്ള നിരത്തുകളിൽ അവർണഹിന്ദുക്കൾക്കുകൂടി സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കണമെന്നതായിരുന്നു പ്രക്ഷോഭത്തിന്റെ ആവശ്യം. ഇതുപത് മാസം തുടർന്ന സമരം 1925ൽ വിജയകരമായി പര്യവസാനിക്കുക തന്നെ ചെയ്തു. ക്ഷേത്രത്തിലേ

ക്കുള്ള എല്ലാ നിരത്തുകളിലും ജാതിവ്യത്യാസമില്ലാതെ എല്ലാ ഹിന്ദുക്കൾക്കും സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടായിരുന്നു അത്. എന്നാൽ തിരുവിതാംകൂറിലെ എല്ലാ ക്ഷേത്രങ്ങളിലും ഈ സ്വാതന്ത്ര്യം ലഭിച്ചിരുന്നില്ല. പിന്നീട് അമ്പലപ്പുഴ, തിരുവാർപ്പ്, ശുചീന്ദ്രം എന്നിവിടങ്ങളിലും സമാനരീതിയിലുള്ള സമരങ്ങൾ നടക്കുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായി തിരുവിതാംകൂറിലെ എല്ലാ ക്ഷേത്രനിരത്തുകളും ജാതിപരിഗണനകൂടാതെ എല്ലാ വിഭാഗം ജനങ്ങൾക്കുമായി തുറന്നുകൊടുത്തു.

കെ കേളപ്പന്റെയും എകെജിയുടെയും നേതൃത്വത്തിൽ നടന്ന ഗുരുവായൂർ സത്യാഗ്രഹം ദേശീയശ്രദ്ധയാകർഷിച്ച ഒന്നായിരുന്നു. പ്രക്ഷോഭകാരികൾക്കുനേരെ അതിശക്തമായ ആക്രമണമാണ് സവർണർ അഴിച്ചുവിട്ടത്. ഒടുവിൽ മഹാത്മാഗാന്ധിക്ക് പോലും സമരത്തിൽ ഇടപെടേണ്ടിവന്നു. അയിത്തോച്ചാടനത്തിനും ക്ഷേത്രപ്രവേശനത്തിനും വേണ്ടി നടന്ന പ്രക്ഷോഭങ്ങളുടെ ആദ്യവിജയമായിരുന്നു ക്ഷേത്രപ്രവേശന വിളംബരം. തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിരതിരുനാൾ ബാലരാമവർമ 1936 നവംബർ 12നാണ് സുപ്രസിദ്ധമായ ക്ഷേത്രപ്രവേശന വിളംബരം പ്രഖ്യാപിച്ചത്. അവർണവിഭാഗങ്ങൾക്ക് ക്ഷേത്രപ്രവേശനം സാധ്യമാക്കുന്നതിന് നടന്ന പ്രക്ഷോഭത്തിന്റെ സമ്പൂർണ വിജയമായി ഈ വിളംബരത്തെ കാണാൻ സാധിക്കും.

സ്വാതന്ത്ര്യ ലബ്ദിയോടെ പുതുയുഗത്തിന് തുടക്കമായെങ്കിലും സാമൂഹികാനാചാരങ്ങളെ പൂർണമായും തുടച്ചുനീക്കാൻ സാധിച്ചിരുന്നില്ല. ഫ്യൂഡലിസത്തിന്റെയും സവർണമേധാവിത്വത്തിന്റെയും തലക്കുടുമ മാറ്റാനുള്ള പ്രചാരണങ്ങളും പ്രക്ഷോഭങ്ങളും പിന്നീടും തുടരേണ്ടിവന്നു. അത്തരത്തിലൊന്നായിരുന്നു പാലിയം സത്യാഗ്രഹം. ചേന്ദമംഗലത്ത് പാലിയത്തച്ചന്റെ വീട്ടിനു മുമ്പിലെ പൊതുനിരത്തിൽ നടക്കാനുള്ള സ്വാതന്ത്ര്യം നേടിയെടുക്കുന്നതിന് അവർണരും അഹിന്ദുക്കളും ചേർന്ന് നടത്തിയ സമരമാണ് പാലിയം സത്യാഗ്രഹം. 1948ൽ കൊച്ചി ക്ഷേത്രപ്രവേശനം അനുവദിച്ചതിനെ തുടർന്നാണ് പാലിയം റോഡിലൂടെ സഞ്ചരിക്കാൻ അവർണർക്കും അഹിന്ദുക്കൾക്കും സ്വാതന്ത്ര്യം ലഭിച്ചത്.

ചുരുക്കത്തിൽ, ജാതിരഹിതമായ സംഘകാലഘട്ടത്തിൽനിന്നും ജാതീയമായ ഉച്ചനീചത്വം അരങ്ങുവാണ ആര്യാധിപത്യത്തിലേക്കും പിന്നീട് നവോത്ഥാനത്തിന്റേതായ പുതിയൊരുയുഗത്തിലേക്കുമാണ് കേരളത്തിന്റെ സാമൂഹ്യചരിത്രം വികസിച്ചതെന്ന് കാണാൻ സാധിക്കും.

## അധ്യായം രണ്ട്

# നവോത്ഥാന മുന്നേറ്റവും ആദ്യകാല പത്രങ്ങളും

കേരളത്തിന്റെ വികൃത സാമൂഹിക ഘടനയുടെ അസ്ഥിവാരം ഇളക്കിയെറിയുന്ന മുന്നേറ്റമായിരുന്നു നവോത്ഥാന കാലഘട്ടത്തിലുണ്ടായത്. പത്ര-മാധ്യമങ്ങളും മറ്റു പ്രചാരണോപാധികളും ഒട്ടും വികസിക്കാത്ത അക്കാലത്ത് പരിഷ്കരണ പ്രവർത്തനങ്ങളുടെ വ്യാപ്തി ജനങ്ങളിലെത്തിക്കുക ക്ലേശകരമായിരുന്നു. ജാതി-മത പരിഷ്കരണ പ്രസ്ഥാനങ്ങളിലുടെയായിരുന്നു കേരളത്തിലെ സാമൂഹിക നവോത്ഥാനത്തിന്റെയും വികാസം. ഓരോ മതങ്ങളിലും ഓരോ ജാതിയിലും ഉയർന്നുവന്ന പരിഷ്കരണ പ്രവർത്തനങ്ങൾ പൊതുസാമൂഹ്യാവസ്ഥയെ പുതിയ തലത്തിലേക്ക് ഉയർത്തുകയായിരുന്നു. ഹിന്ദുമതത്തിൽ ബ്രാഹ്മണരിലും അവാന്തരവിഭാഗങ്ങളിലുമെന്നപോലെ ക്രൈസ്തവ-മുസ്ലീം വിഭാഗങ്ങളിലും പരിഷ്കരണം ഉടലെടുത്തു. നമ്പൂതിരികുടുംബങ്ങളിൽ പുതിയ തലമുറ മാറ്റങ്ങളുടെ കാറ്റുൾക്കൊള്ളാനായി മനകളുടെ കിളിവാതിലുകൾ സമൂഹത്തിന്റെ മുന്നിൽ തുറന്നിട്ടു. കീഴാളവിഭാഗങ്ങളിൽ അവകാശബോധത്തിന്റെ വിത്ത് മുളച്ചു. ജീവിതരീതി, ആചാരക്രമങ്ങൾ, വിശ്വാസധാരകൾ, വിദ്യാഭ്യാസം എന്നിങ്ങനെ സർവതലസ്പർശിയായിരുന്നു അത്. വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും മതങ്ങൾക്കകത്ത് ഒതുങ്ങിനിൽക്കുന്നതിൽനിന്ന് മാറി പൊതുസമൂഹത്തിന്റെ ചർച്ചകളിൽ ഇടം കണ്ടെത്തി.

മതപരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അതാതുമതവിഭാഗങ്ങളുടെ ഇടയിൽമാത്രമായിരുന്നു ചർച്ചകളെങ്കിലും മറ്റുകാര്യങ്ങിൽ ജാതിമതഭേദമന്യേയുള്ള ഇടപെടലുകളാണുണ്ടായത്. ഇത്തരം ഇടപെടലുകൾ വിവിധരീതിയിലുള്ള ഏറ്റമുട്ടലുകൾക്കും ഇടനൽകി. ഓരോ പുതിയ കാര്യങ്ങൾ ഉയർന്നുവന്നപ്പോഴും അത് വ്യത്യസ്തധാരകൾ തമ്മിലുള്ള സംഘർഷമായി രൂപാന്തരപ്പെട്ടു.

ആനുകാലികങ്ങളും പത്രമാധ്യമങ്ങളും ശക്തമല്ലാത്ത ഒരു കാലമായിരുന്നു നവോത്ഥാന കാലഘട്ടം. സാമൂഹികപരിഷ്കരണത്തിന്റെ ആരംഭവും മലയാള പത്രപ്രവർത്തനത്തിന്റെ പിറവിയും തമ്മി

ലുള്ള കാലഭേദത്തിൽനിന്നുതന്നെ ഇത് വ്യക്തമാകും. സന്ദേശങ്ങൾ പ്രചരിപ്പിക്കാനും ലോകത്തിന്റെ മാറ്റം ജനങ്ങളിലേക്കെത്തിക്കാനും പ്രസംഗങ്ങളും കലാപരിപാടികളും നേരിട്ടുള്ള സന്ദർശനങ്ങളും മാത്രമായിരുന്നു അന്നുണ്ടായിരുന്ന മാർഗം. അതുകൊണ്ടുതന്നെ മാധ്യമങ്ങളുടെ ചിറകിലേറിയായിരുന്നില്ല നവോത്ഥാന പ്രസ്ഥാനങ്ങളുടെ വളർച്ച. മാത്രമല്ല, ആദ്യകാല ആനുകാലികങ്ങളിൽ പലതും ഇത്തരം പരിഷ്കരണങ്ങളോട് മുഖം തിരിഞ്ഞു നിൽക്കുയും അവയെ നിശിതമായി വിമർശിക്കുകയും ചെയ്തു. എങ്കിലും ക്രമേണ ഇതിൽ മാറ്റം വന്നുതുടങ്ങി. പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുത്ത ചിലർ അതിന്റെ പ്രചാരണത്തിനുമാത്രമായി പ്രത്യേക ആനുകാലികങ്ങൾ ആരംഭിച്ചു. യാഥാസ്ഥിതികരും പരിഷ്കരണ പ്രവർത്തകരും തമ്മിലുള്ള ഏറ്റുമുട്ടലിന്റെ ചെറുരൂപം ആദ്യകാല ആനുകാലികങ്ങളിൽ കാണാൻ കഴിയും.

മലയാള പത്രങ്ങളുടെ ചരിത്രമാരംഭിക്കുന്നത് ഗുണ്ടർട്ടിന്റെ 'രാജ്യസമാചാരം' എന്ന പ്രതിമാസ പത്രികയിലൂടെയാണ്. ജർമൻ ക്രൈസ്തവ മിഷണറി പ്രസ്ഥാനമായ ബാസൽ മിഷന്റെ കീഴിൽ മതപ്രചാരണമായിരുന്നു ഇതിന്റെ ലക്ഷ്യം. ഇതിന്റെ തുടർച്ചയായി നിരവധി പ്രസിദ്ധീകരങ്ങൾ അക്കാലത്ത് ആരംഭിക്കുകയുണ്ടായി. ഇവയൊന്നുംതന്നെ ഇന്നുകാണുന്ന രൂപത്തിലുള്ള പത്രം എന്ന അർത്ഥത്തിൽ എല്ലാ വിഷയങ്ങളെയും കൈകാര്യം ചെയ്യുന്നവയായിരുന്നില്ല. മതബോധനത്തിനപ്പുറത്തേക്ക് ഒരുകാഴ്ചപ്പാട് അവക്കൊന്നും ഇല്ലായിരുന്നു. അതിൽനിന്ന് വ്യത്യസ്തമായി അവ കൈകാര്യം ചെയ്തത് സാഹിത്യരചനകളാണ്. ഇതിൽത്തന്നെ പദ്യരൂപത്തിലുള്ളവ ഏറെയും ഭഗവത് സ്തുതികളുമായിരുന്നു. 'രാജ്യസമാചാരം' തുടങ്ങിയതിന് ശേഷമുള്ള മൂന്ന് ദശകങ്ങൾ ഏതാണ്ട് ഇതേ രീതിയിൽത്തന്നെയാണ് മലയാള ആനുകാലികങ്ങൾ വികാസം പ്രാപിച്ചത്. നിലവിലുള്ള വ്യവസ്ഥയ്ക്കൊപ്പം ഒഴുകിനടക്കുന്നതിൽ മാത്രമൊതുങ്ങി അവയുടെ സാമൂഹിക വീക്ഷണം. അതുകൊണ്ടുതന്നെ കേരളത്തിൽ ആദ്യകാലത്തു നടന്ന സാമൂഹിക മുന്നേറ്റങ്ങളുടെ ഭാഗമാകാൻ ഈ ആനുകാലികങ്ങൾ തയ്യാറായില്ല. സമഗ്രമായ ഒരു സാമൂഹിക പരിഷ്കരണം ഇവയുടെ മുഖ്യലക്ഷ്യമേയായിരുന്നില്ലെന്നതുതന്നെയാണ് അതിന്റെ കാരണം.

ഗുണ്ടർട്ട് 1847ൽ 'രാജ്യസമാചാരം' തുടങ്ങുന്നതിനും ഒരു ദശകം മുമ്പേ 1836ലാണ് തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന കന്യാകുമാരി

ജില്ലയിലെ സ്വാമിതോപ്പിൽ 'സമത്വസമാജം' എന്ന സംഘടന രൂപീകരിച്ച് വൈകുണ്ഠ സ്വാമികൾ അവർണരെ അടിച്ചമർത്തുന്നതിനെതിരായ പോരാട്ടം ആരംഭിച്ചത്. ഇത് തിരുവിതാംകൂറിനെ ഇളക്കിമറിച്ചു. രാജാവ് അസ്വസ്ഥനായി. 1837ൽ സ്വാതി തിരുനാളിന്റെ ഭരണകാലത്ത് വൈകുണ്ഠ സ്വാമികളെ ജയിലിലടച്ചു. വൈകുണ്ഠ സ്വാമികളുടെ പ്രവർത്തനങ്ങൾ സമൂഹത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചു. ചരിത്രപ്രസിദ്ധമായ മേൽമുണ്ട് സമരത്തിലേക്ക് ജനങ്ങളെ പ്രചോദിപ്പിച്ചതിൽ വൈകുണ്ഠസ്വാമികൾ നടത്തിയ പ്രവർത്തനങ്ങൾ വലിയ ഫലം ചെയ്തു. അവിടെ നിന്നും അതിവേഗത്തിലായിരുന്നില്ല നവോത്ഥാന മുന്നേറ്റം. പരിഷ്കരണ വാദങ്ങൾക്ക് ശക്തമായ എതിർപ്പുകൾ തന്നെ നേരിടേണ്ടിവന്നു. അതിനെ അതിജീവിക്കാൻ നീണ്ട പരിശ്രമങ്ങൾ ആവശ്യമായിരുന്നു. വൈകുണ്ഠ സ്വാമികളിൽ തുടങ്ങിയ പരിഷ്കരണ പ്രസ്ഥാനം ചട്ടമ്പിസ്വാമികളും ശ്രീനാരായണ ഗുരുവും നേതൃത്വം നൽകിയ സംഘടിത മുന്നേറ്റമായി വളരുന്നത് പിന്നെയും ദശകങ്ങൾക്ക് ശേഷമായിരുന്നു. ഇതോടെ മാത്രമാണ് പത്രങ്ങളും ഇത്തരം വിഷയങ്ങൾ ഏറ്റെടുക്കാനും കൈകാര്യം ചെയ്യാനും തുടങ്ങിയത്.

പില്കാലത്ത് പല പത്രങ്ങളുടെയും ആവിർഭാവത്തിന് കാരണം തന്നെ പല സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുമായിരുന്നു. തങ്ങളുടെ ആശയങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനും ബോധവത്കരിക്കുന്നതിനുമുള്ള ഉപാധിയെന്ന നിലയിലായിരുന്നു സാമൂഹിക പരിഷകരണ പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചവർ പത്രങ്ങളെ കണ്ടിരുന്നത്. വൈക്കം സത്യാഗ്രഹത്തോടെ ഇത് കുറേക്കൂടി വിപുലീകൃത രൂപത്തിലായി. മാസികാരൂപത്തിലും വാരികാ രൂപത്തിലും ഇറങ്ങിയ ആദ്യകാല ആനുകാലികങ്ങളിൽനിന്ന് വ്യത്യസ്തമായി ഏതാണ്ട് ദിനപത്രമെന്ന നിലയിൽ മലയാള പത്രപ്രവർത്തനം തന്നെ വികസിച്ചത് വൈക്കം സത്യാഗ്രഹകാലത്തായിരുന്നു. കോട്ടയത്തുനിന്നും പ്രസിദ്ധീകരിച്ച 'പ്രതിദിനം' ആയിരുന്നു മലയാളത്തിലെ ആദ്യത്തെ ദിനപത്രം.

തുടക്കത്തിൽ അധികാരികളെ പ്രിതിപ്പെടുത്തുക മാത്രം ചെയ്തിരുന്ന നിലയിൽനിന്ന് അധികാരികളെ വിമർശിക്കുകയെന്ന സാഹസികതയിലേക്ക് പത്രങ്ങൾ പൊതുവെ പ്രവേശിച്ചത് 19-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിലാണ്. അതും ചെറുരൂപത്തിൽമാത്രം. എങ്കിലും അന്നത്തെ സാഹചര്യത്തിൽ, ഒരു വേറിട്ട യാത്രാപഥം തിരഞ്ഞെടുക്കാൻ ചില പത്രങ്ങളെങ്കിലും തയ്യാറായി എന്നതായിരുന്നു ഏറ്റവും

വലിയ സവിശേഷത. എന്നാൽ, അവയും സാമൂഹ്യപരിഷ്കാരങ്ങൾക്ക് ഊന്നൽ കൊടുത്തതായിരുന്നില്ല. സാമൂഹിക വ്യവസ്ഥിതിയെ പൊളിച്ചടക്കുകയല്ല രാഷ്ട്രീയ സാഹചര്യങ്ങളെയും അധികാരികളും അവരുടെ ആശ്രിതവൃന്ദങ്ങളും നടത്തുന്ന സ്വജനപക്ഷപാതവും പുറത്തുകൊണ്ടുവരിക എന്നതിലായിരുന്നു അവയുടെ ശ്രദ്ധ. എങ്കിലും മിഷനറി പ്രവർത്തനങ്ങളിൽനിന്ന് മാറി സാമൂഹിക വിമർശനത്തിന്റെ പുതിയ വഴിയിലൂടെയുള്ള വലിയൊരു സഞ്ചാരത്തിന്റെ തുടക്കമായിരുന്നു അത്.

## മതബോധനത്തിൽനിന്ന് സാമൂഹിക വിമർശനത്തിലേക്ക്

ഈ ശ്രേണിയിൽ ഏതാണ്ട് ആദ്യത്തേതായി കണക്കാക്കുന്നത് കൊച്ചിയിൽനിന്ന് 1864ൽ ഇട്ടൂപ്പ് റൈറ്ററുടെയും പി ജെ പൈലിയുടെയും നേതൃത്വത്തിൽ തുടങ്ങുകയും ഏതാനും മാസങ്ങൾക്കു ശേഷം ഉമ്മൻ ഫിലിപ്പോസ് പത്രാധിപ സ്ഥാനം ഏറ്റെടുക്കുകയും ചെയ്ത 'പശ്ചിമതാരക'യാണ്. 1867ൽ കോട്ടയത്ത് നിന്ന് തുടങ്ങിയ 'സന്ദിഷ്ടവാദി', 1881ൽ കൊച്ചിയിൽനിന്ന് തുടങ്ങിയ 'കേരള മിത്രം' , 1884ൽ കോട്ടയത്തുനിന്ന് തുടങ്ങിയ 'കേരള പത്രിക' , 1886ൽ തിരുവനന്തപുരത്തുനിന്നും തുടങ്ങിയ 'മലയാളി' , കോഴിക്കോട് നിന്നും ആരംഭിച്ച 'കേരള സഞ്ചാരി' തുടങ്ങിയവ ഈ രീതിയിലുള്ള ആദ്യകാല ശ്രമങ്ങളായിരുന്നു. ഇതിന്റെയെല്ലാം തുടർച്ചയായി 1887ൽ മാന്നാനത്തുനിന്ന് 'നസ്രാണി ദീപിക' യും 1890ൽ കോട്ടയത്തുനിന്ന് 'മലയാള മനോരമയും പിറവിയെടുത്തു. ആദ്യം പറഞ്ഞ പത്രങ്ങൾക്കും ആനുകാലികങ്ങൾക്കും അല്പായുസ്സുമാത്രമേയുണ്ടായുള്ളൂവെങ്കിൽ ദീപികയും മലയാള മനോരമയും മലയാള പത്രങ്ങളുടെ തുടർ വികാസത്തിൽ നിർണായക സംഭാവന നൽകി വളർന്നു. തുടക്കം മുതൽ ബ്രിട്ടീഷ് മേൽകോയ്മയെ അംഗീകരിക്കുന്ന സമീപനമായിരുന്നു ദീപികയും മനോരമയും സ്വീകരിച്ചത്. ഭരണാധികാരികളുടെ താൽപര്യത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് രാജ്യദ്രോഹമാണെന്ന നിലപാട് വരെ ഈ രണ്ട് പത്രങ്ങളും സ്വീകരിച്ചു. സ്വാതന്ത്ര്യസമരങ്ങളുടെ ആദ്യദശയിലോ അവ ശക്തിപ്രാപിച്ച ഘട്ടത്തിലോ അതിനൊപ്പം സഞ്ചരിക്കാനുള്ള താല്പര്യം ഇവ കാണിച്ചിരുന്നില്ല. എന്നാൽ, അവശതയനുഭവിക്കുന്ന കീഴ്ജാതിക്കാരുടെ ഉന്നമനത്തിന് ഊന്നൽ നൽകാൻ തുടക്കം മുതൽ ഈ രണ്ടുപത്രങ്ങളും തയ്യാറായെന്ന് കാണാം.

'രാജമന്ദിരങ്ങളിലും മന്ത്രിസത്തമരുടെ സഭകളിലും ന്യായകർത്താക്കന്മാരുടെ സന്നിധാനത്തിലും നാട്ടിൽ നടക്കുന്ന അക്രമം, അനീതി,

പരപീഡ, സാധുക്കൾക്കുള്ള ആവശ്യങ്ങളാദിയായവയെക്കുറിച്ച് നിവൃത്തിമാർഗം വരുത്താൻ' വേണ്ടിയാണ് പത്രം എന്ന് നസ്രാണി ദീപിക ആദ്യലക്കത്തിൽതന്നെ പ്രസ്താവിച്ചിരുന്നു. അത്തരമൊരു തലത്തിലേക്ക് വിപ്ലവാത്മകവേഗത്തിൽ ഉയരാൻ പത്രം തയ്യാറായിരുന്നില്ല. മനോരമയാകട്ടെ അധികാരകേന്ദ്രത്തോടുള്ള ഭക്തി കുറേക്കൂടി പരസ്യമായി പ്രകടിപ്പിച്ചാണ് പിറവിയെടുത്തത്. 1890ൽ കോട്ടയത്തുനിന്ന് പ്രതിവാര പത്രമായാണ് 'മലയാള മനോരമയുടെ തുടക്കം. 'വിശ്വമാതാവായ വിക്ടോറിയ ചക്രവർത്തിനി തിരുമനസ്സിലെ വിശിഷ്ട രാജ്യഭാരമാകുന്ന കല്പവൃക്ഷത്തിൽ വിളയുന്ന വിവിധ ഫലങ്ങളെ അപ്പഴപ്പോൾ തന്റെ പ്രജകളെ അസാധാരണമാധുര്യത്തോടു കൂടി ആസ്വദിപ്പിച്ചുകൊണ്ടിരിപ്പാൻ തന്നെ, മൂലമാകുന്ന തിരുനാളിൽ അവതരിച്ചരുളുന്ന നമ്മുടെ വലിയ തമ്പുരാൻ തിരുമനസ്സിലെയും അവിടത്തെ ആജ്ഞാനുവാഹിയായ പ്രജാക്ഷേമൈക തൽപരനായിരിക്കുന്ന രാമരായർ ദിവാൻജി അവർകളെയും' ആദ്യലക്കത്തിൽ മലയാള മനോരമ പ്രകീർത്തിക്കുന്നു.

ഇത്തരമൊരു സ്ഥിതിയിൽനിന്ന് ക്രമേണ മാറ്റം വന്നുതുടങ്ങിയത് 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ്. അപ്പോഴേക്കും പൊതുസമൂഹത്തിൽ രാഷ്ട്രീയ വിമർശനങ്ങൾ കൂടുതൽ ശക്തിപ്രാപിച്ചു. ദേശീയ പ്രസ്ഥാനത്തിന്റെയും കർഷക പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ നാടിളക്കിയുള്ള സ്വാതന്ത്ര്യമുന്നേറ്റങ്ങൾ ശക്തമായി. ഇതെല്ലാമായപ്പോൾ പത്രങ്ങളിൽ പലതും അതിന്റെ ഭാഗമായിതുടങ്ങുകയും ചെയ്തു. ദേശീയപ്രസ്ഥാനത്തോടുള്ള ഈ താൽപര്യത്തിനൊപ്പം തന്നെ സാമൂഹിക പരിഷ്കരണ മേഖലയിലേക്കും ചില പത്രങ്ങൾ സജീവ താൽപര്യം പ്രകടിപ്പിക്കുന്ന സ്ഥിതിയും ഉടലെടുത്തു.

തൃശൂരിൽനിന്ന് 1906ൽ ആരംഭിച്ച 'കേരള ചിന്താമണി' , തലശ്ശേരിയിൽനിന്ന് 1907ൽ മൂർക്കോത്ത് കുമാരൻ ആരംഭിച്ചതും പിന്നീട് 1913ൽ സി. കൃഷ്ണൻ പത്രാധിപത്യം ഏറ്റെടുത്തതുമായ 'മിതവാദി', 1904ൽ മഹാകവി കുമാരനാശാന്റെ പത്രാധിപത്യത്തിലാരംഭിച്ച 'വിവേകോദയം', 1911ൽ മയ്യനാട്ടുനിന്ന് സി വി കുഞ്ഞുരാമൻ തുടങ്ങിയ 'കേരള കൗമുദി', 1915ൽ ടി കെ മാധവൻ കൊല്ലത്തുനിന്നാരംഭിച്ച 'ദേശാഭിമാനി', 1917ൽ കെ അയ്യപ്പൻ തുടങ്ങിയ 'സഹോദരൻ', യോഗക്ഷേമ സഭാ പ്രവർത്തകരുടെ 'യോഗക്ഷേമം', 'ഉണ്ണിനമ്പൂതിരി' കൊല്ലത്തുനിന്ന് പ്രസിദ്ധപ്പെടുത്തിയിരുന്ന 'ശ്രീവാഴുംകോട്', നായർ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 1920ൽ ആരംഭിച്ച 'സർവീസ്',

1920ൽ തൃശ്ശൂരിൽനിന്ന് കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് ആരംഭിച്ച 'ലോകമാന്യൻ', കൊല്ലത്തുനിന്ന് എ കെ പിള്ള ആരംഭിച്ച 'സ്വരാട്', 1923ൽ കോഴിക്കോട്ടുനിന്ന് കെ പി കേശവമേനോന്റെ പത്രാധിപത്യ ത്തിലാരംഭിച്ച 'മാതൃഭൂമി', മുഹമ്മദ് അബ്ദുറഹിമാൻ കോഴിക്കോട്ടു നിന്ന് തന്നെ 1924ൽ ആരംഭിച്ച 'അൽ-അമീൻ', പാലക്കാട്ടുനിന്ന് ടി ആർ കൃഷ്ണസ്വാമി അയ്യർ തുടങ്ങിയ 'യുവഭാരതം', യു ഗോപാല മേനോനും കെ വി കുഞ്ഞുണ്ണി മേനോനും കൂടി മദ്രാസിൽനിന്ന് ആരംഭിച്ച 'നവീന കേരളം', കൊല്ലത്തുനിന്ന് കെ ജി ശങ്കർ ആരംഭിച്ച 'മലയാള രാജ്യം' , വടകരയിൽനിന്നാരംഭിച്ച മൊയ്യാരത്ത് ശങ്കരന്റെ 'കേരള കേസരി', കണ്ണൂരിൽനിന്ന് തുടങ്ങിയ എ കെ കുഞ്ഞികൃഷ്ണൻ നമ്പ്യാരുടെ 'സ്വാഭിമാനി', ഇക്കണ്ട വാരിയരുടെ 'കേരളൻ', കുളക്കു ന്നത്ത് രാമൻ മേനോൻ 1918ൽ തുടങ്ങിയതും പിന്നീട് എ ബാലകൃഷ്ണ പിള്ള പത്രാധിപസ്ഥാനം ഏറ്റെടുക്കുകയും ചെയ്ത 'സമദർശി', എ ബാലകൃഷ്ണപ്പിള്ളയുടെ തന്നെ നേതൃത്വത്തിൽ പിന്നീട് തുടങ്ങിയ കേസരി, ഷൊർണൂരിൽനിന്ന് കോൺഗ്രസ് സോഷ്യലിസ്റ്റുകളുടെ നേതൃത്വത്തിൽ ഇഎംഎസ് പത്രാധിപരായി തുടങ്ങിയ 'പ്രഭാതം', കെ ജി നായരുടെയും ടി കെ വേലായുധൻ പിള്ളയുടെയും നേതൃത്വത്തിൽ തിരുവനന്തപുരത്തുനിന്ന് പ്രസിദ്ധീകരിച്ച 'നവശക്തി', 'വിദ്യാവിനോദിനി', 'സത്യനാദം' തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ ഒരേ സമയം ദേശീയ പ്രസ്ഥാനങ്ങളെയും സാമൂഹിക പരിഷ്കരണ മുന്നേ റ്റങ്ങളേയും പിന്തുണച്ചവയായിരുന്നു.

വലിയതോതിൽ പ്രചാരണം സാധ്യമായില്ലെങ്കിൽ പോലും ഈ പത്രങ്ങൾ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ അന്ന് പൊതുസമൂഹത്തിൽ വലിയതോതിൽ ചലനങ്ങൾ സൃഷ്ടിച്ചിരുന്നുവെന്നാണ് വ്യക്ത മാകുന്നത്. ആ അർത്ഥത്തിൽ 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദം മല യാള പത്രപ്രവർത്തനത്തിൽ ഗുണാത്മക പരിവർത്തനത്തിന് ഒരു വലിയ തുടക്കം കുറിക്കുകയായിരുന്നു. അന്ന് ആരംഭിച്ച പത്രങ്ങളിൽ ബഹുഭൂരിപക്ഷവും അല്പായുസ്സുക്കളായിരുന്നുവെങ്കിലും നിലപാടു കളിലെ തെളിമയും ധീരതയും ലക്ഷ്യബോധവും കൊണ്ട് വേറിട്ട പാന്ഥാവ് സൃഷ്ടിച്ചെടുത്തവയായിരുന്നു എന്ന് പറയാം. സ്വാതന്ത്ര്യ സമരത്തിന്റെ ചലനങ്ങൾ ജനങ്ങളിലെത്തിക്കുകയെന്ന സാഹസിക തയേറ്റെടെത്തതിനൊപ്പം തന്നെയായിരുന്നു ഈ പത്രങ്ങളെല്ലാം അന്ന് സാമൂഹിക ഘടനയിലെ വൈകൃതങ്ങളെ അനാവരണം ചെയ്യാനും നവോത്ഥാനത്തിന്റെ പാതയിലേക്ക് പൊതുസമൂഹത്തെ കൈപിടിച്ചു നടത്താനുമുള്ള തീവ്രശ്രമങ്ങൾ നടത്തിയത്. സാമൂഹിക ഉച്ചനീചത്വ

ത്തിൽനിന്നുള്ള മോചനം വൈദേശികാധിപത്യത്തിൽനിന്നുള്ള മോചനത്തെപോലെതന്നെ പ്രാധാന്യമേറിയതാണെന്ന കാഴ്ചപ്പാട് പരിഷ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവർ പ്രകടിപ്പിച്ചതുകൊണ്ടുമാത്രമാണ് രാജ്യത്തെ ഇതര മേഖലയിൽനിന്ന് വ്യത്യസ്തമായ പരിവർത്തനം കേരളത്തിൽ സാധ്യമായതെന്ന് നിസ്സംശയം പറയാം.

### ക്ഷേത്രപ്രവേശനാവകാശം

സാമൂഹിക ഉച്ചനീചത്വം, ജാതി സ്പർധ, അന്ധവിശ്വാസം, അചാരനുഷ്ഠാന വൈകൃതങ്ങൾ, ബഹുഭാര്യാത്വം, വിധവാത്വം, വിദ്യാഭ്യാസ നിഷേധം എന്നിങ്ങനെ കെട്ടുപിണഞ്ഞുകിടന്ന സങ്കീർണ സാഹചര്യത്തെ ഓരോന്നിനെയും സവിശേഷമായി കൈകാര്യം ചെയ്താണ് പരിഷ്കരണ പ്രവർത്തകർ ഉച്ചാടന പ്രക്രിയയിലേർപ്പെട്ടത്. വൈക്കം, ഗുരുവായൂർ സത്യഗ്രഹങ്ങളായിരുന്നു ഇതിൽ ഏറ്റവും നിർണായകഘട്ടം. ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭത്തിനൊപ്പം തന്നെ മുന്നോട്ടുകൊണ്ടുപോയ ഇത്തരം സമരങ്ങൾ പൊതുസമൂഹത്തിൽ വലിയ അനുരണനങ്ങളുണ്ടാക്കി. ഇതിൽ പ്രധാനം വൈക്കം സത്യാഗ്രഹമായിരുന്നു. അതിന്റെ തുടർച്ചയായി ഗുരുവായൂർ സത്യാഗ്രഹവും നടന്നതോടെ ക്ഷേത്രപരിസരങ്ങളിലൂടെ കീഴ്ജാതിക്കാരന് സഞ്ചാരസ്വാതന്ത്ര്യം നൽകേണ്ടിവരുമെന്ന യാഥാർഥ്യത്തിലേക്ക് സവർണരും രാജകുടുംബങ്ങളും എത്തിച്ചേർന്നു. ഈ രണ്ട് പ്രധാന ക്ഷേത്രങ്ങൾക്ക് പുറമെ മറ്റുക്ഷേത്രങ്ങളിലും ഇതേ രീതിയിലുള്ള മാറ്റത്തിനായി കളമൊരുങ്ങുകയായിരുന്നു അപ്പോൾ.

വൈക്കത്തും സമീപത്തുമുള്ള ക്ഷേത്രപരിസരങ്ങളിലൂടെ കീഴാളർക്ക് വഴി നടക്കാനും ക്ഷേത്രപ്രവേശനാവകാശം നേടിയെടുക്കാനും നടത്തിയ പ്രക്ഷോഭം മലയാള പത്രപ്രവർത്ത രംഗത്തും വഴിത്തിരിവായി. അതുവരെ ആഴ്ചയിൽ ഒന്നോ രണ്ടോ തവണ പ്രസിദ്ധീകരിക്കുകയെന്ന രീതിയിൽനിന്ന് മാറി ദിനപ്പത്രം പിറവിയെടുത്തത് വൈക്കം സത്യാഗ്രഹത്തോടെയാണ്. പേര് സൂചിപ്പിക്കുന്നതുപോലെ, വൈക്കത്തുനിന്ന് പ്രസിദ്ധീകരണം തുടങ്ങിയ 'പ്രതിദിന'മാണ് ആദ്യ ദിനപ്പത്രം. സമദർശി, കേസരി, കേരള കൗമുദി, ടി കെ മാധവന്റെ ദേശാഭിമാനി തുടങ്ങിയ പത്രങ്ങൾ സാമൂഹിക പരിഷ്കരണത്തിന്റെ ചുക്കാൻ ഏറ്റെടുക്കുന്ന നിലയിലേക്കുയർന്നു.

ദേശീയ പ്രസ്ഥാനത്തെയും സാമൂഹിക പരിഷ്കരണ മുന്നേറ്റങ്ങ

ളെയും ശക്തിപ്പെടുത്താനുള്ള ലക്ഷ്യത്തോടെ കോഴിക്കോട്ടുനിന്ന് കെ പി കേശവമേനോന്റെയും കെ മാധവമേനോന്റെയും നേതൃത്വത്തിൽ 'മാതൃഭൂമി' കൂടി പ്രസിദ്ധീകരണം തുടങ്ങുകയും ചെയ്തതോടെ 20-ാം നൂറ്റാണ്ടിന്റെ രണ്ടാം ദശകം മുതൽ നവോത്ഥാന മുന്നേറ്റത്തിൽ പത്രങ്ങളുടെ സജീവ സാന്നിധ്യമായി. വൈക്കം സത്യാഗ്രത്തിനുനേരെ കണ്ണടയ്ക്കാൻ അന്ന് പത്രങ്ങൾക്ക് കഴിയുമായിരുന്നില്ല. സത്യാഗ്രഹം തുടങ്ങുന്നതിന് മുമ്പേ തന്നെ അതിലേക്ക് നയിക്കപ്പെടുന്ന രീതിയിൽ നിരവധി സംഭവങ്ങൾ അക്കാലത്ത് അരങ്ങേറിയിരുന്നു. സവർണരുടെ അയിത്താചരണവും കീഴ്ജാതിക്കാർ അതിനെതിരെ നടത്തുന്ന പ്രചാരണങ്ങളും പലയിടത്തും സംഘട്ടനങ്ങളുണ്ടാക്കുകയും ചെയ്തു. ഇക്കാര്യങ്ങളെല്ലാം ഈ പത്രങ്ങളിൽ ശക്തമായ ഭാഷാ ശൈലിയിലൂടെ വാർത്തയായി വിന്യസിക്കപ്പെട്ടു. ക്ഷേത്രപ്രവേശനത്തിന് അനുകൂലമായി ജനസമ്മർദം ശക്തമായ ഘട്ടത്തിൽ മനോരമയും വാർത്തകളിലൂടെ ഇതിന് പിന്തുണയേകി.

## വഴിനടപ്പിലേക്ക് നയിച്ച്

തിരുവനന്തപുരത്തുനിന്ന് 1918ൽ കുളക്കുന്നത്തു രാമൻമേനോൻ ആരംഭിച്ച 'സമദർശി' നവോത്ഥാനമുന്നേറ്റത്തിൽ നിസ്തുല സംഭാവന നൽകിയ പത്രമായിരുന്നു. 'സമദർശി' വൈക്കം സത്യാഗ്രഹത്തെ പൂർണമായും ഏറ്റെടുത്തു. തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രക്ഷോഭങ്ങളെയും സാമൂഹിക മാറ്റങ്ങളെയും പ്രോത്സാഹിപ്പിച്ചിരുന്ന 'സമദർശി'യുടെ പത്രാധിപരായി 1922ൽ എ ബാലകൃഷ്ണ പിള്ള ചുമതലയേറ്റതോടെ കൂടുതൽ വ്യക്തതയും ആഴമേറിയതുമായ കാഴ്ചപ്പാട് സ്വീകരിക്കുന്ന നിലയിലേക്ക് പത്രം മാറി. വൈക്കം സത്യാഗ്രഹത്തെ വിജയിപ്പിക്കുന്നതിൽ 'സമദർശി'യും ബാലകൃഷ്ണപിള്ളയും കാണിച്ച ഉത്സാഹവും ആത്മാർത്ഥതയും മലയാള നവോത്ഥാന പത്രപ്രവർത്തനത്തിന് മാതൃകയായി മാറുകയായിരുന്നു. ആഴ്ചയിൽ മൂന്ന് എന്ന കണക്കിൽ ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിലായിരുന്നു സമദർശിയുടെ പ്രസിദ്ധീകരണം. സത്യാഗ്രഹം തുടങ്ങിയശേഷമുള്ള എല്ലാ പതിപ്പുകളും പുറത്തിറങ്ങിയതുതന്നെ 'വൈക്കം സത്യാഗ്രഹ വാർത്തകൾ' എന്ന പേരിൽ വിശദവിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ്. സമരം വിജയിപ്പിക്കുന്നതിനാവശ്യമായ പ്രത്യക്ഷ നിലപാട് എടുത്തുള്ളതായിരുന്നു 'സമദർശി'യുടെ വാർത്താവിന്യാസം. ആചാരവൈകൃതങ്ങൾക്കെതിരെ ജനങ്ങളെ ബോധവത്കരിക്കുകയും വൈകൃതങ്ങൾക്ക് കൂട്ടുനിൽക്കുന്ന സവർണരെയും അധികാരികളെയും രൂക്ഷമായി

വിമർശിക്കുന്നതുമായിരുന്നു 'സമർദശി'യുടെ രീതി. പലപ്പോഴും അധി കാരികളെ കണക്കറ്റ് പരിഹസിക്കാനും 'സമദർശി' ധൈര്യം കാട്ടി.

1924 ജൂലൈയിൽ ചെങ്ങന്നൂരിൽ ചേർന്ന സവർണ ഹിന്ദുമഹാ യോഗം, വൈക്കം സത്യാഗ്രഹ ലക്ഷ്യത്തിലേക്കുള്ള നിർണായക യോഗമായിരുന്നു. അവർണരെ അകറ്റിനിർത്തിയിരുന്ന സവർണരുടെ മനോഭാവത്തിൽ കാതലായ മാറ്റംവന്നതിന്റെ പ്രഖ്യാപനമായിരുന്നു ചെങ്ങന്നൂർ യോഗം. സമരത്തിന്റെയും അതോടനുബന്ധിച്ച് നടന്ന സമ്മർദവും ദുശ്ശാഠ്യങ്ങളിൽനിന്ന് പിൻവാങ്ങാൻ സവർണരെ നിർബ ന്ധിതരാക്കുകയായിരുന്നു. സവർണരിലുണ്ടായ ഈ മനംമാറ്റം പ്രകട മായ ചെങ്ങന്നൂർ യോഗത്തിന്റെ പ്രഖ്യാപനങ്ങളും മറ്റ് വാർത്തകളും 1924 ജൂലൈ എട്ടിന് പുറത്തിറങ്ങിയ സമർദർശിയിൽ വിശദമായി ഉൾക്കൊള്ളിച്ചു. അന്നത്തെ ഒന്നാം പേജുമുഴുവൻ ഈ വാർത്തയ്ക്കു മാത്രമായാണ് പത്രം നീക്കിവെച്ചത്. ക്ഷേത്രപരിസരങ്ങളിൽകൂടി അവർണർക്കും സഞ്ചരിക്കാൻ അനുവാദം നൽകണമെന്നാവശ്യപ്പെട്ട് ആറ്റുകാൽ നീലകണ്ഠപ്പിള്ള അവതരിപ്പിച്ച പ്രമേയവും അദ്ദേഹത്തിന്റെ പ്രസംഗവും ഏതാണ്ട് പൂർണ രൂപത്തിൽതന്നെ സമർദശി പ്രസിദ്ധീ കരിച്ചു. *'സവർണ ഹിന്ദുമഹായോഗം, ഏകകണ്ഠമായ ജനാഭിപ്രായം, അഭൂതപൂർവമായ വിജയം'* എന്ന തലക്കെട്ടോടെയായിരുന്നു വാർത്ത. സമ്മേളനത്തിൽ പാസാക്കിയ പ്രമേയം പത്രം കൊടുത്തത് ഇങ്ങനെ:

> *പ്രമേയം:-"വൈക്കത്തും മറ്റു സ്ഥലങ്ങളിലുമുള്ള മഹാക്ഷേത്ര ങ്ങളുടെ മതിലിനു പുറമെക്കൂടി അഹിന്ദുക്കൾപോലും സഞ്ചി രിക്കാനുള്ള എല്ലാ വഴികളും അവർണഹിന്ദുക്കൾക്കും സഞ്ച രിക്കാൻ സ്വാതന്ത്ര്യം നല്കേണ്ടതാണെന്ന് ഈ യോഗം അഭി പ്രായപ്പെടുകയും ഇപ്രകാരം അനുവദിക്കുന്നതായ ഒരു വിളം ബരം ഉടനെ പ്രസിദ്ധീകരിക്കണമെന്ന് ഗവർമേന്റിനോട് അപേ ക്ഷിക്കുകയും ചെയ്യുന്നു"*
>
> *-സമദർശി, 1924 ജൂലൈ 8*

സത്യാഗ്രഹത്തെ പ്രതിരോധിക്കാനും സവർണഹിന്ദുക്കളുടെ ആചാ രനിഷ്ഠകൾ ഉറപ്പിച്ചുകിട്ടാനും സവർണരും സമാന്തരമായി തീവ്രശ്രമം നടത്തിയിരുന്നു. വൈക്കം ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിൽ 'ധർമ്മ സമരം' എന്ന് പേരിട്ടായിരുന്നു സവർണരുടെ സമരം. 'ധർമ്മസമര'ത്തെ നിശിതമായി വിമർശിക്കാനും പരിഹസിക്കാനും 'സമർദർശി' കടുത്ത ഭാഷ തന്നെ പ്രയോഗിച്ചു. വൈക്കം സത്യാഗ്രഹം ലക്ഷ്യത്തോട്

അടുക്കുന്ന ഘട്ടത്തിൽ സർക്കാർതന്നെ ഇടപെട്ട് 'ധർമസമര'ക്കാരെ പിന്തിരിപ്പിക്കുന്ന നിലയുണ്ടായി. ഒടുവിൽ ഗത്യന്തരമില്ലാതെ പിൻവലിക്കുകയായിരുന്നു. 1924 ജൂലൈ 12ന് ഇറങ്ങിയ സമർദർശി ഈ സംഭവം *'സവർണഹിന്ദുപ്രക്ഷോഭത്തിന്റെ അന്തർദ്ധാനം, ദിവാൻ പേഷ്കാരുടെ ഭീമഹർജി വിചാരണ'* എന്ന തലക്കെട്ടിൽ ഇങ്ങനെ വാർത്തയാക്കി:

> *ഇന്നുരാവിലെ പതിവിൻപ്രകാരം പടിഞ്ഞാറെ നടയിൽ സത്യഗ്രഹ വളണ്ടിയർ സംഘം ചെന്നപ്പോൾ "ധർമ്മ സമര" ക്കാരുടെ ആളുകളെ പൊടിച്ചപൊടി കൂടിയും കണ്ടിരുന്നില്ല. ധർമ്മസമരം ആപ്പീസിനു മുന്നിൽ ഒരു വിജ്ഞാപനം പരസ്യം ചെയ്തു കണ്ടു. 'മറ്റു ന്യായമായ മാർഗം ഇനി എന്താണോവോ? കോൺഗ്രസ് സത്യഗ്രഹികളുടെ പ്രവേശനത്തെ തടയാനുള്ള ധർമ്മസമരത്തേ നിറുത്തണമെന്ന് ഗവർമേന്റ് അധികൃതന്മാർ ആജ്ഞാപിച്ചതനുസരിച്ച് ഇന്നുമുതൽ നിറുത്തുന്നു. ഇതുനിമിത്തം സവർണഹിന്ദുക്കൾക്ക് വ്യസനമോ അസമാധാനമോ ഉത്ഭവിക്കരുതെന്നും മറ്റു ന്യായമായ മാർഗങ്ങളിൽക്കൂടി നമ്മുടെ ആചാരത്തെയും അവകാശത്തെയും നിലനിറുത്തുവാൻവേണ്ട പരിശ്രമങ്ങൾ ചെയ്യുന്നതാണെന്നും മാന്യന്മാരായ എല്ലാ സവർണഹിന്ദുക്കളെയും അറിയിച്ചുകൊള്ളുന്നു.*
>
> *–സമർദർശി, 1924 ജൂലൈ 12*

ഇത്തരം തിരിച്ചടികൾ നേരിട്ടുവെങ്കിലും സവർണഹിന്ദുക്കൾ പൂർണമായും പിൻവാങ്ങാൻ തയ്യാറായിരുന്നില്ല. തരാതരം പോലെ വൈക്കം സത്യഗ്രഹസമര ലക്ഷ്യങ്ങളെ തകർക്കാനും പഴയ മാമൂലകൾ ഉറപ്പിച്ചുനിർത്താനുമുള്ള ശ്രമങ്ങൾ തന്നെയാണ് യാഥാസ്ഥിതിക സവർണർ തുടർന്നും സ്വീകരിച്ചുകൊണ്ടിരുന്നത്. ഇതിനായി പ്രത്യേകം യോഗങ്ങൾ ചേരുകയും തങ്ങളുടെ അധികാരാവകാശങ്ങൾ നിലനിർത്തിക്കിട്ടുന്നതിനാവശ്യമായി സർക്കാറിൽ സമ്മർദം ചെലുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. അതേസമയം നവോത്ഥാന പ്രക്ഷോഭങ്ങളും ബോധവത്കരണവും പൊതുസമൂഹത്തിലും സവർണരിലെ ഒരുവിഭാഗത്തിലും കാര്യമായ ചലനങ്ങൾ സൃഷ്ടിച്ചതിനാൽ ഇത്തരം നീക്കത്തെ തുറന്നുകാണിക്കാൻ സാധിച്ചുവെന്നതാണ് പ്രത്യേകത. ഈ ഘട്ടത്തിലും സജീവമായ ഇടപെടെലുകൾ പത്രങ്ങൾ നടത്തി. 'ധർമ്മസമര'ക്കാർ വീണ്ടും തലയെടുക്കുന്നുവെന്ന മുന്നറിയിപ്പുനൽകിയായിരുന്നു നവോത്ഥാനപക്ഷത്തെ പത്രങ്ങൾ ഇതിനെ

തിരെ പ്രചാരണം നടത്തിയത്.

നവോത്ഥാന നിലപാടുകളിലെ വൈരുദ്ധ്യങ്ങളുടെ പേരിൽ പരസ്പരം ഏറ്റുമുട്ടാനും പത്രങ്ങൾ തയ്യാറായി. അതിനൊരു ഉദാഹരണം 'സമദർശി'യും 'മലയാളി'യും തമ്മിലുള്ളതായിരുന്നു. വൈക്കം ക്ഷേത്രനടയിൽ നടത്തിയിരുന്ന 'ധർമ്മ സമരം' പിൻവലിച്ചുവെങ്കിലും ഏതാനും ദിവസത്തിന് ശേഷം സവർണ ഹിന്ദുക്കൾ ചെങ്ങന്നൂരിൽ പ്രത്യേകം യോഗം ചേർന്ന് ഭാവി പരിപാടികൾ ആലോചിച്ചിരുന്നു. അതിന് മുമ്പ് ചെങ്ങന്നൂരിൽ ചേർന്ന സവർണ ഹിന്ദുമഹായോഗം വഴിനടപ്പിനുള്ള സ്വാതന്ത്ര്യം നൽകാമെന്ന പ്രമേയം പാസിക്കിയതിന് പിന്നാലെയായിരുന്നു ഈ യോഗം. ഈ പ്രമേയം അവതരിപ്പിച്ച ആറ്റുകാൽ നീലകണ്ഠപ്പിള്ളയും സ്നേഹിതൻ കല്ലൂർ നാരായണപ്പിള്ളയും പിന്നീട് ചെങ്ങന്നൂർ താഴ്മൺ തന്ത്രിയുടെ ഇല്ലത്ത് ചേർന്ന സവർണ ഹിന്ദു യോഗത്തിൽ പങ്കെടുത്തതായി 'മലയാളി' വാർത്ത പ്രസിദ്ധീകരിച്ചു. ഇത് വാസ്തവ വിരുദ്ധമാണെന്നായിരുന്നു ആറ്റുകാൽ നീലക്ണഠപ്പിള്ളയുടെ വാദം. 'മലയാളി' ക്ക് വസ്തുതാപരമായ തെറ്റുപറ്റിയെന്ന് കാണിച്ച് അറ്റുകാൽ നീലകണ്ഠപ്പിള്ള വിശദമായ കത്തെഴുതിയെങ്കിലും അത് പ്രസിദ്ധീകരിക്കാൻ പത്രം തയ്യാറായില്ല. ഇതേ തുടർന്ന് സവർണഹിന്ദുസമാജവും 'മലയാളി'യും എന്ന പേരിൽ സമദർശിയിൽ 1924 ഓഗസ്റ്റ് രണ്ടിന് ആറ്റുകാൽ നീലകണ്ഠപ്പിള്ളയുടെ ലേഖനം പ്രസിദ്ധീകരിച്ചു. മലയാളിയുടെ ഈ സമീപനത്തിൽ പ്രതിഷേധിച്ചുള്ള ആ ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ എഴുതി:

> *'ചില അസത്യപ്രസ്താവനകൾ ഉണ്ടായതിനെ ചൂണ്ടിക്കാണിച്ചും ആ സമാജത്തിന്റെ ഉള്ളുകള്ളികൾ തുറന്നുകാണിച്ചും ഞാൻ ആ മാസം മലയാളിക്ക് ഒരു പ്രത്യാഖ്യാനം അയച്ചിരുന്നു. പത്രമര്യാദയനുസരിക്കുന്ന പത്രാധിപരുണ്ടെങ്കിൽ ആ പ്രത്യാഖ്യാനം പ്രസിദ്ധപ്പെടുത്തുമെന്നുള്ള പൂർണ ബോധത്തോടെ കൂടിയാണു ഞാൻ എഴുതിയയച്ചത്. എന്നാൽ, ഇത്രയും നാൾ മലയാളി എന്റെ ലേഖനം പ്രസിദ്ധം ചെയ്യാതെയും ലേഖനം തിരിച്ചുകിട്ടിയാൽമതിയെന്ന് ഞാൻ എഴുതിയയച്ചതിന് മറുപടിപോലും തരാതെയും പത്രാധിപർ മൗനം ദീക്ഷിച്ചതുകൊണ്ടും....ഇതെഴുതുന്നു'* എന്നുപറഞ്ഞാണ് ലേഖനം തുടങ്ങുന്നത്. സവർണ ഹിന്ദുക്കളുടെ മേൽക്കോയ്മാ മനോഭാവത്തെ എണ്ണിയെണ്ണിപ്പറഞ്ഞുള്ള ലേഖനം, *'ആ മാതിരിയുള്ള സവർണ(?)ചിത്തവൃ*

*ത്തിയായിരിക്കും ഇപ്പോൾ 'മലയാളി'ക്കും സ്ഥായിയായി ഉള്ളത്' എന്ന്  ചോദിച്ചാണ് അവസാനിപ്പിക്കുന്നത്.*

തുടർന്നുള്ള ദിവസങ്ങളിലും അനാചാരങ്ങളെ വിമർശിച്ചും ബോധവത്കരണം നടത്തിയുമുള്ള വാർത്തകൾ സമദർശി നിരന്തരം കൊടുത്തുകൊണ്ടിരുന്നു. 1925 ജനുവരി 31 അയിത്താചരണത്തെ പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുന്ന സർക്കാറിനെ രൂക്ഷമായി വിമർശിച്ച് *'അയിത്തത്തിന്റെ ഉച്ചാടനാവാഹനങ്ങൾ'* എന്ന തലക്കെട്ടിൽ മുഖപ്രസംഗവുമെഴുതി. അതിൽ ഇങ്ങനെ പറയുന്നു:

*'ദക്ഷിണഭാരതത്തിൽ ഇപ്പോൾ ഒരേസമയത്തുതന്നെ അയിത്തത്തിന്റെ ഉച്ചാടനം, സംരക്ഷണം, ആവാഹനം എന്നീ മൂന്നു സംഹാരസ്ഥിതിസൃഷ്ടി പ്രസ്ഥാനങ്ങൾ നടന്നുവരുന്നു. ...അയിത്താവാഹന പ്രസ്ഥാനത്തിൽ ദേവസ്വം ഉദ്യോഗസ്ഥന്മാരുടെ ദുഷ്പ്രേരണകൾനിമിത്തം ഗവർമ്മേന്റ് ഏർപ്പെടുന്നത് വളരെ സൂക്ഷിച്ചുവേണമെന്നുകൂടി ഇവിടെ ഞങ്ങൾ പറഞ്ഞുകൊള്ളുന്നു.'*

വൈക്കം സത്യാഗ്രഹത്തിൽ ഗാന്ധിജി നടത്തിയ ഇടപെടൽ സംബന്ധിച്ചുനൽകിയ വാർത്തയുടെ ഭാഷയും സർക്കാറിനെ വിമർശിക്കുന്നതും പരിഹസിക്കുന്നതുമായിരുന്നു. 'മഹാത്മജിയും വൈക്കം സത്യഗ്രഹവും' എന്ന തലക്കെട്ടിൽ സമദർശി ഗാന്ധിജിയുടെ ഇടപെടലിനെ ഇങ്ങനെ  വാർത്തയാക്കി:

*'വൈക്കത്തേക്ക് സത്യഗ്രാഹകർക്കു മഹാത്മജി അയച്ചിട്ടുള്ള ഒരു സന്ദേശം ഞങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്. കൂടാതെ വൈക്കത്തേ ഗവർമെന്റിനെയും സവർണ്ണരുടെയും പൈശാചികമായ അക്രമങ്ങൾ കണ്ടു വൈക്കം സത്യഗ്രത്തിന് ഒരു സർവ്വേന്ത്യാക്കാര്യത്തിന്റെ പ്രാധാന്യം നൽകി വർക്കിങ് കമ്മിറ്റി പാസാക്കിയ നിശ്ചയവും ഈ നാട്ടിലെ പൗരാവലിക്കു പരമപ്രധാനമായ വാർത്തയാണ്. ശുദ്ധ പ്രാദേശിക കാര്യമായി മഹാത്മജി പരിഗണിച്ച വൈക്കം സത്യഗ്രഹത്തെ ഒരു സർവ്വേന്ത്യാക്കാര്യമാക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ഗവർമെന്റിനോടും സവർണരോടും സത്യഗ്രാഹകർ കൃതജ്ഞതയുള്ളവരായരിക്കുമെന്നതിന് യാതൊരു സംശയവുമില്ല.'*

*–സമദർശി, 1924 ജൂലൈ 5*

സമദർശിയിൽനിന്ന് മാറി എ ബാലകൃഷ്ണപ്പിള്ള 'കേസരി' ആരംഭിച്ചതോടെ നവോത്ഥാന മുന്നേറ്റത്തിലുടെ മാധ്യമ ഇടപെടലുകൾക്ക് കൂടുതൽ ശക്തി ലഭിച്ചു. സമദർശിയിൽ പ്രകടിപ്പിച്ചതിനേക്കാൾ ശക്തമായ ഭാഷയും സമഗ്രതയും ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്തപ്പോൾ കേസരി പ്രകടിപ്പിക്കുകയുണ്ടായി. വൈക്കം സത്യാഗ്രഹത്തിലും പിന്നീട് ഗുരുവായൂർ സത്യാഗ്രഹത്തിലും കേസരിയുടെ ഇടപെടലുകൾ ഈ നിലയിൽ ശ്രദ്ധേയമായിരുന്നു. ഗുരുവായൂർ സത്യാഗ്രഹത്തിൽ 'മാതൃഭൂമി' പ്രകടിപ്പിച്ച ഇടപെടലുകൾക്കൊപ്പമോ ഒരു പക്ഷേ അതിലേറയോ പ്രതിഷ്ഠിക്കാവുന്നതാണ് കേസരി സ്വീകരിച്ച നിലപാടുകൾ. പ്രക്ഷോഭങ്ങളുടെ ഫലം ലഭിച്ചാൽ, പ്രക്ഷോഭകാരികൾ അലസതയിലേക്ക് നീങ്ങരുതെന്ന മുന്നറിയിപ്പുകളും കേസരി പലപ്പോഴും നൽകിക്കൊണ്ടിരുന്നു. ദീർഘനാളത്തെ വൈക്കം സത്യാഗ്രത്തിന്റെ ഫലമായി ക്ഷേത്രാചാരങ്ങൾ പരിഷ്കരിക്കുന്നതിന് സവർണരിൽനിന്ന് അനുകൂല മനോഭാവമുണ്ടാകുന്നു എന്ന വിവരം ലഭിച്ചെങ്കിലും പ്രക്ഷോഭത്തിൽനിന്ന് ഒരുതരത്തിലും പിന്തിരിയരുതെന്ന ആഹ്വാനമായിരുന്നു കേസരി വാർത്തകളിലൂടെയും മുഖപ്രസംഗങ്ങളിലൂടെയും നൽകിക്കൊണ്ടിരുന്നത്.

വൈക്കം സത്യാഗ്രത്തിന്റെ തുടർച്ചയായി 1930 ഒക്ടോബർ എട്ടിന് 'ക്ഷേത്രപ്രവേശനം എന്ന തലക്കെട്ടിൽ' കേസരിയിൽ നൽകിയ ഒരു വാർത്ത ഇതാ ഇങ്ങനെ:

> *തൊണ്ണൂറു ദിവസത്തിനകം അവർണ്ണഹിന്ദുക്കൾക്കു സർക്കാർ ക്ഷേത്രങ്ങൾ തുറുന്നുകൊടുക്കണമെന്ന് ഒരു നിശ്ചയം ചേർത്തലവച്ചു ശ്രീമാൻ രാമസ്വാമിനായിക്കരുടെ അധ്യക്ഷതയിൽ കൂടിയ ആത്മപരിഷ്കരണ സംഘക്കാർ ഗവർമ്മെന്റിന് അയച്ചുകൊടുത്തിരിക്കുന്നതുകണ്ട് ഞങ്ങൾ സന്തോഷിക്കുന്നു. ഈ ന്യായമായ അവകാശവാദത്തെ ഗവർമ്മെന്റും അനുവദിക്കുമെന്ന് തോന്നുന്നില്ല. അതിനാൽ ഗവർമ്മെന്റിന്റെ മറുപടിക്ക് കാത്തിരിക്കുമ്പോൾ തന്നെ പ്രസ്തുത അവകാശം അക്രമരഹിതമായ സത്യാഗ്രഹം മൂലം സ്ഥാപിക്കുന്നതിനുവേണ്ട മുൻകരുതലുകൾ ചെയ്യുവാൻ അവർ ഉദ്യമിക്കേണ്ടതാണ്.*

ഗുരുവായൂർ സത്യാഗ്രഹത്തിലും വിപുലമായ ഇടപെടലുകളാണ് കേസരി നടത്തിയത്. നിരന്തര വാർത്തകൾ നൽകുന്നതിന് പുറമെ മുഖപ്രസംഗത്തിലുടെ പത്രം നിലപാട് അർഥശങ്കയില്ലാതെ

പ്രകടിപ്പിച്ചുകൊണ്ടേയിരുന്നു. ഗുരുവായൂർ സത്യാഗ്രത്തിൽ പങ്കെടുത്ത സമരക്കാരെ നേരിട്ട യാഥാസ്ഥിതികരുടെയും അധികാരികളുടെയും സമീപനത്തെ രൂക്ഷമായി വിമർശിക്കാനും കേസരി തയ്യാറായി. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ വളണ്ടിയർ ക്യാപ്റ്റനായിരുന്ന എകെജിക്കു നേരെയുണ്ടായ അക്രമത്തെ 'ഗുരുവായൂർ സത്യാഗ്രഹം' എന്ന തലക്കെട്ടിൽ കേസരി ഇങ്ങനെ വാർത്തയാക്കി:

> *ഡിസംബർ 28ന് വോളണ്ടിയർ ക്യാപ്ടനായ മി. എ കെ ഗോപാലനെ ഒട്ടധികം ബ്രാഹ്മണരും നായന്മാരും കൂടിചേർന്നു അടിച്ചു വീഴ്ത്തി നിലത്തിട്ടു ചവിട്ടുകയുണ്ടായി. കഠിനമായ പരുക്കുകൾ ഏറ്റിട്ടുണ്ട്. പോലീസ് എല്ലാം കണ്ടു നിന്നതല്ലാതെ ഒന്നും ചെയ്തില്ല. അടുത്ത ദിവസങ്ങളിൽ സത്യാഗ്രഹം മുറയ്ക്കു നടന്നുകൊണ്ടിരുന്നു. ഡിസംബർ 30ന് സത്യാഗ്രഹികളല്ലാത്ത നാനാജാതിമതസ്തരായ അനവധി ആളുകൾ ചേർന്നു മുള്ളു വേലികൾ എല്ലാം പൊളിച്ചു നീക്കം ചെയ്തു. തല്ഫലമായി ആർക്കും ജാതിമതഭേദമന്യെ ഗോപുരം വരെ യാതൊരു പ്രതിബന്ധവും കൂടാതെ ചെല്ലാം.*
>
> *–കേസരി, 1932 ജനുവരി 13*

'ഗുരുവായൂർ സത്യാഗ്രഹം' എന്ന തലക്കെട്ടിൽ 1932 സെപ്തംബർ 28ന് കേസരി മുഖപ്രസംഗം പ്രസിദ്ധീകരിച്ചു. സമരനേതൃത്വത്തിലുള്ള കേളപ്പന്റെ ജീവൻ അപകടത്തിലാകാതിരിക്കണമെന്നാവശ്യപ്പെട്ട് സമരത്തെ പിന്തുണക്കുന്നവർ സാമൂതിരി രാജാവിനെ കണ്ടെങ്കിലും മറുപടി മോശമായിരുന്നു. മാത്രമല്ല, സമര നേതൃത്വത്തിലുള്ള കെ. കേളപ്പനെ അധിക്ഷേപിക്കാനും രാജാവ് തുനിഞ്ഞു. ഇതിനെ രൂക്ഷമായി വിമർശിക്കുന്നതായിരുന്നു കേസരിയുടെ മുഖപ്രസംഗം:

> *'ത്യാഗിവര്യനായ ശ്രീമാൻ കേളപ്പന്റെ ജീവനെ രക്ഷിക്കേണ്ട കേരളീയരുടെ പ്രധാനകർത്തവ്യത്തെപറ്റി ഞങ്ങൾ കഴിഞ്ഞ ലക്കത്തിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. അതു നിർവഹിക്കുന്നതിനുള്ള ഒരു മാർഗമായി സാമൂതിരിയോടുള്ള നിവേദനം അവർ ചെയ്യുകയും അത് നിഷ്പ്രയോജനമായിത്തീരുകയും ചെയ്തിരിക്കുന്നു. ഇന്നത്തെ സാമൂതിരിയെപ്പോലെ ഹൃദയമെന്ന അവയമില്ലാത്തവരും തങ്ങളുടെ കുലത്തിനും സ്ഥാനത്തിനും മതത്തിനും തങ്ങൾക്കു ഉന്നതവിദ്യാഭ്യാസം നല്കിയ സർവകലാശാലയ്ക്കും തങ്ങൾ ജനിച്ച നാടിനും ഭാരതഭൂമിക്കു ആസക*

*ലവും മനുഷ്യവർഗ്ഗത്തിനും കൂടി തീരാക്കളങ്കമുണ്ടാക്കി വയ്ക്കന്നവരുമായി മുറട്ടു യാഥാസ്ഥിതികർ ഇന്ഡ്യയിലെ വായുവനെ മലിനപ്പെടുത്തുന്നിടത്തോളംകാലം മഹാത്മജിയെപ്പോലെയും ശ്രീമാൻ കേളപ്പനെപ്പോലെയും ഉള്ള ഹിന്ദുനേതാക്കന്മാർക്കു പട്ടിണികിടന്നു ചാവേണ്ടതായിത്തന്നെ വരുമെന്നു സാമൂതിരിയെ സമീപിച്ച നിവേദകസംഘത്തോടു ആ മനുഷ്യൻ പറഞ്ഞ ലജ്ജാകരമായ, മൃഗീയമായ മറപുടി സുവ്യക്തമാക്കിയിരിക്കുന്നു. നിന്ദ്യമായ ഭീരുത്വമാണ്, ഒരു ഭീരുവിന്റെ ഒഴിവുകഴിവാണ് അതിൽ പൊന്തിച്ചുനിൽക്കുന്നത്. കേരളത്തിലെ ഹിന്ദുചൈതന്യത്തിന്റെ മൂർത്തീകരണമായ ശ്രീ കേളപ്പന്റെ ജീവനു അപായം വരുന്നെങ്കിൽ ഇതിനുള്ള ഉത്തരവാദിത്വം പ്രഥമമായി വഹിക്കേണ്ട തന്നിൽനിന്നും അതു തിരുവിതാംകൂറിലെയും കൊച്ചിയിലെയും മഹാരാജാക്കന്മാരുടെ തലയിൽ കേറ്റുവാനാണ് സാമൂതി തുനിഞ്ഞിരിക്കുന്നത്. ക്ഷേത്രങ്ങൾ അധഃകൃതർക്കു തുറന്നുകൊടുക്കാതിരിക്കുന്നതിന്റെ ഉത്തരവാദിത്വം ഈ രാജാക്കന്മാർക്കും ഇല്ലെന്നല്ല ഞങ്ങൾ പറയുന്നത്. ഗുരുവായൂരെ ക്ഷേത്രത്തെ സംബന്ധിച്ചിടത്തോളം പ്രഥമിക ഉത്തരവാദിത്വം സാമൂതിരിക്കുമാത്രമാണെന്നേ ഞങ്ങൾ പറയുന്നുള്ളൂ.'*

1932 ഒക്ടോബർ 12ന് ക്ഷേത്രപ്രവേശനം എന്ന പേരിൽ വീണ്ടും മുഖപ്രസംഗം എഴുതി. ഗാന്ധിജിയുടെ നിർദേശപ്രകാരം കേളപ്പൻ ഗുരുവായൂർ സത്യാഗ്രഹം അവസാനിപ്പിച്ചതിന് ശേഷമായിരുന്നു ഇത്. സത്യാഗ്രഹം വഴി കേരളത്തിൽ ക്ഷേത്രപ്രവേശനം സംബന്ധിച്ച് ശക്തിയേറിയ പ്രചാരവേല നടന്നതായി അതിൽ പറയുന്നു. പരിഷ്കരണാഭിമുഖ്യം പ്രകടിപ്പിച്ചിരുന്ന മറ്റുപത്രങ്ങളും ഈ പ്രശ്നങ്ങൾ സജീവമായി അന്ന് ഏറ്റെടുക്കുകയുണ്ടായി. കൊച്ചിയിൽനിന്ന് എ അയ്യപ്പന്റെ നേതൃത്വത്തിൽ പുറത്തിറക്കിയ *'സഹോദരൻ'*, കോഴിക്കോട് തളിക്ഷേത്ര റോഡിൽകൂടി കീഴ്ജാതിക്കാർ സഞ്ചരിക്കാൻ പാടില്ലെന്ന സാമൂതിരി രാജാവിന്റെ കല്പനയോട് വേണ്ടത്ര എതിർപ്പ് ഉയരാത്തതിലെ അമർഷവും പ്രകടിപ്പിച്ചാണ് ഒരു ലക്കം പുറത്തിറക്കിയത്. പരിഷ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവർ പോലും പ്രശ്നത്തിൽ ഇടപെടാനോ രാജാവിനെ കാണാനോ ധൈര്യം കാണിക്കാഞ്ഞ സമയത്ത് സി കൃഷ്ണൻ കാണിച്ച പ്രവൃത്തിയെ ശ്ലാഘിച്ച് *സഹോദരൻ* ഇങ്ങനെ എഴുതി:

*'കോഴിക്കോടു തളിറോഡിൽ കൂടി തീയർ മുതലായ തീണ്ടലുള്ള*

*ജാതിക്കാർ നടന്നുകൂടെന്നു സാമുതിരി എസ്റ്റേറ്റു കലക്ടർ ഒരു നോട്ടീസ് പ്രസിദ്ധം ചെയ്തിട്ടുണ്ടല്ലോ. മിസ്റ്റർ, സി കൃഷ്ണനും മറ്റും ഇതിനെ സംബന്ധിച്ച് ഉടനെ ഒന്നും പ്രവർത്തിക്കാതിരുന്നതിനെപ്പറ്റി ഞങ്ങൾക്കു വലിയ അത്ഭുതം തോന്നിയിരുന്നു. ഇതാ ഇപ്പോൾ ധീരനായ ആ സമുദായസ്നേഹി കല്കടറുടെ ഈ വിവേക ശൂന്യമായ കല്പനയെ തൃണവൽകരിച്ചു നിരോധിച്ചിട്ടുള്ള റോഡിൽകൂടി നടന്നു ചെന്ന് നേരിട്ടെചെന്ന് കലക്ടറെ വിവരം അറിയിച്ചിരിക്കുന്നു.'*

മറ്റുവിഭാഗങ്ങൾക്ക് ക്ഷേത്രപ്രവേശനം അനുവദിച്ച ശേഷവും അകറ്റിനിർത്തപ്പെട്ട വിഭാഗങ്ങളിലൊന്നായിരുന്നു ചക്കാല നായന്മാർ. ഇവർക്കുകൂടി ക്ഷേത്രപ്രവേശനാനുവാദം നൽകി തിരുവിതാംകൂർ രാജാവ് ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ അക്കാര്യം ജനങ്ങളെ *'സഹോദരൻ'* അറിയിച്ചത് വ്യത്യസ്ത രീതിയിലായിരുന്നു. ചക്കാലനായന്മാർക്ക് പ്രവേശനം നൽകാൻ വൈകിയതിൽ സർക്കാറിനെ കുറ്റപ്പെടുത്തുക കൂടി ചെയ്തായിരുന്നു 'ക്ഷേത്രപ്രവേശനം' എന്ന തലക്കെട്ടിൽ നൽകിയ വാർത്ത:

*'ചക്കാലനായന്മാർക്ക് ക്ഷേത്രപ്രവേശനം അനുവദിക്കുന്നതായി ഒരു കല്പന തിരുവിതാംകൂർ ഗവർമ്മേന്റു പുറപ്പെടുവിച്ചിരിക്കുന്നു. കേരളത്തിന്റെ സമുദായഗുരുവും അധ്യാത്മഗുരുവും സാഹിത്യാചാര്യനും ആയ ദിവ്യപുരുഷനായ എഴുത്തച്ഛന്റെ ജാതിക്കാർക്കു ഇപ്പോൾ മാത്രമേ ക്ഷേത്രപ്രവേശനം അനുവദിക്കാൻ സാധിച്ചുള്ളൂ എന്നു സമ്മതിക്കേണ്ടിവന്നതിൽ തിരുവിതാംകൂർ ഗവർമേന്റു ലജ്ജിക്കുന്നില്ലല്ലോ!'*

*–സഹോദരൻ, ലക്കം രണ്ട്*

## കേരള കൗമുദിയുടെ ഇടപെടലുകൾ

കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിലെ സുവർണാധ്യായമാണ് 'കേരള കൗമുദി' യുടേത്. ശ്രീനാരായണൻ മുന്നോട്ടുവച്ച ദർശനങ്ങളെ മലയാളി മനസ്സുകളിൽ കുടിയേറ്റുന്നതിൽ കേരള കൗമുദിയും സ്ഥാപകൻ സി വി കുഞ്ഞുരാമനും പ്രകടിപ്പിച്ച താല്പര്യം സാമൂഹിക വിപ്ലവത്തിന്റെ അടിസ്ഥാനശിലകളിലൊന്നായി മാറുകയായിരുന്നു. പരവൂർ കേശവനാശാന്റെ നേതൃത്വത്തിലുണ്ടായിരുന്ന 'സുജനാനന്ദിനി' പരവൂരിൽ നടന്ന ഒരു നായരീഴവ ലഹളയെ തുടർന്ന് ഇല്ലാതായതിന്

ശേഷമാണ് 'കേരള കൗമുദി' യുടെ പിറവി. ആശയപ്രചാരണത്തിന് ഒരുപത്രം ഇല്ലാത്തതിന്റെ പോരായ്മ മനസ്സിലാക്കിയ സിവി കുഞ്ഞു രാമനാണ് കൗമുദിയുടെ പിറവിയുടെ യഥാർഥ ശക്തി.

കേരള കൗമുദി അതിന്റെ സർവശക്തിയും ഫലപ്രദമായി പ്രയോ ഗിച്ചത് വൈക്കം സത്യാഗ്രഹത്തിലായിരുന്നു. നവോത്ഥാനചരിത്ര ത്തിൽ സുപ്രധാന സംഭവമായ വൈക്കം സത്യാഗ്രഹത്തിന്റെ മുഖ്യ സൂത്രധാരൻ ടി.കെ മാധവനായിരുന്നു. എന്നാൽ, അത് ജനങ്ങളിലേക്ക് എത്തുന്നതിൽ സമദർശിയും കേസരിയും മാതൃഭൂമിയുമെല്ലാം കാണിച്ച താല്പര്യത്തിനൊപ്പമോ അതിലേറെയോ ആയിരുന്നു കേരള കൗമുദി വഹിച്ച പങ്ക്. ടി കെ മാധവൻ 'ദേശാഭിമാനി' യിലൂടെ സത്യാഗ്രഹ ത്തിനുള്ള സാഹചര്യങ്ങളെല്ലാം ഏറെ മുമ്പേ തന്നെ ഒരുക്കിക്കൊ ണ്ടിരുന്നു. അയിത്തോച്ചാടനത്തിനും ക്ഷേത്രപ്രവേശനത്തിനും താഴ്ന്ന ജാതിക്കാരിന്റെ വിദ്യാഭ്യാസ അവകാശത്തിനുമെല്ലാം 'ദേശാഭിമാനി' യിലൂടെ ടികെ മാധവൻ നടത്തിയ ഇടപെടലുകൾ, കേരള കൗമുദി യുടെ കൂടി സഹായത്തോടെ കൂടുതൽ ശക്തമാവുകയാണുണ്ടായത്. ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന ടികെ മാധവൻ ക്ഷേത്രങ്ങൾ ഉൾപ്പടെയുള്ള എല്ലാ പൊതുസ്ഥലങ്ങളിലും ജാതിവിവേചനമില്ലാതെ എല്ലാവർക്കും പ്രവേശനം വേണമെന്ന നിലപാട് സ്വീകരിച്ചാണ് നവോ ത്ഥാനപ്രസ്ഥാനത്തിന്റെ നേതൃത്വം ഏറ്റെടുത്തത്. ക്ഷേത്രപ്രവേശനം ജന്മാവകാശമാണ് എന്ന നിലപാടായിരുന്നു പ്രജാസഭയിലും ടികെ മാധവൻ സ്വീകരിച്ചത്. ജാതീയമായ വിവേചനം പൊട്ടിത്തെറിയുടെ തലത്തിലേക്ക് ഉയരും വിധം സങ്കീർണമായ ഘട്ടത്തിലാണ് ശ്രീനാ രായണഗുരു വൈക്കം ക്ഷേത്രപരിസരത്തുകൂടി റിക്ഷാവണ്ടിയിൽ നട ത്തിയ യാത്രയെ സവർണൻ എതിർത്തത്. ഈസംഭവത്തിന്റെ തുടർച്ച യായാണ് ടികെ മാധവൻ വൈക്കം സത്യാഗ്രഹത്തിനുള്ള മുന്നൊരു ക്കങ്ങൾ നടത്തുന്നത്.

1924 മാർച്ച് 30 മുതൽ 1925 നവംബർ 25 വരെയായിരുന്നു കേര ളത്തെ ഇളക്കിമറിച്ച വൈക്കം സത്യാഗ്രഹം. കേരള കൗമുദിയുടെ എല്ലാ ലക്കങ്ങളും പിന്നീട് പുറത്തിങ്ങിയത് വൈക്കം സത്യാഗ്രഹ വാർത്ത കളുമായായിരുന്നു. സമരത്തിന്റെ ഊർജം ചോരാതെ നിൽക്കുക മാത്ര മല്ല, കൂടുതൽ ആവേശം ജനങ്ങളിലെത്തുക്കുന്നതിന് കൂടി സഹായ കരമായിരുന്നു കൗമുദിയുടെ വാർത്താവിന്യാസം. ഒന്നാം പേജിൽ മുഖ്യവാർത്തായായി തന്നെയാണ് സത്യാഗ്രഹ വാർത്തകൾ ഇടം പിടി ച്ചത്. ഇതിന് പുറമെ നിരവധി തവണ മുഖലേഖനങ്ങളായും സത്യാ

ഗ്രഹം സംബന്ധിച്ച കാര്യങ്ങൾ കേരളകൗമുദിയിൽ ഇടംപിടിച്ചു. സത്യാഗ്രഹം പുരോഗമിക്കുന്നതിനിടയിലുണ്ടായ സംഭവങ്ങൾ വിശദമാക്കിക്കൊണ്ട് അക്കാലത്ത് കേരള കൗമുദി പ്രസിദ്ധീകരിച്ച ചില വാർത്തകൾ ഇങ്ങനെയായിരുന്നു:

> *'ഗവൺമെന്റിന്റെ നയം മാറിയതായി കാണുന്നു. ഇന്നുരാവിലെ പതിവുപ്രകാരം പോയ സത്യാഗ്രഹികളെ (ചാത്തുക്കുട്ടി നായർ, കൃഷ്ണൻ, പാച്ചൻ നാരായണൻ) എന്നിവരെ അറസ്റ്റുചെയ്യുകയോ നിരോധിക്കപ്പെട്ട സ്ഥലത്തേക്ക് കടത്തിവിടുകയോ ചെയ്യാതെ തടഞ്ഞുനിറുത്തുകയാണുണ്ടായത്. ഗവൺമെന്റ് തങ്ങളെ കടന്നുപോകാൻ അനുവദിക്കുകയോ അല്ലെങ്കിൽ അറസ്റ്റു ചെയ്തുകൊണ്ടുപോവുകയോ ചെയ്യാതെ തങ്ങൾ അവിടെനിന്നും മാറിപ്പോകുന്നതല്ലെന്നും യാതൊരു ആഹാരവും കഴിക്കുന്നതല്ലെന്ന് ശപഥം ചെയ്തു വാളന്റിയർമാർ റോഡിൽ ഇരിക്കുന്നു. ഇവരുടെ ഈ ത്യാഗം വിരോധികളുടെ മനസ്സാക്ഷിയെ വല്ലാതെ വ്രണപ്പെടുത്തുന്നുണ്ട്. ആഹാരം ഉപേക്ഷിച്ചും തീവ്രമായവെയിൽകൊണ്ടുമിരിക്കുന്ന ഈ വാളണ്ടിയർമാരുടെ ഭാവി എന്തായിരിക്കുമെന്ന് എല്ലാവരും ഉൽക്കണ്ഠയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങൾ സംഘംസംഘമായി ചിലയിടങ്ങളിൽനിന്ന് വന്നുകൊണ്ടേയിരിക്കുന്നു. വാളണ്ടിയർമാർ ധാരാളമായി ചേർന്നുവരുന്നു.'*

സമര നേതാക്കളുടെ അറസ്റ്റും സമരം ശക്തിപ്പെടുത്തുന്ന രീതിയും വിശദീകരിച്ച് മറ്റൊരു ദിവസം നൽകിയ വാർത്ത ഇങ്ങനെ പറയുന്നു:

> *'സത്യാഗ്രഹം ശക്തിയായി നടക്കുന്നു. അറസ്റ്റ് ചെയ്യപ്പെട്ട മെസ്സേഴ്സ് ജോർജ് ജോസഫ് സെബാസ്റ്റ്യൻ– കെ.ജി. നായർ ഇവരെ ആറുമാസത്തെ വെറും തടവിനു ശിക്ഷിച്ച് കോട്ടയം വഴി കാറിൽ കൊണ്ടുപോയിരിക്കുന്നു. ഓഫീസ് ചാർജ് ബ്രഹ്മശ്രീ കൃഷ്ണൻ നമ്പൂതിരിയെ സംഘം കൈയേറിയിരിക്കുന്നു. ഇന്നു രണ്ടു സംഘം വാളണ്ടിയർമാർ വടക്കെ നടയിലും ചെന്നു സമരം ആരംഭിച്ചിരിക്കുന്നു. മൂന്നുദിവസമായി നിരാഹാരവ്രതം സ്വീകരിച്ചിരുന്ന ചാത്തുക്കുട്ടി നായരും കൂട്ടരും മുമ്പോട്ടുപോകുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു. പൊലീസുകാർ*

*അവരെ തടയുന്നുണ്ട്. മെസ്സേഴ്സ് ചാത്തുക്കുട്ടിനായർ, നാരായണൻ തുടങ്ങി എട്ടുപേർ മോഹാലസ്യപ്പെട്ടതിനാൽ അവരെ പൊലീസുകാർ പകൽ രണ്ടുമണിയോടുകൂടി ആശുപത്രിക്കു കൊണ്ടുപോയിരിക്കുന്നു.*

*ഇന്നലെ ധർമയുദ്ധത്തിൽ എണ്ണപ്പെട്ട ഒരു വിജയം ഉണ്ടായി. അയിത്തക്കോട്ട വാതിലുകൾ പടിഞ്ഞാറുവശവും തെക്കുവശവും മാത്രമാണ് ഇതുവരെ നിരോധിക്കപ്പെട്ടിരുന്നത്. ശ്രീമാൻ ജോർജ് ജോസഫ് അവർകളുടെ നിർദേശപ്രകാരം കോട്ടവാതിലുകൾ നാലും ഇന്നുകൊണ്ട് നിരോധിക്കപ്പെട്ടിരിക്കുന്നു. പതിവുപോലെയുള്ള മൂന്നുസംഘം വാളണ്ടിയർമാർ ഘോഷയാത്രയായി പുറപ്പെട്ട് വടക്കെ നടയിലും കിഴക്കേ നടയിലും സ്ഥാപിതമായി. ഈ സ്ഥലങ്ങളിൽ ചില ആളുകൾ പ്രതിബന്ധങ്ങളുണ്ടാക്കാതിരുന്നില്ല.'*

സത്യാഗ്രഹവുമായി ബന്ധപ്പെട്ട ദൈനംദിന വാർത്തകൾ മാത്രമല്ല ഗാന്ധിജിയുടെ കേരള സന്ദർശനവും ശിവഗിരി സന്ദർശിച്ച് ശ്രീനാരായണഗുരുവുമായി നടത്തിയ ചർച്ചകളുമെല്ലാം കേരള കൗമുദി വിശദമായിത്തന്നെ വാർത്തയായി നൽകി. ദേശീയപ്രസ്ഥാനത്തിനൊപ്പം നവോത്ഥാനപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിച്ചവർക്ക് വിവരങ്ങൾ പൂർണതോതിൽ ലഭ്യമാകുന്നതും ആവേശഭരിതമാക്കുന്നതുമായിരുന്നു ആ വാർത്തകളെല്ലാം.

വൈക്കം സത്യാഗ്രഹത്തിനെതിരെ സവർണർ സ്വീകരിച്ചിരുന്ന നിലപാടുകളിൽ വലിയ മാറ്റം വരുത്താനും അധികാരികളുടെ ശ്രദ്ധകൂടുതൽ പതിയാനും ഉപകരിച്ചതായിരുന്നു മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ നടത്തിയ സവർണജാഥ. ജാഥയുടെ മുന്നൊരുക്കങ്ങളും ജാഥ കടന്നുപോയ ശേഷം അതുസംബന്ധിച്ച വാർത്തകളും നൽകി ജനങ്ങളെ ചലനാത്മകമാക്കി കേരള കൗമുദി. വൈക്കത്തുനിന്ന് തുടങ്ങി തിരുവനന്തപുരത്ത് സമാപിച്ച ജാഥയുടെ ഓരോ ദിവസത്തെയും റിപ്പോർട്ടുകൾ കേരള കൗമുദി വിശദമായിതന്നെ നൽകി. ഡോ. നായിഡുവിന്റെയും ശിവതാണുപിള്ളയുടെയും നേതൃത്വത്തിൽ നാഗർകോവിലിൽനിന്ന് തിരുവനന്തപുരത്തേക്ക് പുറപ്പെട്ട സവർണജാഥയും കേരളകൗമുദിയുടെ താളുകളിൽ ഇടംപിടിച്ചു. ജാഥ പൂർത്തിയായതിന് ശേഷം ഒരു മുഖപ്രസംഗം തന്നെ എഴുതി കേരള കൗമുദി. അതിൽപറയുന്നു:

*'ജാതാ അതിന്റെ കർത്തവ്യത്തെ ഭംഗിയായി നിർവഹിച്ചു. അതു എന്തായിരുന്നു? വൈക്കം റോഡിലും അതുപോലെയുള്ള മറ്റു റോഡുകളിലും അവർണഹിന്ദുക്കൾക്ക് സഞ്ചാര സ്വാതന്ത്ര്യം നൽകുന്നതിൽ സവർണഹിന്ദു ഭൂരിപക്ഷം പ്രതികൂലമാണെന്ന് ഒരു വാദം ഗവൺമെന്റ് പറഞ്ഞുകൊണ്ടിരിക്കുന്നത് മിഥ്യയാണെന്ന് കാണിക്കണമെന്നായിരുന്നു ജാതായുടെ ഉദ്ദേശ്യം. ഇതിനേക്കാൾ വ്യക്തമായും ശക്തിയായും സവർണഹിന്ദു ഭൂരിപക്ഷം വെളിപ്പെടുത്താനും രേഖപ്പെടുത്താനും ഇതിനേക്കാൾ സംശയരഹിതമാംവണ്ണം ആ സംഗതി ഗവൺമെന്റിനെ ബോധ്യപ്പെടുത്താനും സാധിക്കുന്ന ഒരു 'കോൺസ്റ്റിറ്റ്യൂഷണൽ മെതേഡും' മനുഷ്യബുദ്ധിക്ക് ഊഹിക്കുവാൻ തന്നെ കഴിയുന്നില്ല. ജാതാ ചെയ്യേണ്ടത് ചെയ്തു. സത്യഗ്രഹ പ്രസ്ഥാനം സാഹസമായിരുന്നു എങ്കിൽ അതിന് അവർ സഹിക്കേണ്ടതെല്ലാം സഹിച്ചു. ഇനി ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തുചെയ്യാനാണു ഭാവമെന്നതിനെപ്പറ്റി ഞങ്ങൾക്ക് സംശയമേ ഇല്ല. മഹാറാണി തിരുമനസ്സിലെയും ദിവാൻജിയുടെയും മറുപടി "ആവശ്യക്കാരന്റെ ഔചിത്യബുദ്ധിക്ക്" തൃപ്തികരമായി തോന്നുകയില്ലെന്ന് ഞങ്ങൾക്കറിയാമെങ്കിലും ഈ മറുപടികൾ ഞങ്ങളെ തീരെ നിരാശപ്പെടുത്തിയിട്ടില്ല.'*

സഞ്ചാരസ്വാതന്ത്ര്യത്തിനായുള്ള കീഴ്ജാതിക്കാരുടെ പോരാട്ടങ്ങൾക്ക് വലിയ പിന്തുണയും സർക്കാരിന് മുഖം തിരിക്കാൻ പറ്റാത്ത സാഹചര്യവും വരുന്നതിനിടയിൽ സഞ്ചാരസ്വാതന്ത്ര്യ പ്രമേയം പ്രജാസഭയിൽ പേട്ടയിൽ പരമേശ്വരൻ എന്ന ഈഴവന്റെ വോട്ട് എതിരായതിനാൽ പരാജയപ്പെട്ട സംഭവമുണ്ടായി. താഴ്ന്ന ജാതിക്കാരുടെ അവകാശപ്പോരാട്ടത്തിൽ താഴ്ന്ന ജാതിക്കാരൻതന്നെ ഇടംകോലിട്ട ഒന്നായിരുന്നു ആസംഭവം. നവോത്ഥാന പ്രസ്ഥാനത്തിന്റെ ഭാഗമായി നിന്നവരിലും കീഴ്ജാതിക്കാരുടെ ഇടയിലും വലിയ അമർഷവും നിരാശയുമാണ് അത് സൃഷ്ടിച്ചത്. പ്രജാസഭയിൽ എൻ കുമാരൻ അവതരിപ്പിച്ച സഞ്ചാരസ്വാതന്ത്ര്യ പ്രമേയം പൂർണരൂപത്തിൽ കൊടുത്ത് കേരളകൗമുദി അനുകൂല വികാരം പൊതുജനങ്ങൾക്കിടയിൽ സൃഷ്ടിക്കുന്നതിനിടയിലാണ് പരമേശ്വരൻ പ്രമേയത്തിന് എതിരായ നിലപാടെടുത്തത്.

അവർണന് സഞ്ചാരസ്വാതന്ത്ര്യം നേടാനുള്ള ശ്രമത്തെ അവർണൻ തന്നെ പരാജയപ്പെടുത്തിയല്ലോ എന്നായിരുന്നു തുടർന്ന് സഞ്ചാരസ്വാതന്ത്ര്യനിഷേധത്തിനായി നിലകൊണ്ട സവർണപക്ഷം വാദിച്ചത്.

അടുത്ത നിയമസഭയിൽ ഈഴവരുടെ പ്രതിനിധിയായി പരമേശ്വരനെ വീണ്ടും നോമിനേറ്റ് ചെയ്യാനുള്ള നീക്കത്തിനെതിരെ *കേരള കൗമുദി* ശക്തമായി രംഗത്തുവന്നു. മുഖപ്രസംഗമെഴുതിയായിരുന്നു *കൗമുദി* ഇതിനോട് പ്രതികരിച്ചത്. *'ഈഴവ സമുദായത്തെ തിരുവിതാംകൂർ ഗവൺമെന്റിന് ഒറ്റുകൊടുത്ത ജൂഡാസ് ഇസ്കാരിയട്ടാണ് എന്നതിനേക്കാൾ കൂടിയ ഒരു യോഗ്യതയും ഞങ്ങൾ ശ്രീമാൻ പരമേശ്വരനിൽ കാണുന്നില്ല'* എന്നായിരുന്നു 1925 മെയ് 19 പ്രസിദ്ധീകരിച്ച മുഖപ്രസംഗത്തിലെ കേരളകൗമുദിയുടെ വിമർശനം.

## മാതൃഭൂമിയുടെ ഇടപെടൽ

1923 മാർച്ച് 17ന് ത്രൈവാരികയായാണ് കോഴിക്കോട്ടുനിന്ന് 'മാതൃഭൂമി' പ്രസിദ്ധീകരണം ആരംഭിക്കുന്നത്. ദേശീയ പ്രക്ഷോഭത്തിന് പത്രങ്ങളുടെ വേണ്ടത്ര പിന്തുണകിട്ടുന്നില്ലെന്ന സാഹചര്യത്തിൽ പ്രക്ഷോഭത്തിന് നേതൃത്വം കൊടുത്തവർതന്നെ കൂടിയാലോചിച്ചായിരുന്നു 'മാതൃഭൂമി'യുടെ പിറവി. ദേശീയസ്വാതന്ത്ര്യവും അതിനൊപ്പം സാമൂഹികപരിഷ്കരണവും പ്രഖ്യാപിത ലക്ഷ്യമാക്കിയാണ് മാതൃഭൂമി പുറത്തിറങ്ങിയത്. ആദ്യ ലക്കത്തിൽതന്നെ പത്രത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുന്ന പ്രസ്താവനയും മാതൃഭൂമി നൽകി:

> *'മനുഷ്യജീവിതം മഹത്തായൊരു ബാധ്യതയാണ്. ആ ബാധ്യത നിറവേറ്റുന്നതിനുള്ള പൂർണസ്വാതന്ത്ര്യം എല്ലാ മനുഷ്യർക്കും ഉണ്ടായിരിക്കണം. അവരുടെ ബുദ്ധിക്കും പ്രാപ്തിക്കും അധ്വാനത്തിനും യാതൊരു തടസ്സവും കൂടാതെ ആർക്കും അനുഭവിക്കാൻ സാധിക്കണം. അതിനെ കുറയ്ക്കുവാനോ ഇല്ലാതാക്കുവാനോ, മനുഷ്യന്റെ സ്വാഭിമാനത്തെ ക്ഷയിപ്പിക്കുന്നതിനോ നശിപ്പിക്കുന്നതിനോ ഉള്ള ആചാര സമ്പ്രദായങ്ങളോ നിബന്ധനകളോ മനുഷ്യവർഗത്തിന്റെ അഭിവൃദ്ധിക്ക് പറ്റാത്തതുകൊണ്ട് അവയെ തീരെ അകറ്റണം. എന്നാൽ, മാത്രമേ ലോകത്തിന്റെ സൗഖ്യവും സ്വതന്ത്ര്യവും സമാധാനവും പൂർണമായി ഉണ്ടാകാൻ തരമുള്ളൂ എന്ന നയത്തെ അടിസ്ഥാനമാക്കി ഞങ്ങൾ മറ്റെല്ലാ വിഷയങ്ങളും പരിശോധിക്കുന്നതായിരിക്കും'*

മാതൃഭൂമി തുടങ്ങി ഏറെ താമസിയാതെ തന്നെയായിരുന്നു വൈക്കം സത്യാഗ്രഹത്തിന്റെ ആരംഭം. ആദ്യലക്കത്തിലെ പ്രസ്താവനയിൽ പറ

ഞ്ഞതുപോലെ തന്നെ സ്വാഭിമാനം ക്ഷയിപ്പിക്കുന്ന ആചാര സമ്പ്രദായങ്ങളെ ഇല്ലാതാക്കാൻ കീഴ്ജാതിക്കാർക്കുവേണ്ടി നടത്തിയ വൈക്കം സമരത്തിന്റെ വിജയത്തിന് 'മാതൃഭൂമി' അതിന്റെ സർവ കഴിവുകളും പ്രയോഗിച്ചു. വൈക്കം സത്യാഗ്രഹത്തിന് മുമ്പേ തന്നെ നാടിന്റെ പല ഭാഗങ്ങളിലും താണജാതിക്കാർക്ക് ക്ഷേത്രപ്രവേശനം അനുവദിക്കുന്നതിനുള്ള തീരുമാനങ്ങൾ എടുപ്പിക്കാൻ സവർണരെ നിർബന്ധിക്കുന്ന നിലയിലേക്ക് നവോത്ഥാനപ്രവർത്തകരുടെ ശ്രമം വളർന്നിരുന്നു. ചെറിയ ക്ഷേത്രങ്ങളാണെങ്കിൽപോലും പൊതുസമൂഹത്തിലെ മാറ്റങ്ങളോട് അനുകൂലമായി പ്രതികരിക്കാൻ തയ്യാറായ ക്ഷേത്രാധികാരികളും, അത്തരം സംഭവങ്ങൾ വാർത്തകളാക്കി പൊതുസമൂഹത്തെ അറിയിച്ച പത്രങ്ങളും നവോത്ഥാനമുന്നേറ്റത്തിന്റെ ഗതിവേഗത്തിന് കൂടുതൽ ആവേശം പകർന്നു. അതെല്ലാം 'മാതൃഭൂമി'യും വാർത്തയാക്കിയിരുന്നു. മലബാറിലും മധ്യകേരളത്തിലും രണ്ട് ക്ഷേത്രങ്ങളിൽ ജാതിവ്യത്യാസം കൂടാതെ പ്രവേശനം നൽകാൻ തീരുമാനിച്ചത് സംബന്ധിച്ച് 'മാതൃഭൂമി' നൽകിയ വാർത്ത ഇങ്ങനെയാണ്:

> *'തലശ്ശേരിയിൽ തിയ്യരുടെ വകയായുള്ള ശ്രീജഗന്നാഥ ക്ഷേത്രത്തിൽ പുലയർ തുടങ്ങിയ താണജാതിക്കാരെ കടക്കുവാൻ അനുവദിക്കേണ്ടതാണെന്ന് ക്ഷേത്രത്തിന്റെ ഊരാളന്മാർ ഒരു സഭകൂടി തീർച്ചപ്പെടുത്തിയിരുന്നു.'*
>
> *–മാതൃഭൂമി 1923 മാർച്ച് 27*

> *'ആലപ്പുഴയ്ക്ക് സമീപമുള്ള പതിയകുളങ്ങര ക്ഷേത്രത്തിൽ വച്ച് ഇക്കൊല്ലം നടത്തിയതായ ഉത്സവത്തിന് നായന്മാർ ഈഴവരെ ക്ഷണിച്ചുകൊണ്ടുപോവുകയും അവരെ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കാൻ അനുവദിക്കുകയും ചെയ്തിരിക്കുന്നുവത്രെ'*
>
> *–മാതൃഭൂമി 1923 മാർച്ച് 31*

അയിത്തോച്ചാടന പ്രവർത്തനങ്ങൾ കോൺഗ്രസ് സജീവമാക്കിയപ്പോൾ അതിനുള്ള പൂർണ പിന്തുണ 'മാതൃഭൂമി' യിൽനിന്നുമുണ്ടായി. 1924 ജനുവരിയിൽ എറണാകുളത്ത് ചേർന്ന പ്രദേശ് കോൺഗ്രസ് കമ്മിറ്റി യോഗം അയിത്തോച്ചാടന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാനായി പ്രത്യേക സമിതിക്ക് രൂപംനല്കി. ടി കെ മാധവൻ, കെ കേളപ്പൻ എന്നിവരുടെ നേതൃത്വത്തിലുള്ളതായിരുന്നു സമിതി. കോൺഗ്രസ് ഡെപ്യൂട്ടേഷൻ എന്ന് പേരിട്ട ഈ സമിതി തിരുവിതാംകൂറിലെമ്പാടും പ്രചാരണം നടത്തി. ഈ പ്രചാരണങ്ങളുടെ വിശദമായ വിവരണങ്ങൾ അന്നത്തെ 'മാതൃഭൂമി' യിലെ പ്രധാന

വാർത്തകളായിരുന്നു.

ബാരിസ്റ്റർ എ കെ പിള്ളയുടെ നേതൃത്വത്തിലുണ്ടായിരന്നു 'സ്വരാട്ട്' പത്രവും അയിത്തോച്ചാടന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ട ഒന്നായിരുന്നു. 1924 ഫെബ്രുവരി 24ന് അയിത്തോച്ചാടനത്തിനെതിരെ സുപ്രധാന തീരുമാനങ്ങളെടുത്ത സംസ്ഥാന കോൺഗ്രസ് യോഗം ചേർന്നതുതന്നെ 'സ്വരാട്ട്' പത്രത്തിന്റെ കൊല്ലം ഓഫീസിലായിരുന്നു. അയിത്തോച്ചാടന പ്രവർത്തനങ്ങളിൽ പത്രങ്ങളുടെ സഹകരണം കൂടുതൽ ഫലപ്രദമാക്കുന്നതിനായിരുന്നു പ്രസ്തുത യോഗം. 'മലയാളി' പത്രാധിപർ എം ആർ മാധവ വാരിയർ, 'ശ്രീവാഴുംകോട് പത്രാധിപർ ശങ്കര വാരിയർ, 'മലയാള രാജ്യം' പത്രാധിപർ കെ ജി ശങ്കർ എന്നിവർ കൂടി ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ഈ യോഗ തീരുമാനങ്ങളെ അഭിനന്ദിച്ചുകൊണ്ട് 'മാതൃഭൂമി' മുഖപ്രസംഗം തന്നെ എഴുതി. അതിപ്രകാരമാണ്:

> *'കേരള സംസ്ഥാന കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തീട്ടുള്ള അയിത്തോച്ചാടനക്കമ്മിറ്റി അതിന്റെ പ്രവൃത്തി ജാഗ്രതയായി ആരംഭിച്ചിരിക്കുന്നു. കഴിഞ്ഞ അല്പ ദിവസങ്ങൾക്കുള്ളിൽ തന്നെ അവർക്ക്, അവരുടെ ഉത്സാഹത്താൽ പൊതുജനങ്ങളുടെ ശ്രദ്ധയെ ഈ വിഷയത്തിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്'*

വൈക്കം സത്യാഗ്രഹത്തിൽ വാർത്തകൾ നൽകുകയെന്നതിലുപരി നേരിട്ടുള്ള ഇടപെടലായിരുന്നു മാതൃഭൂമി നടത്തിയത്. പത്രാധിപർ കെ പി കേശവമേനോനും മാനേജരും അറസ്റ്റു വരിച്ച് ജയിലിൽ പോകുന്ന സ്ഥിതിയുണ്ടായി. 'നേതാക്കളെ ശിക്ഷിച്ചു' എന്ന തലക്കെട്ടോടെയായിരുന്നു 1924 ഏപ്രിൽ എട്ടിന്റെ മാതൃഭൂമി ഈ വാർത്ത നല്കിയത്. വാർത്ത നൽകുക മാത്രമല്ല, അറസ്റ്റ് വരിക്കപ്പെട്ട പത്രാധിപർ കെ പി കേശവമേനോൻ പേരുവെച്ച് പ്രത്യേക മുഖപ്രസംഗം എഴുതുകയും ചെയ്തു. പത്രത്തിന്റെ ലക്ഷ്യവും പ്രവൃത്തിയും എന്തെന്ന് ഒരിക്കൽ കൂടി ആവർത്തിക്കുകയായിരുന്നു കെ പി കേശവമേനോൻ മുഖപ്രസംഗത്തിൽ:

> *'ഏതൊരു കാര്യത്തിനുവേണ്ടിയാണോ കഴിഞ്ഞ ഒരു കൊല്ലത്തിലധികമായി മാതൃഭൂമി പരിശ്രമിച്ചുവന്നിരുന്നത്, ആ കാര്യത്തിനുവേണ്ടിതന്നെയാണ് ഇപ്പോൾ എനിക്ക് അതിനെ പിരി*

*ഞ്ഞിരിക്കേണ്ടിവന്നിട്ടുള്ളതും. തീണ്ടലും അയിത്തവും കേരള ത്തിൽനിന്നു നീക്കുന്നതിനു മാതൃഭൂമി ആപ്പീസിൽ ഇരിക്കുന്ന തിനേക്കാൾ തിരുവിതാംകൂറിലെ തടവുമുറിയിലിരിക്കുന്നതാണ് അധികം പ്രയോജനകരമായിരിക്കുന്നതെങ്കിൽ ആ വാസത്തിൽ എന്നിൽ ഒട്ടുംകുറയാത്ത സന്തോഷം പ്രിയപ്പെട്ട വായന ക്കാർക്കും ഉണ്ടാകുന്നതാണെന്നുള്ളതിനു സംശയമില്ല.'*

വൈക്കം സത്യാഗ്രഹത്തിന്റെയും അയിത്തോച്ചാടന സമരത്തി ന്റെയും അടുത്ത ഘട്ടമായിരുന്നു സവർണജാഥ. 1924 നവംബർ ആദ്യം മന്നത്തുപത്മനാഭന്റെ നേതൃത്വത്തിൽ നൂറു സവർണ ഹിന്ദുക്കൾ അട ങ്ങിയ ജാഥ വൈക്കത്തുനിന്നും കാൽനടയായി തിരുവിതാംകൂർ മഹാ റാണി സേതുലക്ഷ്മിഭായിക്ക് ഹർജി നൽകാനായി പുറപ്പെട്ടു. എല്ലാ പൊതുനിരത്തുകളും പൊതു സ്ഥാപനങ്ങളും ജാതിമത ഭേദമന്യേ എല്ലാവർക്കും തുറന്നുകൊടുക്കമെന്നാവശ്യപ്പെട്ട് മഹാറാണിക്ക് നിവേ ദനം നൽകുന്നതിനായിരുന്നു ജാഥ. അതിനൊപ്പം അയിത്തോച്ചാടന ത്തിൽ ജനങ്ങളെ ബോധവത്കരിക്കുക കൂടി ഉദ്ദേശ്യമായിരുന്നു. അവർണന്റെ വഴിനടപ്പവകാശത്തിനായി സവർണർ നടത്തിയ ജാഥ, അതുകൊണ്ടുതന്നെ വലിയ പ്രധാന്യം നേടി. അയിത്തോച്ചാടന പ്രചാ രണത്തിൽ മുൻനിരയിലായിരുന്ന എല്ലാ പത്രങ്ങളും വലിയ പ്രാധാ ന്യത്തോടെ ഇതുസംബന്ധിച്ച വാർത്തകൾ നല്കി.

## ഗുരുവായൂർ സത്യാഗ്രഹവും മാധ്യമങ്ങളും

വൈക്കം സത്യാഗ്രഹം നടന്ന് ഏഴു വർഷത്തിന് ശേഷമാണ് ഗുരു വായൂർ സത്യാഗ്രഹം. കോൺഗ്രസ് മുൻകൈ എടുത്താണ് ഗുരുവാ യൂർ സത്യാഗ്രഹം നടത്തിയത്. സത്യാഗ്രഹത്തിന്റെ മുന്നൊരുക്ക ങ്ങൾ മാസങ്ങൾക്കുമുമ്പേ തന്നെ തുടങ്ങിയിരുന്നു. 1931 മെയിൽ വട കരയിൽ നടന്ന കോൺഗ്രസ് രാഷ്ട്രീയ സമ്മേളനത്തിലാണ് ഗുരുവാ യൂർ സത്യാഗ്രഹത്തിന്റെ ചർച്ചകളുടെ തുടക്കം. ക്ഷേത്ര പ്രവേശന മെന്ന ആവശ്യം സവർണ ഹിന്ദുക്കളുടെ വികാരത്തെ വ്രണപ്പെടുത്തു മെന്നും അത് അരക്ഷിതാവസ്ഥയുടെ അന്തരീക്ഷം സൃഷ്ടിക്കുമെന്ന ശക്തിയായ വാദത്തിനിടയിലായിരുന്നു ഗുരുവായൂർ സത്യാഗ്രഹ ത്തിന്റെ ആലോചനകൾ നടക്കുന്നത്. പല രീതിയിൽ സത്യാഗ്രഹ നീക്കത്തെ പിന്തിരിപ്പിക്കാൻ ശ്രമം നടന്നുവെങ്കിലും സമരവുമായി മുന്നോട്ടുപോകാനായിരുന്നു കോൺഗ്രസ് നേതാക്കളുടെ തീരുമാനം.

അതിന് മുമ്പ് വലിയതോതിലുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്താനും കോൺഗ്രസ് തീരുമാനിച്ചു. ഈ പ്രചാരണങ്ങളിൽ ഏറ്റവും മുന്നിൽ മാതൃഭൂമിയായിരുന്നു. സത്യാഗ്രഹത്തിന് ഒരുങ്ങാനായി ആഹ്വാനം ചെയ്ത് കെ. കേളപ്പൻ കാഞ്ഞങ്ങാട് പുതിയ കോട്ടയിൽ നടത്തിയ പ്രസംഗത്തെ തുടർന്ന് മാതൃഭൂമി ഒരു മുഖപ്രസംഗം എഴുതി. 'സന്നദ്ധരായിരിക്കുക' എന്ന് ആഹ്വാനം ചെയ്തുള്ള മുഖപ്രസംഗം ഇങ്ങനെയായിരുന്നു:

> *'കോൺഗ്രസിൽ അംഗങ്ങളായി ചേർന്നിട്ടുള്ളവരും അല്ലാത്തവരുമായ സകല കേരളീയരുടെയും സവിശേഷമായ ശ്രദ്ധ പതിയേണ്ട ഒരു പ്രസംഗമാണത്. കോൺഗ്രസിന്റെ ഇപ്പോഴത്തെ നിലയും ഭാവിയും ഇത്ര വിശദമാക്കിക്കൊണ്ടുള്ളൊരു പ്രസ്താവന കേരളീയർക്ക് കേരളത്തിൽനിന്ന് ലഭിച്ചിട്ടുണ്ടാവില്ല. അനാചാരങ്ങളും ദുരാചാരങ്ങളും കൊണ്ട് കുപ്രസിദ്ധിപെറ്റ് കേരളത്തിൽ ഇത്തരമൊരു പ്രസംഗത്തിനും സർവത്ര സ്വാഗതം ലഭിക്കുകയില്ലായിരിക്കാം. എന്നാൽ, ധീരമായ ആ പ്രസ്താവന ആദർശശാലികളുടെ അന്യൂനമായ അഭിനന്ദനത്തെ അർഹിക്കുന്നു. ആരും തുണയില്ലാത്ത പാവപ്പെട്ടവരുടെ ഹൃദയം കുളിർപ്പിക്കുന്നു.'*

ഇതിലൂടെ ഗുരുവായൂർ സത്യാഗ്രഹത്തിന്റെ പ്രചാരണം മാതൃഭൂമി ഏറ്റെടുക്കുകയായിരുന്നു. തുടർന്നങ്ങോട്ട് നിരന്തര വാർത്തകളും നിരവധി മുഖപ്രസംഗങ്ങളുമാണ് മാതൃഭൂമി എഴുതിയത്. ഇതെല്ലാം, ഒന്നുകിൽ സമരാവേശം ജ്വലിപ്പിക്കുന്നതോ അല്ലെങ്കിൽ യാഥാസ്ഥിതിക സവർണരുടെ നിലപാടുകളെ രൂക്ഷമായി വിമർശിക്കുന്നതോ ആയിരുന്നു. സത്യാഗ്രഹത്തിന്റെ പ്രചാരത്തിനായി വിവിധ സ്ഥലങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിശദമായി നൽകുന്നതിനൊപ്പം തന്നെ, സത്യാഗ്രഹത്തെ നേരിടാനായി ഗുരുവായൂരിൽ സവർണർ നടത്തി വന്ന ശ്രമങ്ങൾ ജനങ്ങളിലെത്തിക്കാനും മാതൃഭൂമി തയ്യാറായി. സത്യാഗ്രഹികളുടെ ദൃഢചിത്തത, സമര മുഖത്തെ നേതാക്കളുടെ ഇടപെടലുകൾ, സമരപുരോഗതിക്കൊപ്പം ജനങ്ങളിലതുണ്ടാക്കുന്ന ആവേശപ്പെരുക്കം, സത്യാഗ്ര വിരോധികളായ ക്ഷേത്രാധികാരികളുടെയും സവർണഹിന്ദുക്കളുടെയും പ്രതിലോമ പ്രവർത്തനങ്ങൾ, സമരം തകർക്കാൻ ചെയ്യുന്ന ഗൂഢനീക്കങ്ങൾ എന്നിവയല്ലാം മാതൃഭൂമിയിൽ വിശദമായി തന്നെ വന്നു. കേരളത്തിന് പുറത്തുനിന്നുള്ള, പ്രതികരങ്ങളും നേതാക്കളുടെ പ്രസംഗങ്ങളും പ്രത്യേകം ഉൾപ്പെടുത്തി. പ്രതി

ദിന വാർത്തകൾക്കും മുഖപ്രസംഗത്തിനും പുറമെ 'ലോകവും ലോകരും', 'പലരും പലതും' തുടങ്ങിയ പംക്തികളും സത്യാഗ്രഹവുമായി ബന്ധപ്പെട്ട കുറിപ്പുകൾക്കായി നീക്കിവെച്ചു.

സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനപ്പുറം സത്യാഗ്രഹത്തെ തടയാനായി ക്ഷേത്രഭാരവാഹികൾ നടത്തുന്ന മുന്നൊരുക്കൾ തകർക്കാൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്ന വാർത്തകൾ അതിന് മുമ്പേ തന്നെ മാതൃഭൂമി നല്കിയിരുന്നു. 1931 ഒക്ടോബർ 29ലെ മാതൃഭൂമി എഴുതി:

> *'സത്യാഗ്രഹികളെ തടയുവാൻവേണ്ട എല്ലാ ഒരുക്കങ്ങളും ക്ഷേത്രഭാരവാഹികൾ ചെയ്തു തുടങ്ങിയിരിക്കുന്നു. നാലു നടയിലും വണ്ണമുള്ള തെങ്ങുതടി നാട്ടി മുള്ളുവേലി കെട്ടിത്തുടങ്ങിയിരിക്കുന്നു. റോഡിന് മധ്യത്തിലായി ഒരു കാറിന് പോകുവാൻ മാത്രം വഴിയും, അതിന് വാതിലും ഉണ്ട്. കിഴക്കേ നടയിലുള്ള ആലിനു സമീപം വരെ തീയ്യർ പോവുക പതിവാണ്. എന്നാൽ, ഇപ്പോൾ വേലി കെട്ടീട്ടുള്ളത് അവിടെനിന്നും ചുരുങ്ങിയത് 20 വാര കിഴക്കുമാറിയാണ്. ഇതു ദേവസ്വം അധികൃതർക്ക് ചെയ്യുവാൻ പാടുള്ളതല്ല. പൊതുജനങ്ങൾക്ക് ഗതാഗതം ചെയ്യുവാൻ അധികാരമുള്ള പൊതുറോഡിൽ കെട്ടുന്ന വേലി പൊളിച്ചുനീക്കുവാൻ പൊതുജനങ്ങൾക്ക് അധികാരമുള്ളതാണ്. സ്വാഭിമാനമുള്ള പൊതുജനങ്ങൾ അവരുടെ അധികാരം വിട്ടുകൊടുത്തു മൗനം ദീക്ഷിക്കില്ലെന്നു വിശ്വസിക്കുന്നു.'*

ക്ഷേത്രഭാരവാഹികൾക്കെതിരെ മാത്രമല്ല, സാമൂതിരി രാജാവിനെ തന്നെ ശക്തമായി എതിർക്കുന്നതിന് മാതൃഭൂമി സന്നദ്ധമായി. ക്ഷേത്രനട തുറുന്നുകൊടുക്കാൻ വിസമ്മതിക്കുന്ന സാമൂതിരിയെ അതി രൂക്ഷമായമായ ഭാഷയിലായിരുന്നു മാതൃഭൂമി നേരിട്ടത്. ചിലത് ഉപദേശരൂപത്തിലായിരുന്നു. മറ്റുചിലത് മുന്നറിപ്പുകളുടെ രൂപത്തിലും. ക്ഷേത്രവാതിലുകൾ തുറക്കണമെന്നാവശ്യപ്പെട്ടുള്ള കെ കേളപ്പിന്റെ കത്തിന് നിഷേധ രൂപത്തിൽ സാമൂതിരി മറുപടി നല്കിയപ്പോൾ മാതൃഭൂമി എഴുതിയ 'സത്യശക്തിയുടെ ഗീതം' എന്ന കുറിപ്പ് ഒരു മുന്നറിയിപ്പായിരുന്നു. അതിതാണ്:

> *'ഗുരുവായൂരമ്പലത്തേയും ഗുരുവായൂരപ്പനേയും ചുറ്റിപ്പിണഞ്ഞിരിക്കുന്ന മുള്ളുവേലി മാത്രമല്ല, കേരളത്തിൽ ഇന്ന് പലസ്ഥലത്തും വളർന്നു കാടു കെട്ടി ഇരുട്ടുറഞ്ഞു കിടക്കുന്ന അക്രമമായ യാഥാസ്ഥിതിക മുള്ളുപടലങ്ങളെയെല്ലാം ദഹിപ്പിക്കാൻ*

*പോരുന്ന സത്യാഗ്രഹ വഹ്നിയാണ് ഗുരുവായൂർ ക്ഷേത്രസന്നിധിയിൽ നവംബർ 1-ാം തീയ്യതി കൊളുത്തുവാൻ പോകുന്നതെന്ന് ഇവരറിയുന്നില്ല. ഈ മാഹവഹ്നി, ഈ യാഗാഗ്നി, പുലയന്റെയും ബ്രാഹ്മണന്റെയും ഹൃദ്ദേശത്തിൽ ഭേദമെന്യെ കുടികൊള്ളുന്ന സത്യശക്തിതന്നെയാണെന്നും ഇവരോർക്കുന്നില്ല.'*

ഗുരുവായൂർ സത്യാഗ്രഹം തുടങ്ങിയ 1931 നംവംബർ ഒന്നിന് 'വാതിലുകൾ തുറക്കുമോ?' എന്ന് ചോദിച്ചുള്ള മുഖപ്രസംഗത്തോടെയാണ് മാതൃഭൂമി പുറത്തിറങ്ങിയത്. ആ മുഖപ്രസംഗത്തിൽ സാമൂതിരിയോട് പറഞ്ഞത് നോക്കുക:

*'ഇതേവരെ ആ ക്ഷേത്രത്തിൽ ആരാധാനാസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ഹിന്ദുക്കൾക്കു മേലിലെങ്കിലും അവിടെ ആ സ്വാതന്ത്ര്യം അനുവദിക്കുക. അങ്ങനെ ചെയ്താൽ അങ്ങയ്ക്ക് ഭാവി ചരിത്രകാരൻ വിശാല ഹൃദയനും അനുകമ്പാപൂർണ്ണനുമായ സാമൂതിരിപ്പാടെന്ന മാഹനീയമായ അഭിധാനം നൽകി, അങ്ങയെ ബഹുമാനിയ്ക്കും. അല്ലാതിരുന്നാൽ ഇന്നത്തെ ഈ ദുഷ്കൃതത്തിനുള്ള ഫലം, ഒരു പക്ഷെ, അനുഭവിക്കാനിടവന്നേക്കാവുന്ന അങ്ങയുടെ അന്തരഗാമികൾ അങ്ങയുടെ ശവക്കല്ലറകളിലോളം വന്ന് അങ്ങയെ പഴിക്കുവാനിട വരും.'*

സത്യാഗ്രഹം തുടങ്ങിയ വാർത്ത മാതൃഭൂമി നല്കിയത് ഇങ്ങനെയാണ്:

*'സത്യാഗ്രഹവിരോധികളുടെ നയം കലാപത്തിന് വളരെ അനുകൂലമായിരുന്നുവെങ്കിൽക്കൂടി, ഇന്നത്തെ സത്യാഗ്രഹം ശാന്തമായി നടന്നു. കിഴക്കേ നടയ്ക്കൽ ശ്രീമാന്മാർ മന്നത്തു പത്മനാഭപിള്ള, കേളപ്പൻ, ശ്രീമതിമാർ രുഗ്മിണി അമ്മ, കാർത്ത്യായനി അമ്മ മുതലായവരുടെ നേതൃത്വത്തിലുള്ള ഒരു വമ്പിച്ച ഘോഷയാത്രയുടെ അകമ്പടിയോടു കൂടി ഒന്നാമത്തെ വളണ്ടിയർ സംഘം ക്ഷേത്രപ്രവേശനത്തിനായി വന്നുനിന്നപ്പോഴത്തെ കാഴ്ച വളരെ മർമ്മസ്പൃക്കായിരുന്നു. ആർത്തത്രാണപരായണാ, ദീനബന്ധോ, കൈടഭാരേ, മധുസൂദനാ, കരുണാമൂർത്തേ മുതലായ ഭഗവന്നാമങ്ങളടങ്ങിയ കീർത്തനങ്ങൾ ചൊല്ലി, മുകുളീകൃതഹസ്തന്മാരായി വന്ന ഭഗവദ്ദർശനേച്ഛുക്കളായ ഭക്തസത്യാഗ്രഹികളെ 'പോ, പോ, ഇതു ഞങ്ങളുടേതാണ്' എന്നു*

*തുടങ്ങിയ അപശബ്ദങ്ങളെക്കൊണ്ടാണ് ഭഗവാന്റെ പേരും പറഞ്ഞ് ഉദരം ഭരിക്കുന്ന ക്ഷേത്രപരിചാരകന്മാർ സ്വാഗതം പറഞ്ഞത്.'*

സമരവിരോധികളായ സവർണർക്കുനേരെ മാതൃഭൂമിയുടെ ഭാഷാ കാർക്കശ്യം വെളിവാകുന്നതായിരുന്നു മറ്റൊരു മുഖപ്രസംഗം. ഡിസംബർ രണ്ടിന് സത്യാഗ്രഹമനുഷ്ടിച്ച 12 വയസ്സുള്ള ഉണ്ണികൃഷ്ണനെന്ന ആദികേരള വിഭാഗത്തിൽപെട്ട കുട്ടിയെ തൃശൂരിലെ മുത്തേടത്ത് മാധവമേനോൻ എന്ന വക്കീലിന്റെ ഡ്രൈവർ കണ്ടോത്ത് കൃഷ്ണൻ നമ്പ്യാർ ചെകിടത്തടിച്ച സംഭവത്തിലായിരുന്നു ആ മുഖപ്രസംഗം. ഡിസംബർ ആറിന് 'ഗുരുവായൂരിൽനിന്ന്' എന്ന പേരിലെഴുതിയ മുഖപ്രസംഗത്തിലൂടെ മാതൃഭൂമി പറഞ്ഞു:

*'ഗുരുവായൂരിൽ സത്യാഗ്രഹം ആരംഭിച്ചതിനുശേഷം സത്യാഗ്രഹികളെ ശകാരിക്കുകയും പിടിച്ചു തള്ളുകയുമല്ലാതെ, അടിക്കുകയെന്നതുണ്ടായത് ഇദംപ്രഥമമാണ്. അവിടത്തെ യാഥാസ്ഥികന്മാർ അംഗീകരിക്കാൻ പോകുന്ന നയത്തിന്റെ ഒരു സൂചനയാണോ ഇത് എന്നു ഞങ്ങൾ അറിയുന്നില്ല. അങ്ങിനെ അറിയുന്നതുവരെ ഇത് ഒരുവക ഭ്രാന്തിന്റെ ദുശ്ചേഷ്ഠിതമെന്നേ ഞങ്ങൾ കണക്കാക്കുന്നുള്ളൂ. അടി കൊണ്ടത് പന്ത്രണ്ട് വയസ്സു മാത്രം പ്രായമുള്ള ഒരു ആദിദ്രാവിഡബാലനാണ്. കരിങ്കല്ലു പോലെ കറുത്ത ഒരു ഹൃദയത്തെ പൊതിഞ്ഞുള്ളിൽ വെച്ച ഒരു സവർണ്ണന്റെ കയ്യാൽ വേദന പൂണ്ടിട്ടും ആ കുട്ടി "പുഞ്ചിരിനുര പൂണ്ട ചുണ്ടല്പം പിളർത്തുക"യേ ചെയ്തുള്ളൂവെന്നു കാണുന്നു. ഇതാണ് ഈ സംഭവത്തിലെ ശോഭനമായ ഭാഗം. തന്നെ അടിച്ച അക്രമിയുടെ മേൽപോലും സന്തോഷാമൃതം പൊഴിയുവാൻ മാത്രം വയസ്സു പന്ത്രണ്ടാകുമ്പോഴേക്കും സംസ്കാരം സമ്പാദിച്ച ആ 'കറുത്ത കുട്ടി'യെവിടെ? ഈ അക്രമത്തിൽ അഭിമാനം പൂണ്ട സവർണ്ണനെവിടെ? പന്ത്രണ്ടു വയസ്സുമാത്രം ചെന്ന ഒരു കുട്ടിയെ–അതും അഹിംസാനിഷ്ഠനായൊരു സത്യാഗ്രഹിയെ –തല്ലിയത് ഒരു ആണത്തമായി ആ നമ്പ്യാർ കരുതുന്നുണ്ടെങ്കിൽ, അതിൽപ്പരം ഒരു മൌഢ്യം അദ്ദേഹത്തിനുണ്ടാവാനില്ല.'*

സത്യാഗ്രഹം പുരോഗമിക്കുന്നതിനിടയിൽ ശ്രീകോവിലിന് മുന്നിലെ

മണിയടിച്ച പി കൃഷ്ണപ്പിള്ളയെയും രണ്ടു ദിവസം കഴിഞ്ഞ്, വാളണ്ടിയർ ക്യാപ്റ്റനായ എ. കെ ഗോപാലനെയും സത്യാഗ്രഹ വിരോധികളായ സവർണർ മർദിച്ച സംഭവത്തിലും സമരവുമായി ബന്ധപ്പെട്ട് ഗാന്ധിജിയുടെ ഇടപെടലിനെ കുറിച്ചും വിശദമായ വാർത്തകളും മുഖപ്രസംഗങ്ങളും എഴുതി. കേരളത്തിൽ സ്വാതന്ത്ര്യ സമരത്തിന്റെയും അയിത്തോച്ചാടനത്തിന്റെയും മുൻനിരയിൽ ഒരേ നേതാക്കളായിരുന്നതിനാൽ ഗുരുവായൂർ സത്യാഗ്രഹം തുടങ്ങിയതോടെ സ്വാതന്ത്ര്യ സമരത്തിന്റെ തീഷ്ണതയ്ക്ക് അല്പം കോട്ടം സംഭവിച്ചിരുന്നു. രാജ്യമെമ്പാടും സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊള്ളുമ്പോൾ കേരളത്തിൽ അനാചാരങ്ങൾ ഇല്ലാതാക്കാനുള്ള സമരത്തിന് ഊന്നൽകൊടുത്തത് സമര നേതാക്കളിൽതന്നെ ആത്മസംഘർഷത്തിനിടയാക്കി. ഏതിന് പ്രാധാന്യം നൽകുമെന്നതായിരുന്നു ആശയക്കുഴപ്പം. ഒടുവിൽ, ദേശീയ നേതാക്കളുടെ ഉപദേശത്തോടെ, സാമുദായികാസമത്വങ്ങൾ നിലനിൽക്കുമ്പോൾ ലഭിക്കുന്ന സ്വാതന്ത്ര്യത്തിന് അർഥമില്ലെന്ന് പ്രഖ്യാപിച്ച് കെ കേളപ്പൻ ഗുരുവായൂർ സത്യാഗ്രഹവുമായി മുന്നോട്ടുപോയി. സത്യാഗ്രഹ നേതാക്കളുടെ ഈ തീരുമാനം വലിയ പ്രാധാന്യം നൽകിയാണ് മാതൃഭൂമി പ്രസിദ്ധീകരിച്ചത്. പിന്നീട് കെ കേളപ്പൻ നിരാഹാരവ്രതം ആരംഭിച്ചപ്പോഴും അത് തുടരുന്നതിനിടയിൽ സമരം അവസാനിപ്പിക്കാനുള്ള ഗാന്ധിജിയുടെ നിരന്തര സമ്മർദ്ദങ്ങൾ കേളപ്പൻ തിരസ്കരിക്കുമ്പോഴുമെല്ലാം അതിന്റെ ന്യായങ്ങൾ വിശദമാക്കിയുള്ളതായിരുന്നു മാതൃഭൂമിയുടെ വാർത്തകളും മുഖപ്രസംഗങ്ങളും. സമരഭടന്മാരിൽമാത്രമല്ല, നാടെങ്ങുമുള്ള അവർണരിൽ ഉയർത്തെഴുന്നേൽപിന്റെ ഇന്ധനം പകർന്നു നൽകിയതിനൊപ്പം സവർണരുടെ മനോഭാവത്തിൽ മാറ്റം വരുത്താനുതകുന്നതു കൂടിയായിരുന്നു മാതൃഭൂമിയുടെ ഇടപെടൽ.

## മനോരമയുടെ സൂക്ഷ്മചുവടുകൾ

ദേശീയപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് വലിയ പിന്തുണയൊന്നും നൽകാതിരുന്ന മലയാള മനോരമയ്ക്കും സാമൂഹിക പരിഷ്കരണപ്രവർത്തനങ്ങളോട് മുഖംതിരിക്കാൻ സാധിക്കുമായിരുന്നില്ല. 'ജാതിമതാദിപക്ഷം കൂടാതെയുള്ള ഒരു വർത്തമാനപത്രം' ആയാണ് മലയാള മനോരമ പ്രവർത്തിക്കുകയെന്ന പ്രഖ്യാപനം ശരിവെച്ചുകൊണ്ട് അന്ന് അവശതയനുഭവിക്കുന്ന അവർണ സമുദായങ്ങളുടെയും അഹിന്ദുക്കളുടെയും പ്രശ്നങ്ങളിലേക്ക് തുടക്കം മുതൽ ശ്രദ്ധയൂന്നാൻ

മലയാള മനോരമ തയ്യാറായി. മുന്നാക്കവിഭാഗം തീണ്ടാപ്പാടകലത്ത് മാത്രം നിർത്തിയിരുന്ന പുലയരുടെയും മറ്റ് അധസ്ഥിതരുടെയും സാമൂഹിക സാഹചര്യങ്ങൾ തുറന്നുകാണിക്കുന്നതായിരുന്നു മലയാള മനോരമയിൽ വന്ന ലേഖനങ്ങൾ. എല്ലാവർക്കും വിദ്യാഭ്യാസം നൽകുകയെന്ന മിഷനറി പ്രവർത്തനത്തിന്റെ സ്വാധീനം വിദ്യാഭ്യാസ രംഗത്ത് കൂടുതൽ ശ്രദ്ധയൂന്നുന്നതിന് മനോരമയെയും പ്രേരിപ്പിച്ചതായി കാണാം. പുലയർ ഉൾപ്പെടെ അധസ്ഥിതരായി കണക്കാക്കിയ വിഭാഗത്തിന് വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകതയിലൂന്നി 'പുലയരുടെ വിദ്യാഭ്യാസം' എന്ന പേരിൽ ലേഖനം നൽകി തുടക്കത്തിൽ മനോരമ. പിന്നീട്, ജാതിവ്യവസ്ഥയിലെ വിവേചനങ്ങൾ ചൂണ്ടിക്കാട്ടി 'കേരളത്തിലെ കീഴ്ജാതിക്കാർ' , 'ജാതിവഴക്ക്' തുടങ്ങിയ ലേഖനങ്ങളും മനോരമ പ്രസിദ്ധീകരിച്ചു.

തുടർന്ന് സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ ശക്തിപ്പെടുത്തുകയും സമൂഹത്തിൽ അതിന്റെ ചലനങ്ങൾ വലിയതോതിലുണ്ടാവുകയുംചെയ്തപ്പോൾ മനോരമ അതിനൊപ്പം നിലയുറിപ്പിച്ചു. കെ.സി. മാമൻ മാപ്പിളയിലേക്ക് അപ്പോഴേക്കും പത്രത്തിന്റെ നേതൃത്വം എത്തിയിരുന്നു. വൈക്കം സത്യാഗ്രഹത്തിന് ജനപിന്തുണകൂട്ടുന്ന കാര്യത്തിൽ മലയാള മനോരമ നടത്തിയ ഇടപെടലുകളും വളരെ വലുതാണ്. പത്രാധിപർ തന്നെ വ്യക്തമായ നിലപാടെടുത്തുകൊണ്ട് നവോത്ഥാനമുന്നേറ്റത്തിന്റെ ഭാഗമായി എന്നതാണ് ഈ ഘട്ടത്തിൽ മലയാള മനോരമയുടെ വാർത്താവിന്യാസത്തിൽനിന്ന് വ്യക്തമാകുന്നത്. സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനപ്പുറം കീഴ്ജാതിക്കാർ ഉന്നയിക്കുന്ന സാമൂഹിക സമത്വവാദത്തിൽ ന്യായമുണ്ടെന്ന നിലപാടെടുക്കാനും അതിനായി പത്രത്തിലൂടെയും പുറത്തും പ്രവർത്തിക്കാനും കെ.സി. മാമൻമാപ്പിള തയ്യാറായിരുന്നു.

1924 മാർച്ച് 29ന് 'തിരുവിതാംകൂറിലെ അയിത്തോച്ചാടനം' എന്ന തലക്കെട്ടിൽ മലയളമനോരമ ഒരു മുഖപ്രസംഗം തന്നെയെഴുതി. സാമൂഹിക അനാചാരത്തിന്റെ യാഥാർഥ്യം ബോധ്യപ്പെടുത്തുന്ന നിലയിലും വൈക്കം സത്യാഗ്രഹത്തിന് ഗാന്ധിജിയുൾപ്പടെയുള്ളവർ നൽകുന്ന പിന്തുണയുടെ പ്രാധാന്യം വ്യക്തമാക്കിയുള്ളതുമായിരുന്നു മനോരമയുടെ മുഖപ്രസംഗം. അത് തുടങ്ങുന്നതുതന്നെ ഇങ്ങനെയാണ്:

> *'ഇന്ത്യയൊട്ടുക്ക് അധകൃത വർഗ്ഗക്കാരെന്ന് ഗണിക്കപ്പെടുന്നവർ സവർണഹിന്ദുക്കളെ തൊട്ടാൽ അശുദ്ധിയായിപ്പോകുമെന്നൊരു*

*ധാരണ ദൂരീകരിക്കലാണ് മഹത്മാഗാന്ധി ഉൾപ്പെടെയുള്ള യഥാർഥ ദേശാഭിമാനികളുടെ ഇപ്പോഴത്തെ സർവപ്രധാനമായ പ്രയത്നം. എന്നാൽ, ഇന്ത്യയിലെ ഒരു ഭാഗമായ കേരളരാജ്യത്തിൽ തൊടീൽകൊണ്ടുമാത്രമല്ല, സാമീപ്യംകൊണ്ടും, ദർശനംകൊണ്ടുപോലും ഉയർന്ന ജാതിക്കാർക്ക് അശുദ്ധിയുണ്ടായിപ്പോകുമെന്നതിനെപ്പറ്റി ആർക്കും യാതൊരു സംശയവുമില്ല. വിവേകാനന്ദസ്വാമി കേരളത്തിൽ സന്ദർശിച്ചപ്പോഴാണ് ഇങ്ങനെയുള്ള സംഗതി ലോകത്തെവിടെയെങ്കിലും ഉണ്ടെന്ന സംഗതി അദ്ദേഹം ധരിക്കാനിടയായത്. ഉയർന്ന ജാതിക്കാർ താണജാതിക്കാരെ ആട്ടിദൂരെമാറ്റുന്നതും താണജാതിക്കാർ അകലത്തിലോടിപ്പോകുന്നതും മറ്റും കണ്ടിട്ട് മലയാളരാജ്യത്തുള്ളവരെല്ലാം ഒരുവക ഭ്രാന്തന്മാരാണെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. മദ്രാസ് മുതലായ രാജ്യങ്ങളിൽ പറയർ മുതലായവരുമായിപ്പോലും തൊടീൽ ഒഴിച്ച് മറ്റ് പെരുമാറ്റങ്ങളെല്ലാം യാതൊരുതരം അശുദ്ധിദോഷവും കൂടാതെ നടത്തിവരുന്ന തമിഴ്ബ്രാഹ്മണർ, വെള്ളാളർ മുതലായവരും മലയാളത്തുവരുമ്പോൾ പുലയർ, പറയർ മുതലയാവരെ മാത്രമല്ല സാമൂഹിക സ്ഥിതിയിലും ബുദ്ധിശക്തിയിലും മറ്റും വളരെ ഉയർന്ന ഒരു സ്ഥാനത്തിനർഹതയുള്ള ഈഴവരെപ്പോലും ആട്ടിയോടിക്കുന്നതുകണ്ടാൽ നേരംപോക്കോ കോപമോ സങ്കടമോ ഏതുവികാരമാണ് കൂടുതലായി ശക്തിപ്പെടുന്നതെന്ന് തീർച്ചപറയാനാവുന്നതല്ല'*

*–മലയാളമനോരമ, 1924 മാർച്ച് 29*

ജാതി വിവേചനത്തിനെതിരെ നിലപാടെടുത്ത് മറ്റൊരു മുഖപ്രസംഗം 1924 ജൂൺ 5ന് 'മനോരമ' നൽകി:

*'ഒരു ജാതി മറ്റൊരു ജാതിയേക്കാൾ താണതാണെന്നും അതുകൊണ്ട് അവർക്കു പൗരാവകാശ സമത്വം അനുഭവിച്ചുകൊടുക്കാൻ പാടില്ലെന്നും ശാഠ്യം പിടിക്കുന്നതുമൂലമാകുന്നു ഇന്ത്യയിലെ പലസ്ഥലങ്ങളിലും ക്ഷോഭങ്ങളും കലഹങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇനിയുമെങ്കിലും ഈ അസമതകൾ ഇല്ലാതാക്കുന്നതിനു ഗവൺമെന്റും ജനങ്ങളും ഏകോപിപ്പിച്ചു പ്രവർത്തിക്കുന്ന പക്ഷം രാജ്യത്തു സമാധാനവും ഐക്യവും ഐശ്വര്യവും ഉണ്ടാകുന്നതാണ്.'*

ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന കെ സി മാമൻമാപ്പിള

ആ വേദിയും സാമൂഹിക പരിഷ്കരണം സാധ്യമാക്കുന്നതിനുള്ള ഒന്നാക്കി ഉപയോഗപ്പെടുത്തുകയുണ്ടായി. അവശ ജനവിഭാഗങ്ങൾക്ക് നീതിലഭിക്കേണ്ടതിനെ കുറിച്ചും, വൈക്കം ക്ഷേത്രത്തിനു ചുറ്റും മറ്റുജാതിക്കാർക്കും സഞ്ചാരസ്വാതന്ത്ര്യം നൽകുന്നതിനെപറ്റിയും ജാതിവിവേചനത്തെക്കുറിച്ചും ശ്രീമൂലം പ്രജാസഭയിൽ ശ്രദ്ധേയമായ പ്രസംഗങ്ങൾ കെസി മാമൻമാപ്പിള ചെയ്തിരുന്നു. പ്രജാസഭയിൽ സ്വീകരിച്ച ഈ നിലപാടുകളുടെ തുടർച്ച, അതിനേക്കാൾ ശക്തമായും വിപുലമായും പത്രത്തിലൂടെ പ്രകടിപ്പിക്കുകയാണ് മനോരമ ചെയ്തത്.

ജാതിവിവേചനത്തിനെതിരെ ഇത്തരം നിലപാടുകൾ മനോരമ സ്വീകരിച്ചിട്ടുണ്ടെങ്കിലും സവർണരെ പ്രീണിപ്പിക്കുന്നതിനും കീഴ്ജാതിക്കാരെ അവരുടെ 'കർത്തവ്യബോധം' ഓർമിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ മനോരമയുടെ നിലപാടുകളിൽ വായിച്ചെടുക്കാവുന്നതാണ്. താഴ്ന്നജാതിക്കാരുടെ ഉന്നമനത്തിനായി വാദിക്കുന്നതിനിടയിലും അവരെ സമുദായജോലിയിൽ തുടരുന്നതിന് പ്രേരിപ്പിക്കുന്ന ലേഖനങ്ങളും മറ്റ് കുറിപ്പുകളും മനോരമയിൽ സ്ഥാനം പിടിച്ചിരുന്നതായി കാണാം. 'സമുദായജോലി വളരെ ശ്രേഷ്ഠമായ ഒരു ജോലിയാകുന്നു. സ്വാർത്ഥതയറ്റ ഈ ജോലിനിമിത്തം മനുഷ്യൻ മനുഷ്യസ്നേഹികളായിത്തീരുന്നു' എന്ന നിലപാട് കെ സി മാമൻമാപ്പിള സ്വീകരിച്ചിരുന്നതായാണ് അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ എം കെ സാനു ചൂണ്ടിക്കാട്ടുന്നത്. *'നമ്മുടെ നാട്ടിലുള്ള പറയർ, പുലയർ, ഉള്ളാടന്മാർ, വാലന്മാർ മുതലായ വർഗ്ഗക്കാരുടെ ഇടയിൽ നമ്മുടെ യുവാക്കൾ സമുദായവേല ചെയ്യുന്നപക്ഷം അവർ അചിരേണ ഉണർന്ന് തിരുവിതാംകൂറിന് ഒരു ആഭരണമായിത്തീരുന്നതാണ്'* എന്ന് 1919ൽ കെസി മാമൻമാപ്പിള എഴുതിയതായി എംകെ സാനു ചൂണ്ടിക്കാട്ടുന്നു. ജാതിവിവേചനത്തിനെതിരെ നിലപാടെടുത്തപ്പോഴും സമുദായാധിഷ്ഠിതമായ തൊഴിലിടംവിട്ട് അന്ന് കീഴ്ജാതിക്കാരിലെ പുതുതലമുറ നീങ്ങുന്നതിൽ സവർണവീക്ഷണകോണിലുള്ള ഒരു ആശങ്കയായിരുന്നു മലയാള മനോരമയും പ്രകടിപ്പിച്ചതെന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

നിവർത്തന പ്രക്ഷോഭമായിരുന്നു പിന്നാക്കവിഭാഗത്തിന്റെ അവകാശപ്പോരാട്ടത്തിലെ സുപ്രധാനമായ മറ്റൊരധ്യായം. ജനസംഖ്യാനുപാതികമായി ഹിന്ദുപിന്നാക്കവിഭാഗങ്ങൾക്കും മറ്റ് മതസ്ഥർക്കും അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ടിയുള്ള രാഷ്ട്രീയപോരാട്ടമായിരുന്നു നിവർത്തന പ്രക്ഷോഭത്തിലൂടെ തിരുവിതാംകൂറിൽ അന്ന് അരങ്ങേറിയത്. ഇതിലും മനോരമ മുൻനിരയിൽനിന്നുള്ള പ്രവർത്ത

നങ്ങൾ നടത്താൻ തയ്യാറായി. തിരുവല്ലയിൽനിന്നുള്ള 'കേരള സേവകൻ' എന്ന പത്രത്തിൽ 'നിവർത്തന ചരിതം' എന്ന ഒരു ലേഖനം വരാനിരിക്കുന്നു എന്ന അറിയിപ്പ് പ്രസീദ്ധീകരിച്ചപ്പോൾ പത്രത്തിനെതിരെ സർക്കാർ നടപടി സ്വീകരിക്കുകയുണ്ടായി. ലേഖനം പ്രസിദ്ധീകരിക്കരുതെന്നായിരുന്നു സർക്കാരിന്റെ തിട്ടൂരം. ഈ സംഭവത്തിൽ സർക്കാരിനെതിരെ ശക്തമായ നിലപാടുതന്നെ മനോരമ സ്വീകരിച്ചു. മുഖലേഖനത്തിലൂടെയാണ് മനോരമ ഇതിനെ വിമർശിച്ചത്.

> *'ഭരണതന്ത്ര വിദ്യയിൽ അഭൂതപൂർവ്വവും അതിവിചിത്രവുമായ ഒരു പ്രശ്നമാണ് ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്നത്. ഏതൊരു ലേഖനവും അത് പ്രസിദ്ധീകരിച്ചതിനുശേഷം, അതു കുറ്റകരമാണെന്നുകണ്ടാൽ, അതിനെ തടയുകയും പ്രസാധകരുടെ പേരിൽ നിയമാനുസരണമായ നടപടികൾ നടത്തുകയുമാണ് നാഗരികത്വത്തിന്റെ ലേശമെങ്കിലുമുള്ള ഏതൊരു ഗവൺമെന്റും ചെയ്യാറുള്ളത്. അല്ലാതെ, ഇന്ന പത്രത്തിൽ ഇന്ന ലേഖനം പ്രസിദ്ധീകരിക്കാൻ പോകുന്നു എന്നു കേട്ടാലുടൻ ആ ലേഖനത്തിന്റെ ആകൃതി, പ്രകൃതി, ജാതകം എന്നിവ മുൻകൂട്ടി ഗണിച്ച് ആ ലേഖനശിശുവിന്റെ ജനനംതന്നെ നിരോധിക്കുന്നത് ഇന്നത്തെ ഒരു പരിഷ്കൃത ഗവൺമെന്റിനും യോജിച്ചതല്ലെന്ന് ഞങ്ങൾ നിർവിശങ്കം അഭിപ്രായപ്പെടുന്നു. ദുരധികാര ദുർഭരണ സമ്രാട്ടായിരുന്ന കംസനെ വധിക്കുവാൻ അദ്ദേഹത്തിന്റെ സഹോദരിക്ക് ഒരു പുത്രൻ ജനിക്കുമെന്ന് കേട്ട് സംഭ്രാന്തനായി അദ്ദേഹം കൃഷ്ണഭഗവാന്റെ അവതാരത്തെ തടയുന്നതിന് ഗർഭിണിയായ സഹോദരിയേയും ഭർത്താവിനെയും കാലേക്കൂട്ടി കാരാഗൃഹത്തിലടച്ച് അപായപ്പെടുത്തുന്നതിന് ഉദ്യമിച്ച കഥയാണ് ഞങ്ങളുടെ സ്മൃതിപഥത്തിൽ വരുന്നത്.'* എന്നായിരുന്നു ഈ സംഭവത്തിലുള്ള മനോരമയുടെ വിമർശനശരം.

പ്രാചാരത്തിൽ ഇന്നുള്ള വികാസം മനോരമ അന്ന് കൈവരിച്ചിട്ടില്ലെങ്കിലും പൊതുസമൂഹത്തിൽ ശക്തമായ അഭിപ്രായ രൂപീകരണം സാധ്യമാകും വിധം മറ്റ് പത്രങ്ങൾ സ്വീകരിച്ച നിലപാടിനൊപ്പം നവോത്ഥാനമുന്നേറ്റത്തെ ശക്തിപ്പെടുത്താൻ മനോരമയുടെ നിലപാടുകളും സഹായിച്ചുവെന്നത് എടുത്തുപറയേണ്ടതാണ്.

# അധ്യായം മൂന്ന്

# സമുദായപരിഷ്കരണത്തിനൊപ്പം

ജാതിവിവേചനത്തിനെതിരായ പ്രക്ഷോഭങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ സ്വസമുദായത്തിന്റെ പരിഷ്കരണത്തിനുള്ള ശ്രമങ്ങൾ അക്കാലത്ത് എല്ലാ വിഭാഗങ്ങളിലും സജീവമായിരുന്നു. ഇത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പത്രങ്ങളും ആനുകാലികങ്ങളും തയ്യാറായി. നമ്പൂതിരിമാർക്കിടയിലെ പരിഷ്കരണ പ്രവർത്തനങ്ങൾ'ഉണ്ണി നമ്പൂതിരി' , 'യോഗക്ഷേമം' പോലെയുള്ള പ്രസിദ്ധീകരണങ്ങളിലൂടെയും നായന്മാർക്കിടയിലെ പ്രവർത്തനങ്ങൾ 'സർവീസ്' പോലുള്ളവയിലൂടെയും ഈഴവർക്കിടയിൽ നടന്ന പ്രവർത്തനങ്ങൾ'വിവേകോദയം 'കേരള കൗമുദി' 'മിതവാദി' തുടങ്ങിയയിലൂടെയുമെല്ലാം വാർത്തകളായും ലേഖനങ്ങളായും പുറത്തെത്തിക്കൊണ്ടിരുന്നു. 'നവശക്തി' , 'സഹോദരൻ' തുടങ്ങിയ പ്രസിദ്ധീകരങ്ങളും ഈ രംഗത്ത് വലിയ തോതിലുള്ള ഇടപെടലുകൾ നടത്തിയവയായിരുന്നു. നിലവിലുള്ള സാമൂഹിക ഘടനയിൽ സമൂലപരിവർത്തനം തന്നെ ലക്ഷ്യമിട്ട നേതാക്കളുടെ ശ്രമഫലം തന്നെയായിരുന്നു ഇത്തരം പ്രസിദ്ധീകരണങ്ങളെയും മുന്നോട്ടു നയിച്ചത്. കാലത്തിനൊപ്പം മാറാൻ തയ്യാറാവാതെ മാമൂലുകളിൽ അള്ളിപ്പിടിച്ചിരിക്കുന്ന സമുദായവര്യന്മാരെയും പുറം ലോകത്ത് എന്തുനടക്കുന്നുവെന്നറിയാതെ ഒതുങ്ങിക്കഴിയുന്ന മറ്റ് സമുദായാംഗങ്ങളെയും പരിഹസിക്കുകയും ബോധവത്കരിക്കുകയും ചെയ്യുന്നതായിരുന്നു പ്രസിദ്ധീകരണങ്ങളിലെ ഉള്ളടക്കം.

ബ്രഹ്മശ്രീ കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിന്റെ സ്മാരകമായി നമ്പൂതിരി യുവജന സംഘം പ്രസിദ്ധീകരിച്ച 'ഉണ്ണി നമ്പൂതിരി' നമ്പൂതിരിമാരുടെ കണ്ണുതുറപ്പിക്കുന്നതിനുള്ള ശക്തമായ ശ്രമം നടത്തിയ പ്രസിദ്ധീകരണമായിരുന്നു. 'ഉണ്ണി നമ്പൂതിരിമാരെ ഉണരുവിൻ' എന്ന പേരിൽ ഉണ്ണി നമ്പൂതരി പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ ഇങ്ങനെയാണ് പറയുന്നത്:

*'മാമൂലനുസരിച്ചുള്ള പലേ ഏർപ്പാടുകളും കാലഗതിയ്ക്കു യോജിക്കാതെ ആയിത്തീർന്നിട്ടുണ്ട്. ആരെങ്കിലും സധൈര്യം മുന്നിട്ടിറങ്ങി പ്രവർത്തിച്ചാൽമാത്രെ ഈ ന്യൂനതകൾ പരിഹരിക്കാ*

*വൂ. യുവജനങ്ങൾക്കു ആ ധൈര്യമുണ്ടായിരിക്കുമെന്നുള്ളതിന് സംശയമില്ല. പക്ഷെ സമുദായം അവരുടെ പ്രവൃത്തിമാർഗ്ഗത്തെ അധിക്ഷേപിക്കുകയും അവരിൽനിന്നും അകന്നുനിൽക്കുകയും ചെയ്തേക്കാം.'*

*–ഉണ്ണിനമ്പൂതിരി, വാല്യം 6 ലക്കം 1*

ആചാര നവീകരണം എന്ന പേരിൽ ഉണ്ണിനമ്പൂതിരിയിൽ കോഴിക്കോട് സാമൂതിരി കോളേജ് പ്രിൻസിപ്പാൾ എം രാമവർമ്മ തമ്പാൻ ബിഎ എൽ ടി എഴുതിയ ലേഖനവും ശ്രദ്ധേയമായിരുന്നു:

*'കാശിയിൽ ഗംഗാസ്നാനത്തിനു പോയിവരുന്ന എത്ര ആളുകളാണ് തങ്ങൾ ആ ദിക്കുകളിലും വഴിക്കും കരളാചാരങ്ങൾക്കു കടുകിട നീക്കുപോക്കു കൂടാതെ അനുഷ്ഠിച്ചു എന്നു കളവു പറഞ്ഞ് 'ആചാരി' കളുടെ അജ്ഞതയെ സമാധാനപ്പെടുത്തുന്നത്. തീവണ്ടിയിലും തീബോട്ടിലുംവെച്ചു ഭക്ഷണപാനീയങ്ങൾ കഴിക്കുന്ന എത്ര പേരാണ് ഒരു കള്ളം കൊണ്ട് ആചാരദാസന്മാരാണെന്നു മറ്റുള്ളവരെ ബോധിപ്പിക്കാൻ ശ്രമിക്കുന്നത്. സ്കൂളുകളിലും കോളെജുകളിലും പഠിക്കുന്ന എത്ര വിദ്യാർത്ഥികളാണ് ഇത്തരം കളവു പറയാൻ നിർബന്ധിതമാകുന്നത്. വിജാതിയ സംബന്ധമുള്ളവരെ ദുവസാർദ്ധത്തിലധികം ഭാര്യഗൃഹത്തിൽ കഴിച്ചുകൂട്ടുന്നവരുമായ എത്രയെത്രായളുകളാണ് സ്വച്ഛാനുസരണം ആചാരവിദ്ധ്വംസനം ചെയ്തു കള്ളം കൊണ്ടു വെള്ള പൂശുന്നത്.*

*ഇപ്രകാരം കളവുകൊണ്ടു ജീവിക്കുന്നത് ക്ഷന്തവ്യമാണെന്നു വന്നാൽ ജനങ്ങളുടെ മാനസികശുദ്ധിക്കും സ്വഭാവസ്ഥിരതയ്ക്കും എത്രമാത്രം ഹാനിതട്ടുമെന്നു പറയേണ്ടില്ലല്ലോ. കേരളവാസികളായ ഹിന്ദുക്കളുടെ ദയനീയമോ നിന്ദ്യമോ ആയ ഭീരുത്വത്തിനും സ്വാശ്രയഭാവത്തിനും പര്സപരവിശ്വാസത്തിനും കാരണം കാലാതീതമായ ആചാരനുഷ്ഠാനപ്രസ്കതിയോ അഥവാ കാപട്യമോ അല്ലേ എന്ന് ഏവനും ആലോചിക്കേണ്ടതാണ്.*

*സ്വല്പമായ ഭൂസ്വത്തുക്കളുണ്ടെന്നും അധികാരലുപ്തരായ ചില രാജാക്കന്മാരുടെ രക്ഷയുണ്ടെന്നും കരുതി ആചാരപരിഷ്കാര*

*ത്തിന് അധികാരവും ശക്തിയുമുള്ള നമ്പൂതിരിമാർ ഇനിയും യാഥാസ്ഥിതികത ദീക്ഷിച്ചാൽ ആത്മനാശത്തിനും വഴി വെയ്കുകയാകുന്നതിനു പുറമെ ഉൽകൃഷ്ടസ്ഥാനത്തിരുന്നുകൊണ്ടു തൽപദത്തിനനുരൂപമായ ധർമ്മം ചെയ്യാതിരുന്ന മഹാപാതകത്തിനും നമ്പൂതിരിമാർ പാത്രവാന്മാരാകയില്ലേ എന്നു ഭയപ്പെടുന്നവർ എന്നെപ്പോലെ പലരുമുണ്ട്.'*

സമുദായാംഗങ്ങളെ ഇങ്ങനെ ഗുണദോഷിക്കുന്ന ലേഖനം അവസാനിപ്പിക്കുന്നത് വ്യക്തമായ ദിശാബോധം നൽകികൊണ്ടുതന്നെയാണ്:

*'ഇവിടെ തന്റെ ജാതിയുമായി മാത്രം എടപെടുന്നവർക്കു ഇതര ജാതികളിൽ സ്നേഹമോ അനുകമ്പയോ വ്യാപിക്കുന്നില്ല. എന്നാൽ പല ജാതിക്കാരുമായി സഹോദരഭാവത്തിൽ പെരുമാറുന്നവരുടെ ഹൃദയവും മനസ്സും വിസ്തൃതമായി വരുന്നു.'*

*– ഉണ്ണി നമ്പൂതിരി, വോള്യം 6 ലക്കം 1, 1100 കന്നി*

സമുദായ പരിഷ്കരണവും അയിത്തോച്ചാടനവും നമ്പൂതിരി-നായർ സമുദായത്തിൽ അന്നുണ്ടാക്കിയ പ്രതിഫലനത്തിന്റെ ചിത്രം വ്യക്തമാകുന്ന ഒരു കുറിപ്പ് 'നമ്പൂതിരിയും നായരും' എന്ന തലക്കെട്ടിൽ 1932 ജനുവരി 13 ഉണ്ണി നമ്പൂതിരിയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അയിത്താചരണത്തിന് അനുകൂലമായി സംസാരിച്ച ഒരു നായർസ്ത്രീയെ പരിഹസിച്ചും അയിത്താചാരണം അവസാനിപ്പിക്കാനായി നമ്പൂതിരി സമുദായത്തെ പ്രേരിപ്പിച്ച ഒരു അന്തർജനത്തിന്റെയും താരതമ്യം ചെയ്തുള്ളതായിരുന്നു അത്. നായർ സ്ത്രീയുടെ പ്രവൃത്തി ചൂണ്ടിക്കാട്ടി ഇക്കാര്യത്തിൽ നായർ സമുദായത്തിന്റെ നിലപാടുകളെ അപഹസിക്കുകയും അന്തർജനത്തിന്റെ പ്രസ്താവന എടുത്തുകാട്ടി നമ്പൂതിരി സമുദായത്തിൽ കാലത്തിനൊത്ത മാറ്റം പ്രകടമാകുന്നുവെന്ന് സ്ഥാപിക്കുകയുമായിരുന്നു അതിന്റെ ലക്ഷ്യം. അതിങ്ങനെയാണ്:

*'മികച്ച ഉൽപതിഷ്ണത്വത്തിന് കേൾവികേട്ട നായർ വർഗത്തിലെ ഒരു മാന്യ മഹിള പരസ്യമായി അദ്ധ്യക്ഷ പീഠത്തിൽ വച്ച് അയിത്തത്തെ ന്യായീകരിക്കുവാൻ ശ്രമിക്കുകയും താൻ ആദ്ധ്യക്ഷം വഹിച്ച ഒരു യോഗത്തെക്കൊണ്ട് യാഥാസ്ഥിതികത്വത്തിനു പ്രസിദ്ധിനേടിയിരുന്ന നമ്പൂതിരി സമുദായത്തിലെ ഒരു മാന്യ*

*യായ അന്തർജ്ജനം അയിത്തക്കാർക്ക് ക്ഷേത്രപ്രവേശനം നേടിക്കൊടുക്കാൻ തുടങ്ങിയിരിക്കുന്ന പ്രസ്ഥാനത്തെ സഹായിക്കണമെന്നു നിശ്ചയം സ്വീകരിപ്പിക്കുകയും ചെയ്തതു നായർ സമുദായംഗങ്ങളെ തലതാഴ്ത്തിപ്പിക്കുകയും ഇന്നത്തെ നമ്പൂതിരി സമുദായത്തോട് കേരളീയർക്കു തോന്നീട്ടുള്ള ബഹുമാനത്തെ ആയിരം മടങ്ങു വർധിപ്പിക്കുകയും ചെയ്യുമെന്നതിനു യാതൊരു സംശയവുമില്ല. ഇരിങ്ങാലക്കുടവച്ചു കൂടിയ കൊച്ചി നായർ സമ്മേളനത്തിലെ ഒരു യോഗത്തിനു ആദ്ധ്യക്ഷം വഹിച്ച ശ്രീമതി ലക്ഷ്മിക്കുട്ടി നേത്യാരമ്മയെയും തളിപ്പറമ്പിൽവച്ചുകൂടിയ നമ്പൂതിരി യുവജനസമാജത്തിന്റെ അദ്ധ്യക്ഷയായ ശ്രീമതി പാർവതി നെന്മേനിമംഗലത്തിനേയും പറ്റിയാണ് ഞങ്ങൾ മുകളിൽ പറഞ്ഞതുപ്രകാരം പ്രസ്താവിച്ചത്.'*

കോഴിക്കോട്ടുനിന്ന് സി കൃഷ്ണൻ പത്രാധിപരായി പുറത്തിറങ്ങിയ 'മിതവാദി' തീയ്യരുടെ വക ഒരു മലയാള മാസിക എന്നുതന്നെ പ്രസ്താവിച്ചാണ് പുറത്തിറങ്ങിയിരുന്നത്. തീയ്യരുടെ ക്ഷേമത്തിനായി നിലകൊള്ളുമ്പോഴും ബ്രിട്ടീഷ് ഭരണകൂടത്തെയും സാമൂതിരിയെയും നിശിതമായി എതിർക്കുന്നതായിരുന്നില്ല 'മിതവാദി' യുടെ രീതി. പേരു സൂചിപ്പിക്കുന്നതുപോലെ തന്നെ രാജാവിന്റെ അപ്രീതിക്ക് ഇടനല്കാതെയുള്ളതായിരുന്നു പത്രത്തിന്റെ ഇടപെടൽ. അതുകൊണ്ടുതന്നെ പലപ്പോഴും, തീയ്യരുടെ അവകാശങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽപോലും, ഒരു ദ്വന്ദസ്വഭാവം 'മിതവാദി' പ്രകടിപ്പിച്ചിരുന്നു. നിർണായക സന്ദർഭങ്ങളിലൊന്നും ഭരണാധികാരികളെ എതിർക്കാനും പരിഷ്കരണ പ്രവർത്തനങ്ങൾക്ക് പിന്തുണയേകാനും 'മിതവാദി' യും പത്രാധിപർ സി കൃഷ്ണൻ വക്കീലും തയ്യാറായില്ല. കോഴിക്കോട് തളി ക്ഷേത്ര പരിസരത്തുകൂടി അയിത്തജാതിക്കാർക്ക് സഞ്ചാരസ്വാതന്ത്ര്യം ലഭിക്കാനും വൈക്കം സത്യാഗ്രഹ സമയത്തും മിതവാദിയുടെ ഈ രാജഭക്തിയും വിധേയത്വവും പ്രകടമായിരുന്നു. തളി ക്ഷേത്രപരിസരത്ത് സഞ്ചാര സ്വാതന്ത്ര്യം ലഭിക്കുന്നതിന് നടത്തിയ പ്രചാരണങ്ങളിലും പ്രക്ഷോഭങ്ങളിലും വളരെ വൈകി മാത്രമാണ് 'മിതവാദി' യുടെ ഇടപെടലുണ്ടായത്. കെ പി കേശവമേനോനും മഞ്ചേരി രാമയ്യരും കെ മാധവൻ നായരും ചേർന്ന് കൃഷ്ണൻ വക്കീലിനെ ക്ഷേത്ര പരിസരത്തുകൂടി നടത്തിക്കൊണ്ടുപോവുകയായിരുന്നു. തളി ക്ഷേത്ര പരിസരത്തൂകൂടി നടക്കാനുള്ള അവകാശം നേടിയെടുക്കാൻ 'മിതവാദി' കാണിച്ച അമാന്തത്തെ വിമർശിച്ചും പിന്നീട് കൃഷ്ണൻ നട

ത്തിയ പ്രവൃത്തിയെ ശ്ലാഘിച്ചും അന്ന് കൊച്ചിയിൽനിന്ന് പുറത്തിറങ്ങിയ 'സഹോദരൻ' ഇങ്ങനെ എഴുതുകയുണ്ടായി:

> *'കോഴിക്കോടു തളിറോഡിൽകൂടി തീയർ മുതലായ തീണ്ടലുള്ള ജാതിക്കാർ നടന്നുകൂടെന്നു സാമൂതിരി എസ്റ്റേറ്റു കലക്ടർ ഒരു നോട്ടീസ് പ്രസിദ്ധം ചെയ്തിട്ടുണ്ടല്ലോ. മിസ്റ്റർ, സി കൃഷ്ണനും മറ്റും ഇതിനെ സംബന്ധിച്ച് ഉടനെ ഒന്നും പ്രവർത്തിക്കാതിരുന്നതിനെപ്പറ്റി ഞങ്ങൾക്കു വലിയ അത്ഭുതം തോന്നിയിരുന്നു. ഇതാ ഇപ്പോൾ ധീരനായ ആ സമുദായസ്നേഹി കലക്ടറുടെ ഈ വിവേക ശൂന്യമായ കല്പനയെ തൃണവൽകരിച്ചു നിരോധിച്ചിട്ടുള്ള റോഡിൽകൂടി നടന്നു ചെന്ന് നേരിട്ടുചെന്ന് കലക്ടറെ വിവരം അറിയിച്ചിരിക്കുന്നു'*

വൈക്കം സത്യാഗ്രഹ സമയത്തും മിതവാദിയുടെ നിലപാട് അവശവിഭാഗങ്ങൾക്കൊപ്പമായിരുന്നില്ല. 'ബ്രിട്ടീഷു ഗവൺമെന്റുമായുള്ള സമരത്തിലേക്ക് കൂടുതൽ ആളുകളെ കബളിപ്പിച്ചു വശീകരിക്കുന്നതിനുള്ള കോൺഗ്രസിന്റെ ഒരു തന്ത്രം' എന്ന നിലയിലാണ് വൈക്കം സത്യാഗ്രത്തെ 'മിതവാദി' വിശേഷിപ്പിച്ചിരുന്നത്. സാമൂതിരി രാജാവിന്റെ വിദ്വേഷമേറ്റുവാങ്ങാതെ സമുദായത്തിന് പരിഗണന കിട്ടുന്നതിനായി പ്രവർത്തിക്കുന്നതായിരുന്നു 'മിതവാദി'യുടെ രീതി. ചില ഘട്ടങ്ങളിൽ അമിത രാജഭക്തി പ്രകടിപ്പിച്ച് പരിഷ്കരണത്തോട് പുറം തിരിഞ്ഞുനില്കുന്നുവെന്ന തോന്നലും മിതവാദി പ്രകടിപ്പിച്ചിരുന്നു. അത് പ്രകടമാക്കുന്നതായിരുന്നു സാമൂതിരിയെ കുറിച്ചു വന്ന ഒരു വാർത്ത:

> *'സാമൂതിരിപ്പാട് തമ്പുരാൻ തിരുമനസ്സെ കോഴിക്കോട്ടെക്കുള്ള എഴുന്നള്ളത്ത് എല്ലാം കൊണ്ടും കേമമായി. തിരുമനസ്സിൽ നിന്ന നിസ്സാരമായ ജാതിമത്സരങ്ങളിൽ ഒട്ടു വിലവെക്കാത്ത കൂട്ടത്തിലാണെന്ന് പല സന്ദർഭങ്ങളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. സ്ഥാനം കിട്ടുന്നതിനു മുമ്പും അതിന് ശേഷവും തിരുമനസ്സിലെ ഔദാര്യത്തെ കണ്ടറിവാൻ ഞങ്ങൾക്കു സംഗതി വന്നിരുന്നു. ഏകദേശം 20 കൊല്ലം മുമ്പ് തിരുമനസ്സിലെ മാതാവിന്റെ തിരുമാസ അടിയന്തരത്തിനു ഒരു ദിവസം തിയ്യരിൽ പ്രമാണികളായ ചിലരെ ക്ഷണിച്ചുവരുത്തി പ്രത്യേകം കേമമായ ഒരു സദ്യകഴി*

*ച്ചത് ഇപ്പൊഴും ഞങ്ങൾ ഓർക്കുന്നു. ആ കാലങ്ങളിൽ അങ്ങനെ ചെയ്യാനായി അസാധാരണ ധൈര്യം തന്നെ വേണമെന്ന് പ്രത്യേകം പറയെണ്ടതില്ലല്ലോ. ഇതുകൂടാതെ ക്രിസ്ത്യാനികൾ മുതലായ അന്യമതക്കാരോടും തിരുമനസ്സിലേക്കും വളരെ വാത്സ്യല്യമാണ്.'*

*–മിതവാദി 1914 ജൂൺ പുസ്തകം 1 ലക്കം 6*

ഇത്തരം പല സംഭവങ്ങളും 'മാതൃഭൂമി' യും 'മിതവാദി' യും തമ്മിലുള്ള ഏറ്റുമുട്ടലിലേക്ക് എത്തിച്ചേർന്നിരുന്നു. ഇതൊക്കെയാണെങ്കിലും സ്വസമുദായത്തിന്റെ പിന്നാക്കാവസ്ഥ തുറന്നുകാട്ടാനും മറ്റു നാടുകളുമായി താരതമ്യം ചെയ്ത് അവരെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരാനും മിതവാദി നടത്തിയ ഇടപെടലുകൾ അവഗണിക്കാൻ കഴിയില്ല. തീയസമൂഹ പരിഷ്കാരം എന്ന തലക്കെട്ടിൽ 'വെസ്റ്റ് കോസ്റ്റ് സ്പെക്ടയിറ്റർ' എന്ന ഇംഗ്ലീഷ് പത്രത്തിൽ വന്ന ഒരു ലേഖനത്തെ കുറിച്ച് മിതവാദി ഇങ്ങനെ പറഞ്ഞു:

*'തെക്കേ മലയാളത്തിലെ മിക്കവാറും തീയസ്ത്രീകൾ ദേഹം മുഴുവനും മറയ്ക്കാറില്ലെന്നും തന്നിമിത്തമുള്ള ന്യൂനതയെ പരിഹരിപ്പാൻ വേണ്ടുന്ന ശ്രമം ചെയ്യേണമെന്നുമാണ് മേൽപ്രസ്താവിച്ച ലേഖനത്തിന്റെ ഉദ്ദേശ്യം.*

*ഈ നടപടി തെക്കേമലയാളത്തിൽ മാത്രമല്ല വടക്കെമലയാളത്തിലുള്ള ചില ഉൾപ്രദേശങ്ങളിലും നടപ്പുണ്ട്. മലബാർ വിട്ടു അന്യരാജ്യങ്ങളിൽ സഞ്ചരിപ്പാൻ ഇടവരാത്ത ചിലർക്കു ഇതു അത്ര ആഭാസമായി തോന്നുകയില്ലായിരിക്കാം. എന്നാൽ അന്യരാജ്യങ്ങളിൽ യാത്ര ചെയ്‌വാൻ സംഗതിവന്ന ഏവർക്കും ഈ കാര്യം വളരെ നിന്ദ്യമായിട്ടാണ് തോന്നുന്നത്. കാരണം ഈ ദുസ്സഹമായ നടപടി മലബാറിൽ അല്ലാതെ വേറെങ്ങും കാണാനില്ല.*

*മലബാറിൽ പോയിവന്ന പരദേശികളിൽ അനേകം പേർ പരദേശങ്ങളിൽ ഉദ്യോഗംമൂലം താമിസിച്ചുവരുന്ന ഞങ്ങളോടു ഇതിനെപ്പറ്റി പലപ്പോഴും പരിഹാസമായി പ്രസ്താവിച്ചിട്ടുണ്ട്. രാരിച്ചൻമുപ്പൻ അവർകൾ പറയും പ്രകാരം ദാരിദ്ര്യം ഇതിന് തക്ക*

*തായ കാരണമെന്നു ആരും സമ്മതിക്കുന്നതല്ല. ഈ കാര്യത്തിൽ വേണ്ടുന്ന പരിഷ്കാരം ചെയ്‌വാൻ സമയം അധികരിച്ചിരിക്കുന്നു.'*

*–മിതവാദി 1914 മെയ്*

നമ്പൂതിരിമാർക്കിടയിലെ കെട്ടുപിണഞ്ഞു കിടക്കുന്ന ആചാര രീതികളെ തുറന്നുകാണിക്കുന്ന ലേഖനങ്ങളും വാർത്തകളും അന്ന് 'മിതവാദി'യിൽ പ്രത്യക്ഷപ്പെട്ടിരുന്നു. നമ്പൂതിരി സമുദായത്തിലെ യുവാക്കൾ നടത്തിയ വിപ്ലവകരമായ മുന്നേറ്റത്തിലൊന്ന് പൂണൂൽ ബഹിഷ്കരണമായിരുന്നു. ഇതേ കുറിച്ച് 'മിതവാദി'യിൽ പലപ്പോഴും വാർത്തകൾ വന്നു. 1930 ൽ ബഹിഷ്കരണാഹ്വാനം നടത്തി മിതവാദി ലേഖനം തന്നെ കൊടുത്തു. കോട്ടയ്ക്കൽ കൃഷ്ണൻ നമ്പൂതിരി എഴുതിയ ഈ ലേഖനം എടുത്തു പ്രസിദ്ധീകരിക്കാൻ 'മലയാള മനോരമ'യും തയ്യാറായി. 1930 ഫെബ്രുവരി 17-ന് ഇറങ്ങിയ 'മലയാള മനോരമ'യുടെ സമുദായ പംക്തിയിലായിരുന്നു പൂണൂൽ ബഹിഷ്കരണം എന്ന ഈ ലേഖനം. ലേഖനത്തിനൊടുവിൽ 'മിതവാദി' എന്നെഴുതി കടപ്പാട് രേഖപ്പെടുത്താനും 'മനോരമ' മടികാണിച്ചില്ല. സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ പ്രഖ്യാപിതമല്ലെങ്കിലും സദുദ്ദേശ്യപരമായ ഒരു സഹകരണം ചില ഘട്ടങ്ങളിൽ പത്രങ്ങൾ കാണിച്ചിരുന്നുവെന്നതാണ് ഇതുവ്യക്തമാക്കുന്നത്. 'മിതവാദി'യും പിന്നീട് 'മനോരമ'യും പ്രിസിദ്ധീകരിച്ച ആ ലേഖനം ഇങ്ങനെയാണ്:

*'നമ്പൂതിരിമാരുടെ അധപ്പതനത്തിന് അനർത്ഥകരമായ അദൃഷ്ഠവിശ്വാസമാണ് ആന്തരമായ കാരണമെന്ന് അവരിൽ ചിന്തകന്മാരായ ചിലർ ഇപ്പോൾ അഭിപ്രായപ്പെട്ടുതുടങ്ങിയിട്ടുണ്ട്. .....നമ്പൂതിരിമാരുടെ അധപതനത്തിന് കാരണമായ മാമൂൽകോട്ടകളെല്ലാം അടിച്ചുടച്ചുകളയണം. അവരുടെ ബാഹ്യവും അന്തരവുമായ അഭിവൃദ്ധിയെ തടയുന്ന ഇന്നത്തെ അവസാനമില്ലാത്ത മതഗോഷ്ഠികൾ നിശ്ശേഷം ചവിട്ടു ഉരച്ചുകളയണം. മനുഷ്യാദർശം മാത്രമായിരിക്കണം ഒരോ നമ്പൂതിരിയുടെയും പരമലക്ഷ്യം. ...ഹിന്ദുമതത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ പടർന്നുപിടിച്ചിട്ടുള്ള ആചാരവിഷവല്ലികളെ വിപ്ലവാഹ്നിയാൽ ദഹിപ്പിക്കാമെങ്കിൽ മാത്രമേ നമ്പൂതിരിമാർക്ക് അഭിവൃദ്ധി കൈവരികയുള്ളൂ. ഈ വിപ്ലവം ഇന്ത്യയിലെ ബ്രാഹ്മണവർഗം മുഴുൻ ഇളകിമറിയുന്ന ഒന്നായിരിക്കണം. ജാതി, ക്ഷേത്രം, മതം എന്നിവ*

*ഇടിഞ്ഞുപൊളിഞ്ഞു വീഴത്തക്ക ഒരു വിപ്ലവമാണ് നമ്പൂതിരി മാർ രൂപവൽക്കരിക്കേണ്ടത്.'*

*–മലയാള മനോരമ, 1930 ഫെബ്രുവരി 17*

ക്ഷേത്രപ്രവേശന കാര്യത്തിൽ മാത്രമല്ല, പൊതു സമൂഹത്തിലെ മറ്റിടങ്ങളിലും കീഴ്ജാതിക്കാർക്കുനേരിടേണ്ടിവരുന്ന അസമത്വത്തെ കുറിച്ചും നവോത്ഥാനാഭിമുഖ്യമുള്ള പത്രങ്ങൾ വാർത്തകളും മുഖപ്ര സംഗങ്ങളും എഴുതി. സർക്കാറിനെ നിശിതമായി വിമർശിക്കുമ്പോഴും സാമൂഹിക നവോത്ഥാന്റെ ഭാഗമായി സർക്കാർ സ്വീകരിക്കുന്ന നടപ ടികളെ പിന്തുണക്കാൻ തയ്യാറായി 'കേസരി' നൽകിയ വാർത്തകൾ, അക്കാലത്തെ പത്രങ്ങൾ വിഷയാധിഷ്ഠിതമായി കാര്യങ്ങൾ കൈകാര്യം ചെയ്തുവെന്നതിന്റെ തെളിവാണ്. സ്കൂളുകളിൽ അധഃകൃ തർക്ക് പ്രവേശനം നൽകിയില്ലെങ്കിൽ ഗ്രാന്റ് നിഷേധിക്കുമെന്ന തിരു വിതാംകൂർ സർക്കാറിന്റെ പ്രഖ്യാപനത്തെ അഭിനന്ദിച്ചു നൽകിയ വാർത്ത ഇതിന് ഒരു ഉദാഹരണം മാത്രമാണ്. പരിഷ്കരണത്തിനുത കുന്ന പുതിയ തീരുമാനങ്ങളെടുക്കാൻ സർക്കാരിനെ പ്രേരിപ്പിക്കുന്ന തിനൊപ്പം, പിന്തിരിപ്പന്മാർക്കെതിരെ സമൂഹ മനസ്സാക്ഷിയെ ഉണർത്തി നിർത്താനും ഇത്തരം വാർത്തകളിലൂടെ സാധിച്ചു.

അനാചാരങ്ങൾ, സമുദായ പരിഷ്കരണങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങളിലെല്ലാം വ്യക്തമായ നിലപാട് സ്വീകരിച്ചായിരുന്നു കേസരി വാർത്തകൾ നല്കിയത്. അത് ഹിന്ദുക്കളിൽ മാത്രമല്ല, മുസ്ലീം സമു ദായത്തിലെ പ്രശ്നങ്ങളിലേക്കും കടന്നുചെന്നുള്ളതായിരുന്നു. 'സമു ദായ പരിഷ്കരണം' എന്ന തലക്കെട്ടിൽ 1930 നവംബർ 12ന് കേസരി യിൽ നൽകിയ വാർത്ത നോക്കാം:

*'മലബാറിലെ നമ്പൂതിരിമാരുടെ ഇടയിലുള്ള അധിവേദനം നിറു ത്തൽ ചെയ്യുവാൻ ഉദ്ദേശിച്ച് മലബാറിലെ നിയമസഭാ മെംബർ മി കെ പി രാമൻ മേനോൻ മദ്രാസിലെ നിയമസഭയിലേക്ക് ഒരു പ്രമേയം അയച്ചിരിക്കുന്നതുകണ്ട് ഞങ്ങൾ സന്തോഷിക്കുന്നു. നമ്പൂതിരി യുവജനങ്ങളുടെ ഈ പ്രശംസനീയമായ സമുദായ പരിഷ്കരണ ശ്രമങ്ങളെ ഇതു സാരമായി സഹായിക്കുന്നതാ ണ്. മി. രാമൻ മേനോൻ നശിച്ച മരുമക്കത്തായ സമ്പ്രദായം നായന്മാരുടെ ഇടയിൽനിന്നു ഉന്മൂലനം ചെയ്യുവാൻകൂടി ശ്രമി ക്കേണ്ടതാണ്. പ്രകൃതി വിരുദ്ധമായ ഈ സമ്പ്രദായം കൊച്ചി യിലും തിരുവിതാംകൂറിലും നശിച്ചുതുടങ്ങിയിരിക്കുന്നു. മല*

*ബാറിൽ മാത്രം അതിനെ നിലനിറുത്തിക്കൊണ്ടുപോകേണ്ട ആവശ്യമെന്താണെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. ഇതു പേക്ഷിക്കുന്നതായാൽ മാത്രമേ മലബാറിലെ നായന്മാർക്കു ഗുണം പിടിക്കുകയുള്ളൂ എന്നാണ് ഞങ്ങൾ വിചാരിക്കുന്നത്.'*

ഹിന്ദുമതവിഭാഗത്തിൽ നടക്കുന്ന നവോത്ഥാന പ്രവർത്തനങ്ങളോ അവരെ സ്വാധീനിക്കുന്ന മറ്റ് ഘടകങ്ങളോ മാത്രമായിരുന്നില്ല'കേസരി' യുടെ വാർത്താലോകം. മുസ്‌ലീം സമുദായത്തിലെ പ്രശ്നങ്ങളും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനെ കുറിച്ചും നിരവധി വാർത്തകൾ കേസരി നൽകി. 1930 ഡിസംബർ 10ന് ഖാസി ബില്ലിനെ കുറിച്ച് കേസരി ഇങ്ങനെ എഴുതി:

*'മുസ്ലീം സമുദായത്തിന്റെ മേൽഗതിക്കു തടസ്സമായിരിക്കുന്ന പല അഴിമതികളും അവരുടെ മതകർമ്മങ്ങൾ നടത്തുന്ന വിഷയത്തിൽ നടന്നുവരുന്നുണ്ട്. ഇതിനു പരിഹാരമായിട്ടാണ് മി. മഹമ്മദ് റാവുത്തർ മുസ്ലീം സമുദായത്തിന്റെ മതപരമായ ചടങ്ങുകളെ പരിപാലിച്ചുപോരുന്ന ഖാസിമാരെ ചില വ്യവസ്ഥിത മാർഗങ്ങളിലൂടെ നിയന്ത്രിക്കുന്നതിനുപകരിക്കുന്ന ഖാസി ബിൽ തിരുവിതാംകൂർ നിയമസഭയിൽ അവതരിപ്പിക്കുവാൻ അനുവാദം ചോദിച്ചിട്ടുള്ളത്. ഈ ബില്ല് അത്യാവശ്യമാണെന്നാണു ഞങ്ങൾ വിചാരിക്കുന്നത്. ഇതിനു ഭൂരിപക്ഷം മുസ്ലീമുങ്ങളും അനുകൂലിക്കുന്നുണ്ടെന്നും അവരുടെ പല പൊതുയോഗങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്.'*

1926ൽ തിരുവനന്തപുരത്തുനിന്ന് ആഴ്ചയിലൊന്നെന്ന കണക്കിൽ പ്രസിദ്ധീകരിച്ചതായിരുന്നു 'നവശക്തി'. കെജി നായരും, ടികെ വേലായുധൻപിള്ളയും പത്രാധിപരായിരുന്ന നവശക്തി, അന്നത്തെ സാമൂഹിക ഘടന പൊളിച്ചെഴുതുന്നതിനുള്ള നിരന്തരാഹ്വാനങ്ങൾ നൽകിയ ഒന്നായിരുന്നു. വിശദമായ ലേഖനങ്ങളും സമൂഹത്തിൽ നടക്കുന്ന വിവിധ നവോത്ഥാന പ്രവർത്തനങ്ങളെ കുറിച്ചുള്ള വിശദ റിപ്പോർട്ടുകളും നവശക്തി നല്കിക്കൊണ്ടിരുന്നു. *മനുഷ്യസമത്വമഹാസഭ പ്രവർത്തനോദ്യമ സമ്മേളനം* എന്ന തലക്കെട്ടിൽ നൽകിയ വിശദമായ ഒരു വാർത്തയുടെ തുടക്കം ഇങ്ങനെ:

*'ജാതിമത മത്സരങ്ങൾ, അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ എന്നിവ മൂലം മനുഷ്യസമുദായത്തിനുണ്ടായിട്ടുള്ള പല അവശ*

*കതകളെയും പരിഹരിച്ച് രാജ്യക്ഷേമവും ജനാഭിവൃദ്ധിയും വളർത്തുന്നതിന് വേണ്ടി മനുഷ്യസമത്വപ്രസ്ഥാനമനുസരിച്ച് രൂപവത്കരിച്ചിരിക്കുന്ന മനുഷ്യസമത്വമഹാസഭയുടെ പ്രവർത്തനോദ്യമ സമ്മേളനം ഇന്നു പകൽ രണ്ടുമണിക്ക് ചെങ്ങന്നൂർ ഇംഗ്ലീഷ്മിഡിൽ സ്കൂൾ ഹാളിൽവച്ച് ശ്രീമാൻ കെ നാരായണക്കുരുക്കൾ അവർകൾ ബിഎയുടെ അധ്യക്ഷതയിൽ വളരെ ഭംഗിയായി നടന്നിരിക്കുന്നു.'*

അയിത്താചരണത്തെ പരിഹസരിച്ചുകൊണ്ടും ഇത്തരം കാര്യങ്ങൾവെടിഞ്ഞ് പരിഷ്കരണപാതയിലൂടെ സഞ്ചരിക്കാൻ ആഹ്വാനം ചെയ്യുന്നതിൽ 'വിദ്യാവിനോദിനി' വഹിച്ച പങ്കും വളരെ വലുതായിരുന്നു. നിരവധി ലേഖനങ്ങൾ ഇതനുസരിച്ച് വിദ്യാവിനോദിനി നൽകുകയുണ്ടായി. 'ജാതിഭ്രഷ്ട്' എന്ന തലക്കെട്ടിൽ വിദ്യാവിനോദിനിയിൽ ടികെ നാരായണൻ മേനോൻ എഴുതിയ ഒരു ലേഖനം ഇതിന് ഉദാഹരണമായി ചൂണ്ടിക്കാട്ടാം:

*'കൊച്ചിയിൽ ചത്തവന്റെ പുല കോഴിക്കോട്ടേക്ക്, എന്നു വേണ്ട, ഹിമഗിരിയുടെ കൊടുമുടിയിലേക്കും, നിഷ്പ്രയാസേന എത്തും. ഇതുപോലെത്തന്നെയാകുന്നു പെറ്റപുലയുടെയും ശീഘ്രഗതി. ഒരുത്തൻ ജനിക്കുന്നതിനാലും മരിക്കുന്നതിനാലും ഉണ്ടാകുന്ന അശുദ്ധി, അങ്ങിനെ ഉണ്ടെങ്കിൽതന്നെ, തൽക്കാലം സംബന്ധം യാതൊന്നും ഇല്ലാത്ത അന്യനെ ബാധിക്കുന്നതിനുള്ള കാരണം യുക്തിക്കു വളരെ അനുസരിക്കുന്നതായി കാണുന്നില്ല. എന്തുകൊണ്ടെന്നാൽ, രോഗം ഹേതുവായിട്ടു വ്യാപിച്ച ദുർവ്വായുക്കളുടെ സ്പർശം മരിക്കാൻ കിടക്കുന്ന ആളുടെ അടുക്കലുള്ളവരെയല്ലാതെ മറ്റുള്ളവരെ ബാധിക്കുമെന്ന് തോന്നുന്നില്ല. അശുദ്ധമായ വ്സതുവിനോട് സമ്പർക്കത്തിനിടവന്നാൽ ശരീരം ശുചിയാക്കേണ്ടത് അത്യാവശ്യം തന്നെ. പക്ഷെ മലിനത തട്ടിയവർ മാത്രം ശുദ്ധമായാൽ പോരെ എന്നാണ് സംശയം. അതുകൂടാതെ മരിച്ചവന്റെ സംബന്ധികളായി അഞ്ചുലക്ഷം ആളുകളുണ്ടെങ്കിൽ, അവരെല്ലാം പത്തുംപതിനഞ്ചും ദിവസം വീതം അശുദ്ധം ആചരിക്കണമെന്നു പറയുന്നതിന്റെ ഉദ്ദേശം എന്താകുന്നു? ഇതിലും വിശേഷിച്ച് വല്ല കാരണത്താലും തൽക്കാലം അറിയാൻ കഴി*

*യാത്ത ഒരുത്തൻ പുലയും പതിനാറും കഴിഞ്ഞതിന് ശേഷമാണ് പുല അറിഞ്ഞതെങ്കിൽ, അറിഞ്ഞ നിമിഷം മുതൽ ഇവൻ ഏക ൻ മാത്രം അവധിപ്രകാരം പുല ആചരിച്ചില്ലെങ്കിൽ ഭ്രഷ്ടനാകുന്നതാണത്രെ. പുലയുടെ സാരം വ്യസനം ഭാവിച്ചിരിക്കുകയാണെന്നാകിൽ, അതുള്ളവർ മാത്രം പോരെ? അതല്ലെങ്കിൽ സായ്പിന്മാരുടെ മാതിരി വല്ല അടയാളം കെട്ടിയാൽ പോരെ? അതുതന്നെ വ്യസനമുള്ളവർ പോരെ? അതും വല്ലതുമാകട്ടെ. വളരെ നാൾ ദീക്ഷിച്ച്, പാട്ടും കൂത്തും നേർന്ന് ശിശു ജനിക്കുന്നതിനാൽ ആചരിക്കുന്ന പുലയും വ്യസനത്തെയാണോ സൂചിപ്പിക്കുന്നത്? അത് സന്തോഷസൂചകമാണെങ്കിൽ അശുദ്ധി അമംഗളമല്ലേ?'*

*–വിദ്യാവിനോദിനി, പുസ്തകം 20*

## മിശ്രഭോജനം, മിശ്രവിവാഹം, വിധവാവിവാഹം

സമുദായ പരിഷ്കരണം, അയിത്തോച്ചാടനം പോലെയുള്ള പരിഷ്കരണ പ്രവർത്തനങ്ങളിൽ ചേർത്തുവെക്കേണ്ടവയാണ് മിശ്രഭോജനം, മിശ്രവിവാഹം തുടങ്ങിയ സംഭവങ്ങൾ. ആചാര പരിഷ്കരണങ്ങൾക്കൊപ്പം ജാതിവൈജാത്യങ്ങൾ ഇല്ലാതാക്കാൻ നടത്തിയ വിപ്ലവകരമായ നടപടികളായിരുന്നു ഇവരണ്ടും. സംഘടിതമായും ഒറ്റതിരിഞ്ഞും നടന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യം നൽകുകയും അത് മുഖ്യധാരയിലെത്തിക്കുകയും ചെയ്തതിൽ അന്ന് പത്രങ്ങൾ വലിയ ഇടപെടലുകൾ നടത്തി. വിവേകോദയം പത്രാധിപരും എസ് എൻ ഡി പി യോഗം സംഘടനാ സെക്രട്ടറിയുമായിരുന്ന കെ എൻ കുഞ്ഞികൃഷ്ണൻ ബ്രാഹ്മണ യുവതിയെ വിവാഹം ചെയ്ത വാർത്ത 1930 നവംബർ 19ൽ കേസരി നൽകുകയുണ്ടായി. ഒരു മിശ്രവിവാഹം എന്ന തലക്കെട്ടോടുകൂടി തന്നെയായിരുന്നു ആ വാർത്ത പ്രസിദ്ധീകരിച്ചത്.

*'വിവേകോദയം പത്രാധിപരും എസ് എൻ ഡി പി യോഗം സംഘടനാ സെക്രട്ടറിയുമായി മി. കെ എൻ കുഞ്ഞികൃഷ്ണൻ ബി എ അദ്ദേഹത്തിന്റെ വക കാർത്തികപ്പള്ളി മുണ്ടപ്പള്ളി ഗൃഹത്തിൽവെച്ചു സ്വദേശിയായ ഒരു കൊങ്കണബ്രാഹ്മണയുവതിയെ വിവാഹം ചെയ്തിരിക്കുന്നു.'*

*–കേസരി 1930 നവംബർ 19*

കൊച്ചിയിൽനിന്ന് 'സഹോദരൻ' മാസിക ആദ്യലക്കം പുറത്തിറങ്ങിയതുതന്നെ നവോത്ഥാന ലക്ഷ്യം പ്രഖ്യാപിച്ചുകൊണ്ടായിരുന്നു. ആദ്യപേജിൽതന്നെ മാസികയുടെ ഉദ്ദേശലക്ഷ്യങ്ങളെകുറിച്ച് വിശദമായ വിവരണങ്ങളാണ് നൽകിയത്. ആ പ്രസ്താവന ഇങ്ങനെയാണ്:

> *'മഹാത്മാവ് സ്വാമിപാദങ്ങളിലെ ഗൌരവമേറിയ സന്ദേശത്തെ വഹിച്ചുകൊണ്ട് ഇവിടെ 'സഹോദരസംഘം' എന്ന ഒരു പുതിയ സ്ഥാപനം ഏർപ്പെടുത്തിയിട്ടുണ്ട്. ജാതിവ്യത്യാസം ഇല്ലാതാക്കുവാൻ തങ്ങളെക്കൊണ്ടു കഴിയുന്നതൊക്കെ മനപൂർവം പ്രവർത്തിക്കാമെന്നും പ്രതിജ്ഞ ചെയ്യുന്നവരെയാണ് സംഘത്തിൽ അംഗമായി ചേർക്കുന്നത്. ......ശ്രമസാദ്ധ്യമായ ഞങ്ങളുടെ ഈ ഉദ്യമത്തിൽ മഹാജനങ്ങളുടെ ഉദാരമായ അനുകമ്പയെ അഭ്യർത്ഥിച്ചുകൊണ്ട് സഹോദരനെ അവരുടെ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.'*

ആദ്യ ലക്കത്തിൽതന്നെ അതനുസരിച്ചുള്ള വാർത്തകളും ലേഖനങ്ങളും 'സഹോദരനിൽ' പ്രത്യക്ഷപ്പെട്ടു. മിശ്രഭോജനം നടത്തിയതിലൂടെ സമൂഹത്തെ ഇളക്കിമറിച്ച സംഘത്തിന്റെയും അയ്യപ്പന്റെയും പ്രവർത്തനങ്ങളോട് അനുകൂലിച്ചും പ്രതികൂലിച്ചും അന്ന് നടന്നിരുന്ന സംവാദങ്ങളുടെ കൂടി പ്രതിഫലനം മാസികയിലും പ്രകടമായിരുന്നു. മിശ്രഭോജനം എന്ന പേരിൽ സഹോദരനിൽ വന്ന ഒരു ലേഖനം ഇങ്ങനെയാണ്:

> *'മിശ്രഭോജനംകൊണ്ട് ഒരു പ്രയോജനവും ഇല്ലെന്നു ചിലർ വാദിക്കുന്നു. പുലയനും നമ്പൂതിരിയും കൂടിയിരുന്നു പന്തിഭോജനം ചെയ്താൽ പുലയർ ഉയരുകയില്ലെന്നുമാത്രമല്ല നമ്പൂതിരി താഴുകകൂടി ചെയ്യുമെന്നതാണ് അവരുടെ അഭിപ്രായം. നമ്പൂതിരിയെതാഴ്ത്തി പുലയന്റെ നിലയിൽ കൊണ്ടുവരാതെ പുലയനെ ഉയർത്തി നമ്പൂതിരിയുടെ നിലയിലാക്കണമത്രെ. മിശ്രഭോജനമെന്ന് കേൾക്കുമ്പോൾ നെറ്റി ചുളിക്കുന്ന ഈ ഗൂഢാലോചനക്കാർ അതിന്റെ ഉദ്ദേശവും ഉപയോഗവും തീരെ മനസ്സിലാക്കീട്ടില്ല. മിശ്രഭോജനം ചെയ്യുന്നത് അതുകൊണ്ടുമാത്രം ഏതെങ്കിലും വർഗക്കാർക്ക് വിദ്യാഭ്യാസവും ധനവും വർദ്ധിപ്പിച്ചുകളയാമെന്നുവച്ചിട്ടല്ല. ഉയർന്നവരെ താഴ്ത്തി താണവരുടെ സ്ഥിതിയിൽ കൊണ്ടുവരാനും മിശ്രഭോജനക്കാർക്കുദ്ദേശമില്ല. പൊതു*

*വിൽ രാജ്യത്തിന്റെ ക്ഷേമത്തിനുവേണ്ടി, ആർക്കും ഉപദ്രവം ഉണ്ടാകാത്തവിധത്തിൽ ജാതിവ്യത്യാസം ഇല്ലാതാക്കണമെന്നു മാത്രമേ അവർക്ക് ആഗ്രഹമുള്ളൂ.'*

അതുമായി ബന്ധപ്പെട്ട് ഉയർന്ന സംവാദം സമൂഹത്തിൽ പെട്ടൊന്നൊന്നും അവസാനിച്ചിട്ടില്ല. സഹോദരന്റെ തുടർന്നുള്ള ലക്കങ്ങളിലും മറ്റ് പ്രസിദ്ധീകരണങ്ങളിലും മിശ്രഭോജനത്തെയും മിശ്രവിവാഹത്തെയും സ്ത്രീകളുടെ നിലവാരം ഉയർത്തേണ്ടതിനെയും കുറിച്ച് വാർത്തകളും ലേഖനങ്ങളും നിരന്തരം വന്നുകൊണ്ടിരുന്നു. സഹോദരൻ രണ്ടാം ലക്കത്തിലും ഇതുകാണാം. അതോടൊപ്പം കീഴ്ജാതിക്കാരോട് തങ്ങളുടെ അവസ്ഥ സ്വയം തിരിച്ചറിഞ്ഞ് ഉണർന്നുപ്രവർത്തിക്കാനുള്ള ആഹ്വാനവും സഹോദരൻ നൽകി. 'ഉണരുവൻ' എന്ന മറ്റൊരു മുഖലേഖനം കൂടി നൽകി:

*'താണജാതിക്കാരെന്ന് വിചാരിക്കപ്പെട്ടുപോരുന്ന ഞങ്ങളുടെ സഹോദരങ്ങളെ; നമ്മുടെ സ്ഥിതിയെപ്പറ്റി ഒന്ന് ആലോചിച്ചു നോക്കുക. നാം മനുഷ്യരായി ജനിച്ചു എന്നല്ലാതെ നമുക്കു മനുഷ്യസഹജമായ വല്ല സ്വാതന്ത്ര്യവും ഉണ്ടോ? എത്രതന്നെ വിദ്വാന്മാരും പണക്കാരും ഗുണവാന്മാരും ആയാലും നമ്മൾ താണവരത്രെ! നമുക്ക് റോഡിൽ സഞ്ചരിച്ചുകൂടാ, ഉയർന്നവരെന്ന് പറയുന്ന നമ്മെപ്പോലെ തന്നെയുള്ള മനുഷ്യരുടെ അടുത്തു നടന്നുകൂടാ. നാം തൊടുകയോ അടുക്കുകയോ ചെയ്താൽ എല്ലാം അശുദ്ധമായി! നമുക്കുള്ളത്ര അസ്വാതന്ത്ര്യവും അവശതയും ലോകത്തിൽ മറ്റു യാതൊരു മനുഷ്യവർഗത്തിനുമില്ല.'*

സഹോദര സംഘം നടത്തിയ മിശ്രഭോജനത്തെ എതിർത്ത ശക്തികൾ പ്രതികാര നടപടികളും ശക്തമായി സ്വീകരിച്ചിരുന്നു. അതിലൊന്ന് മിശ്രഭോജനത്തിൽ പങ്കെടുത്തവരെ ഊരു വിലക്കുകയെന്നതായിരുന്നു. അതേസമയം ഇത്തരം കാര്യങ്ങൾ വാർത്തയാക്കുന്നതിലും സഹോദരനും മറ്റുപ്രസിദ്ധീകരണങ്ങളും വലിയ പ്രാധാന്യം നൽകി. സഹോദരന്റെ രണ്ടാം ലക്കത്തിൽ തന്നെ 'മിശ്രഭോജനവഴക്ക്' എന്ന പേരിൽ വിശദമായ ലേഖനം ഇതുസംബന്ധിച്ച് നൽകി:

*'ഇവിടെ 'സഹോദരസംഘ' ത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന മിശ്രഭോജനത്തിൽ ഉൾപ്പെട്ട ഏതാനും ചിലരെ സ്ഥലത്തെ*

*'വിജ്ഞാനവർധിനി' സഭയിൽനിന്ന് തല്കാലത്തേക്ക് മാറ്റിയിരിക്കുന്നതായി ഒരു വിജ്ഞാപനം സഭാ കമ്മറ്റിക്കാർ പുറപ്പെടുവിച്ചിരിക്കുന്നു. സഭയ്ക്കും ആക്ഷേപകരവും സമുദായത്തിന്റെ ഉദ്ദേശങ്ങൾക്ക് തീരെ വിപരീതവും ആയ ഈ മാതിരി വിജ്ഞാപനം ഞങ്ങൾ ഏറ്റവും ബഹുമാനിക്കുന്ന ആ പരിഷ്കൃതമായ വിജ്ഞാനവർദ്ധിനിയിൽനിന്നും പുറപ്പെട്ടു എന്നു കാണുന്നതിൽ അതിശയിക്കുന്നു. കഥയില്ലാത്തവാശിയും വഴക്കും പിടിച്ചു തല മറന്ന് എണ്ണതെക്കാതിരിക്കുന്നത് നന്ന്.'*

സഹോദരനൊപ്പം ഇക്കാര്യത്തിൽ ശക്തമായി നിലയുറപ്പിച്ചവരായിരുന്നു 'മിതവാദി. മിശ്രഭോജനത്തെപ്പറ്റി മിതവാദി ഇങ്ങനെ രേഖപ്പെടുത്തി:

*'....ഹിന്തുമതം വിവേകാനന്ദസ്വാമി പറയുന്നതുപോലെ എന്നെ തൊടല്ലെ എന്റെ അടുക്കൽ വരല്ലെ എന്നായിത്തീർന്നിരിക്കുന്നു. ആ സ്ഥിതി മാറിയാലല്ലാതെ നമുക്ക് ഒരുമയും ഉയർച്ചയും ഉണ്ടാവുകയില്ലെന്നു പല മഹാന്മാരും അഭിപ്രായപ്പെട്ടിരുന്നു. പുലയരുമായി ഭക്ഷണം കഴിക്കുന്നതിൽ യാതൊരു തെറ്റും ഇല്ലെന്നാണ് ഞങ്ങളുടെ പൂർണ വിശ്വാസം. യോഗ്യന്മാർക്കു തീവണ്ടി ആഫീസുകളിൽ വെച്ചു പറയരുടെ ചോറ് ഉണ്ണാമെങ്കിൽ മറ്റുള്ളവർക്കു പുലയരുടെ ചോറ് ഉണ്ണാൻ പാടില്ലെന്ന് പറയുന്നതിൽ യാതൊരു ന്യായവും യുക്തിയും ഇല്ല...'*

അതേസമയം 'സത്യനാദം' ഈ പ്രശ്നം കൈകാര്യം ചെയ്ത് ദീർഘമായ സരസ ലേഖനം തന്നെ പ്രസിദ്ധീകരിച്ചു. അതിങ്ങനെയാണ്:

*'ഹിന്ദുമത സിദ്ധാന്തങ്ങൾ ജാതിസ്പർദ്ധയും സമസൃഷ്ടിസ്നേഹമില്ലായ്മയും പ്രദർശിപ്പിക്കുന്നതിനു ആരേയും നിർബന്ധിക്കുന്നില്ല. ഈ ഇരുപതാം നൂറ്റാണ്ടിൽ സാധുക്കളായ പുലയരുടെ ഗുണകാംക്ഷികളെ പുച്ഛിക്കുന്നവരുടെ ലോകപരിചയമില്ലായ്മയെപറ്റി വ്യസനിപ്പാതിരിപ്പാൻ നിവർത്തിയില്ല. രാജ്യനന്മയെ ഉദ്ദേശിച്ച് പുലയരെ സമനിലയിൽ കൊണ്ടുവരാൻ ശ്രമിക്കുന്ന സഹോദരസംഘം സർവോല്ക്കർഷേണ വർത്തിക്കട്ടെ.'*

## മതംമാറ്റവും ആനുകാലികങ്ങളും

ജാതിവിവേചനം രൂക്ഷമായ സാഹചര്യത്തിൽ അതിൽനിന്ന് മോചനം നേടുന്നതിനായി കീഴ്ജാതിക്കാർ അക്കാലത്ത് സ്വീകരിച്ച രീതി കൂട്ടത്തോടെ മതം മാറുകയെന്നതായിരുന്നു. തെക്കൻ കേരളത്തിൽ ഇങ്ങനെ നിരവധി പേർ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തു. വിവേചനം അവസാനിച്ചുകിട്ടാനും പൊതുധാരയിൽ ഉയർന്നു നിൽക്കാനുമുള്ള മാർഗം എന്ന നിലയിലായിരുന്നു ഈ പരിവർത്തനങ്ങളെല്ലാം. ചിലയിടങ്ങളിൽ ഒറ്റപ്പെട്ട രീതിയിലും മറ്റിടങ്ങളിൽ കൂട്ടത്തോടെയും നടന്ന ഇത്തരം മതപരിവർത്തനങ്ങളും അന്ന് പത്രങ്ങൾ പ്രാധാന്യത്തോടെ നൽകി. മതത്തിൽനിന്ന് മതത്തിലേക്കുള്ള കൂടുമാറ്റത്തിനപ്പുറം അധകൃതനെന്ന നിലയിൽനിന്ന് മാറിനിൽക്കാനുള്ള കീഴ്ജാതിക്കാരന്റെ ആഗ്രഹമായിരുന്നു ഇതിൽ പ്രകടമായത്. 'സഹോദര'നിൽ പ്രസിദ്ധീകരിച്ച ഇത്തരം ഒരു സംഭവം ഇങ്ങനെ:

> *'മുളവുകാട്ട് പുലയസമാജം സെക്രട്ടെറി മിസ്റ്റർ കൃഷ്ണേതി ഉദ്ദേശം നൂറിൽപരം പുലയരോടുകൂടി ക്രിസ്തുമതത്തിൽ ചേർന്നതായി കേൾക്കുന്നു. ആ സാധുക്കൾ തങ്ങളെ മൃഗങ്ങളെക്കാൾ നികൃഷ്ടരായി കരുതുന്ന സ്വന്തമതത്തിൽനിന്നും ഓടി തങ്ങളെ സഹോദരഭാവത്തിൽ സ്വീകരിക്കുന്ന വേറൊരു മതത്തിൽ അഭയം പ്രാപിച്ചതിൽ അതിശയിക്കാനില്ല. ഈഴവ സമാജം പ്രസിഡന്റ് ശ്രീമാൻ ബോധാനന്ദസ്വാമികൾ മിസ്റ്റർ കൃഷ്ണേതിയോടു ഈ കാര്യത്തെപ്പറ്റി സംസാരിച്ചപ്പോൾ ഇരുപതുകൊല്ലത്തോളം ഈഴവർ പടിച്ചപണി പതിനെട്ടു കഴിച്ചിട്ടും വാസ്തവത്തിൽ ഒരടി മുന്നോട്ടുവയ്ക്കുവാൻ സാധിച്ചിട്ടില്ലാത്തസ്ഥിതിക്കു ഹിന്തുമതത്തിൽ ഇരുന്നുകൊണ്ടു ഉയരുന്നകാര്യത്തിൽ പുലയർ തീരെ നിരാശരായിരിക്കുന്നു എന്നു ആ പുലയപ്രമാണി പറഞ്ഞുവത്രെ. അധഃപതിച്ച് നിഷ്ഠുരമായ ഹിന്തുമതെ! നിന്നിൽ വിശ്വസിച്ചു "റോട്ടിൽ നടക്കുവാൻ അനുവദിക്കണെ" എന്ന് യാചിക്കുന്നവരോടു മറുപടി പറയാനും കൂടി നീ ശ്രദ്ധിക്കുന്നില്ലല്ലോ.'*

## മുസ്ലീം സമുദായ പരിഷ്കരണവും മാധ്യമങ്ങളും

ഹിന്ദുമതത്തിൽ മാത്രം ഒതുങ്ങിയതായിരുന്നില്ല അന്നത്തെ പരിഷ്കരണ പ്രവർത്തനങ്ങൾ. മുഹമ്മദ് അബ്ദുറഹ്മാനെയും വക്കം മൗല

വിയെയും പോലുള്ളവർ നടത്തിയ ഇടപെടലുകൾ മുസ്‌ലീം സമുദായത്തിൽ വലിയ മാറ്റം സൃഷ്ടിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ പ്രശ്നങ്ങളെയും അന്ന് പത്രങ്ങളും മറ്റു പ്രസിദ്ധീകരങ്ങളും അവയുടെ മുഖ്യവിഷയമായി തന്നെ കൈകാര്യം ചെയ്തു. എങ്കിലും മുസ്‌ലീം സമുദായത്തിനുള്ളിൽ സ്വാധീനം ചെലുത്തുകയെന്ന ലക്ഷ്യത്തോടെ ഇതിനെ മുന്നിൽനിന്ന് നയിച്ചത് 'അൽ-അമിൻ', 'അൽ-ഇസ്‌ലാം' തുടങ്ങിയ പ്രസിദ്ധീകരണങ്ങളായിരുന്നു. ഇവയിൽ വരുന്ന ലേഖനങ്ങൾ പുനഃപ്രസിദ്ധീകരിച്ച് മറ്റു പത്രങ്ങളും ഇതര സമുദായങ്ങളിലെ നവോത്ഥാന ശ്രമങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. മുസ്‌ലീം മത പരിഷ്കരണത്തിനായി 'ഇസ്‌ലാം മത സംഗ്രഹം' എന്ന പേരിൽ ലേഖനങ്ങൾ നല്കുകയാണ് സഹോദരൻ ചെയ്തത്. അൽ-ഇസ്‌ലാമിൽ വന്ന സ്വഭാവ സംസ്കരണം എന്ന ലേഖനം 'സഹോദരൻ' പുനഃപ്രസിദ്ധീകരിക്കുകയുണ്ടായി. അതിങ്ങനെയാണ്:

> *'ഇസ്‌ലാം മതത്തിന്റെ പ്രധാന ഉദ്ദേശങ്ങളിൽ ഒന്നാണ് സ്വഭാവ സംസ്കരണം. എന്നല്ല, 'സൽഗുണങ്ങളെ പൂർത്തീകരിക്കുന്നതിനായിട്ടത്രെ ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്." എന്നു നബി (സ) അരുളിചെയ്തിരിക്കുന്നതു നോക്കിയാൽ ദീനിന്റെ (ഇസ്‌ലാം മതത്തിന്റെ) പൊതുവായ ഉദ്ദേശ്യം തന്നെ സ്വഭാവ സംസ്കരണമാണെന്നു കാണാവുന്നതാണ്.'*

## അന്ധവിശ്വാസങ്ങളും അനാചാരങ്ങളും

സാമൂഹിക പരിഷ്കരണത്തിന്റെ ഭാഗം തന്നെയായിരുന്നു അന്ധവിശ്വാസത്തിനെതിരായി നടന്ന പ്രചാരണങ്ങളും അനാചാരങ്ങൾ നിർത്തലാക്കാൻ നടത്തിയ ബോധവത്കരണ ശ്രമങ്ങളും. ഇതിൽ ഏറ്റവും ശ്രദ്ധേയമായത് തിരുവിതാംകൂർ രാജാവ് അനുഷ്ഠിച്ചുവന്ന മുറജപത്തെ കുറിച്ചുള്ള വാർത്തകളാണ്. രാജ്യങ്ങൾ കീഴ്പ്പെടുത്താനുള്ള യുദ്ധത്തിനിടയിൽ നടത്തുന്ന കൊലപാതകങ്ങളുടെയും മറ്റ് ഹിംസകളുടെയും ദോഷം തീർക്കാനായി മാർത്താണ്ഡവർമയുടെ കാലം മുതൽ തിരുവിതാംകൂർ രാജക്കാന്മാർ അനുഷ്ഠിച്ചുവന്ന ആചാരമാണ് മുറജപം. പല ഭാഗങ്ങളിൽനിന്നായി പ്രത്യേകം ക്ഷണിച്ചെത്തുന്ന നമ്പൂതിരിമാർ കഴുത്തറ്റം വെള്ളത്തിലിറങ്ങി നടത്തിവന്ന പ്രത്യേക ചടങ്ങായിരുന്നു അത്. ആറു വർഷം കൂടുമ്പോഴായിരുന്നു ഈ പാപപരിഹാരക്രിയ. ആയിരക്കണക്കിന് നമ്പൂതിരിമാർക്ക് 56 ദിവസം വിശിഷ്ട്യഭോജ്യങ്ങൾ നൽകി തൃപ്തിപ്പെടുത്തുന്നതായിരുന്നു

ഇതിലെ ചെലവേറിയ ചടങ്ങുകളിലൊന്ന്. നികുതിപ്പണം ഉപയോഗിച്ച് നമ്പൂതിരിമാർക്കുമാത്രമായി രാജാവ് നടത്തുന്ന ഈ ചടങ്ങിനെതിരെ തിരുവിതാംകൂറിൽ വലിയ തോതിലുള്ള അമർഷം ഉയർന്നുവന്നു. ഇത് നിർത്തലാക്കണമെന്നതായിരുന്നു പൊതുജനങ്ങളിൽ അന്നുണ്ടായ ശക്തമായ വികാരം. അക്കാര്യം അരക്കിട്ടുറപ്പിക്കുന്നതിനും മുറജപത്തിനെതിരായ ജനകീയ വികാരം ഉയർത്തിക്കൊണ്ടുവരുന്നതിനും പത്രങ്ങൾ വലിയ പങ്കുവഹിക്കുകയുണ്ടായി. സമദർശി, കേരള കൗമുദി, കേസരി, സഹോദരൻ, മാതൃഭൂമി തുടങ്ങിയ പത്രങ്ങളെല്ലാം തന്നെ മുറജപത്തിനും തിരുവിതാംകൂർ രാജാവിന്റെ ധൂർത്തിനെതിരെയും ശക്തമായ നിലപാടുകളാണെടുത്തത്.

മുറജപാചരണ സമയത്ത് തിരുവനന്തപുരത്തെ വലിയകോയിക്കൽ, ശംഖുമുഖം, നൈതാശ്ശേരിമഠം, മിത്രാനന്ദപുരം, ശ്രീകണ്ഠേശ്വരം എന്നിവടങ്ങളിൽ 16 വലിയ പുരകളാണ് നമ്പൂതിരമാർക്ക് താമസിക്കാൻ മാത്രമായി കെട്ടിപ്പൊക്കിയത്. ഓരോ നെടുമ്പുരയിലും 150–160 പേർക്ക് കിടക്കാനുള്ള കട്ടിലും അനുബന്ധ സാമഗ്രികളും സജ്ജമാക്കും. 100 പറ അരികൊണ്ടുള്ള ചോറും  കെങ്കേമമായ സദ്യയും ഇവർക്കായി ഒരുക്കും. ഇത്തരം കാര്യങ്ങൾക്കു പുറമെ നമ്പൂതിരിമാരെ ക്ഷണിച്ചുകൊണ്ടുവരാനായി നടത്തുന്ന ചടങ്ങും ചെലവേറിയതായിരുന്നു. ഇത്തരം ചെലവുകൾ നേരിട്ട് കണ്ടുകൊണ്ടിരുന്ന സാധാരണക്കാരിലേക്ക് പത്രങ്ങളുടെ ഇടപെടൽ പ്രതിഷേധം ശക്തിപ്പെടുത്താനുള്ള വലിയ സഹായമായി മാറി.  തിരുവിതാംകൂറിലെ പത്രങ്ങൾ മാത്രമല്ല ഈ നികൃഷ്ടാചാരത്തിനെതിരായി നിലകൊണ്ടത് എന്നതാണ് മാതൃഭൂമിയുടെ ഇടപെടലിലൂടെ വ്യക്തമാകുന്നത്. എങ്കിലും നിരവധി വർഷങ്ങളെടുത്തുമാത്രമേ മുറജപം നിർത്താനുള്ള പോരാട്ടം വിജയത്തിലെത്തിക്കാനായുള്ളൂ.

വൈക്കം സത്യാഗ്രഹത്തിന് മുമ്പ് മുറജപത്തിന്റെ ചിട്ടവട്ടങ്ങൾ വളരെ കർശനമായാണ് പാലിച്ചുപോന്നിരുന്നത്. തിരുവിതാകൂർ രാജാവിന്റെ അധികാരവും രാജകുടുംബവുമായി ബന്ധപ്പെട്ടുകിടക്കുന്നവർക്ക് ലഭിച്ചിരുന്ന സവിശേഷാധികാരവും മുറജപകാലത്ത് കീഴ്ജാതിക്കാരെ മറ്റു ജോലികളെടുക്കുന്നതിന് പോലും തടസ്സപ്പെടുത്തി. ഒരിക്കൽ മുറജപ നടത്തിപ്പിന്റെ പ്രത്യേക ഉദ്യോഗസ്ഥൻ കൂടിയായിരുന്ന ജില്ലാ മജിസ്ട്രേറ്റ് സി ഗോവിന്ദപ്പിള്ള, കോടതിയിൽ ഹാജരായ കീഴ്ജാതിക്കാരനായ വക്കീൽ പി എൻ മാധവനെ അയിത്തത്തിന്റെ പേരിൽ കോടതിയിൽനിന്ന് പുറത്താക്കുന്ന സന്ദർഭം വരെയുണ്ടായി. കോട

തിയിൽ ഹാജരായ വക്കീലിനെ മജിസ്ട്രേറ്റ് അയിത്തം കൽപ്പിച്ച് പുറത്താക്കിയ ഈ സംഭവം വലിയ ശ്രദ്ധയാകർഷിച്ചു. ടി കെ മാധവന്റെയും കെ ജി കുഞ്ഞുകൃഷ്ണപിള്ളയുടെയും എം ജി കേശവപിള്ളയുടെയും സി കേശവന്റെയുമെല്ലാം നേതൃത്വത്തിൽ വലിയ പ്രക്ഷോഭങ്ങൾ അരങ്ങേറി.

ഈ സംഭവം സി. കേശവൻ വിവരിക്കുന്നത് ഇങ്ങനെയാണ്:

*'99–ാമാണ്ടാണ്. അന്ന് പിഎൻ മാധവൻ വക്കീലാണ്. ബി എൽ പാസായ ഈഴവ വക്കീലന്മാർ തിരുവനന്തപുരത്ത് അന്നു വേറെ ഇല്ല. അക്കൊല്ലം തുലാത്തിൽ മുറജപമായി, പത്മനാഭസ്വാമി ക്ഷേത്രത്തിൽ. പണ്ട്, 925ൽ മാർത്തണ്ഡവർമ്മ തിരുവിതാംകൂർ സംസ്ഥാനം പത്മനാഭന്റെ തൃപ്പടിയിൽ ദാനം ചെയ്യുമ്പോൾ ആറു കൊല്ലം കൂടുമ്പോൾ ഒരുതവണ വീതം 25 മുറജപത്തിന് വ്യവസ്ഥ ചെയ്തിരുന്നുവത്രെ. 150 കൊല്ലംകൊണ്ട് അവസാനിക്കുന്ന ഒരു യജ്ഞത്തിന്. 25 തവണയും, 150 കൊല്ലവും കഴിഞ്ഞിരുന്നുവെങ്കിലും ആ യജ്ഞം 90ലും അവസാനിച്ചില്ല. ഈ 1129–ലും അവസാനിച്ചിട്ടില്ല. വടക്കുകിടക്കുന്ന നമ്പൂതിരിമാരെയെല്ലാം ക്ഷണിച്ചുവരുത്തി, ഒരു മണ്ഡലക്കാലം കുശാലായി സദ്യയും സർവ്വാണിയും കൊടുക്കുന്ന ഒരു കഥയില്ലായ്മ. ഈ അനാചാരത്തിൽ വലിയ പ്രതിഷേധം പൊന്തിവന്ന കാലമായിരുന്നു അത്. ഈഴവരുടെ ക്ഷേത്രപ്രവേശന പ്രക്ഷോഭണത്തിന് ആനുഷംഗികമായി ഇത്തരം പല 'പാർശ്വവാദ'ങ്ങളും ഉത്ഭവിച്ചിരുന്നു. മുറജപക്കാലത്തെ കോട്ടയ്ക്കകം ഒന്നു കാണേണ്ടതു തന്നെ. മലയാളബ്രാഹ്മണരുടെയും പരദേശബ്രാഹ്മണരുടെയും, നായരുടെയും പതാകകൾ കോട്ടയ്ക്കകത്തു പാറിക്കളിക്കുന്ന ഒരു അപൂർവാവസരം. മുറജപക്കട്ടിലും മുറജപക്കുട്ടികളും പഴമൊഴികളാണ്. മുറജപക്കാലത്ത് ഈഴവർക്കും മറ്റും കോട്ടയ്ക്കകത്ത് പ്രവേശനം വിലക്കപ്പെട്ടിരുന്നില്ല. പക്ഷേ, അത്തവണ ഈവരെയും മറ്റും കോട്ടയ്ക്കകത്തു കാലുകുത്താൻ അനുവദിക്കരുതെയെന്നു പട്ടാളത്തിന് വരുതി കൊടുത്തിരിക്കുന്നതായി ഒരു കോട്ട വെടി, അന്നു തിരുവനന്തപുരത്തുനിന്ന് പുറപ്പെട്ടുകൊണ്ടിരിക്കുന്ന സമദർശി മുഴക്കി. കേരള കൗമുദിയും അരിശംകൊണ്ട്, മുറജപത്തിന്റെ ഉത്ഭവവും ചരിത്രവും കഥയില്ലാ*

*യ്മയുമൊക്കെ ചൂണ്ടിക്കാണിച്ച്, അഞ്ചുലക്ഷം രൂപയുടെ പാഴ്ച്ചെലവിനെ വെല്ലുവിളിച്ചു. മുറജപത്തിന് എത്ര ആയിരം 'കോണക'ങ്ങളാണ് വേണ്ടിയിരിക്കുന്നതെന്ന് സർക്കാർ കണക്കുകൾ കൗമുദി ഉദ്ധരിച്ചു. പട്ടാളത്തിന് വരുതികൊടുത്തിട്ടുണ്ടെന്നോ ഇല്ലെന്നോ സർക്കാർ പറഞ്ഞില്ല. ഈ സ്ഥിതിഗതികളിൽ ഭാഗ്യം കെട്ട ഒരീഴവൻ ഭാഗ്യം കെട്ട ഒരു ഈഴവവക്കീലിനെ അത്യാവശ്യമായി കോടതിയിൽ ഹാജരാകുന്നതിന് ഒരു കേസുമായി സമീപിച്ചു. കേസ് പേഷ്കാരുടെ മുമ്പിലാണ്. പേഷ്കാർ സി. ഗോവിന്ദപ്പിള്ളയാണ്–ചീഫ് സെക്രട്ടറിയായിരുന്ന ജി എൻ തമ്പിയുടെ അമ്മാവൻ. സി ഗോവിന്ദപ്പിള്ള ജാതിക്കറ പോയിട്ടില്ലാത്ത ഉദ്യോഗസ്ഥനുമാണ്. കോട്ടയ്ക്കകം ഉത്സവ മഠത്തിലാണ് ആ മഹാൻ, മുറജപം ആകയാൽ, കച്ചേരി ചെയ്യുന്നത്. അദ്ദേഹത്തിന്റെ മുമ്പിൽ ഹാജരാകേണ്ട നിർഭാഗ്യം ഗ്രസിച്ച ഈഴവവക്കീൽ എന്റെ സ്നേഹിതൻ പിഎൻ മാധവനായിരുന്നു. പണ്ടേ ഒരു മധാവവിദ്വേഷിയായിരുന്നു ഗോവിന്ദപ്പിള്ള പേഷ്കാർ. വടക്കു പേഷ്കാരായിരിക്കുമ്പോൾ വേറൊരു ഈഴവ മാധവനെ പുറത്തുചാടിച്ച ചരിത്രം അദ്ദേഹത്തിനുണ്ട്. കൗമുദി പറഞ്ഞു, രാവണന്റെ ഭകാരഭയം പോലെയായിരുന്നു ഗോവിന്ദപ്പിള്ളയുടെ മകാരഭയം എന്ന്. പി എൻ മാധവനെയും അദ്ദേഹം കച്ചേരിയിൽനിന്നു പുറത്തുചാടിച്ചു. കക്ഷിക്കു കേസും വക്കീലിന് ഫീസും നഷ്ടപ്പെട്ടു. മാധവൻ ഈ അവഹേളനം ഒരു ക്ഷോഭവും കൂടാതെ വാങ്ങി പോക്കറ്റിലിട്ടു കൊണ്ടുപോന്നു.*

*പക്ഷെ, വേറൊരു മാധവന് എങ്ങനെയോ ഈ സംഭവത്തിന്റെ ഗന്ധം കിട്ടി. അദ്ദേഹം 'പുകയുമഗ്നിബാണം പോൽ' ഞങ്ങളുടെ ലോഡ്ജിൽ പാഞ്ഞെത്തി. അത് ടി കെ മാധവനായിരുന്നു. ഒരു സൈര്യവും ആർക്കും കൊടുക്കാൻ അദ്ദേഹം സന്നദ്ധനായില്ല. കമ്പിയായി, മദ്രാസ് പത്രങ്ങൾക്ക്. കോലാഹലമായി. നാടൊട്ടുക്ക് ഒരു വലിയ പ്രക്ഷോഭണം തന്നെ അദ്ദേഹം അഴിച്ചുവിട്ടു. പൗരാവകാശഭഞ്ജനം ധിക്കാരത്തിന്റെ വകഭേദമായി അദ്ദേഹം എണ്ണി. ഞാനും അദ്ദേഹത്തിന് സമീപം നിന്നു ജ്വലിച്ചു. തിരുവനന്തപുരം എൽ എം എസ് ഹാളിൽ ചങ്ങനാശ്ശേരിയുടെ അധ്യക്ഷതയിൽ അതിഗംഭീരമായ ഒരു മഹായോഗം*

*കൂടി. കെ ജി കുഞ്ഞുകൃഷ്ണപിള്ളയും, എം ജി കേശവപിള്ളയും അന്നു തീപ്പൊരി പറക്കുന്ന പ്രസംഗങ്ങൾ ചെയ്തായി ഞാൻ ഓർമ്മിക്കുന്നു. ബോംബെയിലും കൊളംബിലും ഒക്കെ പ്രതിഷേധങ്ങൾ നടന്നു. പല മഹായോഗങ്ങളും കൂടി. പത്രങ്ങളെല്ലാം ഈ അനീതിയെ എതിർത്തു മുഖപ്രസംഗങ്ങൾ എഴുതി'*

*– സി കേശവൻ, ജീവിതസമരം*

'മുറജപ അടിയന്തരത്തിന്റെ മാഹാത്മ്യം!' എന്ന തലക്കെട്ടോടെയായിരുന്നു മാതൃഭൂമി ഈ സംഭവം വാർത്തയാക്കിയത്. 'കോടതിയിൽനിന്ന് പുറത്തായ ഒരു അയിത്തക്കാരൻ വക്കീലിന്റെ അനുഭവം' എന്നുവിശദീകരിച്ച്, പുറത്താക്കപ്പെട്ട വക്കീൽ പിഎൻ മാധവൻ എഴുതിയ കുറിപ്പ് മാതൃഭൂമി നൽകി. അത് ഇങ്ങനെ:

*'മുറജപ അടിയന്തരത്തിന്റെ പരിശുദ്ധതയെ നിലനിർത്തുവാൻ തിരുവനന്തപുരം കോട്ടയ്ക്കകത്തുള്ള കോടതിനിന്നു പുറത്താക്കപ്പെട്ട വക്കീൽ പി എൻ മാധവൻ അവർകൾ ബി എ ബഎൽ പത്രങ്ങളിലേക്ക് ഇപ്രകാരം എഴുതിയിരിക്കുന്നു:–*

*'ഇന്നലെ 22–ാം തീയ്യതി ഉച്ചതിരിഞ്ഞു മൂന്നുമണിക്ക് കാലഹരണപ്പെട്ടുപോകാൻ അടുത്തിരുന്ന ഒരു അപ്പീൽ ഫയലാക്കുവാൻ ഞാൻ ഡിവിഷൻ കച്ചേരിയിൽ പോയി....' എന്നുതുടങ്ങിയാണ് പി എൻ മാധവൻ കുറിപ്പെഴുതിയത്. കോടതിയിൽ നടന്ന കാര്യങ്ങൾ പിന്നീട് സവിസ്തരം പ്രതിപാദിക്കുകയും ചെയ്തു.*

ഈ സംഭവം ദേശീയ ശ്രദ്ധ നേടിയെങ്കിലും മുറജപം നിർത്തുന്നതിന് തിരുവിതാംകൂർ ഭരണാധികാരികൾ തയ്യാറായില്ല. പിന്നെയും പലതവണ മുറജപം ആവർത്തിക്കപ്പെട്ടു. പത്രങ്ങൾ നിരന്തരം ഇതിനെതിരെ എഴുതുകയും ചെയ്തു. പത്രങ്ങൾ കുറേക്കൂടി സജീവമാവുകയും അധികാരികളെ മുഖംനോക്കാതെ വിമർശിക്കാനുള്ള ധൈര്യമാർജിക്കുകയും ചെയ്തുകഴിഞ്ഞിരുന്നു അപ്പോൾ. കൊച്ചിയിൽനിന്നുള്ള 'സഹോദരൻ' മൂന്നാം ലക്കം പുറത്തിറങ്ങിയത് മുറജപത്തെ നിശിതമായി വിമർശിച്ചുകൊണ്ടാണ്:

*'തിരുവിതാംകൂറിൽ മുറജപം ആരംഭിച്ചിരിക്കുന്നു. എല്ലാവർക്കും കൂടിയുള്ള സ്വത്ത് ചിലവു ചെയ്ത് പ്രത്യേകം ചിലരെ ക്ഷണി*

*ച്ചുവരുത്തി രണ്ടുമാസക്കാലം നാനാഭോഗങ്ങളെകൊണ്ടാരാധിച്ച് മടക്കി അയക്കുന്ന ഈ നീതിയില്ലാത്ത ഏർപ്പാടിനെ ശരിയായ പൗരാവകാശബോധമുള്ള ചിലർ അധിക്ഷേപിക്കുന്നതിൽ അതിശയിക്കാനൊന്നുമില്ല.'*

*–സഹോദരൻ മൂന്നാം ലക്കം*

1940കളിൽ വീണ്ടും മുറജപത്തിന് തിരുവിതാംകൂർ രാജകുടുംബം കോപ്പുകൂട്ടിയപ്പോൾ സാമൂഹിക ഇടപെടലുകൾ വലിയ തോതിൽ ഉയർന്നുവന്നു. പത്രങ്ങൾ കൂടുതൽ ശക്തിയോടെ ആഞ്ഞടിച്ചു. മുറജപത്തിനെതിരെ നമ്പൂതിരിമാർക്കിടിയിലും എതിർപ്പ് അപ്പോഴേക്കും ഉയർന്നുകഴിഞ്ഞിരുന്നു. 'മുറജപം നിർത്തുക തന്നെ വേണം' എന്നാവശ്യപ്പെട്ട് വടക്കില്ലത്ത് ഉണ്ണിനമ്പൂതിരിപ്പാടിന്റെ ലേഖനം മാതൃഭൂമി പ്രസിദ്ധീകരിച്ചു. മുറജപത്തിന്റെ ചരിത്രവും അപ്പോൾ നടക്കാനിരിക്കുന്ന മുറജപ ചടങ്ങിന്റെ ധൂർത്തും വിശദീകരിച്ചുള്ളതായിരുന്നു ലേഖനം. പ്രക്ഷോഭങ്ങൾക്കൊന്നും വഴങ്ങാൻ തിരുവിതാംകൂർ രാജകുടുംബം തയ്യാറായില്ലെങ്കിലും സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം മുറജപം നടത്താൻ രാജകുടുംബം തയ്യാറായിട്ടില്ല.

അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും കൂട്ടപ്പെരുക്കൽ ഒന്നുമാത്രമായിരുന്നു മുറജപം. ഇതിനെതിരായ പ്രചാരണങ്ങൾപോലെ തന്നെ സമൂഹത്തിന്റെ ഒരോ ഭാഗത്തും അനാചാരങ്ങൾക്കെതിരായ പ്രചാരണങ്ങൾ ശക്തിപ്പെടുത്താൻ നവോത്ഥാന നായകർക്ക് സാധിച്ചിരുന്നു. ഭഗവതി ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചുള്ള മൃഗബലിയായിരുന്നു ഇതിൽ പ്രാകൃതമായ ചടങ്ങുകളിലൊന്ന്. മൃഗബലി നിറുത്തലാക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ സമൂഹത്തിൽ നടന്നതിന്റെ പ്രതിഫലനം അന്നത്തെ പത്രങ്ങളിൽ കാണാൻ സാധിക്കുന്നതേയുള്ളൂ. പുരോഗമനാശയക്കാരായ ചെറുപ്പക്കാരുടെ പരിശ്രമഫലമായി മൃഗബലി നിർത്തിയ സംഭവങ്ങളും ഒട്ടേറെയുണ്ടായി. അതെല്ലാം വാർത്തയായി നൽകി അനാചാരത്തിനെതിരായ പോരാട്ടം പത്രങ്ങളും ശക്തിപ്പെടുത്തി. കേസരിയിൽ 'മൃഗബലി നിറുത്തൽ' എന്ന തലക്കെട്ടിൽ വന്ന ഒരു വാർത്ത നാട്ടിൽ നടക്കുന്ന ഇത്തരം പ്രവർത്തനങ്ങളുടെ പ്രതിഫലനമായിരുന്നു:

*'കോതക്കുറുശ്ശിയിലെ 'അനംഗനടിയുവജന സംഘ' ത്തിന്റെ പരിശ്രമഫലമായി പരിസരപ്രദേശങ്ങളിലുള്ള മിക്ക ഭഗവതിക്ഷേത്രങ്ങളിലും മൃഗബലി തീരെ നിർത്തൽ ചെയ്തിരിക്കുന്നതായി അറി*

*യുന്നു. മൃഗബലി വഴിപാടുകൾ മേലിൽ ആരും നേരരുതെന്നും, നേർന്നുകിടപ്പുള്ളവ ബലിക്രിയകൂടാതെ മറ്റു വല്ല വഴിപാടുകളുമായി കഴിപ്പാനും അഭ്യർത്ഥിച്ചുകൊണ്ടു മാന്യന്മാരായ പലരും ചേർന്നു ഒരു വിജ്ഞാപനവും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്'.*

അനാചാരങ്ങൾക്കെതിരായ പ്രവർത്തനങ്ങൾക്കൊപ്പം തന്നെ അന്ധവിശ്വാസങ്ങൾ ഇല്ലാതാക്കാനുള്ള ശ്രമങ്ങളും നവോത്ഥാനപാതയിൽ അനുക്രമമായി നടന്നുവരുന്നുണ്ടായിരുന്നു. അന്ധവിശ്വാസങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് നവോത്ഥാന ലക്ഷ്യം കൈവരിക്കാൻ കഴിയില്ലെന്ന യാഥാർഥ്യമറിയുന്നതുകൊണ്ടുതന്നെയായിരുന്നു അന്ന് ഈ രിതിയിലുള്ള ബോധവത്കരണവും നടന്നത്. നവോത്ഥാന വഴിയിലൂടെ സമൂഹത്തെ നയിച്ച പത്രങ്ങളിൽ പലതും അന്ധവിശ്വാസത്തെ ഇല്ലാതാക്കാൻ മുൻകൈ എടുത്തിരുന്നു. എന്നാൽ, വിശ്വാസവും അന്ധവിശ്വാസവും വേർതിരിച്ചറിയാനാകാത്ത സന്ദർഭങ്ങൾ വരുമ്പോൾ പത്രങ്ങൾ പലപ്പോഴും പിന്തിരിഞ്ഞു.

ഹരിപ്പാടുനിന്ന് വ്യാഴാഴ്ച തോറും പ്രസിദ്ധീകരിച്ച 'ഭാരത താരക' 1927 നവംബർ 24ന് പുറത്തിറങ്ങിയത് (പുസ്തകം 10, ലക്കം 13) രസകരമായ ഒരു വാർത്തയോടെയായിരുന്നു. 'കുട്ടിച്ചാത്തന്റെ കയ്യ്' എന്ന തലക്കെട്ടിൽ ഒന്നാംപേജിൽ നൽകിയ വാർത്ത ഇതായിരുന്നു:

*'ഭവനങ്ങളിൽ തീകൊളുത്തുക, ആളുകളെ അടിക്കുക, വസ്ത്രങ്ങൾ കീറുക, സാമാനങ്ങളെ ഒളിച്ചുകളയുക, ഭക്ഷണസാധനങ്ങളിൽ അമേദ്ധ്യാദികൾ വിതറുക മുതലായ അക്രമങ്ങൾ പ്രവർത്തിച്ചും അപൂർവം ചിലപ്പോൾ കത്തുകൾ എഴുതിയും ശബ്ദങ്ങൾ പുറപ്പെടുവിച്ചും, അരൂപിയാണെങ്കിലും സ്വരൂപം കാട്ടിയും ജനങ്ങളെ ഉപദ്രവിച്ചുപോരുന്ന ഒരു ദേവനാണല്ലോ കുട്ടിച്ചാത്തൻ. കുട്ടിച്ചാത്തനെപ്പറ്റിയുള്ള കഥകൾ നമ്മുടെയിടയിൽ ഏതുനാട്ടിലും "വണ്ടി"ക്കണക്കിനു പണ്ഡിതപാമരന്മാർ ഒരുപോലെ പറഞ്ഞുവരുന്നുണ്ട്. പൗരസ്ത്യന്മാർ അന്ധവിശ്വാസികളാണെന്നും അതിനാൽ അവർ പറയുന്ന ഭൂതപ്രേതപിശാചാദികൾ വെറും കെട്ടുകഥകളാണെന്നും മറ്റും പറഞ്ഞു പരിഹസിക്കുക പാശ്ചാത്യന്മാർക്കു പതിവാണ്. "സ്പിരിചലിസ"വും മറ്റും പടിഞ്ഞാറൻ ദിക്കുകളിൽ വേരൂന്നുകയും അതിനനുരൂപങ്ങളായ പ്രായോഗിക ദൃഷ്ടാന്തങ്ങൾ അനുഭവരൂപേണ പ്രത്യ*

*ക്ഷപ്പെടുകയും ചെയ്തതോടുകൂടി അതീന്ദ്രിയശക്തികളുടെ വാസ്തവത്തിൽ അവരും ഏറെക്കുറേ വിശ്വാസം കാണിച്ചുതുടങ്ങിയിട്ടുണ്ട്. ഇതിനെ ഒന്നുകൂടി ബലപ്പെടുത്താൻ നമ്മുടെ കുട്ടിച്ചാത്തൻ പതുക്കെ അമേരിക്കയിലേക്ക് പ്രയാണം ചെയ്തിരിക്കുകയാണ്. അവിടെ ഓടുക, ചാടുക, ആടുക, പാടുക മുതലായ പലകൃതികളും കാട്ടി. ഒടുവിൽ വസ്ത്രത്തിൽ തീ കൊളുത്തിത്തുടങ്ങി. വീട്ടുകാർ വേറൊരിടത്തേക്ക് മാറി. ചാത്തനും കൂടെത്തന്നെ, വീടിനെയല്ല ആളിനെയാണ് ചാത്തൻ പിടികൂടിയതെന്നു അപ്പോൾ ഗ്രഹിച്ചു. ചാത്തന്റെ ശബ്ദം എലി കരയുന്നതിന് തുല്യമാണെന്ന് പലരും അഭിപ്രായപ്പെട്ടു. സംഭവം ഇതാണ്: ഒരു വീട്ടിൽ തൂക്കിയിട്ടിരിക്കുന്ന ഒരു മണി വിടാതെ അടിക്കുന്നത് കേട്ട് വീട്ടുകാർ ചെന്നുനോക്കിയപ്പോൾ മണിയിൽ ഒരു കൈ തൂങ്ങിക്കിടക്കുന്നതുകണ്ടു. കറുത്ത ആ കൈയിനു മനുഷ്യന്മാരുടെ കൈയിൽനിന്ന് അഞ്ചിരിട്ടി വലിപ്പമുണ്ട്. ഇത്രയുമായപ്പോൾ വീട്ടുകാർ വിവരം പോലീസിൽ അറിവുകൊടുത്തു. ഇപ്പോൾ പോലീസുകാർ ചാത്തനെ പിടിക്കാൻ പുരയ്ക്കുചുറ്റും കാവൽ നില്കുകയാണത്രെ.'*

## പത്രമാരണ നിയമങ്ങൾ

19-ാം നൂറ്റാണ്ടിന്റെ ഒടുവിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലും പരിഷ്കരണ പ്രവർത്തനങ്ങളിൽ വലിയ താൽപര്യം കാണിക്കാതിരുന്ന സ്ഥാനത്താണ് പത്രപ്രവർത്തനത്തിന്റെ ഗതിമാറ്റം സാധ്യമാക്കിക്കൊണ്ട് മേൽപ്പറഞ്ഞ പത്രങ്ങളുടെ ആവിർഭാവവും വളർച്ചയും. 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ കൂടുതൽ മലയാള പത്രങ്ങൾ പ്രസിദ്ധീകരണം തുടങ്ങിയെങ്കിലും ചുരുക്കം ചിലതുമാത്രമേ ദേശീയ പ്രസ്ഥാനത്തിനും പരിഷ്കരണ പ്രവർത്തനങ്ങൾക്കും ഊന്നൽനൽകിയുള്ളൂ എന്നതാണ് വസ്തുത. എങ്കിലും അധികാരികളെ പ്രീണിപ്പിച്ച മറ്റുപത്രങ്ങളേക്കാൾ ജനാഭിപ്രായം രൂപീകരിക്കാൻ ദേശീയ-നവോത്ഥാന പ്രസ്ഥാനങ്ങളെ പിന്തുണച്ച പത്രങ്ങൾക്കായി. സമൂഹത്തിലെ ഈ മാറ്റം അംഗീകരിച്ചുകൊണ്ട് ആദ്യകാലത്ത് വിമുഖത കാണിച്ചിരുന്ന പത്രങ്ങൾക്ക് പിന്നീട് ഇതിനൊപ്പം നിൽക്കേണ്ടിവരികയും ചെയ്തു.

വാർത്തകൾ നൽകുന്നതിലുപരി വസ്തുതകളെ ഉത്തരവാദിത്ത ബോധത്തോടു കൂടി അവതരിപ്പിക്കുകയും അത് പത്രത്തിന്റെ നില പാടുകളായി പ്രഖ്യാപിക്കുകയും ചെയ്യുന്ന രീതിയായിരുന്നു അന്ന് നവോത്ഥാന പാതയിൽ സഞ്ചരിച്ച പത്രങ്ങൾ സ്വീകരിച്ചിരുന്നത്. അതു കൊണ്ടുതന്നെ വാർത്തകൾ വായിക്കുമ്പോൾതന്നെ പ്രസ്തുത വിഷ യത്തിൽ പത്രത്തിന്റെ സമീപനം എന്തെന്ന് ബോധ്യപ്പെടുമായിരുന്നു. സമൂഹം എങ്ങനെ ചിന്തിക്കണമെന്ന സൂചന നൽകുന്നതായിരുന്നു ഇത്തരം വാർത്തകളെല്ലാം.

എന്നാൽ, സമൂഹത്തെ മുന്നിൽനിന്ന് നയിച്ച ഈ പത്രങ്ങളിൽ ബഹുഭൂരിപക്ഷത്തിനും ഏറെനാൾ പിടിച്ചുനിൽക്കാൻ സാധിച്ചില്ല. ബ്രിട്ടീഷ് ഭരണകൂടത്തിന്റെയും തിരുവിതാംകൂർ രാജാവിന്റെയും കർക്കശ നടപടികളും ദേശീയ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത പത്രങ്ങളുടെ നിലനിൽപ്പിനും വളർച്ചയ്ക്കും വലിയ വിഘാതമായി. സർക്കാറിനെ അനുകൂലിച്ച പത്രങ്ങൾക്കുമാത്രമാണ് പിടിച്ചുനിൽക്കാ നായത്. അപവാദമായത് വലിയ നേതാക്കളുടെ നേതൃത്വത്തിൽനട ത്തിവന്ന ചുരുക്കം പത്രങ്ങൾക്കുമാത്രം. മാതൃഭൂമി, അൽ അമീൻ, കേസരി, കേരള കൗമുദി, സി കേശവന്റെ കൗമുദി, മലയാളി, നവശ ക്തി, നവകേരളം, കേരളദാസൻ, യുവഭാരതി, കേരള സന്ദേശം തുടങ്ങി നിരവധി പത്രങ്ങൾക്കും ആനുകാലികങ്ങൾക്കും ഭരണകൂടത്തിന്റെ കൊടിയ അടിച്ചമർത്തൽ നടപടികളെ അക്കാലത്ത് നേരിടേണ്ടിവന്നു.

ദേശീയ തലത്തിൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ സിവിൽ നിയ മലംഘന പ്രസ്ഥാനം തുടങ്ങിയതോടെ, പ്രക്ഷോഭത്തിന് അനുകൂല നിലപാടെടുത്ത മലയാള പ്രസിദ്ധീകരണങ്ങളും അതിനെ ശക്തിപ്പെ ടുത്തുന്ന നിലപാടെടുത്തു. ഇതോടെയാണ് പത്രങ്ങളെ നിയന്ത്രിക്കു ന്നതിന് ബ്രിട്ടീഷ് ഭരണകൂടം ഒരുമ്പെട്ടിറങ്ങിയത്. ദേശീയ തലത്തിൽ പത്രങ്ങളെ നിയന്ത്രിക്കാനായി 1910ൽ കൊണ്ടുവന്ന നിയമത്തെ ഒരു ഓർഡിനൻസിലൂടെ കൂടുതൽ കർക്കശമാക്കിയായിരുന്നു ബ്രിട്ടീഷ് ഭരണാധികാരികളുടെ പത്രവേട്ട. അതിന്റെ ചുവടുപിടിച്ച് കൊച്ചി രാജ്യത്തും തിരുവിതാംകൂറിലും പത്രങ്ങളെ നിയന്ത്രിക്കാനുള്ള നട പടികൾ തുടങ്ങി. 1934ൽ പത്രസ്വാതന്ത്ര്യം പരിമിതപ്പെടുത്തിയുള്ള ബിൽ കൊച്ചിരാജ്യത്തും 1935ൽ തിരുവിതാംകൂറിലും കൊണ്ടുവന്നു.

സർക്കാറിന് വലിയ തലവേദനയായിരുന്ന 'കേസരി'യുടെ പ്രസി ദ്ധീകരണം നിൽത്തുകയെന്നതുതന്നെയായിരുന്നു തിരുവിതാംകൂർ പത്രനിയമ ഭേദഗതിയുടെ പ്രധാന ലക്ഷ്യം. അതിനുമുമ്പേതന്നെ

കേസരി ബാലകൃഷ്ണപ്പിള്ളയ്ക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തി സർക്കാർനടപടികൾ തുടങ്ങിയിരുന്നു. സമദർശിയിൽനിന്ന് മാറി 'പ്രബോധക'നിലൂടെയും അത് കണ്ടുകെട്ടിയതിനെ തുടർന്ന് 'കേസരി' യിലൂടെയും സർക്കാർ വിമർശനം തുടർന്നിരുന്ന ബാലകൃഷ്ണപ്പിള്ളയെ നിയന്ത്രിക്കാൻ പത്രനിയമ ഭേദഗതിയിലൂടെ സാധിക്കുമെന്ന് തിരുവിതാംകൂർ മഹാരാജാവ് കരുതി. അങ്ങനെയാണ് പത്രലൈസൻസുകൾ കൈമാറ്റം ചെയ്യുന്നത് നിരോധിച്ചുകൊണ്ട് നിയമഭേദഗതി കൊണ്ടുവന്നത്. സ്വന്തം പേരിൽ ലൈസൻസില്ലാതെ പത്രം നടത്തുന്നവർ പ്രത്യേകം ലൈസൻസ് എടുക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തു. 1,000 രൂപയാണ് കേസരിയോട് ലൈസൻസ് ഫീസായി ആവശ്യപ്പെട്ടത്. ഇത് നൽകിയാലും പത്രം കണ്ടുകെട്ടാനുള്ള സാധ്യതകൾ തള്ളിക്കളയാനാവില്ലെന്നതിനാൽ ബാലകൃഷ്ണപ്പിള്ള 'കേസരി' യെ ചരിത്രത്തിലേക്ക് വിട്ടു. പ്രചാര വലുപ്പത്തേക്കാൾ എത്രയോ വലുതായി സമൂഹത്തെ ഇളക്കമറിച്ചതായിരുന്നു 'കേസരി' യുടെ ദൗത്യം. കേസരിയുടെ പ്രവർത്തനം നിലച്ചതോടെ മലയാള പത്രപ്രവർത്തനശൈലിയുടെ ഗതിമാറ്റിയ ഒരു പത്രമാണ് ഇല്ലാതായത്.

## വിധവാ വിവാഹത്തിലേക്ക്

എന്നാൽ, നവോത്ഥാന മുന്നേറ്റങ്ങൾ അവിടംകൊണ്ട് അവസാനിച്ചിരുന്നില്ല. കേസരിയെ പോലുള്ളവർ തീകൊളുത്തിവിട്ട ചിന്താധാരയെ ഏറ്റെടുക്കാൻ പിന്നീട് പലരും മുന്നോട്ടുവന്നു. എങ്കിലും ആയിടയ്ക്ക്തന്നെ പരിഷ്കരണ പ്രവർത്തനത്തിന് നേതൃത്വം കൊടുത്ത ആദ്യകാല പ്രസിദ്ധീകരണങ്ങളിലേറെയും നിലച്ചമട്ടായിരുന്നു. 'കേരളകൗമുദി'യും 'മാതൃഭൂമി'യുമാണ് നവോത്ഥാന വഴിയിലെ എതിർപ്പുകളിൽ തളരാതെ പിടിച്ചുനിൽക്കുകയും അതിന്റെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തത്. അപ്പോഴേക്കും കേരളത്തിലെ കോൺഗ്രസ്സിൽ സോഷ്യലിസ്റ്റ് ആശയഗതിക്കാർ സ്വാധീനം ഉറപ്പിച്ചതോടെ രാഷ്ട്രീയ രംഗം പൊതുവെ യാഥാസ്ഥിതിക ചുറ്റുപാടുകളെ പൊട്ടിച്ചെറിയാനുള്ള ശേഷി കൈവരിച്ചിരുന്നു.

അതിൽ വലിയ ചുവടുവെപ്പായിരുന്നു നമ്പൂതിരി സമുദായത്തിലെ വിധവാവിവാഹം. കേരളത്തിലെ സാമൂഹിക സാംസ്കാരിക മേഖലയിൽ വിപ്ലവാത്മക പരിവർത്തനത്തിന് തുടക്കമിട്ടതായിരുന്നു വിധവാ വിവാഹം. യാഥാസ്ഥിതികത്വത്തിന്റെ മതിൽക്കെട്ടുകൾ പൊളിച്ച്, മന

കളിലെ ഇരുട്ടറകൾ ഭേദിച്ച് ഒരു വിധവ പുറത്തേക്കുവരുന്നതും അവരെ സ്വീകരിക്കാൻ സ്വസമുദായത്തിൽതന്നെ ഒരു പുരുഷൻ തയ്യാറാവുന്നതും ഒരുപോലെ പ്രധാനപ്പെട്ടതായിരുന്നു. 1934 സെപ്തംബർ 13 നാണ് നമ്പൂതിരി സമുദായത്തിലെ ആദ്യത്തെ വിധവാവിവാഹം മേഴത്തോൾ ഗ്രാമത്തിൽ വി.ടി ഭട്ടതിരിപ്പാടിന്റെ വസതിയിൽ നടന്നത്. വധു ഇട്ട്യമ്പറമ്പത്ത് വാസുദേവൻ നമ്പൂതിരിയുടെ മകളും വി.ടിയുടെ ഭാര്യാസഹോദരിയുമായ ഉമാദേവി അന്തർജനം. വരൻ 'എം.ആർ.ബി' എന്ന വന്നേരി മുല്ലമംഗലത്ത് രാമൻ ഭട്ടതിരിപ്പാട്. രണ്ടാം വിവാഹത്തിന് ഒരുങ്ങുമ്പോൾ ഇരുപതുമാത്രമായിരുന്നു ഉമാദേവിയുടെ പ്രായം. രണ്ടര വയസ്സുള്ള കുട്ടിയുടെ അമ്മയും. വധുവിനെക്കാൾ രണ്ടുവയസ്സുമാത്രമാണ് എം.ആർ.ബിക്ക് ഉണ്ടായിരുന്നത്.

ഈ വിധവാ വിവാഹം നടക്കുന്നതിന് വളരെ മുമ്പുതന്നെ വി.ടി ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള അന്നത്തെ നമ്പൂതിരി സമുദായത്തിലെ യുവജന വിഭാഗം ഇതേക്കുറിച്ചുള്ള സജീവ ചർച്ചകൾ നടത്തിയിരുന്നു. ആ ചർച്ചകളാണ് വി.ടി യുടെ നേതൃത്വത്തിൽതന്നെ ഇത്തരമൊരു വിവാഹത്തിന് വഴിയൊരുക്കിയത്. 'യോഗക്ഷേമം' , 'ഉണ്ണിനമ്പൂതിരി' എന്നീ പ്രസിദ്ധീകരണങ്ങളിലെല്ലാം വിധവാ വിവാഹത്തിന്റെ ആവശ്യകതയിൽ ഊന്നൽ നൽകിയ ലേഖനങ്ങൾ അക്കാലത്ത് വരികയും ചെയ്തു. അതുകൊണ്ടുതന്നെ ആദ്യ വിധവാ വിവാഹത്തിന് വലിയ പ്രാധാന്യം നൽകാൻ 'യോഗക്ഷേമ' വും 'ഉണ്ണിനമ്പൂതിരി' യും തയ്യാറായി. പരിഷ്കരണ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകി വന്ന 'മാതൃഭൂമി' യും വലിയ പ്രധാന്യത്തോടെയാണ് ആദ്യ വിധവാ വിവാഹം റിപ്പോർട്ട് ചെയ്തത്. 'ചരിത്രപ്രധാനമായ സംഭവം' എന്ന് വിശേഷിപ്പിച്ചാണ് 'മാതൃഭൂമി' ഇത് വിശദമായി റിപ്പോർട്ട് ചെയ്തത്:

> *'കേരളക്കരയുടെ നാനാഭാഗത്തുനിന്നും എത്തിച്ചേർന്നിരുന്ന സുപ്രസിദ്ധ നമ്പൂതിരി കുടുംബാംഗങ്ങൾക്കുപുറമെ, പേരെടുത്ത സമുദായ നേതാക്കൻമാരും സ്വതന്ത്രചിന്തകൻമാരുമായി നാനാജാതി മതസ്ഥരായ സ്തീപുരുഷന്മാർ തിങ്ങിക്കൂടിയിരുന്ന മഹാസദസ്സിൽ പ്ലാറ്റ്ഫോറത്തിൽ ശ്രീമതി ഉമാ അന്തർജനവും ശ്രീമാൻ എം.ആർ. ഭട്ടതിരിയും പരിഷ്കൃതരീതിയിൽ വസ്ത്രം ധരിച്ച് വന്നിരുന്നു. ശുഭമുഹൂർത്തത്തിൽ വരൻ വധുവിന്റെ കഴുത്തിൽ താലികെട്ടി. വധു ഒരു പുഷ്പഹാരം വരനെ അണിയിക്കുകയും*

*ചെയ്തു. തൽസമയം ഒരു ചെറിയ മന്ത്രം ഉച്ചരിക്കപ്പെട്ടു. വിവാഹത്തിന്റെ ചടങ്ങും ഇതോടെ അവസാനിച്ചു'*

തുടർന്ന് വിവാഹത്തിൽ പങ്കെടുത്ത പ്രധാനികളുടെ പേരും അനന്തരം നടന്ന ചടങ്ങളുകളും മാതൃഭൂമി വാർത്തയിൽ ഉൾക്കൊള്ളിച്ചു. വാർത്ത നൽകുക മാത്രമല്ല, ഇതേക്കുറിച്ച് മുഖപ്രസംഗം തന്നെ എഴുതി 'മാതൃഭൂമി.' പിന്നീടും ഇതോടനുബന്ധിച്ചുള്ള വാർത്തകളും ലേഖനങ്ങളും പത്രങ്ങളിൽ വന്നുകൊണ്ടിരുന്നു. ഒരു വിവാഹത്തിന് പത്രതാളുകളിൽ ഇത്രയേറെ സ്ഥലം നീക്കിവെച്ച സംഭവം അതിന് മുമ്പും പിമ്പും ഉണ്ടായിക്കാണില്ല. നമ്പൂതിരി സമുദായത്തിലുണ്ടായ ഈ മുന്നേറ്റത്തിന്റെ അലകൾ ഇതര സമുദായങ്ങളിലേക്കും പ്രവഹിച്ചു. അത് സമൂഹത്തിൽ സൃഷ്ടിച്ച ചലനം അത്രവലുതായിരുന്നു. സാമൂഹിക പരിഷ്കരണ പക്ഷത്തുനിലയുറപ്പിച്ച പ്രസദ്ധീകരണങ്ങളെല്ലാം തന്നെ ഇതെല്ലാം വലിയ പ്രാധാന്യത്തോടെ നൽകിക്കൊണ്ടിരുന്നു.

ഇത്തരം ചലനങ്ങൾ നാട്ടിൽ നടക്കുന്നതിനിടയിലാണ് 1935ൽ ഷൊർണൂരിൽനിന്ന് കോൺഗ്രസ് സോഷ്യലിസ്റ്റുകളുടെ വകയായി 'പ്രഭാതം' വാരിക പുറത്തിറങ്ങിയത്. ഇഎംഎസ് പത്രാധിപരായിരുന്ന 'പ്രഭാതം', ദേശീയ പ്രക്ഷോഭത്തെയെന്നപോലെ നവോത്ഥാന മുന്നേറ്റങ്ങളെയും പ്രോത്സാഹിപ്പിച്ച പ്രസിദ്ധീകരണമായിരുന്നു. സാമൂഹിക പരിഷ്കരണവമായി ബന്ധപ്പെട്ട് പത്രത്തിന്റെ പ്രവർത്തനത്തെ കുറിച്ച് ഇഎംഎസ് തന്നെ വിവരിക്കുന്നത് ഇങ്ങനെയാണ്:

*'നിവർത്തന പ്രസ്ഥാനത്തിന്റെ കാര്യത്തിൽ മാത്രമല്ല, ഹൈന്ദവേതര മത വിഭാഗങ്ങളുടെയും പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ഹൈന്ദവ സമുദായ ആവശ്യങ്ങൾ, പ്രസ്ഥാനങ്ങൾ എന്നിവയുടെ കാര്യത്തിൽ പൊതുവിലും മറ്റ് 'ദേശീയവാദി' കളിൽനിന്ന് വ്യത്യസ്തമായ ഒരു നിലപാടാണ് ഞങ്ങൾ എടുത്തത്. സവർണഹിന്ദുക്കളുടെ രാഷ്ട്രീയമേധാവിത്തവും ജന്മിവർഗത്തിന്റെ സാമ്പത്തിക മേധാവിത്തവും സഹിച്ച് അടങ്ങിയൊതുങ്ങി കഴിഞ്ഞുകൂടാൻ തയ്യാറില്ലാത്ത സാധാരണക്കാർ തങ്ങളുടെ എതിർപ്പ് പ്രകടിപ്പിക്കുന്നതിന് സംഘടിത തൊഴിലാളി പ്രസ്ഥാനത്തിന്റെയും കർഷകപ്രസ്ഥാനത്തിന്റെയും രൂപത്തിൽമാത്രമല്ല, അവശജാതിക്കാരും മതന്യൂനപക്ഷങ്ങളും എന്ന നിലയ്ക്ക് തങ്ങൾക്കുള്ള ആവശ്യങ്ങളുമായി മുന്നോട്ടുവരുന്നതും അവരുടെ എതിർപ്പിന്റെ ഒരു രൂപമാണ്, അതുകൊണ്ട് അവയ്ക്ക് പ്രോത്സാ*

*ഹനവും പ്രേരണയും നൽകി അവയെ രാഷ്ട്രീയമായി നേർവഴിക്ക് നയിക്കാൻശ്രമിക്കുന്നത് പുരോഗനമവാദികളുടെ കടമയാണ്-ഇതായിരുന്നു ഞങ്ങളുടെ നിലപാട്'*

*-ആത്മകഥ, ഇഎംഎസ് നമ്പൂതിരിപ്പാട്*

ശക്തമായ ഇടതുപക്ഷ നിലപാട് സ്വീകരിക്കുകയും ഭരണകൂടത്തെ നിശിതമായി വിമർശിക്കുകയും ചെയ്തതുകൊണ്ടുതന്നെ 'പ്രഭാത' ത്തിന്റെ പ്രവർത്തനങ്ങൾ ഒട്ടും സുഖകരമായിരുന്നില്ല. അധികാരികളിൽനിന്നുള്ള നിരന്തര പീഡനങ്ങൾ വാരികയ്ക്ക് നേരിടേണ്ടിവന്നു. കോൺഗ്രസ് സോഷ്യലിസ്റ്റുപാർട്ടിയുടെ മുഖപത്രമെന്ന നിലയിലാണ് 'പ്രഭാത'ത്തിന്റെ പ്രസിദ്ധീകരണം. ഭഗത് സിങിനെ തൂക്കിലേറ്റിയപ്പോൾ നിശിത വിമർശനവുമായായാണ് 'പ്രഭാതം' പുറത്തിറങ്ങിയത്. ഇതേതുടർന്ന് മദിരാശി ഗവൺമെന്റ് പത്രത്തോട് ജാമ്യം കെട്ടിവെക്കാൻ നിർദേശിച്ചു. ഇതിന് തയ്യാറാവാഞ്ഞതിനാൽ പ്രസിദ്ധീകരണ ലൈസൻസുതന്നെ റദ്ദ്ചെയ്ത് നടപടി കർശനമാക്കുകയായിരുന്നു മദിരാശി ഗവൺമെന്റ് ചെയ്തത്.

പിന്നീട് 1938ൽ കോഴിക്കോടുനിന്ന് പ്രസിദ്ധീകരണം പുനരാരംഭിച്ചുവെങ്കിലും ദീർഘകാലം മുന്നോട്ടുകൊണ്ടുപോകാനായില്ല. അധികം താമസിയാതെ തന്നെ കേരളത്തിലെ കോൺഗ്രസ് സോഷ്യലിസ്റ്റുകൾ കമ്യൂണിസ്റ്റ് പാർട്ടി ഘടകം രൂപീകരിക്കുകയും ദേശീയപ്രസ്ഥാനത്തിൽനിന്ന് മാറി സ്വാതന്ത്ര്യസമരത്തിലും ഫ്യൂഡൽ ജന്മിത്വത്തിനുമെതിരായ പോരാട്ടത്തിന്റെ തനതു പാത കണ്ടെത്തുകയും ചെയ്തിരുന്നു. ഇതിന്റെ തുടർച്ചയായി 1944ൽ കോഴിക്കോട് നിന്ന് കമ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രമായി 'ദേശാഭിമാനി' ആരംഭിച്ചു. വാരികാ രൂപത്തിലായിരുന്നു 'ദേശാഭിമാനി' യുടെ തുടക്കം. സ്വാതന്ത്ര്യ പോരാട്ടത്തിനൊപ്പം സാമൂഹിക നവോത്ഥാനത്തിന്റെ തുടർച്ച ഏറ്റെടുക്കാനും അതനുസരിച്ചുള്ള പ്രചാരണം നടത്താനും 'ദേശാഭിമാനി' തയ്യാറായി.

ഈ അർത്ഥത്തിൽ സ്വാതന്ത്ര്യലബ്ധി വരെയുള്ള കേരള ചരിത്രത്തിൽ നവോത്ഥാന പാതയിൽ നിർണായക സ്ഥാനം വഹിക്കാൻ അന്നത്തെ നിരവധി പത്രങ്ങളും വാരികകളും മുന്നോട്ടുവന്നിരുന്നുവെന്നത് തർക്കമറ്റ വസ്തുതയാണ്. കേരളത്തിന്റെ സാംസ്കാരിക നവോത്ഥാന മുന്നേറ്റങ്ങൾക്ക് വിവിധ പ്രസ്ഥാനങ്ങൾ വഹിച്ച പങ്കിനൊപ്പം ചേർത്തുവായിക്കാവുന്നതാണ് പത്രങ്ങളുടെ ഈ ഇടപെടലുകളും.

## അധ്യായം 4

# സ്വാതന്ത്ര്യാനന്തര പിൻനടത്തം

സ്വാതന്ത്ര്യാനന്തരം മലയാള പത്രപ്രവർത്തനത്തിന്റെ സഞ്ചാരം പുതുവഴിയിലൂടെയായിരുന്നു. അതുവരെയുണ്ടായിരുന്ന പ്രഥമ ലക്ഷ്യം സാക്ഷാത്കരിക്കപ്പെട്ടതിന്റെയും അതിന് നേതൃപരമായ പങ്കുവഹിച്ച തിന്റെയും ചാരിതാർഥ്യത്തിലായിരുന്നു ദേശീയ പ്രസ്ഥാനത്തിനൊപ്പം നിലയുറപ്പിച്ചിരുന്ന പത്രങ്ങൾ. ലഭ്യമായ സ്വാതന്ത്ര്യം സംരക്ഷി ക്കുകയും ജനങ്ങളിൽ പൗരബോധമുണർത്തുകയുമാണ് തങ്ങളുടെ പുതിയ ഉത്തരവാദിത്തമെന്ന് അവ കണ്ടു. അതിന് ഊന്നൽ നൽകു ന്നതായിരുന്നു ഈ ഘട്ടത്തിലെ ആദ്യനാളുകളിലെ വാർത്താവിന്യാ സവും മുഖപ്രസംഗങ്ങളും ലേഖനങ്ങളും.

എല്ലാ അർത്ഥത്തിലും നവീനമായ ഒരു കേരളമാണ് സ്വാതന്ത്ര്യാ നന്തരം ഉണ്ടായതെന്ന് പറയാൻ കഴിയില്ല. വൈദേശികാധിപത്യ ത്തിൽനിന്നുള്ള മോചനം സാധ്യമായെങ്കിലും ജന്മി-നാടുവാ ഴിത്തത്താൽ കേന്ദ്രീകരിക്കപ്പെട്ട സാമൂഹികാവസ്ഥയുടെ വേരറുക്കാൻ അപ്പോഴും സാധിച്ചിരുന്നില്ല. എങ്കിലും ഇത് പൊട്ടിച്ചെറിയാനുള്ള മാന സികാവസ്ഥയിലേക്ക് കീഴാള ജനവിഭാഗങ്ങൾ ഉയർന്നുവരികയും മാറ്റ ത്തിനുള്ള പൊതുബോധം സൃഷ്ടിക്കപ്പെടുകയും ചെയ്തിരുന്നു. ബ്രിട്ടീഷ് ഭരണാധികാരികളിൽനിന്നായിരുന്നില്ല, പകരം ഫ്യൂഡൽ സാമൂഹിക ഘടനയാണ് ദുരാചാരങ്ങളുടെയും ജാതിവിവേചനത്തി ന്റെയും കേന്ദ്രബിന്ദുവെന്ന തിരിച്ചറിവ് സാമാന്യേന കീഴാളരിൽ വളർന്നുവന്നു. അത് തൂത്തുമാറ്റാനുള്ള സംഘടിതമുന്നേറ്റമായിരുന്നു പിന്നീടുണ്ടായത്.

വ്യക്തമായ ചേരിതിരുവുകൾ രൂപപ്പെട്ടതായിരുന്നു അപ്പോഴുള്ള പൊതുരാഷ്ട്രീയ മണ്ഡലം. സ്വാതന്ത്ര്യ സമരത്തിന്റെ അവസാന ദശ കത്തിൽ ദേശീയപ്രസ്ഥാനത്തിൽനിന്ന് വിഭിന്നമായി ചിന്തിച്ച കേരള ത്തിലെ കോൺഗ്രസ് സോഷ്യലിസ്റ്റുകൾ കമ്യൂണിസ്റ്റ് പാർട്ടിയായി മാറിയപ്പോൾതന്നെ ഈ ചേരിതിരിവ് പ്രകടമായിരുന്നു. ക്വിറ്റ് ഇന്ത്യാ സമരത്തെ ചൊല്ലിയും രണ്ടാം ലോകമഹായുദ്ധത്തിലെ നിലപാടു കളെ ചൊല്ലിയും ഇന്ത്യൻ നാഷണൽ കോൺഗ്രസും കമ്യൂണിസ്റ്റ് പാർട്ടിയും തമ്മിലുണ്ടായ പരസ്യ സംവാദങ്ങൾ ഒരു ഏറ്റമുട്ടൽ സ്വഭാ

വത്തിനുമപ്പുറത്തേക്ക് തന്നെ മാറുകയുണ്ടായി. സ്വാതന്ത്ര്യാനന്തരവും ഈ ഏറ്റുമുട്ടൽ തുടർന്നു.

സ്വാതന്ത്ര്യലബ്ധിയെ വെളുത്ത സായിപ്പിൽനിന്ന് ദേശീയ സായിപ്പിലേക്കുള്ള അധികാരക്കൈമാറ്റം മാത്രമായി വ്യാഖ്യാനിച്ച കമ്യൂണിസ്റ്റുപാർട്ടി ദേശീയബൂർഷ്വാസിക്കെതിരായ ജനകീയ മുന്നേറ്റം തുടരേണ്ടതിന്റെ ആവശ്യകതയിലൂന്നിയായിരുന്നു തുടർന്നും പ്രവർത്തിച്ചത്. ഈ ആഹ്വാനത്തിൽ, കേരളത്തിൽ വലിയൊരളവോളം ജനങ്ങളെ അണിനിരത്താൻ കമ്യൂണിസ്റ്റുപാർട്ടിക്കായി. കാരണം, ദേശീയ സ്വാതന്ത്ര്യം ലഭിച്ചെങ്കിലും രാജ്യത്തെ പുതിയ അധികാരകേന്ദ്രത്തിനൊപ്പമായിരുന്ന ഫ്യൂഡൽ സംവിധാനത്തിന് കീഴിൽ സമൂലമായ സാമൂഹിക മാറ്റം സാധാരണക്കാരന് പ്രാപ്യമായിരുന്നില്ല. അതിന്റെ ഫലം, ജന്മി-നാടുവാഴിത്ത സംവിധാനത്തിലെ ദുരവസ്ഥയായ ജാതീയ ഉച്ചനീചത്വത്തിന് ഇരകളായ സാധാരണക്കാർ, അതിനെതിരെ പോരാട്ടം നടത്തിയ കമ്യൂണിസ്റ്റുകാർക്കൊപ്പം ചേർന്നു എന്നതായിരുന്നു.

നവോത്ഥാന പ്രസ്ഥാനങ്ങൾ ഉഴുതുമറിച്ച മണ്ണിൽ വളർന്നു പന്തലിക്കാനുള്ള വിത്തിറിക്കിയ കമ്യൂണിസ്റ്റ് പാർട്ടിക്ക് ആ ഉദ്യമം ഫലപ്രദമാക്കാനും സാധിച്ചു. ഇത്തരം ആശയസംഘർഷങ്ങളിലൂടെയായിരുന്നു കേരളത്തിലെ പൊതുമണ്ഡലത്തിന്റെ തുടർവികാസം. സ്വാതന്ത്ര്യലബ്ധിക്കും കേരളപ്പിറവിക്കും ശേഷം സാമൂഹിക ഉന്നമനത്തിലെ സുപ്രധാന നടപടിയായിരുന്നു ഭൂപരിഷ്കരണ നിയമം. അത് പ്രാബല്യത്തിലായതോടെ അടിസ്ഥാന ജനവിഭാഗങ്ങൾക്ക് തല ഉയർത്തിപ്പിടിക്കാനുള്ള ധൈര്യം ലഭിക്കുക കൂടിയായിരുന്നു. സാമൂഹികപശ്ചാത്തലത്തിലെ ഈ അടിസ്ഥാന മാറ്റത്തിന്റെ പ്രതിഫലനം മലയാള പത്രപ്രവർത്തന മേഖലയിലുമുണ്ടായി.

സ്വാതന്ത്ര്യസമരത്തിന്റെയും സാമൂഹിക പരിഷ്കരണത്തിന്റെയും ഭാഗമായി നിലകൊണ്ടിരുന്ന ഒട്ടുമിക്ക പത്രങ്ങൾക്കും സ്വാതന്ത്ര്യപ്പുലരി ആസ്വദിക്കാൻ സാധിച്ചിരുന്നില്ല. അപൂർവം പത്രങ്ങൾക്കുമാത്രമായിരുന്നു സ്വാതന്ത്ര്യസമരകാലത്തെ പീഡനങ്ങളെയും മറ്റ് പ്രതിബന്ധങ്ങളെയും അതിജീവിക്കാൻ സാധിച്ചത്. 'മാതൃഭൂമി' , 'മലയാള മനോരമ' , 'ദീപിക' , 'കേരള കൗമുദി' , 'ദേശാഭിമാനി' തൃശൂരിൽനിന്ന് 1944ൽ കെ കൃഷ്ണൻ ആരംഭിച്ച 'എക്സ്പ്രസ്' എന്നിങ്ങനെ വിരലിലെണ്ണാവുന്നവ മാത്രമാണ് സ്വാതന്ത്ര്യാനന്തരവും പ്രസിദ്ധീകരണം തുടരാനും മലയാളി മനസ്സുകളിൽ സ്വാധീനം ചെലുത്താനുമുള്ള ശക്തി

സമ്പാദിച്ചത്. നാരായണ ഗുരു ഉയർത്തിവിട്ട ആശയവിസ്ഫോടനത്തെ സർവശക്തിയോടെ പ്രചരിപ്പിക്കാനും അത് സമൂഹത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കാനും 'കേരള കൗമുദി' നടത്തിയ ഇടപെടലുകൾ വളരെ വലുതായിരുന്നു. കമ്യൂണിസ്റ്റ് ആശയപ്രചാരണത്തിനായി ആരംഭിച്ച 'ദേശാഭിമാനി' ക്ക് സാമൂഹിക മാറ്റത്തിനായി കമ്യൂണിസ്റ്റ് പാർട്ടി നടത്തിവന്ന പ്രവർത്തനങ്ങളെ വലിയ പ്രാധാന്യത്തോടെ നൽകാനുള്ള ഉത്തരവാദിത്തവുമുണ്ടായിരുന്നു.

എന്നാൽ, രാഷ്ട്രീയ-സാമൂഹിക നവോത്ഥാന പ്രവർത്തനങ്ങളുടെ ഭാഗമാവുന്നതിലും അതിനാവശ്യമായ ഇന്ധനം പകർന്നു നൽകുന്നതിലും സ്വാതന്ത്ര്യലബ്ധിക്കുശേഷം പ്രമുഖ പത്രങ്ങൽ പലതും വിമുഖത കാണിച്ചു. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നിലയുറപ്പിച്ചിരുന്ന പത്രങ്ങൾക്ക് സ്വാതന്ത്ര്യമെന്ന ലക്ഷ്യം നേടിയശേഷം നിയതമായ മറ്റൊരുലക്ഷ്യം നിശ്ചയിച്ച് പ്രവർത്തിക്കാൻ കഴിയാതെ പോയത് ഒരു ന്യൂനത തന്നെയായിരുന്നു. ഈ പോരായ്മ പിൽകാല മലയാള പത്രപ്രവർത്തന രംഗത്ത് പരിഹരിക്കപ്പെടാനാവാത്ത വലിയ വടുക്കൾതന്നെ തീർത്തു. ഇതിൽ ഏറ്റവും പ്രധാനം നവോത്ഥാന മൂല്യങ്ങളുടെ തുടർച്ച ഏറ്റെടുക്കുന്ന കാര്യത്തിലായിരുന്നു. 1980കളായപ്പോഴേക്കും പത്രവ്യവസായം മത്സരാധിഷ്ഠിതമാവുകയും വാർത്താമൂല്യം നിശ്ചയിക്കപ്പെടുന്നത് അതനുസരിച്ച് മാറുകയും ചെയ്തതോടെ സാമൂഹിക നവോത്ഥാനമുന്നേറ്റത്തിൽനിന്നുള്ള ഈ പിൻനടത്തത്തിന് വേഗം കൂടി. സ്വാതന്ത്ര്യത്തിന് മുമ്പുള്ള നവോത്ഥാന പത്രപ്രവർത്തനത്തിന് നേതൃത്വം വഹിച്ചവരിൽ കേസരി ബാലകൃഷ്ണപ്പിള്ള, കെ പി കേശവമേനോൻ, കെ. കേളപ്പൻ, സഹോദരൻ അയ്യപ്പൻ, മുഹമ്മദ് അബ്ദുറഹിമാൻ എന്നിവരായിരുന്നു എങ്കിൽ സ്വാതന്ത്ര്യാനന്തരം അത്തരം ഇടപെടൽ നടത്തിയത് കേരള കൗമുദിയിലൂടെയും മറ്റും പി. കെ ബാലകൃഷ്ണനെപോലെ ഒറ്റപ്പെട്ട ചിലർ മാത്രമാണ്.

സ്വാതന്ത്ര്യത്തിന് മുമ്പ് സാമൂഹിക ബന്ധങ്ങളിലെ തെറ്റുകളെ തിരുത്താനും ശരിയായ മാർഗത്തിലൂടെ നയിക്കാനുമായിരുന്നു പത്രങ്ങൾ ശ്രദ്ധകൊടുത്തിരുന്നത്. പിന്നീട്, സാമൂഹിക ബന്ധങ്ങളിൽ പൊളിച്ചെഴുത്തോ പരിഷ്കാരമോ അല്ല, സമൂഹം എങ്ങനെ ചിന്തിക്കുന്നു എന്ന് നോക്കി അതനുസരിച്ച് പ്രവർത്തിക്കുകയെന്നനിലയിലേക്ക് മാധ്യമങ്ങൾ മാറി ചിന്തിച്ചുതുടങ്ങി. ഐക്യകേരള പിറവിക്കുശേഷം ചുരുങ്ങിയ നാളുകളിൽതന്നെ കേരളം സാമൂഹ്യമാറ്റത്തിൽ പിൻനടത്തം തുടങ്ങിയതായി കാണാം. സ്വസമുദായങ്ങളിലെ അനാചാരങ്ങളും

അന്ധവിശ്വാസങ്ങളും മാറ്റിയെഴുതാനും അതിലൂടെ സമുദായ ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിച്ചിരുന്ന ജാതി, സമുദായ സംഘടനകൾ ആ രീതിയിൽനിന്ന് ജാതിരാഷ്ട്രീയത്തിലേക്ക് പ്രവർത്തന ശൈലി മാറ്റുകയും ചെയ്ത് തുടങ്ങിയതോടെയാണ് ഇതുണ്ടായത്. 1957ൽ അധികാരത്തിൽവന്ന ഇഎംഎസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള സർക്കാറിനെ അട്ടിമറിക്കാൻ ആരംഭിച്ച വിമോചന സമരം ഈ പിൻനടത്തത്തിന്റെ കൂടി ഉത്പന്നമായിരുന്നു.

ജാതീയതയും വർഗീയതയും പൊതുധാരയിലേക്ക് വീണ്ടും ഉയർത്തിക്കൊണ്ടുവരുന്നതിൽ വിമോചന സമരം ചെറുതല്ലാത്ത പങ്കു തന്നെയാണ് വഹിച്ചത്. ക്രൈസ്തവ സഭകളും എൻ.എസ്.എസ്സിന്റെ നേതൃത്വത്തിൽ നായർ വിഭാഗങ്ങളും സർക്കാരിനെതിരെ തിരിച്ചുവിട്ട പ്രക്ഷോഭം രാഷ്ട്രീയത്തിലുപരി സാമൂഹികബന്ധങ്ങളിൽ പുതിയ ചേരിതിരിവുകൾക്കും കാരണമായി. ഇതെല്ലാം പത്രപ്രവർത്തനത്തിലും പ്രകടമായി. മലയാള പത്രപ്രവർത്തനത്തിന്റെ ആദ്യ നൂറു വർഷത്തിൽനിന്ന് തികച്ചും ഭിന്നമായിരുന്നു പിന്നീടുള്ള കാലഘട്ടം. പത്രപ്രവർത്തനം വ്യവസായത്തിന്റെ ഭാഗമാവുകയും പ്രഫഷണലിസത്തിന് മേൽകൈ ലഭിക്കുകയും ചെയ്തതോടെ ലക്ഷ്യബോധവും ധാർമികമൂല്യവും രണ്ടാം നിരയിലേക്ക് തള്ളപ്പെട്ടു. ജനങ്ങളുടെ അഭിരുചിക്കനുസരിച്ച് വേണ്ട വിഭവങ്ങൾ നല്കുകയെന്ന നിലയിലേക്ക് പത്രങ്ങൾ അതിന്റെ വാർത്താ വിന്യാസത്തെ ക്രമപ്പെടുത്തുന്ന രീതി അവലംബിക്കാൻ തുടങ്ങി. ഭൂരിപക്ഷം ജനങ്ങളും ഇഷ്ടപ്പെടുന്നതെന്തോ അത് നൽകുകയെന്നതായി പിന്നീടുള്ള മാറ്റം. ജനാഭിലാഷം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യത്യസ്തങ്ങളായിരുന്നു.

സ്വാതന്ത്ര്യാന്തര കേരളത്തിലെ 50 വർഷം മലയാള പത്രപ്രവർത്തനരംഗത്തുണ്ടായ ഈ മാറ്റങ്ങളെ കുറിച്ച് ഇ.എം.എസ് നമ്പൂതിരിപ്പാടും 'മലയാള മനോരമ' പത്രാധിപരായിരുന്ന കെ എം മാത്യുവും അഭിപ്രായപ്പെട്ടതിൽനിന്നുതന്നെ ഇത് വ്യക്തമാകുന്നതാണ്.

> *'സ്വാതന്ത്ര്യ ലബ്ധിക്കു ശേഷമുള്ള ഇന്ത്യയിലും സംസ്ഥാന രൂപീകരണത്തിന് ശേഷമുള്ള കേരളത്തിലും പുതിയ ഇന്ത്യയിൽ പുതിയ കേരളം കെട്ടിപ്പടുക്കുന്നതിനുള്ള ഉപകരണമായി മലയാള പത്രപ്രവർത്തനം മാറുമെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത്. എന്നാൽ, നടന്നത് അങ്ങനെയല്ല. മുതലാളിത്ത മാർഗത്തിലൂടെ ഇന്ത്യയേയും കേരളത്തേയും പുരോഗമിപ്പിക്കാനുള്ള*

*കാഴ്ചപ്പാടിന്റെ ഭാഗമായി സ്വകാര്യ ലാഭമുണ്ടാക്കാനുള്ള മാധ്യമമായി ഇന്ത്യയിലാകെയും കേരളത്തിലുമുള്ള പത്രമുടമകൾ പത്രപ്രവർത്തനത്തെ മാറ്റിത്തീർത്തു. മറ്റു 'ബിസിനസ്സു' കളെ പോലെ പത്രപ്രവർത്തനവും ഒരു 'ബിസിനസ്സാ' ക്കിത്തീർത്തു. ഈ 'ബിസിനസ്' വത്കരണമാണ് സ്വാതന്ത്ര്യ ലബ്ധിക്കുശേഷമുള്ള പത്രപ്രവർത്തനത്തിന്റെ മുഖമുദ്ര'*

*–ഇ.എം.എസ്, മലയാള പത്രപ്രവർത്തനത്തിന്റെ അമ്പത് വർഷം*

*'പത്രങ്ങളിൽ പ്രഫഷണലിസം വന്നതോടെ, അവ സമൂഹത്തിൽ വഹിച്ചിരുന്ന പങ്കിലും വ്യത്യാസം വരികയും പത്രങ്ങൾ സമൂഹാഭിലാഷത്തോട് കൂടുതൽ അടുക്കുകയും ചെയ്തു എന്നാണ് സ്വാതന്ത്ര്യാനന്തര പത്രപ്രവർത്തനത്തിന്റെ കാതൽ എന്ന് ഞാൻ കരുതുന്നു. സ്വാതന്ത്ര്യ സമരകാലത്തെ പത്രാധിപന്മാരിൽ ബഹുഭൂരിപക്ഷവും അതിൽ പങ്കുവഹിക്കുക കൂടി ചെയ്തവരാണ്. പത്രങ്ങൾ സമര ജിഹ്വകളായി. കോൺഗ്രസിന്റെ പതാകവാഹകരായി. കോൺഗ്രസ് പിളർന്നപ്പോൾ, പത്രങ്ങൾ അതുവരെ വഹിച്ചിരുന്ന പങ്കിന് മാറ്റമുണ്ടായി. അവ വസ്തുനിഷ്ഠമായി കാര്യങ്ങൾ കാണാൻ തുടങ്ങി. മുഖപ്രസംഗങ്ങളിൽ ഏതെങ്കിലും പാർട്ടിയുടെ പക്ഷം പിടിച്ചാലും വാർത്തകളിൽ അതുണ്ടാവില്ലെന്ന് വന്നു. മനോരമ ആദ്യകാലം തൊട്ട് കോൺഗ്രസ് ചായ്വ് പ്രകടിപ്പിച്ച പത്രമാണ്. പക്ഷെ, പ്രഫഷണലിസത്തിൽ അധിഷ്ഠിതമായ വാർത്താവീക്ഷണം വന്നപ്പോൾ വസ്തുതാപരമായ വാർത്താറിപ്പോർട്ടിംഗിലും അവതരണത്തിലുമാണ് ഞങ്ങൾ ശ്രദ്ധിച്ചത്.*

*–കെ. എം. മാത്യു, മലയാള പത്രപ്രവർത്തനത്തിന്റെ അമ്പത് വർഷം*

ഇഎംഎസ് ചൂണ്ടിക്കാണിച്ച ബിസിനസ് വത്കരണവും കെഎം മാത്യു സമ്മതിച്ച 'സമൂഹാഭിലാഷത്തോട് കൂടുതൽ അടുക്കുന്ന' രീതിയുംതന്നെയാണ് സ്വാതന്ത്ര്യാനന്തര കേരളത്തിൽ മലയാള പത്രപ്രവർത്തനത്തിന്റെ ഗതി നിശ്ചയിച്ചത്. ഇഎംഎസ് കാര്യങ്ങൾ ഋജുവായി പറയുകയായിരുന്നു. കെ എം മാത്യു സമ്മതിച്ച 'സാമൂഹികാഭിലാഷം' മലയാള മനോരമ ഉൾപ്പെടെയുള്ള മുഖ്യധാരാ പത്രങ്ങൾ സ്വീകരിച്ച

രീതിയും. സാമൂഹികാഭിലാഷം ഏതു രീതിയിലുള്ളതാണെങ്കിലും അത് പ്രതിഫലിപ്പിക്കുകയെന്ന പൊതുസമീപനമാണ് പിന്നീട് പത്രങ്ങൾ സ്വീകരിച്ചുവന്നത്. ശരിയല്ലെന്ന് പൂർണബോധ്യമുള്ള കാര്യങ്ങൾ പോലും ഈ സാമൂഹികാഭിലാഷത്തിന്റെ നിർവചനത്തിൽപ്പെടുത്തി ശരിയുടെ പക്ഷത്തേക്കും, വാർത്താ മൂല്യം നിശ്ചയിക്കുന്നതിലേക്കും എത്തിച്ചേർന്നു. ഇത് പലപ്പോഴും നേരത്തേ സ്വീകരിച്ച നവോത്ഥാന ലക്ഷ്യങ്ങൾക്ക് തികച്ചും കടകവിരുദ്ധവുമായിരുന്നു.

## ഐക്യകേരളത്തിലെ ജാതി രാഷ്ട്രീയം

സ്വാതന്ത്ര്യപിറവിക്കുമുമ്പും ശേഷവുമുള്ള കേരളത്തിലെ ജാതി രാഷ്ട്രീയത്തെ പ്രത്യേകം അപഗ്രഥനം നടത്തേണ്ടതുണ്ട്. സാമൂഹിക സാഹചര്യങ്ങളും രാഷ്ട്രീയ മാറ്റങ്ങളും ജാതി സംഘടനകളുടെ വർത്ത മാനകാല പ്രസക്തിയിലും പ്രവർത്തന രീതിയിലും മാറ്റം വരുത്തേ ണ്ടത് അനിവാര്യമായിരുന്നിരിക്കാമെങ്കിലും സ്വാതന്ത്ര്യാനന്തര കേര ളത്തിലെ ജാതി സംഘടനകളുടെ സമീപനം നവോത്ഥാനമുന്നേറ്റങ്ങ ളുടെ തുടർച്ച ഏറ്റെടുക്കുന്നതിൽ എത്രത്തോളം സഹായിച്ചുവെന്നത് വലിയ ചോദ്യമായി തന്നെ അവശേഷിക്കും.

19-ാം നൂറ്റാണ്ടിന്റെ ഒടുവിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങ ളിലും നടന്ന മലയാളി മെമ്മോറിയലും ഈഴവ മെമ്മോറിയലും നിവർത്തന പ്രക്ഷോഭവും സാമൂഹിക വികാസത്തിന്റെ ഗതിവേഗം കൂട്ടിയ ജനമുന്നേറ്റങ്ങളായിരുന്നു. തിരുവിതാംകൂർ ഭരണ സംവിധാ നത്തിന് കീഴിലെ നിർണായക സ്ഥാനങ്ങളിൽ തമിഴ് ബ്രാഹ്മണമ രുടെ ആധിപത്യത്തിനെതിരായി നടന്ന മലയാളി മെമ്മോറിയൽ പുതിയ സാമൂഹികാവബോധമാണ് സൃഷ്ടിച്ചത്. ഇതിന്റെ തുടച്ചയാ യിരുന്നു ഈഴവ മെമ്മോറിയൽ. വിദ്യാസമ്പന്നരായ ഒരുവിഭാഗം അന്നത്തെ തിരുവിതാംകൂറിലെ ഉന്നതപദവികളിലെ തമിഴ്ബ്രാഹ്മ ണാധിപത്യത്തിനെതിരായി ആരംഭിച്ച മലയാളി മെമ്മോറിയൽ പുതിയ രാഷ്ട്രീയാവബോധമാണ് സൃഷ്ടിച്ചത്. വിവിധ ജാതികളിൽപെട്ട നിര വധി പേർ ഒപ്പിട്ട നിവേദനം 1981ൽ മലയാളി മെമ്മോറിയലായി തിരു വിതാംകൂർ മഹാരാജാവിന് സമർപ്പിച്ചു. അഞ്ചുവർഷത്തിന് ശേഷം ഡോ. പല്പുവിന്റെ നേതൃത്വത്തിൽ ഈഴവരുടെ അവകാശ നിഷേധ ത്തിനെതിരായ സംഘടിത മുന്നേറ്റം ഈഴവമെമ്മോറിയലായി സർക്കാ റിന് സമർപ്പിക്കപ്പെട്ടു. 13,176 ഈഴവരുടെ ഒപ്പോടുകൂടി 1896 സെപ്തം ബർ മൂന്നിനാണ് ഈഴവ മെമ്മോറിയൽ മഹാരാജാവിന് സമർപ്പിച്ചത്.

ഈഴവർക്കും മറ്റ് പിന്നാക്കവിഭാഗക്കാർക്കും സർക്കാർ ജോലി നിഷേധിക്കപ്പെടുന്നതിനെതിരെയായിരുന്നു ഈഴവ മെമ്മോറിയൽ. മഹാരാജാവിൽനിന്ന് ഇതിനുള്ള മറുപടി നിരാശാജനകമായിരുന്നു. ലക്ഷ്യം നേടാൻ അപ്പോൾ സാധിച്ചില്ലെങ്കിലും ഈഴവസമുദായത്തിൽ അവകാശബോധം ഉയർത്താൻ സഹായിച്ചതായിരുന്നു ആ പ്രക്ഷോഭം.

സ്വാതന്ത്ര്യ സമരം ശക്തിയാർജിച്ചശേഷം 1930കളിലാണ് നിവർത്തന പ്രക്ഷോഭത്തിലൂടെ കേരളം കടന്നുപോയത്. 1932ലെ ഭരണഘടനാ പരിഷ്കാരങ്ങളോടുള്ള പ്രതിഷേധമായാണ് നിവർത്തന പ്രക്ഷോഭം രൂപപ്പെട്ടത്. പരിഷ്കാരത്തിന്റെ ഭാഗമായി നിയമസഭയിൽ ജനസംഖ്യാനുപാതികമായി ഈഴവർക്കും മുസ്‌ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും കുറഞ്ഞ പ്രാതിനിധ്യം മാത്രം ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടപ്പോഴായിരുന്നു പ്രതിഷേധം അലയടിച്ചത്. ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ആവശ്യപ്പെട്ട് സി കേശവന്റെയും എൻ വി ജോസഫിന്റെയും നേതൃത്വത്തിൽ സംയുക്തരാഷ്ട്രീയ സമിതി രൂപീകരിച്ച് പിന്നാക്ക വിഭാഗങ്ങൾ പ്രക്ഷോഭത്തിലേക്ക് നീങ്ങി. നിവർത്തന പ്രക്ഷോഭം കേരളത്തിൽ വലിയൊരു തിരയിളക്കം തന്നെയാണ് തീർത്തത്. രാജ്യദ്രോഹകുറ്റം ചുമത്തി സി. കേശവനെ ജയിലിലടച്ച സുപ്രസിദ്ധമായ 'കോഴഞ്ചേരി പ്രസംഗം' ഈ പ്രക്ഷോഭത്തിനിടയിലായിരുന്നു.

നിവർത്തന പ്രക്ഷോഭം വലിയ വിജയമായിരുന്നു. ഈഴവ, മുസ്‌ലീം, ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് സർക്കാർ സർവീസിൽ സംവരണം ഏർപ്പെടുത്തി. പിന്നാക്ക വിഭാഗങ്ങൾക്ക് സർക്കാർ ഉദ്യോഗങ്ങളിൽ സംവരണം ലഭ്യമാക്കാനായി പബ്ലിക് സർവീസ് കമ്മിഷനെ നിയോഗിച്ചു. ഭൂസ്വത്തിന്റെ കാര്യത്തിൽ ഇളവ് വരുത്തി സമ്മതിദാനാവകാശം പിന്നാക്കക്കാരിൽകൂടി ലഭ്യമാകുന്ന മാറ്റം വന്നു. ഈ അർത്ഥത്തിൽ മലയാളി മെമ്മോറിയലും ഈഴവ മെമ്മോറിയലും ഉയർത്തിവിട്ട രാഷ്ട്രീയ-സാമൂഹികാവബോധം മൂന്നുനാലുപതിറ്റാണ്ടിന് ശേഷം ലക്ഷ്യം നേടുന്ന തലത്തിലേക്ക് ഉയർന്നുവരികയാണ് ചെയ്തതെന്നുപറയാം.

സാമുദായിക-ജാതി സംഘടനകൾ കൈവരിച്ച ഈ രാഷ്ട്രീയാവബോധം സ്വാതന്ത്ര്യത്തിനും ഐക്യകേരള പിറവിക്കും ശേഷം സംസ്ഥാനത്തെ ദൈനംദിന രാഷ്ട്രീയത്തിലെ നിർണായക ഇടപെടലുകൾ നടത്തുന്ന ഘടകമായി പിന്നീട് മാറുകയും ചെയ്തു. എന്നാൽ, ഐക്യകേരളപ്പിറവിക്ക് ശേഷം ഈ ജാതി-സാമുദായിക ശക്തികളുടെ

പ്രവർത്തനം സമ്മർദരാഷ്ട്രീയമായിരുന്നു. ജാതീയമായി സംഘടിക്കുകയും സമ്മർദം ചെലുത്താനുള്ള ശേഷി കൈവരികയും ചെയ്യുന്നതിലൂടെ മാത്രമേ ജനാധിപത്യത്തിലെ വിലപേശൽ രാഷ്ട്രീയത്തിൽ പ്രാമുഖ്യം നേടാൻ കഴിയൂ എന്ന നിലയിലേക്ക് ജാതി-സാമുദായിക സംഘബലത്തെ മാറ്റിയെടുക്കുകയാണ് പിന്നീടുണ്ടായത്. സാമൂഹിക നവോത്ഥാന കാലത്ത് ജാതി വിവേചനം ഇല്ലാതാക്കാൻ ശ്രമം നടത്തിയ ജാതി-സാമുദായിക സംഘടനകൾ, പാർലമെന്ററി ജനാധിപത്യത്തിൽ ജാതീയമായി സംഘടിച്ച് സമ്മർദ ശക്തിയായി മാറുകയെന്ന നിലയിലേക്ക് തങ്ങളുടെ നയങ്ങളും സമീപനങ്ങളും മാറ്റിയെടുത്തു. നവോത്ഥാന പ്രസ്ഥാനങ്ങളുടെ പില്കാല ധാർമികതയെ കുറിച്ച് പുനർവിചിന്തനം അനിവാര്യമാണെന്ന തോന്നലാണ് ജാതി-മതരാഷ്ട്രീയ ശക്തികളുടെ ഈ സമ്മർദം സൃഷ്ടിച്ചത്.

യഥാർഥത്തിൽ ജാതീയതയുടെ പുനസ്ഥാപനമാണ് ഐക്യകേരളപ്പിറവിക്ക് ശേഷമുണ്ടായ സാമൂഹിക പരിവർത്തനമെന്നുപറയാം. വിമോചന സമരകാലത്ത് രൂപപ്പെട്ട പുതിയ ധ്രൂവീകരണം പിന്നീടങ്ങോട്ട് ശക്തമായിത്തന്നെ കേരളത്തിന്റെ പൊതുമണ്ഡലത്തിൽ വ്യാപരിച്ചു. ശ്രീനാരായണീയർ എസ്എൻഡിപി രൂപീകരിച്ച് തുടങ്ങിയ സമുദായ സംഘടാന സംവിധാനം പിന്നീട് പുലയർക്കും നായർക്കും നമ്പൂതിരിമാർക്കുമെല്ലാം സ്വന്തം സംഘടന രൂപീകരിക്കാനുള്ള പ്രചോദനമായിരുന്നു. ഈ സംഘടനകളെല്ലാം തന്നെ രൂപീകരണ ഘട്ടത്തിൽ സ്വസമുദായത്തിന്റെ സാമൂഹികോന്നമനമായിരുന്നു ലക്ഷ്യമിട്ടത്. ഇന്ന് എല്ലാ ജാതികൾക്കും, അവ പിന്നാക്കമോ മുന്നാക്കമോ ആകട്ടെ, സംഘടനയെന്ന നിലയിലേക്ക് കേരളത്തിലെ സാമൂഹികാവസ്ഥ മാറിക്കഴിഞ്ഞു. ജാതി ചോദിക്കരുതെന്നും പറയരുതെന്നുമല്ല ജാതിപറഞ്ഞുമാത്രമേ അവകാശം നേടാൻ കഴിയൂ എന്ന് എസ്എൻഡിപി നിലപാട് പരസ്യമായി തന്നെ മാറ്റിപ്പറഞ്ഞു. എൻഎസ്എസും എസ്എൻഡിപിയും ഐക്യപ്പെടാൻ കഴിയാത്ത വിധം അകലുകയും അതേസമയം തന്നെ വർഗീയധ്രൂവീകരണത്തിന്റെ സാധ്യത കാണുമ്പോൾ വിശാല ഹിന്ദുഐക്യമെന്ന പേരിൽ കുറുമുന്നണി സമ്മർദം രൂപപ്പെടുത്താനും തുടങ്ങി. രാഷ്ട്രീയ നേതൃത്വം ജാതീയയുടെ ചതുരത്തിലേക്ക് വേർതിരിക്കപ്പെട്ടു. ഈ സാഹചര്യത്തെ ചരിത്രകാരൻ ഡോ. കെ.എൻ പണിക്കർ നിരീക്ഷിക്കുന്നത് ഇങ്ങനെയാണ്:

> *'കേരളത്തിൽ സാമുദായിക സംഘടനകൾ അവരുടെ രൂപീകരണ കാലഘട്ടത്തിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു ദൗത്യ*

*മാണ് ഇന്ന് ഏറ്റെടുത്തിരിക്കുന്നത്. മതസംഘടനകളും ജാതി സംഘടനകളും ജാതി-മതപരിഷ്കരണസംഘടനകളായാണ് നിലവിൽവന്നത്. ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും പരിഷ്കരിക്കുക എന്നതായിരുന്നു അവയുടെ ദൗത്യം. അതിൽനിന്ന് മാറി ഇന്ന് ജാതി സംഘടനകൾ ഒരു ചെറിയ വിഭാഗത്തിന്റെ താല്പര്യങ്ങളെ സംരക്ഷിക്കാനുള്ള സംഘടനാരൂപങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു.'*

*-കെ.എൻ. പണിക്കർ, ഫാഷിസത്തിന്റെ നാളുകൾ*

## മാധ്യമ താളുകളിലെ ജാതീയത

ഇത്തരത്തിലുള്ള ജാതി ധ്രുവീകരണത്തെ തടയുന്നതിനുള്ള ശ്രമങ്ങളല്ല ഐക്യകേരള പിറവിക്ക് ശേഷം മാധ്യമങ്ങൾ സ്വീകരിച്ച രീതി. അത് ശക്തിപ്പെടുത്താനുതകും വിധം മാധ്യമങ്ങളുടെ പിന്തുണ നിർല്ലോപമായിരുന്നു. ജാതി ചിന്ത കേരളീയ സമൂഹത്തിൽനിന്ന് മാറ്റുകയായിരുന്നില്ല ലക്ഷ്യം, പകരം ജാതി ചിന്ത ഊട്ടിയുറപ്പിക്കുന്ന നടപടികളാണ് മാധ്യമങ്ങളുടെ ഭാഗത്തുനിന്നുണ്ടായതെന്ന് കാണാം. സവർണരും മുന്നാക്ക ജാതിക്കാരും പേരിനൊപ്പം ജാതിപ്പേർ ചേർത്ത് സമുദായത്തിലെ തങ്ങളുടെ അധീശത്വം പ്രകടിപ്പിച്ചിരുന്ന ഭൂതകാലത്തിന് ഏറക്കുറെ മാറ്റം വന്നെങ്കിലും ഇന്നും ജാതിപ്പേര് അഭിമാന ചിഹ്നമായി സൂക്ഷിക്കുന്ന സവർണ-മുന്നാക്ക സമുദായാംഗങ്ങൾ കേരളത്തിൽ ധാരാളമാണ്. ഞായറാഴ്ച പത്രങ്ങളിൽ വരുന്ന വൈവാഹിക പരസ്യങ്ങളിലെ വാക്യങ്ങൾ മാത്രം ശ്രദ്ധിച്ചാൽ ജാതിചിന്ത ഇപ്പോഴും എത്രത്തോളം നമ്മുടെ പൊതുസമൂഹത്തിൽ രൂഢമൂലമായി നിലനില്ക്കുന്നുവെന്ന് വ്യക്തമാകും.

ജാതിപ്പേര് സവർണ-മുന്നാക്ക വിഭാഗങ്ങൾക്ക് മാത്രമാണ് ഇപ്പോഴും ഭൂഷണം. പൊതുസമൂഹത്തിലെ ഈ വിശ്വാസധാരയെ തകർക്കുകയല്ല, മറിച്ച് പ്രതിലോമകരമായ ഈ പ്രവണതയെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലാണ് മുഖ്യധാരാ മാധ്യമങ്ങളുടെ സമീപനങ്ങൾ. ജീവനക്കാരും ലേഖകരും ജാതിപ്പേരിലൂടെ അറിയപ്പെടുന്നത് അഭിമാനമായി കൊണ്ടുനടക്കുന്നവരാണ് മലയാള മനോരമ. പത്രപ്രവർത്തകനല്ലാത്തപ്പോൾ ജാതിപ്പേര് ചേർക്കാത്ത റിപ്പോർട്ടർമാരിൽ പലരും പിന്നീട് ജാതിപ്പേര് ചേർത്ത് പത്രതാളുകളിൽ പ്രത്യക്ഷപ്പെട്ടത് ജാതീയതയുടെ പുനസ്ഥാപനത്തിലെ ചെറിയ ഒരു ഉദാഹരണം മാത്രമേ

ആകുന്നുള്ളൂ. അങ്ങനെ ചേർക്കണമെന്ന് നിർദേശിക്കുന്ന ഉടമകൾ ചെയ്യുന്നതും ജാതീയതയുടെ പുനസ്ഥാപനം തന്നെ.

ഏറെ പരിഷ്കൃതമെന്ന് അവകാശപ്പെടുമ്പോഴും ജാതിവിവേചനവും ഊരുവിലക്കുമുൾപ്പടെയുള്ള സാമൂഹിക വൈകൃതങ്ങൾ ഇപ്പോഴും ഒറ്റപ്പെട്ട തോതിലെങ്കിലും കേരളത്തിന്റെ പലഭാഗങ്ങളിലായി നില നിൽക്കുകയാണ്. ലേഖകർ വ്യക്തിപരമായ താല്പര്യങ്ങളെടുത്ത് വരുന്ന ഒറ്റപ്പെട്ട വാർത്തകളോ പരമ്പരകളോ അല്ലാതെ, അവ ദൂരീക രിക്കാനുള്ള ശക്തമായ ഇടപെടലിന് പ്രേരിപ്പിക്കും വിധം വിഷയത്തെ കൈകാര്യം ചെയ്യാൻ മാധ്യമങ്ങൾ തയ്യാറാകുന്നില്ല. ഓരോ ദിവസവും പത്രങ്ങളിൽ അച്ചടിച്ചുവരുന്ന അനേകം വാർത്തകളുടെ കൂട്ടത്തിൽ ഒന്നായി ഇത്തരം വാർത്തകളും പര്യവസാനിക്കുന്നതാണ് പതിവ്. സാമൂഹിക ഒറ്റപ്പെടൽ വാർത്തയായാൽ പോലും അതിന്റെ പില്കാ ലാവസ്ഥ എന്തെന്ന അന്വേഷണത്തിനും ആരും മുതിരാറില്ല.

## ഫണം വിടർത്തിയ വർഗീയത

ദീർഘഇടവേളക്ക് ശേഷം ദേശീയതലത്തിൽ വർഗീയത അതിന്റെ രൗദ്രഭാവത്തിൽ അവതരിച്ചത് 1990കളിലായിരുന്നു. 1989ൽ കേന്ദ്രത്തിൽ അധികാരത്തിൽ വന്ന വിപി സിംഗ് സർക്കാർ, സർക്കാർ സർവീസു കളിൽ ദലിത്-പിന്നാക്ക വിഭാഗത്തിന് തൊഴിൽ സംവരണം ഏർപ്പെ ടുത്തുന്നതിനായി മണ്ഡൽകമ്മിഷൻ റിപ്പോർട്ട് നടപ്പാക്കുന്നതായി പ്രഖ്യാപിച്ചതോടെ സവർണ ഹൈന്ദവത അതിന്റെ താഴ്തിവെച്ചിരുന്ന ഫണം ഉയർത്തുകയായിരുന്നു. മണ്ഡൽ പ്രഖ്യാപനം രാജ്യമെങ്ങുമുള്ള അടിച്ചമർത്തപ്പെട്ട ദലിത്-കീഴാള വിഭാഗത്തിന് പുതിയ ഉണർവാണ് നൽകിയത്. സാമൂഹിക വിവേചനത്തിന്റെ ദൂഷിതവലയം തകർത്തെ റിയാനും പൗരന്മാരുടെ ഗണത്തിൽപോലും പെടാതിരിക്കുകയും ചെയ്ത വലിയ ജനവിഭാഗത്തിന് തല ഉയർത്താനുള്ള ആത്മവിശ്വാസം അത് നൽകി. ഇതിനെ ചെറുക്കാനായി സവർണ-മുന്നോക്ക വിഭാഗ ങ്ങൾ നടത്തിയ ശ്രമങ്ങൾ രാജ്യമെങ്ങും വലിയ കലാപത്തിനാണ് നാന്ദികുറിച്ചത്. തുടർന്ന് അയോധ്യയിൽ ബാബറി മസ്ജിദ് തകർക്ക പ്പെടുകകൂടി ചെയ്തതോടെ വിഭജനാനന്തരമുണ്ടായ കലാപത്തേക്കാൾ മൃഗീയമായ വംശഹത്യ രാജ്യമെങ്ങുമുണ്ടായി.

വലിയതോതിലുള്ള പ്രതികരണങ്ങൾ ഉണ്ടായില്ലെങ്കിലും കേരള ത്തിന്റെ പൊതുസാമൂഹികഘടനയുടെ അടിത്തട്ടിൽ അസ്വസ്ഥതയുടെ പുകച്ചുരുൾ ഉയർത്തിയതായിരുന്നു ഈ സംഭവങ്ങൾ. വാർത്തകളെ

ഏറെക്കുറേ പക്വതയോടെ സമീപിച്ച് കലാപം പടരാതിരിക്കാനുള്ള ജാഗ്രതയാർന്ന സമീപനം അക്കാലത്ത് കേരളത്തിലെ മാധ്യമങ്ങൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ, സമൂഹമനസാക്ഷിയിൽ ജാതി–സാമുദായിക ധ്രുവീകരണത്തിന്റെ വ്യാപ്തി കൂട്ടിയതായിരുന്നു ഈ സംഭവങ്ങളെല്ലാം. കലാപം തടയുകയോ ഉണ്ടാകാതിരിക്കാനുള്ള ജാഗ്രത പുലർത്തുകയോ ചെയ്യുന്നു എന്നതൊഴിച്ചാൽ, സമൂഹത്തിന്റെ അടിത്തട്ടിൽ ഇത്തരം ചേരിതിരിവിന് കാരണമാകുന്ന മറ്റ് പ്രവർത്തനങ്ങൾക്കെല്ലാം പ്രചാരം നൽകുകയാണ് മാധ്യമങ്ങൾ ചെയ്യുന്നത്. വർഗീയ സംഘർഷത്തിലേക്ക് നയിക്കുന്നതല്ലെങ്കിൽ പോലും, പുതിയ കാലത്ത് അതിജീവനം സാധ്യമാകണമെങ്കിൽ ജാതീയമായോ സാമുദായികമായോ സംഘടിക്കേണ്ടിയിരുന്നു എന്ന തോന്നൽ സൃഷ്ടിക്കും വിധം വാർത്തകൾ വിന്യസിക്കപ്പെടുന്നു, ബോധപൂർവമോ അല്ലാതെയോ.

സമൂഹത്തിലെ അടിസ്ഥാനഘടനയിൽ വരുന്ന മാറ്റത്തിന്റെ പ്രതിഫലനം കൂടി ഇത്തരം വാർത്താവിന്യാസത്തിൽ കാണാവുന്നതാണ്. ഒഴുക്കിനെതിരെ നീന്തുന്നതിന് പകരം അതിനൊപ്പം നീന്തുകയാണ് മാധ്യമങ്ങൾ ചെയ്യുന്നതും. സമുദായങ്ങൾ തമ്മിലുള്ള ബന്ധത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നത് ഒരു യാഥാർഥ്യമാണ്. മറ്റുസമുദായവുമായി താരതമ്യം ചെയ്ത് തങ്ങളുടെ അവസ്ഥയെ വിശകലനം ചെയ്യുന്ന രീതി ഇതിനായി അവലംബിക്കുന്നു. കെ.എൻ പണിക്കർ നിരീക്ഷിക്കുന്നത് നോക്കുക:

> *'ഒരു സമുദായത്തിന്റെ മോശമായ അവസ്ഥയ്ക്ക് കാരണം ഇതരസമുദായങ്ങളിലെ പുരോഗതിയാണെന്ന് അവർ തെറ്റായി വിശ്വസിക്കുന്നു. 19–ാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് മുസ്‌ലീങ്ങളുടെ ഇടയിലുണ്ടായിരുന്ന ഒരു കാഴ്ചപ്പാട്, അവകാശങ്ങൾ നിഷേധിക്കപ്പെടുന്നത് ഹിന്ദുക്കൾ പലമേഖലയിലും പുരോഗമിച്ചുനിൽക്കുന്നതിനാലാണ് എന്നായിരുന്നു. ഇന്ന് കേരളത്തിൽ പല സമുദായങ്ങളും തങ്ങളുടെ അവകാശങ്ങൾ മറ്റ് സമുദായങ്ങൾ കയ്യടക്കിയിരിക്കുന്നു എന്ന് വാദിക്കാൻ തുടങ്ങിയിരിക്കുന്നു. അതുകൊണ്ടുതന്നെ സാമുദായിക സംഘടനകൾ, മതാടിസ്ഥാനത്തിൽ സംഘടിക്കേണ്ട ആവശ്യകതയെ കുറിച്ച് ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു.'*
>
> *–ഫാഷിസത്തിന്റെ നാളുകൾ, കെ.എൻ പണിക്കർ*

സാമുദായികമായ തുലനം ചെയ്യൽ അവകാശങ്ങൾ നേടിയെടുക്കാനുള്ള സമ്മർദശക്തിയായി മാറാൻ സമുദായ സംഘടനകളെ പ്രാപ്തരാക്കുന്നുണ്ടാകും. എന്നാൽ, സമൂഹത്തിന്റെ അടിത്തട്ടിൽ അത് സൃഷ്ടിക്കുന്ന വെല്ലുവിളികളെ അവഗണിക്കാൻ കഴിയില്ല.

## മൂലധന താല്പര്യങ്ങളും വിശ്വാസങ്ങളുടെ പുനസ്ഥാപനവും

മലയാള പത്രപ്രവർത്തനം പൂർണമായും വ്യാവസായിക മുഖം സ്വീകരിച്ചത് 1980കളിലാണെന്ന് പറയാം. സ്വാതന്ത്ര്യാനന്തരം അതിജീവിച്ച പത്രങ്ങൾ പ്രചാരം വർധിപ്പിക്കാനും ബിസിനസ് താല്പര്യാർഥവും കൂടുതൽ പതിപ്പുകളെന്ന ലക്ഷ്യം വച്ച് മുന്നോട്ടുപോകാൻ തുടങ്ങി. വാർത്തകൾ അതിവേഗമെത്തിക്കുന്നതിനും പ്രാദേശിക വാർത്തകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും ഇത്രത്തോളം സഹായകരമായ മറ്റൊന്നും പത്രപ്രവർത്തന രംഗത്തുണ്ടായിട്ടില്ലെന്ന് പറയാം. മേഖല തിരിച്ചുള്ള എഡിഷനുകൾക്ക് പകരം വലുതും ചെറുതുമായ എല്ലാ പത്രങ്ങൾക്കും ജില്ലാ കേന്ദ്രങ്ങളിൽ പ്രത്യേകം എഡിഷനുകൾ എന്ന നിലയിലേക്ക് ഇപ്പോൾ മാറിയിരിക്കുന്നു.

വൃത്താന്ത പത്രപ്രവർത്തനത്തിൽനിന്ന് മൂലധന പത്രപ്രവർത്തനത്തിലേക്കുള്ള ഈ മാറ്റത്തോടെ എന്ത് വാർത്തയാകാം എന്നതിൽനിന്ന് മാറി എന്തും വാർത്തയാകുമെന്ന് വന്നുചേർന്നിരിക്കുന്നു. ആർക്കും മൂടിവെക്കാൻ സാധിക്കാത്തവിധം വാർത്താലോകം സ്വതന്ത്രമാക്കപ്പെട്ടിരിക്കുന്നു. ഒരുപത്രം തമസ്കരിച്ചാലും മറ്റേതെങ്കിലും പത്രം അത് നല്കുന്നത്ര സ്വതന്ത്രമാണ് ഇപ്പോൾ കേരളത്തിലെ മാധ്യമരംഗം. വാർത്തകൾ ശേഖരിക്കുന്ന റിപ്പോർട്ടർമാരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. ഓരോ പത്രങ്ങൾക്കും പ്രാദേശിക പ്രതിനിധികളുണ്ടായിക്കഴിഞ്ഞു. പത്രവിതരണക്കാരായ ഏജന്റുമാർതന്നെ വാർത്തകളറിയിക്കുന്ന നിലയിലേക്ക് വളർന്നുകഴിഞ്ഞു. ഇതിലെല്ലാമുപരി വായനക്കാർ നേരിട്ട് വാർത്തകൾ അറിയിക്കുകയും അവർക്കുപ്രിയപ്പെട്ട പത്രത്തിൽ ആ വാർത്ത വന്നിരിക്കണമെന്ന താല്പര്യത്തിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. ഇങ്ങനെ വാർത്താവിനിമയത്തിലെ ജനകീയ വിസ്ഫോടനകാലത്തിലൂടെയാണ് ഇപ്പോൾ മലയാള മാധ്യമ രംഗം സഞ്ചരിക്കുന്നത്. അതിനൊപ്പം സാങ്കേതിക വിദ്യയും പ്രഫഷണലിസവും മികവിന്റെ പുതിയ ഉയരങ്ങൾ തേടുന്നു. മാധ്യമ മേഖലയിലെ മൂലധനവത്കരണത്തിന്റെ ഫലമാണ് ഇതെല്ലാം. മൂലധനതാല്പര്യം

വാർത്തകളുടെ സ്വഭാവത്തെയും വാർത്തകൾ നല്കുന്ന രീതിയെയും തന്നെ ചിലപ്പോൾ സ്വാധീനിച്ചേക്കാറുണ്ടെങ്കിലും ലോകം മുഴുവൻ വാർത്താവിനിമയ രംഗത്തുണ്ടാകുന്ന പുതിയ വിസ്ഫോടന-വികാസത്തിൽനിന്ന് മാറിനിൽക്കാൻ മലയാള പത്രങ്ങൾക്ക് കഴിയില്ല. അങ്ങനെ മാറി നിൽക്കുന്നവർ അറുപഴഞ്ചനാവുകയോ കാലഹരണപ്പെടുകയോ ചെയ്യും.

മൂലധന താല്പര്യം പത്രങ്ങളുടെസാമൂഹിക കാഴ്ചപ്പാടുകളിലും പ്രതിഫലിക്കുന്നതാണ്. സ്വതന്ത്ര പത്രപ്രവർത്തനം, നിഷ്പക്ഷത, ധാർമികത എന്നിങ്ങനെ മാധ്യമരംഗം നിരന്തരം ചർച്ചകൾക്കും വിമർശനങ്ങൾക്കും വിധേയമാകുന്ന നിരവധി വിഷയങ്ങളുണ്ട്. ഇതെല്ലാം പാത്രത്തിലെ ജലം പോലെയാണ്. ഏതുപാത്രത്തിൽ ജലം ശേഖരിക്കുന്നു എന്നതനുസരിച്ചുമാത്രമേ അതിന് രൂപമുണ്ടാകുന്നുള്ളൂ. ഒരാൾക്ക് സ്വതന്ത്രവും നിഷ്പക്ഷവും ധാർമികവുമെന്ന് തോന്നുന്നത് അപരനുണ്ടാകണമെന്നില്ല. എല്ലാവരെയും ഒരുപോലെ തൃപ്തിപ്പെടുത്തുന്ന ഒന്നും ഒരുകാലത്തും സാധ്യമാവുകയുമില്ല.

ഈ മൂലധന താൽപര്യം മുൻനിർത്തി ജാതി-മത-വിശ്വാസകേന്ദ്രീകൃതമായ സംഭവങ്ങളെ സമീപിക്കുക എന്നതിലേക്ക് ആധുനിക മാധ്യമരംഗം എത്തിച്ചേർന്നിട്ടുണ്ട്. പ്രചാരത്തിന് കോട്ടമുണ്ടാകും വിധം വിശ്വാസകേന്ദ്രീകൃതമായ ഒന്നിൽ വാർത്തകളോ അഭിപ്രായ പ്രകടനങ്ങളോ നടത്താൻ ഇന്ന് പത്രങ്ങൾ മുതിരാറില്ല. ആദ്യകാലങ്ങളിൽ നവോത്ഥാന മുന്നേറ്റത്തിന്റെ ഭാഗമായി മുന്നിൽനിന്ന് നയിച്ച പത്രങ്ങൾപോലും ഇപ്പോൾ പ്രചാര-പരസ്യകേന്ദ്രീകൃതമായ വ്യാജമിതത്വത്തിലേക്ക് പലപ്പോഴും പോകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. വിശ്വാസത്തെ എങ്ങനെ ഫലപ്രദമായി പ്രചാരവർധനയ്ക്ക് ഉപയോഗിക്കാം എന്നതാണ് ആധുനിക മാധ്യമപ്രഫഷണലിസം. ഈ തന്ത്രം വിജയകരമായി നടപ്പാക്കുന്നതിലും മുന്നിൽ മലയാള മനോരമയും മാതൃഭൂമിയും തന്നെ. മംഗളവും ഈ മത്സരത്തിന്റെ ഭാഗമാണ്. കേരള കൗമുദിയാകട്ടെ ഈ ശ്രേണിയിൽ ഓടിത്തളർന്നുകൊണ്ടിരിക്കുന്നു. ഇത്രത്തോളമില്ലെങ്കിലും മറ്റുപത്രങ്ങൾക്കൊന്നും മതവിശ്വാസസംബന്ധിയായ വാർത്തകളിൽനിന്ന് ഒഴിഞ്ഞു നിൽക്കാൻ കഴിഞ്ഞിട്ടില്ല, അങ്ങനെ കഴിയേണ്ടതുമില്ല.

എന്നാൽ, വിശ്വാസങ്ങളെയും ആചാരങ്ങളെയും അതിന്റെ സ്വാഭാവികതയിൽ കവിഞ്ഞ് പെരുപ്പിച്ച് കാണിക്കുന്നതും വിശ്വാസികളെ

വ്രണപ്പെടുത്തേണ്ടിവരുമെന്നതിനാൽ അനാചാരങ്ങൾക്കുനേരെ കണ്ണടക്കുകയും ചെയ്യുന്ന രീതി സാമൂഹിക നവോത്ഥാനത്തിന് നിർണായക സംഭാവന നൽകിയ പത്രങ്ങൾക്ക് ഒരുതരത്തിലും ഭൂഷണമല്ല. 1990കൾക്ക് ശേഷം വിശ്വാസകേന്ദ്രീകൃതമായ സാമൂഹ്യസാഹചര്യങ്ങളിലേക്ക് പൊതുസമൂഹത്തെ ബോധപൂർവം നയിക്കുമ്പോഴാണ് പത്രങ്ങൾ അത് ദുരുപയോഗം ചെയ്യുകയോ അല്ലെങ്കിൽ കുറ്റകരമായ നിസ്സംഗത പുലർത്തുകയോ ചെയ്തതെന്ന് കാണാം.

ദേശീയപത്രത്തിന്റെ പെരുമയുള്ള മാതൃഭൂമി ഹൈന്ദവ താല്പര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നുണ്ടെന്ന വിമർശനം മാതൃഭൂമിയുടെ പ്രാരംഭകാലം മുതൽ തന്നെ ഉയർന്നുവന്നതാണ്. 'നായന്മാരുടെ പത്രം' എന്ന ആക്ഷേപമായിരുന്നു തുടക്കം മുതൽ. സി. കൃഷ്ണൻ പത്രാധിപരായി തീയ്യരുടെ ക്ഷേമത്തിനായി തുടങ്ങിയ 'മിതവാദി'യും മുഹമ്മദ് അബ്ദുറഹ്മാൻ പത്രാധിപരായി തുടങ്ങിയ 'അൽ-അമീനും' തുടക്കം മുതൽ മാതൃഭൂമിയുടെ ഈ താൽപര്യങ്ങളെ വിമർശിച്ചുകൊണ്ട് എഴുതിയിരുന്നു. ഇക്കാര്യത്തിൽ ദിവസങ്ങൾ നീണ്ട സംവാദങ്ങൾതന്നെ ഈ പത്രങ്ങൾക്കിടയിൽ ഉണ്ടായിട്ടുണ്ട്. മഹാത്മാഗാന്ധിയുടെ മൂത്തമകൻ ഹരിലാൽ ഗാന്ധി ഇസ്‌ലാം മതം സ്വീകരിച്ച് ശൈഖ് അബ്ദുല്ലാഗാന്ധിയായപ്പോഴായിരുന്നു അൽ അമീൻ വിമർശനം ഉന്നയിച്ചത്. ഈ സംഭവം മാതൃഭൂമി തന്നെ വിശദീകരിക്കുന്നത് ഇങ്ങനെയാണ്:

> *'മഹാത്മാഗന്ധിയുടെ മൂത്ത മകൻ ഹരിലാൽ ഗാന്ധി ഇസ്ലാം മതം സ്വീകരിച്ച് ശൈഖ് അബ്ദുല്ലാഗാന്ധിയായത് ഇക്കാലത്താണ്, 1936 മെയിൽ. ഇന്ത്യയിലെന്നല്ല, ലോകത്തൊട്ടാകെ അന്ന് വലിയൊരു ചർച്ചാവിഷയമായിത്തീർന്നു, ഈ മതം മാറ്റം. എന്നാൽ, മാതൃഭൂമി അക്കാര്യത്തിൽ ഒരു ഉദാസീന നയമാണ് സ്വീകരിച്ചത്. മലബാറിലെ മുസൽമാന്മാരിൽ ഒരുവിഭാഗം ഈ ഉദാസീന നയത്തിൽ അസംതൃപ്തി പ്രകടിപ്പിച്ചു. അബ്ദുള്ളാഗന്ധിയുടെ ഇസ്ലാം മതസ്വീകരണം ശരിയായൊരു വിശ്വാസപരിവർത്തനത്തിന്റെ ഫലമാണെന്നു വിശ്വസിച്ചിരുന്ന അവർ, മതമില്ലെന്നു പറയുന്ന മാതൃഭൂമി ഈ മതംമാറ്റത്തെ അനുകൂലിക്കുകതന്നെ വേണമെന്നും വിശ്വസിച്ചിരിക്കണം. 1936 സെപ്തംബറിൽ ശൈഖ് അബ്ദുള്ള ഗാന്ധിക്ക് പൊന്നാനിയിൽ ഒരു പ്രമുഖ*

*മുസ്‌ലീം മത സംഘടനയുടെ ആഭിമുഖ്യത്തിൽ ഒരു സ്വീകരണം നൽകപ്പെട്ടു. പ്രസ്തുത സ്വീകരണയോഗത്തിൽ അംഗീകരിക്കപ്പെട്ട പ്രമേയങ്ങളിൽ ഒന്ന് മാതൃഭൂമിയുടെ ഉദാസീന നയത്തിൽ പ്രതിഷേധിക്കുന്നതിനും മാതൃഭൂമി ബഹിഷ്കരിക്കാൻ മുസ്ലീങ്ങളെ ആഹ്വാനം ചെയ്യുന്നതുമായിരുന്നു.'*

*-മാതൃഭൂമിയുടെ ചരിത്രം, രണ്ടാം വാല്യം*

ഹരിലാലിന്റെ മതംമാറ്റത്തെ കുറിച്ച് ഗാന്ധിജി നൽകിയ വിശദീകരണത്തിന്റെ ചുവടു പിടിച്ചായിരുന്നു അന്ന് മാതൃഭൂമി ഇതിൽ തങ്ങളുടെ ഭാഗം ന്യായീകരിച്ചത്. ഗാന്ധിജി ഇതിന് നൽകിയ വിശദീകരണം ഇങ്ങനെയാണ്:

*'ഈ മതം മാറ്റം ഹൃദയത്തിൽനിന്നുള്ള ഐഹികവിചാരങ്ങൾ ഒന്നുംതന്നെ കൂടാത്തതും ആയിരുന്നുവെങ്കിൽ, എനിക്ക് ആക്ഷേപമുണ്ടാകുമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ എന്റെ മതത്തെപ്പോലെതന്നെ സത്യമായതാണ് ഇസ്ലാം മതവും എന്നു ഞാൻ വിശ്വസിക്കുന്നു'. എന്നാൽ, ഹരിലാലിന്റെ മതം മാറ്റത്തിൽ തനിക്ക് സംശയുമുണ്ടെന്ന് വ്യക്തമാക്കിയാണ് ഗാന്ധിജി വിശദീകരണം അവസാനിപ്പിക്കുന്നത്. മാതൃഭൂമിയാകട്ടെ മുഖപ്രസംഗത്തിലൂടെ ഇക്കാര്യത്തിൽ നയം വ്യക്തമാക്കി: 'മതം വ്യക്തികളുടെ സ്വന്തം കാര്യമാണ്. ഒരാളുടെ മതംമാറ്റത്തിൽ, ആയാൾക്കല്ലാതെ മറ്റാർക്കും സന്തോഷത്തിനോ സന്താപത്തിനോ അവകാശമില്ല. മതംമാറ്റംകൊണ്ട് തനിക്ക് ആധ്യാത്മികരക്ഷ ലഭിച്ചു എന്നു കരുതി ഒരാൾ യഥാർഥത്തിൽ സന്തോഷിക്കുന്നുവെങ്കിൽ, അയാളുടെ സന്തോഷത്തിൽ മറ്റുള്ളവർക്കും ആഹ്ലാദിക്കാവുന്നതാണ്. എന്നാൽ, പ്രസ്താവനയിലുള്ള മതപരിവർത്തനങ്ങളിൽ അങ്ങനെയുള്ള ആഹ്ലാദത്തിനും വകയില്ല. വിശ്വാസംകൊണ്ടല്ല, ഭൗതികമായ ചില സൗകര്യങ്ങൾ ഉദ്ദേശിച്ചാണ് തങ്ങൾ മതം മാറുന്നതെന്ന് അങ്ങനെ മതം മാറുന്നവർതന്നെ സമ്മതിക്കുന്നുണ്ട്.'*

*-മാതൃഭൂമിയുടെ ചരിത്രം, രണ്ടാം വാല്യം*

തങ്ങൾക്ക് മതവും ജാതിയുമില്ലെന്ന് പ്രഖ്യാപിച്ച് നിരവധി മുഖപ്രസംഗങ്ങൾ തന്നെ മാതൃഭൂമിക്ക് വിശദീകരണമായി നൽകേണ്ടിവന്നി

രുന്നു. എന്നിട്ടും മുന്നോക്ക-സവർണ ഹൈന്ദവ താൽപര്യത്തിനൊപ്പം നിൽക്കുന്ന പത്രമെന്ന പഴിയാണ് മാതൃഭൂമി ഇപ്പോഴും കേൾക്കേണ്ടി വരുന്നത്. ഇത് മറികടക്കാനായി ഇതര മതങ്ങളുടെയും പിന്നാക്ക ജാതി കളുടെയും വാർത്തകൾക്ക് നല്ല പരിഗണന നൽകുന്നുണ്ടെങ്കിലും മുഴ ച്ചുനിൽക്കുന്ന ഹൈന്ദവാഭിമുഖ്യത്തെ മറച്ചുവെക്കാൻ മാതൃഭൂമിക്ക് കഴി യാറില്ല. വരിക്കാരും വായനക്കാരുമായ വലിയ വിഭാഗം ഹിന്ദുമത സ്ഥരാണെന്നതുകൊണ്ടുതന്നെ ശക്തമായ സ്വന്തം അടിത്തറയ്ക്ക് ഇളക്കം തട്ടാതിരിക്കാൻ ഇത്തരം വിഷയങ്ങളെ കൈകാര്യം ചെയ്യുന്ന തിൽ മാതൃഭൂമി ബദ്ധശ്രദ്ധനൽകുന്നു. ഹിന്ദുവിശ്വാസികളെ തൃപ്തി പ്പെടുത്തുന്നതിനായി ദേവീ-ദേവന്മാരുമായി ബന്ധപ്പെടുന്ന വിശേഷ ദിവസങ്ങളിൽ ഒന്നാംപേജിൽ തന്നെ അവരുടെ ചിത്രം പ്രസിദ്ധീകരി ക്കുന്ന രീതി മാതൃഭൂമി ഇടക്കാലത്ത് സ്വീകരിച്ചിരുന്നു, പ്രത്യേക ചട ങ്ങളുടെ വാർത്ത എന്ന രൂപത്തിലല്ലാതെ തന്നെ!

## പത്രപ്രവർത്തനത്തിലെ ഭക്തി

ഭക്തി ഒരു വ്യവസായമായി മാറി എന്നതാണ് ആധുനിക കേരള ത്തിന്റെ മറ്റൊരു സവിശേഷത. മറ്റേത് വ്യവസായത്തേക്കാളും എളുപ്പ ത്തിൽ വിപണിയുടെ ശീലങ്ങളെ സ്വാംശീകരിക്കാനും ഉപഭോക്താ വിന്റെ മനസ്സിലേക്ക് ആഴ്ന്നിറങ്ങാനും ഭക്തിക്ക് കഴിഞ്ഞിരിക്കുന്നു. ഭക്തിവികാസത്തിന്റെ ചേരുവകൾ സമൂഹത്തിൽ ഏതു തലങ്ങ ളിൽനിന്നും ഉയർന്നുവരാം. ഈ ചേരുവകളെ ഫലപ്രദമായി ഉപയോ ഗപ്പെടുത്തുകയും ഭക്തിവിപണിയുടെ സാധ്യതകൾ അനന്തമാണെന്ന് മനസ്സിലാക്കുകയും ചെയ്തത് മാധ്യമങ്ങളാണ്. കമ്പോളത്തിൽ ഏതു വ്യാപാരത്തിനും വ്യവസായത്തിലും നഷ്ടസാധ്യതകൾ ഏറെയാണ്. ഭക്തിവ്യവസായത്തിൽ മറിച്ചും. നഷ്ടം സംഭവിക്കാൻ ഏതെങ്കിലും സാധ്യതയുണ്ടെങ്കിൽ അത് വിശ്വാസിയെന്ന ഉപഭോക്താവിന് മാത്ര മായിരിക്കും. വിശ്വാസത്തിന്റെ കമ്പിളിപ്പുതപ്പിനുള്ളിൽ കഴിയുന്നതി നാൽ നഷ്ടം വരുത്തുന്ന മരവിപ്പിനെയും വിധിയെന്നാശ്വസിച്ച് കഴി യേണ്ടിവരികയാണ് വിശ്വാസി.

ഭക്തിയും പത്രപ്രവർത്തനവും സ്വാഭാവികമായും കെട്ടുപിണ ഞ്ഞുകിടക്കേണ്ട ഒന്നല്ല. വിപണി സാധ്യതകളെ ഉപയോഗപ്പെടു ത്തുന്നതിൽ പത്ര ഉടമകൾ കൈവരിച്ച മിടുക്കിന്റെ ഫലമായി ഇന്ന് അതങ്ങനെ കിടക്കുന്നു. ഈ സാഹചര്യം എഴുത്തുകാരൻ സക്ക റിയ നിരീക്ഷിക്കുന്നത് ഇങ്ങനെയാണ് :

*'കേരളത്തിൽ ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത് ഭക്തി, പത്ര പ്രവർത്തനം എന്ന രണ്ട് വ്യവസായങ്ങൾ ഒന്ന്ചേർന്ന് പ്രവർത്തിക്കുന്ന ഒരു പ്രത്യേക അവസ്ഥയാണ്. ഇന്ത്യയിൽ മറ്റൊരു സംസ്കാരത്തിലും മറ്റൊരു ഭാഷയിലും ഇങ്ങനെയൊരു വിപണി പ്രതിഭാസം ദൃശ്യമല്ല. ഭക്തിവ്യവസായത്തിന്റെ വിപണിതാല്പര്യങ്ങൾ വാർത്തകളിലേക്ക് നിഗൂഢമായി പ്രതിഷ്ഠിക്കപ്പെടുന്നു. പത്രപ്രവർത്തകർവാണിജ്യപരമായി സ്വാധീനിക്കപ്പെടുമ്പോഴും പത്രപ്രവർത്തകർതന്നെ ഭക്തരായി മാറുമ്പോഴും ഇത് സംഭവിക്കാം. പത്രപ്രവർത്തകൻ വാർത്തയെ തന്റെ ഭക്തിയിലൂടെ, അല്ലെങ്കിൽ , ഭക്തിവാണിജ്യതാല്പര്യങ്ങളുടെ പ്രചാരണോപാധിയായി ദുരുപയോഗപ്പെടുത്തുന്നു. വാർത്ത കളവായി മാറുന്നു'*

*– ഭക്തിയും പത്രപ്രവർത്തനവും, കലാകൗമുദി, മാർച്ച് 2003*

മതം, ജാതി, ഭക്തി തുടങ്ങിയവയെ സമീപിക്കുമ്പോൾ ഭക്തിയുടെ വിപണിസാധ്യതകളെ ഉപയോഗപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ വീക്ഷിക്കാൻ മാധ്യമങ്ങൾ ശ്രമിക്കുന്നത് ഈ ഒരു പശ്ചാത്തലത്തിൽകൂടിയാണ്. അതുകൊണ്ടുതന്നെ നിർണായകമായ എന്തുപരിഷ്കാരനിർദേശങ്ങളും ഭക്തിയുമായി ബന്ധപ്പെട്ട മേഖലയിൽ ഉയർന്നുവരുമ്പോൾ വിപണി ലക്ഷ്യംവച്ചുള്ള സമീപനം മാത്രം മതിയെന്ന നിലയിലേക്ക് ആധുനിക മാധ്യമങ്ങൾ –വേർതിരിവേതുമില്ലാതെ– എത്തിച്ചേർന്നിരിക്കുന്നു. ഇതുണ്ടാക്കുന്ന പ്രത്യാഘാതം വലുതാണ്. കേരളത്തിന്റെ സാമൂഹിക നവോത്ഥാന മുന്നേറ്റങ്ങളെ തകർത്തുകളയുന്ന രീതിയിൽ, ആചാര നിഷ്ഠകളും വിശ്വാസ പ്രമാണങ്ങളും പുനസ്ഥാപിക്കാൻ നടത്തുന്ന ബോധപൂർവ ശ്രമങ്ങളെ തുറന്നുകാട്ടാൻ ആധുനികകാലത്ത് പത്രങ്ങൾ വിമുഖത കാണിക്കുന്ന നിലയിലേക്ക് അത് എത്തിയിരിക്കുന്നു. ഇത്തരം കാര്യങ്ങളിൽ സ്വതന്ത്രവും നിർഭയവുമായ അഭിപ്രായ പ്രകടനം തങ്ങൾക്ക് തന്നെ ആത്യന്തികമായ തിരിച്ചടിയാകുമെന്ന ഭയമാണ് ഈ ഉൾവലിയലിന് പ്രധാന കാരണം.

1990കൾക്കുശേഷം ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിലും മുസ്ലീം-ക്രൈസ്തവ ദേവാലയങ്ങൾ സ്ഥാപിക്കുന്നതിലും നേരത്തെയില്ലാത്ത താല്പര്യം അതതു സമുദായങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. എല്ലാ ആരാധാനാലയങ്ങളിലും എത്തിച്ചേരുന്ന വിശ്വാസികളുടെ

എണ്ണവും ഓരോ വർഷവും കൂടിക്കൊണ്ടിരിക്കുന്നു. എന്നാൽ, ഇതേ സന്ദർഭങ്ങളിൽ ആരാധനാലയങ്ങളിലെ ചിട്ടവട്ടങ്ങൾ പരിഷ്കരിക്കുന്ന കാര്യത്തിൽ മാമൂലുകൾ കൈവെടിയാൻ ഒരുക്കമല്ലെന്ന കടുംപിടുത്തത്തിലാണ് വിശ്വാസി സമൂഹം. ഗുണപരമായി മാറേണ്ട ഇത്തരം ചർച്ചകളിൽപോലും ധൈര്യസമേതം ഇടപെടാനോ അഭിപ്രായം രേഖപ്പെടുത്താനോ പത്രങ്ങൾ തയ്യാറല്ല.

കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിൽ ഏറ്റവും വലിയ ചുവടുവെപ്പായിരുന്നു ഗുരുവായൂർ സത്യാഗ്രഹം. അതേ ഗുരുവായൂർ അമ്പലത്തിൽ കോൺഗ്രസ് നേതാവ് വയലാർ രവിയുടെ കൊച്ചുമകന് നല്കിയ ചോറൂണ് സൃഷ്ടിച്ച കോലാഹലം നവോത്ഥാന കേരളത്തിന്റെ മുഖത്തേക്കുള്ള ചെളിവാരിയേറായിരുന്നു. വയലാർ രവിയുടെ ഭാര്യ മേഴ്സിരവിയായിരുന്നു വിവാദത്തിന്റെ ഇര. ക്രൈസ്തവ വിശ്വാസിയായിരുന്ന മേഴ്സിയുടെ മകനും കൊച്ചുമകനും ഹൈന്ദവക്ഷേത്രത്തിൽ പ്രവേശനം സാധ്യമായതുതന്നെ ഗുരുതരമായ ആചാരനിഷേധമായും ക്ഷേത്രശുദ്ധിയെ കളങ്കപ്പെടുത്തുന്നതായും ചിത്രീകരിക്കപ്പെട്ടു. പരിഹാരക്രിയയിലൂടെ ശുദ്ധി തിരിച്ചുപിടിച്ചാണ് ഗുരുവായൂർ ക്ഷേത്രനടത്തിപ്പുകാർ ദേവന്റെ അഹിതം മാറ്റിയത്! ക്ഷേത്രത്തിൽ പ്രവേശിച്ച വയലാർ രവിയുടെ മകന്റെയും കൊച്ചുമകന്റെയും വിശ്വാസങ്ങൾക്കായിരുന്നില്ല, പകരം ക്ഷേത്രത്തിൽ പ്രവേശിക്കാത്ത മേഴ്സിയുടെ വിശ്വാസമായിരുന്നു ഗുരുവായൂർ അശുദ്ധിയാകാൻ കാരണമായി ക്ഷേത്രാധികാരികൾ ചൂണ്ടിക്കാട്ടിയത്.

ഈ പ്രശ്നത്തിൽ പൊതുസമൂഹത്തിൽ ഉയർന്നുവന്ന വ്യത്യസ്ത അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നതിനപ്പുറം വ്യക്തമായ നിലപാടെടുക്കാൻ മുഖ്യധാര പത്രങ്ങളൊന്നും തയ്യാറായില്ല. തങ്ങൾ ഇതിൽ അഭിപ്രായം പറയുന്നത് വിശ്വാസികളായ ബഹുഭൂരിപക്ഷം ജനതയുടെ എതിർപ്പ് സമ്പാദിക്കാനിടയാക്കുമെന്ന തോന്നലായിരുന്നു പ്രമുഖ പത്രങ്ങൾക്കുണ്ടായത്. ഇതുൾപ്പെടെ ക്ഷേത്രങ്ങളിലെ ആചാര രീതികൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച് ഉയർന്ന നിർദേശങ്ങളോടെല്ലാം ഒരുതരം നിസ്സംഗ നിലപാടുതന്നെ തുടർന്നു. ഗുരുവായൂർ ക്ഷേത്രത്തിൽ സ്ത്രീകൾക്ക് ചുരിദാർ ധരിച്ച് പ്രവേശിക്കാമെന്ന നിർദേശം ഉയർന്നപ്പോൾ ആചാര പരിഷ്കാരം വിശ്വാസത്തിന് കോട്ടം തട്ടുമെന്ന വാദങ്ങൾക്ക് പ്രാമുഖ്യം നൽകാൻ പത്രങ്ങൾ മടികാട്ടിയില്ല. ക്ഷേത്രങ്ങളിലെ വെടി വഴിപാടുകൾ അപകടങ്ങൾക്ക് ഇടയാക്കുമെന്നതിനാൽ വെടിശബ്ദം റെക്കോർഡ് ചെയ്ത് കേൾപ്പിച്ചാൽ പോരേയെന്ന് കേരള

ഹൈക്കോടതി ആരാഞ്ഞപ്പോൾ പൊതുസമൂഹത്തിൽ അതൊരു ചർച്ചയായി ഉയർത്തിക്കൊണ്ടുവരാനും മാധ്യമങ്ങൾ വിമുഖത കാണിച്ചു. കാരണം വിശ്വാസത്തിന് ക്ഷതമേൽക്കുന്ന ചർച്ചകൾ തങ്ങളുടെ പ്രചാരസാധ്യകളെ  തടസ്സപ്പെടുത്തുമെന്നതുതന്നെ.

നാരായണഗുരു അരുവിപ്പുറം പ്രതിഷ്ഠ നടത്തിയത് 1888ലാണ്. ക്ഷേത്രപ്രവേശനത്തിലും ക്ഷേത്രാധികാരത്തിലുമുള്ള അബ്രാഹ്മണരുടെ അവകാശം സ്ഥാപിക്കലായിരുന്നു അത്. ബ്രാഹ്മണാധിപത്യത്തിന്റെ ദുഷിച്ച ശീലങ്ങളെ പ്രതിരോധിക്കാനുള്ള സംഘശക്തിക്കുള്ള അടിത്തറയിട്ടതായിരുന്നു അരുവിപ്പുറം പ്രതിഷ്ഠ. അതിന്റെ തുടർച്ചയായി എസ്എൻഡിപിയും നവോത്ഥാന പ്രസ്ഥാനങ്ങളും ശക്തിപ്പെട്ടപ്പോൾ പൂജ ചെയ്യാനുള്ള അവകാശവും കീഴ്ജാതിക്കാരനുണ്ടെന്ന് ശ്രീനാരായണീയർ  സ്ഥാപിച്ചു. പൂജാവിധികൾ പഠിച്ച ഏതൊരുവിശ്വാസിക്കും പൂജചെയ്യാൻ അവകാശമുണ്ടെന്ന ഈ പ്രഖ്യാപനത്തെ ചെറിയ തോതിൽപോലും ഉൾക്കൊള്ളാൻ കേരളത്തിലെ വിശാല ഹിന്ദുവിശ്വാസി സമൂഹം തയ്യാറായിട്ടില്ല. നാരായണഗുരു മുന്നോട്ടുവെച്ച നവോത്ഥാനാശയത്തെ  ഈഴവക്ഷേത്രങ്ങളും ഈഴവപ്പൂജാരിമാരും ഈഴവ ദൈവങ്ങളും എന്ന നിലയിൽ വിപരീത ദിശയിൽ വായിക്കുകയാണ് ആധുനികകേരളീയ പൊതുസമൂഹം ചെയ്തത്. പൂജാദികർമ്മങ്ങളിലെ സവർണാധിപത്യത്തെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾക്ക് പിന്തുണ നൽകാൻ എസ്എൻഡിപിക്ക് പുറത്ത് മറ്റൊരു സംഘടനയോ നവോത്ഥാന മൂല്യങ്ങൾ പിൻപറ്റി നിൽക്കുന്ന പത്രങ്ങളോ സന്നദ്ധമായിട്ടില്ലെന്നതാണ്  യാഥാർഥ്യം.

ശബരിമലയുമായി ബന്ധപ്പെട്ട് ഉയർന്ന വിവാദങ്ങളിലും ഭൂരിപക്ഷം വരുന്ന വിശ്വാസി സമൂഹത്തിന്റെ വികാരങ്ങളെ വ്രണപ്പെടുത്താനില്ലെന്ന നിലപാട് സ്വീകരിച്ച്, വ്യാജനിർമിതിയെ തുറന്നുകാണിക്കുന്നതിൽനിന്ന് മാറിനിൽക്കുകയായിരുന്നു മാധ്യമങ്ങൾ. ശബരിമലയിലെ സ്ത്രീ സാന്നിധ്യമായിരുന്നു ഒരു വിവാദ വിഷയം. വിഗ്രഹത്തിന് സമീപം സ്ത്രീ കടന്നുചെന്നതായി ക്ഷേത്രത്തിൽ നടത്തിയ ദേവപ്രശ്നത്തിൽ തെളിഞ്ഞതായി ജ്യോതിഷി പരപ്പനങ്ങാടി ഉണ്ണിക്കൃഷ്ണ പണിക്കർ നടത്തിയ പരാമർശം വിശ്വാസി സമൂഹത്തെ ഒന്നടങ്കം ഇളക്കിമറിച്ചതായിരുന്നു. ക്ഷേത്രാചാരങ്ങളുടെ നിഷേധമായ ശ്രീകോവിലിലെ സ്ത്രീ സാന്നിധ്യം എങ്ങനെയുണ്ടായെന്നത് സംബന്ധിച്ച തർക്കങ്ങൾ ഏറെ നടന്നു. ദേവപ്രശ്നത്തിലെ കണ്ടെത്തൽ ശരിയാണെന്ന് വ്യക്തമാക്കിക്കൊണ്ട് കന്നട ചലച്ചിത്രതാരം ജയമാല, ക്ഷേത്ര

സന്ദർശനം നടത്തിയത് താനാണെന്ന് പറയുക കൂടി ചെയ്തതോടെ ദേവപ്രശ്നത്തിലെ പരാമർശത്തിന് സാധൂകരണവുമായി. എന്നാൽ, ജയമാലയുടെ വെളിപ്പെടുത്തലോ ഉണ്ണികൃഷ്ണപ്പണിക്കരുടെ പ്രശ്ന നിരീക്ഷണമോ ശരിയാണെന്ന് സ്ഥാപിക്കാൻ പിന്നീട് ആർക്കും സാധിച്ചില്ല.

ലക്ഷക്കണക്കിന് വരുന്ന വിശ്വാസികളുടെ വികാരത്തെ വ്രണപ്പെടുത്തിയ ഈ പരാമർശങ്ങളിലേക്ക് നയിച്ച പിന്നാമ്പുറ യാഥാർത്ഥ്യങ്ങൾ കണ്ടെത്താൻ സാധിച്ചില്ല. മാത്രമല്ല, ശബരിമല ക്ഷേത്രത്തിലെ സ്ത്രീപ്രവേശന നിഷേധം പുനപ്പരിശോധിക്കേണ്ട ഒന്നാണെന്ന അഭിപ്രായങ്ങൾക്കും മാധ്യമങ്ങൾ വലിയ പ്രാധാന്യം കൊടുത്തില്ല. കാരണം ഇത്തരം ചർച്ചകളെല്ലാം തന്നെ വിശ്വാസികളുടെ എതിർപ്പിലേക്കാണ് നയിക്കുകയെന്ന ഭയം പത്രങ്ങളെ വല്ലാതെ പിടികൂടുകയുണ്ടായി. ആചാരങ്ങൾ പരിഷ്കരിക്കുകയെന്നതിലേക്ക് കടക്കാതെ, ജ്യോതിഷത്തിന്റെ പേരിൽ സൃഷ്ടിക്കുന്ന ഇത്തരം അപകടങ്ങളെ തുറന്നുകാട്ടാനുള്ള ഉത്തരവാദിത്തം ഏതെങ്കിലും പത്രം ഏറ്റെടുക്കേണ്ടതായിരുന്നു. ജ്യോതിഷത്തിന് ശാസ്ത്രീയാടിത്തറയുണ്ടെന്ന് അനുകൂലികൾ വാദിക്കുന്നിടത്തോളം തന്നെ പ്രാധാന്യം അതിന്റെ പേരിൽ നടക്കുന്ന ചൂഷണങ്ങളെ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും നൽകാൻ മാധ്യമങ്ങൾ സന്നദ്ധമാകണമായിരുന്നു. ഉണ്ണികൃഷ്ണ പണിക്കരുടെ ദേവപ്രശ്നത്തിലെ കണ്ടെത്തൽ, വലിയ വിശ്വാസി സമൂഹത്തെ വ്രണപ്പെടുത്തുമെന്നതിനാൽ തിരസ്കരിക്കപ്പെട്ടുവെന്നതിന് അപ്പുറം പ്രശ്നവിധി പരാമാർശങ്ങളിൽ ഇങ്ങനെ സ്ഥിരം കടന്നുകൂടുന്ന പൊള്ളത്തരങ്ങളെ വിചാരണ ചെയ്യാൻ പൊതുസമൂഹമോ മാധ്യമങ്ങളോ തയ്യാറായില്ല.

മകരജ്യോതി സംബന്ധിച്ച വിവാദങ്ങളായിരുന്നു പത്രങ്ങളുടെ കുറ്റകരമായ ഉദാസീനത വെളിവായത്. ജ്യോതി കാണാനെത്തിയ നൂറിലേറപ്പേരുടെ ജീവൻ പുൽമേട് ദുരന്തത്തിലൂടെ നഷ്ടമായപ്പോഴാണ് മകരജ്യോതിയുടെ വിശദാംശങ്ങൾ അറിയണമെന്ന് കേരളത്തിലെ പൊതുസമൂഹം ആഗ്രഹിച്ചത്. പൊന്നമ്പലമേട്ടിൽ മകരജ്യോതി തെളിയുന്നതല്ല തെളിയിക്കുന്നതാണെന്ന് ദേവസ്വം അധികൃതർക്കും ഒടുവിൽ സമ്മതിക്കേണ്ടിവന്നു.

എത്രയോ വർഷങ്ങളായി കേരളത്തിലും സംസ്ഥാനത്തിന് പുറത്തുമുള്ള വിശ്വാസികളെ ദേവസ്വത്തിന്റെ അറിവോടെ നടത്തിയ ഈ കബളിപ്പിക്കൽ, അതിന്റെ ഗൗരവത്തോടെയല്ല മാധ്യമങ്ങൾ സമീപിച്ച

ത്. അവിടെയും വിശ്വാസം തന്നെയായിരുന്നു പ്രതിബന്ധം. മകര ജ്യോതി തെളിയിക്കുന്നത്, ശബരിമലയിലെ മറ്റെല്ലാ ചടങ്ങുകളെയും പോലെ മനുഷ്യൻ ചെയ്യുന്നതാണെന്ന് സമ്മതിച്ചാൽ അതിന്റെ പവിത്രത നഷ്ടപ്പെടുമായിരുന്നില്ല. അതിന് പകരം, മകര ജ്യോതി തെളിയുന്നതിന് ഒരു ഗൂഢപരിവേഷം നിലനിർത്താനായിരുന്നു ദേവസ്വം ബോർഡും ക്ഷേത്രാധികാരികളും ശ്രമിച്ചത്. അതിലൂടെ കൂടുതൽ ദൈവികത സൃഷ്ടിച്ചെടുക്കാൻ ദേവസ്വം ശ്രമിച്ചു. വിശ്വാസികളുടെ ധാരണകൾക്കുമേലെ നടത്തിയ ഈ കബളിപ്പിക്കൽ അതിന്റെ ഗൗരവത്തോടെ പുറത്തെത്തിക്കുന്നതിന് പകരം ഒന്നും ചെയ്യാതെ മാറി നിൽക്കുകയാണ് പുൽമേട് ദുരന്തത്തിന് ശേഷവും മാധ്യമങ്ങൾ ചെയ്തത്.

മലയാള മനോരമയും മാതൃഭൂമിയുമെല്ലാം അതീവ സൂക്ഷ്മതയോടെയാണ് പ്രശ്നം കൈകാര്യം ചെയ്തത്. ജ്യോതി തെളിയുന്നതോ തെളിയിക്കുന്നതോ എന്നത് കണ്ടെത്തേണ്ട ഒരു ആവശ്യവും തങ്ങൾക്കില്ലെന്ന മട്ടിലായിരുന്നു പത്രങ്ങൾ. ഏതാനും ദിവസങ്ങൾ ഇതുസംബന്ധിച്ച വാർത്തകൾ വന്നെങ്കിലും സ്വന്തം നിലയിൽ ജ്യോതിക്ക് പിന്നിലെ രഹസ്യങ്ങൾ കണ്ടെത്താൻ ഒരു മാധ്യമവും തുനിഞ്ഞിരുന്നില്ല. നിലപാട് വിശദീകരിച്ച് മുഖപ്രസംഗങ്ങൾ എഴുതിയെങ്കിലും അതൊന്നും മകരജ്യോതിയുടെ പേരിൽ നടത്തിവന്ന ഈ ഔദ്യോഗിക കബളിപ്പിക്കലിനെ തുറന്നെതിർക്കാൻ തയ്യാറായില്ല. ഇതുവരെ തുടർന്ന 'ആചാരങ്ങൾ' അതേപടി നടക്കുന്നതല്ലേ ഉചിതമെന്നായിരുന്നു പൊതുമാധ്യമ സമീപനം.

ലക്ഷക്കണക്കിന് വരുന്ന ആരാധകർക്ക് ഇപ്പോഴും നിശ്ചയമില്ലാത്തതാണ് ഈ കബളിപ്പിക്കൽ. പുല്ലുമേട് ദുരന്തത്തിന് ഏതാനും വർഷംമുമ്പ് കൈരളി ചാനലിൽ മനോജ് പുതിയവിള നടത്തിയ വസ്തുതാഅന്വേഷണമാണ് മകരജ്യോതി സംബന്ധിച്ച യാഥാർഥ്യം പുറത്തുകൊണ്ടുവന്ന മികച്ച റിപ്പോർട്ടുകളിലൊന്ന്. പുല്ലുമേട് ദുരന്തത്തിന് ശേഷവും കേരളത്തിലെ മാധ്യമങ്ങളെല്ലാം ജ്യോതിക്ക് പിന്നിലെ രഹസ്യങ്ങൾ വെളിച്ചത്തുകൊണ്ടുവരാൻ മടിച്ചുനിന്നപ്പോൾ തമിഴ്നാട്ടിലെയും ആന്ധ്രയിലെയും മാധ്യമങ്ങൾ, കൈരളി നൽകിയ പഴയ റിപ്പോർട്ടുകളെയും ദൃശ്യങ്ങളെയും ആശ്രയിച്ചുകൊണ്ട്, ഈ കബളിപ്പിക്കലിനെ കുറിച്ച് വസ്തുതാപരമായ റിപ്പോർട്ട് നടത്താൻ തയ്യാറായെന്നത് ശ്രദ്ധേയമാണ്.

വിശ്വാസത്തിന്റെ പേരിൽ നടക്കുന്ന തട്ടിപ്പുകൾക്കെതിരെ ജനമുന്നേറ്റമുണ്ടായ സംസ്ഥാനത്താണ് ശബരിമലയിൽ വിശ്വാസികളെ ചൂഷണം ചെയ്തുള്ള ആചാര നാടകം അരങ്ങേറുന്നതെന്നതാണ് യാഥാർഥ്യം. മാധ്യമങ്ങളാകട്ടെ കുറ്റകരമായ നിസ്സംഗതയിലും. വൈരുദ്ധ്യമെന്ന് പറയട്ടെ, മനോജ് പുതിയ വിളയുടെ വസ്തുതാന്വേഷണം ആദ്യ എപ്പിസോഡ് സംപ്രേഷണം ചെയ്തപ്പോൾ തന്നെ അന്ന് കൈരളി ചാനൽ തലപ്പത്തുണ്ടായവരിൽനിന്ന് വിമർശനങ്ങൾ ഉയർന്നുവെന്നതും തുടർന്ന് 'സമകാലികം' എന്ന കറന്റ് അഫയേഴ്സ് പരിപാടിയിലെ ഉള്ളടക്കം നിരീക്ഷിക്കാൻ ഒരു സംവിധാനം ഒരുക്കിയെന്നതും യാഥാർഥ്യമാണ്.

ശബരിമലയിലെ തിരക്ക് ഒഴിവാക്കാൻ എല്ലാ ദിവസവും ആരാധനയെന്ന രീതി സ്വീകരിക്കുന്നതിനെ കുറിച്ച് ഹൈക്കോടതി അഭിപ്രായം ആരാഞ്ഞപ്പോഴും അത് ഗൗരവമായ പരിഗണനയ്ക്ക് വെക്കാൻ ദേവസ്വമോ മാധ്യമങ്ങളോ തയ്യാറായിട്ടില്ല. മറ്റെന്തും വലിയ ചർച്ചയാക്കി മാറ്റുന്ന മാധ്യമങ്ങൾ ഹൈക്കോടതിയുടെ ഭാഗത്തുനിന്നുണ്ടായ ഈ അഭിപ്രായപ്രകടനത്തെ ഗൗരവമായ ചർച്ചയാക്കി മാറ്റാനുള്ള താൽപര്യം ഒട്ടും പ്രകടിപ്പിച്ചതുമില്ല. ഗതാഗത സൗകര്യങ്ങളില്ലാത്ത, വലിയതോതിൽ വിശ്വാസികൾ എത്താതിരുന്ന കാലത്ത് മകര-മണ്ഡല ഉത്സവം നടന്നതുപോലെയല്ല ഇന്ന് വിശ്വാസികൾ കൂട്ടത്തോടെ ഒഴുകുന്ന കാലത്തെ സ്ഥിതി. ക്ഷേത്രങ്ങളും അതിലെ ആചാരഅനുഷ്ഠാനങ്ങളും മനുഷ്യനിർമിതമാണെന്നതുകൊണ്ടുതന്നെയാണ് പുതിയ സാഹചര്യത്തിൽ സ്ഥിരമായി ക്ഷേത്രം തുറക്കുന്നതിനുള്ള സാധ്യതകൾ എത്രത്തോളമുണ്ടെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നത്. ഇത്തരം നിർദേശങ്ങളോട് മാധ്യമങ്ങൾ കാണിച്ച ഈ നിസ്സംഗതയ്ക്കും കാരണം പത്രങ്ങളുടെ പ്രചാരത്തിന് കോട്ടം തട്ടാതിരിക്കാനുള്ള മൂലധന താൽപര്യം മാത്രമായിരുന്നു. വിശ്വാസ കേന്ദ്രീകൃതമായ കാര്യങ്ങളിൽ മാറ്റത്തിനായി നിലയുറപ്പിക്കുകയെന്നതായിരുന്നില്ല മാധ്യമങ്ങളുടെ കഴിഞ്ഞ കുറേദശകങ്ങളായുള്ള സമീപനം. വിശ്വാസി സമൂഹം എങ്ങനെയാണോ നീങ്ങുന്നത് അതനുസരിച്ച് നീങ്ങുകയെന്നതിനപ്പുറത്ത് ക്രിയാത്മക ഇടപെടലിന് ഒരുമാധ്യമവും തുനിയുന്നതായി കാണാൻ കഴിയില്ല.

തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറയ്ക്കുള്ളിൽ സൂക്ഷിച്ച സ്വത്തുവിവരങ്ങളുടെ കാര്യത്തിലും വിശ്വാസികളേക്കാൾ വലിയ വിശ്വാസത്തിലൂന്നിയായിരുന്നു മാധ്യമങ്ങൾ സഞ്ചരി

ച്ചത്. ക്ഷേത്രവുമായി നിരന്തര ബന്ധത്തിലൂള്ള ഒരു വിശ്വാസി നൽകിയ കേസിലാണ് നിലവറകൾ തുറന്ന് സ്വത്തിന്റെ മൂല്യം പരിശോധിക്കുന്നതിന് കോടതി ഉത്തരവിടുന്നതെന്ന വസ്തുത പോലും മാധ്യമങ്ങൾക്ക് പ്രസക്തമായി തോന്നിയില്ല. പകരം നിലവറ തുറന്നാലുണ്ടാകുന്ന ഭവിഷ്യത്തുകൾ, സ്വത്തിന്റെ ഉടമസ്ഥാവകാശം ക്ഷേത്രത്തിന് തന്നെയാണെന്ന് സ്ഥാപിക്കാനുള്ള തീവ്രശ്രമങ്ങൾ ഇങ്ങനെ വിശ്വാസകേന്ദ്രീകൃതമായി വാർത്തകളെ നൽകുന്ന സമീപനമാണ് മലയാള മാധ്യമങ്ങൾ സ്വീകരിച്ചത്.

ജയിച്ചവരെ സ്തുതിച്ചും രാജഭക്തി പ്രകടിപ്പിച്ചും എഴുതിച്ചേർത്ത ചരിത്രത്തെയും കേട്ടുകേൾവികളായി പ്രചരിച്ചതുമായ കാര്യങ്ങളെ കുറേക്കൂടി പൊടിപ്പുംതൊങ്ങലും ചേർത്ത് അവതരിപ്പിക്കുകയാണ് പത്മനാഭസ്വാമിക്ഷേത്രത്തിലെ സ്വത്തിന്റെ മൂല്യനിർണയത്തിലെ മാധ്യമ സമീപനം. 1750ൽ രാജ്യം മുഴുവൻ ശ്രീപത്മനാഭന് സർവ്വസ്വദാനമായി നൽകിയ വിശാലമനസ്കനായാണ് മാർത്താണ്ഡവർമയെ അന്നും ഇന്നും വിശേഷിപ്പിക്കാൻ എല്ലാവർക്കും താല്പര്യം. മാർത്താണ്ഡവർമയുടെ തൃപ്പടിദാനത്തെ പാടിപ്പുകഴ്ത്തുക രാജഭരണകാലത്ത് അദ്ദേഹത്തിന്റെ ആശ്രിതവൃന്ദങ്ങളുടെ ദൗത്യമായിരുന്നു. 18–ാം നൂറ്റാണ്ടിൽ ദുർബലമായി കിടന്നിരുന്ന വേണാടിനെ ഇതരപ്രദേശങ്ങൾ വെട്ടിപ്പിടിച്ചും രാജ്യത്തിനകത്ത് തന്നെ പിള്ളമാരുടെ നേതൃത്വത്തിൽ ഉയർന്ന വിമതനീക്കങ്ങളെ അതിജീവിച്ചുമാണ് മാർത്താണ്ഡവർമ വേണാടിന്റെ ആധിപത്യം അരക്കിട്ടുറപ്പിച്ചത്.

ആദ്യം രാജഭരണത്തിനുണ്ടായ അസ്വസ്ഥകളെ അടിച്ചമർത്തുന്നതായിരുന്നു നയം. മക്കത്തായമനുസരിച്ച് തൃപ്പാപ്പൂർ സിംഹാസനത്തിന്മേൽ അവകാശവാദം ഉന്നയിച്ച പത്മനാഭൻ തമ്പിയെയും രാമൻ തമ്പിയെയും അവർക്ക് പിന്തുണ നൽകിയ പിള്ളമാരെയും യോഗക്കാരെയുമാണ് മാർത്താണ്ഡവർമ അടിച്ചമർത്തിയത്. തുടർന്നായിരുന്നു രാജ്യങ്ങൾ വെട്ടിപ്പിടിക്കൽ. ആറ്റിങ്ങലുമായുള്ള ലയനം, കൊല്ലം, കായംകുളം, കൊട്ടാരക്കര എളയടത്തു സ്വരൂപം, അമ്പലപ്പുഴ എന്നിവയുമായുള്ള യുദ്ധങ്ങൾ, ഡച്ചുകാരെ തുരത്തിയ കുളച്ചൽ യുദ്ധം എന്നിവ മാർത്താണ്ഡവർമ്മയുടെ വിജയഗാഥകളിൽപെടുന്നവയാണ്. എന്നാൽ, ഇങ്ങനെ വെട്ടിപ്പിടിച്ചപ്പോഴും രാജ്യത്തിന്റെ കിഴക്കേ അതിർത്തിയിൽനിന്ന് മാർത്താണ്ഡവർമ്മയ്ക്ക് വലിയ വെല്ലുവിളികൾ നേരിടേണ്ടിവന്നിരുന്നു. ആർക്കോട്ട് നവാബിന്റെ ബന്ധുക്കളായ ചന്ദാസാഹിബും ബഡാസാഹിബും നടത്തിയ ആക്രമണങ്ങൾ, തൃശ്ശിനാപ്പള്ളി

യിലെ ഗവർണ്ണരായിരുന്ന മഡേമിയ തിരുനെൽവേലിയിൽ നടത്തിയ ആക്രമണങ്ങൾ, ഈസ്റ്റിന്ത്യാകമ്പനിയുടെ സഹായത്തോടെ കർണ്ണാടിക് നവാബായ മുഹമ്മദാലി നടത്തിയ ആക്രമണങ്ങൾ എന്നിങ്ങനെ മാർത്താണ്ഡവർമ്മയ്ക്ക് തിരിച്ചടിയേകിയതും നിരന്തരം അസ്വസ്ഥത സൃഷ്ടിച്ചതുമായ സംഭവങ്ങൾ വേറെയുമുണ്ടായിരുന്നു.

ഇതിന്റെയെല്ലാം ഫലമായി സിംഹാസനം സംരക്ഷിക്കുന്നതിനൊപ്പം മറ്റ് യുദ്ധങ്ങളിലൂടെ വെട്ടിപ്പിടിച്ച സ്വത്തുക്കൾ കൈവിട്ടുപോകാതിരിക്കാനും അതിനായി രാജ്യത്തെ വിശ്വാസികളായ ബഹുഭൂരിപക്ഷത്തിന്റെ പിന്തുണയാർജിക്കാനുമെല്ലാം നടത്തിയ ശ്രമങ്ങളുടെ ഭാഗമാണ് തൃപ്പടിദാനമെന്ന നിരീക്ഷണങ്ങളെ ഗൗരവത്തോടെ പരിശോധിക്കാനും വിശകലനം ചെയ്യാനും മാധ്യമങ്ങൾ തുനിഞ്ഞിട്ടില്ല. പകരം വിശ്വാസികൾക്കോ, പൊതുസമൂഹത്തിനോ ഒരുപ്രയോജനവുമില്ലാതെ ക്ഷേത്ര നിലവറയിൽ സൂക്ഷിച്ച വിലമതിക്കാനാവാത്ത സ്വത്തുക്കൾ, തിരുവിതാംകൂർ രാജാക്കന്മാരുടെ പ്രജാതാല്പര്യം മുൻനിർത്തിയുള്ള തീരുമാനമെന്ന ഖ്യാതിപകർന്നുനൽകാനായിരുന്നു മാധ്യമങ്ങളുടെ വ്യഗ്രത. മാർത്താണ്ഡവർമ്മ തൃപ്പടി ദാനം നടത്തുന്ന ഘട്ടത്തിൽ രാജ്യം ജനായത്ത ഭരണത്തിലേക്ക് കടന്നുചെല്ലുമെന്നും രാജഭരണം ഇല്ലാതാകുമെന്നും കണക്കുകൂട്ടാൻ വഴിയില്ല. അതിന് പകരം രാജഭരണം എന്നെന്നേക്കുമായി നിലനില്കാനാവശ്യമായ കരുതൽ ധനം കണ്ടെത്തുകയെന്നതിൽ കവിഞ്ഞ പ്രജാതാല്പര്യം തൃപ്പടിദാനത്തിന് നൽകുന്നതുതന്നെ ഔചിത്യമില്ലായ്മയാണ്.

മാർത്താണ്ഡവർമയുടെയും മറ്റും കാലത്ത് രാജ്യത്ത് ഉണ്ടായിരുന്ന സാമൂഹിക വിവേചനത്തിന്റെ ഭാഗങ്ങളെ വിസ്മരിച്ച് രാജഭരണത്തോട് ചേർന്നുനിന്ന നാമമാത്രമായ കാര്യസ്ഥസമൂഹത്തിനും മേൽജാതി വിഭാഗങ്ങൾക്കും കൈവന്ന നേട്ടത്തിലൂടെ ക്ഷേത്രനിലവറയിൽ കരുതിവെച്ച സ്വത്തിനെ അപൂർവ 'നിധി' യെന്ന് വ്യാഖ്യാനിക്കുകയായിരുന്നു രാജഭക്തി നഷ്ടപ്പെടാത്ത, ക്ഷേത്രത്തെ ചുറ്റിപ്പറ്റിയുള്ള ഒരുകൂട്ടം വിശ്വാസികൾ ചെയ്തത്. ഈ കണക്കെടുപ്പും പ്രചാരണവും വിശ്വാസത്തിനുനേരെയുള്ള വെല്ലുവിളിയായി പോലും വ്യാഖ്യാനമുയർന്നു. ഇത്തരം സന്ദർഭങ്ങളിലെല്ലാം യാഥാർഥ്യത്തോട് അടുക്കാതെ വിശ്വാസികളെമാത്രം കണക്കിലെടുത്ത് വാർത്തകൾ നൽകുന്നതിലാണ് മാധ്യമങ്ങൾ ശ്രദ്ധകൊടുത്തത്. രാജഭരണകൂടത്തിന്റെ സ്വത്തുസമ്പാദനത്തിനും സാധാരണക്കാരെ പിഴിയുന്ന നടപടികൾക്കും എതിരെ മാത്രമല്ല, സാമൂഹിക വിവേചനത്തിന്റെ ദുരവസ്ഥയെക്കുറിച്ചും നിര

ന്തരവാർത്തകളിലൂടെ മലയാളിയെ പ്രബുദ്ധരാക്കുകയും സമരോത്സു കമാക്കുകയും ചെയ്ത ആദ്യകാല വൃത്താന്തപത്രപ്രവർത്തന കാല ത്തുനിന്നാണ് ആധുനിക മൂലധനമാധ്യമ താല്പര്യം ഈ വിശ്വാസ കേന്ദ്രീകരണത്തിലേക്ക് നീങ്ങിയതെന്ന് കാണാം.

കാറ്റും വെളിച്ചവും കടക്കാത്തതല്ല ക്ഷേത്രാചാരങ്ങളും വിശ്വാസ ങ്ങളും. അതിപ്രാചീനവും പ്രാകൃതവുമായ ആചാര രീതികൾ പലതും ആധുനിക യുഗത്തിൽ ഇല്ലാതാവുകയോ വലിയ പരിവർത്തനത്തിന് ഇടയാവുകയോ ചെയ്തിട്ടുണ്ട്. ഇത്തരം മാറ്റം സാധ്യമായത് ദൈവിക ഇടപെടലിലൂടെയല്ല. മനുഷ്യസൃഷ്ടിയായ ആചാര രീതികളിൽ മനു ഷ്യർതന്നെ വരുത്തിയ മാറ്റങ്ങളെ വിശ്വാസി സമൂഹം ഉൾക്കൊണ്ട തിന്റെ ഫലമാണ് ആചാരങ്ങളിലും വിശ്വാസങ്ങളിലും ഇതിനകം വന്നി ട്ടുള്ള മാറ്റങ്ങൾ. മാറ്റങ്ങൾക്ക് അനുകൂലമായി ചിന്തിക്കാത്ത രാജാധി കാര കാലത്തുപോലും പരിഷ്കാരങ്ങൾ യാഥാർഥ്യമായിരുന്നു. എന്നാൽ, ജനായത്ത സംവിധാനത്തിലേക്ക് ഭരണക്രമവും സാമൂഹിക ഘടനയും മാറിയ ഘട്ടത്തിൽ, സമാനരീതിയിലുള്ള മാറ്റം ആചാര വിശ്വാസ രീതിയിൽ വരുത്താനുള്ള ഉദ്യമം പോലും എവിടെയുമെ ത്തുന്നില്ല. ഉയർന്നുവരുന്ന നിർദേശങ്ങളാകട്ടെ യാഥാസ്ഥിതികത്വ ത്തിന്റെ പെരുങ്കോട്ടകൾകെട്ടി പ്രതിരോധിക്കുകയും ചെയ്യുന്നു. വ്യാജ നിഷ്പക്ഷതയുടെ കൂട്ടുചേർത്ത് ഈ പെരുങ്കോട്ടകൾക്ക് ദൃഢതയേ കുകയാണ് മാധ്യമങ്ങൾ.

തിരുത്തൽ ശക്തിയായി നിലകൊള്ളേണ്ട ഇത്തരം സന്ദർഭങ്ങളിൽ മാധ്യമങ്ങൾ സ്വീകരിച്ച പിന്തിരിപ്പൻ നിലപാട് ഒറ്റപ്പെട്ടതല്ല. ഭക്തിവ്യ വസായത്തിന്റെ ഗുണഭോക്താക്കളായ മാധ്യമങ്ങൾ, പൊതുവെ ആരാ ധനാലയആഘോഷങ്ങൾക്ക് നൽകുന്ന അമിതഭക്ത്യാദരങ്ങളുടെ തുടർച്ച മാത്രമാണ് മേൽ സംഭവങ്ങളോട് സ്വീകരിച്ച സമീപനവും. അവിടെയാണ് സക്കറിയ നിരീക്ഷിച്ച 'വാർത്ത കളവാകുന്ന' സാഹച ര്യമുണ്ടാകുന്നത്. ഹൈന്ദവ ക്ഷേത്രങ്ങളെ മാത്രം കേന്ദ്രീകരിച്ചുള്ള തല്ല ഇത്. പക്ഷെ ഭൂരിപക്ഷ സമുദായമെന്നനിലയിലും ഹൈന്ദവക്ഷേ ത്രങ്ങളിലെ ആരാധാനകൾക്ക് ലഭിക്കുന്ന വൈവിധ്യത കാരണവും ഇത് ഏറിനിൽക്കുന്നുവെന്ന് മാത്രം.

തിരുവനന്തപുരത്തെ ആറ്റുകാൽ പൊങ്കാല മാധ്യമ വാർത്തയുടെ 'ആഘോഷ'ത്തിന്റെ ആധുനിക ഉദാഹരണമാണ്. പൊങ്കാല വാർത്ത നൽകുന്നതിൽ, അതിന്റെ ഭാഷാ പ്രയോഗത്തിൽ മാധ്യമങ്ങൾ സ്വീക രിക്കുന്നത് ഭക്തിമത്സര രീതിയാണ്. ഭക്തിയുടെയും വിശ്വാസത്തി

ന്റെയും അന്തസത്തതന്നെ ചോദ്യം ചെയ്തിരുന്ന കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മുഖപത്രമായ 'ദേശാഭിമാനി' ക്കുപോലും ആറ്റുകാൽപൊങ്കാല ഉൾപ്പടെയുള്ള ക്ഷേത്രങ്ങളുടെ ആഘോഷപ്പെരുക്കത്തിൽനിന്ന് മാറിനടക്കാൻ സാധിച്ചിട്ടില്ല.

2012ലെ ആറ്റുകാൽ പൊങ്കാലയുടെ വാർത്ത ദേശാഭിമാനി നൽകിയത് നോക്കിയാൽ ഇത് വ്യക്തമാകും. പൊങ്കാല ദിവസമായ മാർച്ച് ഏഴിന് ദേശാഭിമാനിയുടെ തിരുവനന്തപുരം പതിപ്പ് ആഘോഷത്തെ ഏറ്റെടുത്ത രീതിയിലായിരുന്നു. ഒന്നാം പേജിൽ ഇന്ന് പൊങ്കാലയെന്ന വാർത്തയും പടവും ഉൾപേജിൽ അരപ്പേജ് നിറയത്തക്കവിധം മൂന്നു വാർത്തയും മൂന്നുപടവും. അകപ്പേജിലെ പ്രധാന വാർത്ത 'ദീപം പകരുന്നത് രാവിലെ 10ന് എന്ന തലക്കെട്ടോടെയായിരുന്നു. 'ഉറങ്ങാതെ നഗരം' എന്ന തലക്കെട്ടിൽ നൽകിയ മറ്റൊരു വാർത്തയിലാണ് ദേശാഭിമാനിയും വാർത്ത നൽകുന്നതിൽനിന്ന് മാറി ഭക്തിയിലാറാടുന്നത്. പൊങ്കാലയെ എങ്ങനെ തിരുവനന്തപുരം നഗരവും ഭക്തജനങ്ങളും വരവേൽക്കുന്നുവെന്നായിരുന്നു വാർത്തയുടെ സംഗ്രഹം. അതിങ്ങനെ തുടരുന്നു:

> *'പൊങ്കാലയുടെ തലേന്ന് നഗരം ഉറങ്ങിയില്ല. അഭൂതപൂർവമായ തിരക്കാണ് ചൊവ്വാഴ്ച രാവിലെ മുതൽ അനുഭവപ്പെട്ടത്. പൊങ്കാലയ്ക്കുവേണ്ട സാധനങ്ങളുമായി സുരക്ഷിത സ്ഥാനങ്ങൾ തേടിയുള്ള ഭക്തരുടെ ഓട്ടം. രാവിലെ മുതൽ ക്ഷേത്രദർശനത്തിനും വൻ തിരക്കായിരുന്നു. ക്ഷേത്രത്തിന് സമീപം പൊങ്കാലയടുപ്പുകൾ നിരത്തിയവർ രാത്രി തൊട്ടടുത്തുള്ള വീടുകളിലും ക്ഷേത്രങ്ങളിലുമായി കഴിച്ചുകൂട്ടി. ജാതിമത ഭേദമില്ലാതെ ഭക്തർക്ക് എല്ലാവിധ സഹായവും നൽകാൻ നഗരവാസികളും. തമിഴ്നാട്, ആന്ധ്ര, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുള്ളവരും പൊങ്കാലയ്ക്കെത്തിയിട്ടുണ്ട്.'*

റിപ്പോർട്ട് ചെയ്തതെല്ലാം വസ്തുതകൾതന്നെ. മറ്റ് വാർത്തകൾക്കൊപ്പം നൽകാവുന്ന വിവരങ്ങളേ അതിലുള്ളൂ. എന്നാൽ, അതിലെ ഭാഷ ഭക്തിപത്രപ്രവർത്തനത്തിന്റെ രീതിയിലുള്ളതായി. വിശ്വാസികളോടും ആചാരങ്ങളോടും ദേശാഭിമാനി മുഖംതിരിഞ്ഞു നിൽക്കുന്നില്ലെന്ന് കാണിക്കുക കൂടിയാവാം വാർത്തകൾ ഈ രീതിയിൽ വിന്യസിച്ചതിന്റെ ലക്ഷ്യം. ഒപ്പം പൊങ്കാലയിടാനെത്തുന്ന ഭക്തർക്ക് അധികസൗകര്യങ്ങളൊരുക്കിക്കൊടുത്തത് എൽഡിഎഫ്

സർക്കാരാണെന്ന ഓർമ്മപ്പെടുത്തൽകൂടി നടത്തുന്നു അതേ വാർത്തയിൽ ദേശാഭിമാനി. *എൽഡിഎഫ് സർക്കാരിന്റെ കാലത്ത് ആറ്റുകാൽ പാലം ഉദ്ഘാടനം ചെയ്തതോടെ കിള്ളിപ്പാലത്തുനിന്ന് തിരക്കില്ലാതെ ഭക്തർക്ക് ക്ഷേത്രത്തിലെത്താനുള്ള സൗകര്യം വർധിച്ചെന്നും* വാർത്തയിൽ പറയുന്നു ദേശാഭിമാനി. വിശ്വാസികളെ പത്രത്തോടും പാർട്ടിയോടും ചേർക്കുകയെന്ന താല്പര്യം തന്നെയാണ് ഇത്രയും വിപുലമായ ഒരു വാർത്താ വിന്യാസത്തിന് ദേശാഭിമാനിയെ പ്രേരിപ്പിച്ചിട്ടുണ്ടാവുക. പൊങ്കാല കഴിഞ്ഞതിന്റെ പിറ്റേന്നിറങ്ങിയ പതിപ്പിലും ഇതിന്റെ തുടർച്ച തന്നെയാണ്. കേന്ദ്ര റയിൽവെ ബജറ്റ് മുഖ്യവാർത്തയായതിനാൽ അന്ന് പൊങ്കാലയുടെ ചിത്രം മാത്രമേ ഒന്നാംപേജിൽ ഇടം കിട്ടിയുള്ളൂ. എങ്കിലും വാർത്ത പുറംപേജിൽ വിശദമായിത്തന്നെ നൽകുകയും ചെയ്തു. പൊങ്കാല വാർത്ത വരുന്ന ദിനങ്ങളിൽ പൊങ്കാലയ്ക്ക് ആശംസയർപ്പിച്ച് ചില സ്ഥാപനങ്ങൾ നല്കിയ പരസ്യവും ദേശാഭിമാനി പ്രസിദ്ധീകരിച്ചു. പൊങ്കാലയെ ദേശാഭിമാനിയും ഭക്തി വ്യവസായമായി ഉപയോഗപ്പെടുത്തിയെന്നതാണ് പ്രത്യേകത.

ക്ഷേത്ര-ദേവാലയ ആഘോഷങ്ങളും ആചാരങ്ങളും വാർത്തകളും ഫീച്ചറുകളുമായി ഇടം പിടിക്കുന്നത് നവോത്ഥാന മൂല്യങ്ങളെ ഇല്ലാതാക്കുന്ന ഒന്നാണ് എന്നല്ല ഇതിന്റെ വിവക്ഷ. ആഘോഷങ്ങൾ വാർത്തയെന്ന തലത്തിൽ പത്രതാളുകളിൽ ഇടംപിടിക്കേണ്ടതുതന്നെയാവും. അതിലുപരി മാധ്യമങ്ങൾ അതിന്റെ ഭാഗമായിനിന്ന് വാർത്തകൾ കൈകാര്യം ചെയ്യുമ്പോഴാണ് വ്യത്യസ്ത വിലയിരുത്തലിന് തന്നെ ഇടനൽകുന്നത്. ആഘോഷങ്ങൾക്ക് പൊലിമയേറ്റുന്ന മാധ്യമങ്ങൾ, ഇപ്പോഴും നടമാടുന്ന അന്ധവിശ്വാസങ്ങളെയും ആഘോഷത്തിന്റെ മറ പറ്റി നടക്കുന്ന ഭക്തിനാടകങ്ങളെയും കണ്ടില്ലെന്ന് നടിക്കുന്നതാണ് അപകടകരം.

## ആഘോഷമാകുന്ന ബലിതർപ്പണം

ഹൈന്ദവ ആചാരങ്ങളിലും വിശ്വാസങ്ങളിലും വലിയ മാറ്റങ്ങൾ വന്നെങ്കിലും വർധിത വീര്യത്തോടെ തിരികെയെത്തുന്ന ഒന്നാണ് മൺമറഞ്ഞുപോയ പിതൃക്കൾക്കുള്ള ബലിതർപ്പണം. ആത്മാക്കളും പരേതാത്മാക്കളും സമൂഹത്തിനിടയിൽ ഇന്നും സജീവമായ ചർച്ച നിലനിൽക്കുന്ന ഒന്നാണ്. യുക്തിവാദികളും ഭൗതികവാദികളും പരേതാത്മാക്കളുടെ സാംഗത്യത്തെ ചോദ്യംചെയ്യുന്നുവെങ്കിലും വിശ്വാസബന്ധിതമായ ഒരു സമൂഹത്തിൽനിന്ന് ഇതിനെ ഇല്ലാതാക്കാൻ

സാധിച്ചിട്ടില്ല. മാധ്യമങ്ങളാകട്ടെ, തികച്ചും വ്യക്തിപരവും കുടുംബ ങ്ങൾക്കുള്ളിൽ ആചരിക്കുന്നതുമായ ഇത്തരം ചടങ്ങുകളെ സമൂഹം ഏകമനസ്സോടെ ഒരേ ദിവസം ആചരിക്കുന്ന ഒന്നായി വരുത്തിത്തീർക്കാനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മുൻനിര മാധ്യമങ്ങൾ പ്രോത്സാഹിപ്പിച്ച ഈ പാതയ്ക്ക് പിന്നാലെയാണ്, ആൾക്കൂട്ടം ചേരുമെന്നതിനാൽ പിന്നാലെ പോകുന്നതിനാണ് ചെറുകിട മാധ്യമങ്ങളും വിശ്വാസധാരയ്ക്ക് പുറത്തുനില്ക്കുന്ന രാഷ്ട്രീയനിലവാരം ഉയർത്തിപ്പിടിക്കുന്ന പത്രങ്ങളും ചെയ്യുന്നത്.

പിതൃതർപ്പണ നാൾ ആലുവാതീരത്തും വർക്കല പാപനാശത്തിലുംതന്നെ ശ്രാദ്ധമൂട്ടണമെന്ന നിലയിലേക്ക് ഒത്തുചേരലിന്റെ സാമൂഹികമനഃശാസ്ത്രം ഉപയോഗപ്പെടുത്തുകയാണ് മാധ്യമങ്ങൾ ചെയ്യുന്നത്. വലിയൊരു ആൾക്കൂട്ടം ഇതാചാരിക്കുമ്പോൾ അത് വാർത്തയല്ലാതാകുന്നതെങ്ങനെയന്നാണ് മാധ്യമങ്ങൾ ഉയർത്തുന്ന ചോദ്യം. 'ആയിരങ്ങൾ പരേതാത്മാക്കൾക്ക് ശ്രാദ്ധമൂട്ടി' എന്നതിൽകവിഞ്ഞ് ഒരുവാർത്തയുമില്ലാത്ത ആ സംഭവം റിപ്പോർട്ടു ചെയ്യാനും മാധ്യമങ്ങൾ നീക്കിവെക്കുന്ന സ്ഥലവും അതിനുപയോഗിക്കുന്ന ഭാഷയും ഇത്തരം ആചാരങ്ങളോടുള്ള മുൻനിര മാധ്യമങ്ങളുടെ സമീപനം എന്തെന്ന് വ്യക്തമാക്കുന്നു. അന്നുനടക്കുന്ന യഥാർഥ വാർത്തയേക്കാൾ പ്രാധാന്യം പലപ്പോഴും പത്രങ്ങളുടെ ഒന്നാംപേജുകളിൽ പിതൃതർപ്പണം നടത്തുന്ന വാർത്തയ്ക്കും ചിത്രത്തിനുമാകുന്നത് സമൂഹമനസ്സിനെ ഇതിനൊപ്പം നിർത്തുകയെന്നതും അതുകൊണ്ടുള്ള നേട്ടം സ്വന്തമാക്കുകയും ചെയ്യുക എന്നലക്ഷ്യം കൊണ്ടുമാത്രമാണ്. ശ്രാദ്ധമൂട്ടി 'സായൂജ്യമടയാത്ത' ഒരുപത്രവും ബലിതർപ്പണപ്പിറ്റേന്ന് കേരളത്തിലിറങ്ങില്ലെന്നതാണ് വർത്തമാനയാഥാർത്ഥ്യം.

## ആൾദൈവങ്ങളുടെ ജിഹ്വ

2006ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ജയിച്ചുകയറിയ ഉമേഷ് ചള്ളിയിൽ ശീനാരായണഗുരുവിന്റെ നാമത്തിൽ സത്യപ്രതിജ്ഞ ചെയ്തത് ഒരു പ്രത്യേക വാർത്തയെന്നതിനപ്പുറം ഗൗരവമായ ഒന്നായി മാധ്യമങ്ങൾ കണക്കുകൂട്ടിയിരുന്നില്ല. എന്നാൽ, സത്യപ്രതിജ്ഞ ചെയ്ത രീതിക്കെതിരെ നൽകിയ ഹർജിയിൽ 2012ൽ സുപ്രിം കോടതി ചില സുപ്രധാന പരാമർശങ്ങൾ നടത്തി. ആൾദൈവങ്ങളുടെ പേരിൽ സത്യപ്രതിജ്ഞ പാടില്ലെന്നായിരുന്നു സുപ്രിം കോടതിയുടെ നിരീക്ഷണം. അതായത് ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്യാമെന്നല്ലാതെ

ദൈവത്തിന്റെ പേരുവിളിച്ചുള്ള സത്യപ്രതിജ്ഞ പാടില്ലെന്ന് സുപ്രിം കോടതി വ്യക്തമാക്കി. പേരുവിളിച്ചുള്ള ദേവന്മാർ കൂടുതലുള്ളത് ഹിന്ദു വിശ്വാസപ്രകാരമാണ്. വിഷ്ണു, ശിവൻ, ബ്രഹ്മാവ് എന്നിങ്ങനെ നീളുന്നു ആ നിര. അങ്ങനെയുള്ള പേരുവിളി പോലും പാടില്ലെന്നാണ് സുപ്രിം കോടതി പ്രാഥമികമായി തന്നെ വിലയിരുത്തിയത്. വിഷ്ണു നാമത്തിൽ സത്യപ്രതിജ്ഞ ചെയ്തു എന്ന് പറയരുത്, ദൈവനാമ ത്തിൽ എന്നുമാത്രമേ ആകാവൂ എന്നർത്ഥം. മാത്രമല്ല, ശ്രീനാരായണ ഗുരു അത്തരത്തിലൊരു ദൈവനാമം ആണോ എന്നും കോടതി ആരാ ഞ്ഞു. ആൾദൈവങ്ങളെ ദൈവമായി കല്പിക്കാനാവില്ലെന്ന ശക്ത മായ പ്രസ്താവമായിരുന്നു സുപ്രിം കോടതിയിൽനിന്ന് ഉണ്ടായത്. ആരാണ് ദൈവമെന്ന് നിശ്ചയിക്കാൻ കോടതിക്കും സാധിക്കാത്ത സാഹചര്യത്തിൽ സുപ്രീംകോടതിയുടെ ഈ പരാമർശം എക്കാലത്തും സംവാദങ്ങൾക്ക് ഇടനൽകുന്ന ഒന്നായിമാറിയേക്കാം.

നാരായണഗുരുവിനെ ആൾദൈവമായി കേരളത്തിലെ മാധ്യമങ്ങൾ കണക്കാക്കിയിട്ടില്ല. 'ഗുരു' വിനെ 'ദേവ'നാക്കാനുള്ള ബോധപൂർവ ശ്രമങ്ങൾ പില്കാലത്തുണ്ടായെങ്കിലും ശ്രീനാരായണീയരെല്ലാം തന്നെ നാരായണഗുരുവിനെ നവോത്ഥാനനായകനെന്ന നിലയിൽ തന്നെയാണ് കണക്കാക്കുന്നത്. എന്നാൽ, ഭക്തിവ്യവസായത്തിന്റെ സാധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിയ ആൾദൈവങ്ങൾ ആധുനിക കാലത്താണ് കൂടുതൽ ഉയർന്നുവന്നതെന്നതാണ് ശ്രദ്ധേ യം. നേരത്തെ, സാമൂഹിക ചിന്തകളിലേക്ക് കാറ്റും വെളിച്ചവും കട ക്കാത്ത കാലത്ത്, സാധാരണക്കാരുടെ അജ്ഞത മുതലെടുത്ത് മന്ത്ര വാദികളും ആൾദൈവങ്ങളും ജ്യോതിഷികളും ഒറ്റപ്പെട്ട നിലയിൽ സ്വന്തം 'പ്രഭാവലയം' തീർത്തിരുന്നു. നവോത്ഥാന മുന്നേറ്റത്തിന്റെ ശക്തിപ്രവാഹത്തിൽ ഇത്തരം ആൾദൈവങ്ങളുടെ പ്രഭയറ്റുപോവു കയും ചെയ്തു.

ഇതിൽനിന്ന് ഭിന്നമായാണ് ആധുനിക യുഗത്തിൽ ആൾദൈവങ്ങ ളുടെ പുതിയ ഉദയം. നിഗൂഢതയാണ് ആൾദൈവങ്ങളുടെ അടിത്തറ. അത് വിജയകരമായി നടത്തുന്നതിന് തികഞ്ഞ പ്രഫഷണൽ സമീപ നമുള്ള അനുചരവൃന്ദവും ആൾദൈവങ്ങൾക്ക് ചുറ്റുമുണ്ട്. കേരള ത്തിൽമാത്രമല്ല, ഇന്ത്യയിൽതന്നെ വിജയിച്ച ആൾദൈവങ്ങൾക്കെല്ലാം പിറകിൽ ഇത്തരമൊരു സംഘടിതവും ആസൂത്രിതവുമായ ശ്രമങ്ങൾ ഉണ്ടെന്ന് കാണാം.

ആൾദൈവങ്ങളെ കുറിച്ചുള്ള യാഥാർഥ്യങ്ങൾ അറിഞ്ഞിട്ടും ഭക്തി വ്യവസായത്തിന്റെ ഭാഗമായി അത് മറച്ചുവെക്കുന്നതിനും ആൾദൈവങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുമാണ് മാധ്യമങ്ങളും ശ്രദ്ധ കൊടുത്തത്. ഇതിൽ ഏറ്റവും വലിയ ഉദാഹരണം സായിബാബയോട് മാധ്യമങ്ങൾ സ്വീകരിച്ച സമീപനമാണ്. ആന്ധ്രയിൽമാത്രമല്ല, കേരളത്തിലെ മാധ്യമങ്ങളും സായിബാബയെന്ന മനുഷ്യന്റെ സ്ഥാനത്ത് ആൾദൈവത്തെ പ്രതിഷ്ഠിക്കാനായിരുന്നു താളുകൾ നീക്കിവെച്ചത്. മറ്റെന്തിലുമെന്നതുപോലെ മലയാളമനോരമയും മാതൃഭൂമിയും തന്നെയായിരുന്നു ഇതിലും മുന്നിൽ.

സായിഭക്തിയിലെ വ്യവസായ സാധ്യതയാണ് ഇവിടെയും മാധ്യമങ്ങൾ ഉപയോഗപ്പെടുത്തിയത്. ജാലവിദ്യയുടെ ആദ്യപാഠം പഠിക്കുകപോലും വേണ്ടാത്ത സാധാരണക്കാരന് ചെയ്യാവുന്ന ലഘുജാലവിദ്യയിലൂടെ 'വിഭൂതി' യും 'സ്വർണഗോളവും' സായിബാബ പുറത്തെടുക്കുന്നത് വസ്തുതാപരമായി റിപ്പോർട്ട് ചെയ്യാൻ കേരളത്തിലെ മാധ്യമങ്ങൾ തയ്യാറായിട്ടില്ല. സായിബാബ 'ദൈവികാംശത്തിൽ' മുഴുകിയ മലയാള മാധ്യമങ്ങൾ ജാലവിദ്യയിലെ സാധാരണക്കാരനെ കബളിപ്പിക്കുന്നത് തുറന്നു കാട്ടാതെ, വർഷങ്ങൾ നീണ്ട ഇത്തരം ജാലവിദ്യയിലൂടെ സ്വരൂപിച്ച സ്വത്തിലും അതുവഴി നടത്തുന്ന കാരുണ്യ പ്രവർത്തനങ്ങളിലുമായിരുന്നു ഊന്നൽ നല്കിയത്. ബി.ബി.സി. ഉൾപ്പടെയുള്ള മാധ്യമങ്ങൾ ദൃശ്യങ്ങളുടെ സഹായത്തോടെ സായിബാബ നടത്തിയ ജാലവിദ്യകളുടെ യാഥാർഥ്യം പുറത്തെത്തിച്ചുവെങ്കിലും ഇന്ത്യയിലെയും കേരളത്തിലെ മാധ്യമങ്ങളുടെ കണ്ണ് സായി ഭക്തരിലും ഭക്തിവ്യവസായത്തിലുമായിരുന്നു. ദൈവികപരിവേഷം സ്വയം ചാർത്താതെന ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികളും സംഘടകളും രാജ്യത്ത് ഏറെയുണ്ടെന്നതാണ് വസ്തുത. ഇവയെ തമസ്കരിച്ചുകൊണ്ടായിരുന്നു ഭക്തിവ്യവസായത്തിന് പിന്നാലെയുള്ള മാധ്യമങ്ങളുടെ ഓട്ടം.

ആൾദൈവങ്ങൾ കേരളത്തിന് പുറത്തുമാത്രമുള്ള പ്രതിഭാസമല്ല. ഒരുപക്ഷെ മറ്റ് സംസ്ഥാനത്തേക്കാൾ വിപുലവും ശക്തവുമായ ആൾദൈവം ഇന്നുള്ളത് കേരളത്തിലാണെന്ന് പറയാം. അമൃതാനന്ദമയി എന്ന സുധാമണി മുതൽ നാട്ടിൻപുറങ്ങളിൽ ഏറെ പ്രശസ്തിയൊന്നും നേടാത്ത കൊച്ചുകൊച്ചു ആൾദൈവങ്ങൾ വരെ ഇന്ന് സർവസാധാരണമായിരിക്കുന്നു. നവോത്ഥാന മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് തലയെടുപ്പോടെ നിന്ന ഒരു സമൂഹത്തിലാണ് മനുഷ്യന്റെ വ്യക്തിപ

രമായ മനോവ്യഥകൾ വളവും വെള്ളവുമായി ഉപയോഗിച്ച് ആൾദൈവങ്ങൾ ഉയർന്നുവരുന്നത്. ആൾദൈവങ്ങൾക്ക് ദിവ്യശക്തിയില്ലെങ്കിൽ ഇത്രയേറെ ആളുകൾ എങ്ങനെ അവിടേക്ക് ആകർഷിക്കപ്പെടുന്നുവെന്ന എന്ന ചോദ്യം ഒറ്റ നോട്ടത്തിൽ യുക്തിഭദ്രമെന്ന് തോന്നിയേക്കാം.

ആൾദൈവങ്ങളുടെ അനുചരവൃന്ദം വിമർശനങ്ങളെ നേരിടുന്നതും വിശ്വാസികളുടെ ഇത്തരം അനുഭവസാക്ഷ്യം വച്ചുകൊണ്ടാണ്. ഏതെങ്കിലും വിധത്തിലുള്ള മനോവ്യഥ അനുഭവിക്കാത്തവർ ഒരുകാലത്തും ഒരു സമൂഹത്തിലും ഉണ്ടായിരിക്കുകയില്ല. ചിലർ അത് സ്വയം മറികടക്കും. മറ്റുചിലർക്ക് ബന്ധുക്കളും മിത്രങ്ങളും ആശ്വാസവചനമേകും. ആധുനിക കാലത്ത് ശാസ്ത്രീയമായ പഠനം നടത്തിയ കൗൺസിലർമാരുടെ അടുത്ത് പ്രശ്നങ്ങൾ അവതരിപ്പിച്ച് പരിഹാരമാർഗങ്ങൾ തേടും. ഇതൊന്നും അവലംബിക്കാത്തവരാണ് ആരാധാനാലയങ്ങളിലേക്കും ആൾദൈവങ്ങളുടെ അടുത്തേക്കും പോകുന്നത്.

മാനസികപിരിമുറുക്കം വരിഞ്ഞുമുറുക്കിയതാണ് കേരളത്തിന്റെ വർത്തമാനസാമൂഹിക പശ്ചാത്തലം. ആത്മീയതയ്ക്ക് വളക്കൂറുള്ള ഒരു തലം അത് സൃഷ്ടിച്ചിരിക്കുന്നു. ഈ സാഹചര്യത്തിലാണ് ഏറ്റവും ഫലപ്രദമായ വ്യവസായമെന്ന നിലയിൽ ആൾദൈവങ്ങൾ വളർന്നു വികസിച്ചത്. കേരളത്തിന്റെ സാമൂഹികാവസ്ഥയിലേക്ക് ഒരുതരം ലഹരി പോലെ അത് പടർന്നുകയറുകയായിരുന്നു. ചരിത്രകാരൻ കെ. എൻ പണിക്കർ ഇതിനെ നിരീക്ഷിക്കുന്നത് ഇങ്ങനെയാണ്:

> *‘കേരളത്തിലെ മധ്യവർഗം സാംസ്കാരികവും സാമ്പത്തികവുമായ പ്രതിസന്ധി അനുഭവിക്കുന്നുണ്ട്. അത് ഓർമ്മിപ്പിക്കുന്നത് അർജന്റീനയിലെ മധ്യവർഗത്തെയാണ്. ഏകദേശം എല്ലാവരുടെയും തന്നെ പത്തോ പതിനഞ്ചോ കൊല്ലത്തെ വരുമാനം ഇന്ന് കടത്തിലാണ്. വായ്പകളിലൂടെയാണ് കേരളത്തിലെ മധ്യവർഗം ജീവിക്കുന്നത്. ഒരുപക്ഷെ ഇന്ത്യയിൽ മറ്റൊരു ഭാഗത്തും ഇല്ലാത്തതിനേക്കാൾ കൂടുതൽ വായ്പ ഇവിടെയുണ്ട്. നമ്മുടെ ജീവിത നിലവാരം ഉയർന്നുവെന്നത് നല്ലകാര്യം തന്നെ. പക്ഷെ ആ നിലവാരം ഉയർന്നത് ഒരു പ്രതിസന്ധിയിലൂടെയാണ്. ആ പ്രതിസന്ധിക്ക് ഒരുപരിഹാരം എന്ന നിലയ്ക്ക് ആത്മീയതയെ സ്വീകരിക്കുകയും ചെയ്യുന്നു. കേരളത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ആൾദൈവങ്ങൾ അതിന്റെ ദൃഷ്ടാന്തമാണ്. ആൾദൈവ*

*ങ്ങളുടെ ഭക്തരായി തീർന്ന് ഈ പ്രതിസന്ധിക്ക് പരിഹാരം കാണാനാണ് കേരളത്തിലെ മധ്യവർഗം ശ്രമിക്കുന്നത്. ഇങ്ങനെ വളരുന്ന ആത്മീയത അന്ധവിശ്വാസത്തിലധിഷ്ഠിതമാണ്.'*

*-കെ.എൻ പണിക്കർ, ഫാഷിസത്തിന്റെ നാളുകൾ*

ഈ ഒരു അനുകൂല ഘടകം ഉപയോഗിപ്പെടുത്തി വളർന്നുവരുന്ന ആൾദൈവ കേന്ദ്രീകൃത ഭക്തിവ്യവസായത്തെ എതിർക്കാനോ ചോദ്യം ചെയ്യാനോ ആരും, പുരോഗമന പ്രസ്ഥാനങ്ങളോ നവോത്ഥാ നമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച സംഘടനകളോ, മാധ്യമങ്ങളോ തയ്യാ റായില്ലെന്നതാണ് യാഥാർഥ്യം. മാത്രമല്ല, സായിബാബയുടെ കേരള പതിപ്പായി ഉയർന്നുവന്ന അമൃതാനന്ദമയിയെ ആൾദൈവമായി ആഘോഷിക്കുന്നതിലായിരുന്നു മാതൃഭൂമിയും മലയാള മനോരമയും പോലുള്ള പ്രമുഖ പത്രങ്ങൾ കാണിച്ച അത്യുത്സാഹം. തുറന്ന് എതിർക്കേണ്ടിയിരുന്ന പുരോഗമനമുഖമായ അണിഞ്ഞ പത്രങ്ങളാ കട്ടെ അതിന് മുതിരാതെ തികഞ്ഞ മൗനമവലംബിച്ചു.

ആൾദൈവങ്ങളുടെ പ്രചാരണത്തിനുതകുന്ന വാർത്തകൾ നൽകാ തിരിക്കുക എന്നതുമാത്രമായിരുന്നു 'ദേശാഭിമാനി' , 'മാധ്യമം' പോലുള്ള ബദൽ ഇടപെടൽ നടത്താൻ ശക്തിയുണ്ടായിരുന്ന പത്ര ങ്ങളും ചെയ്തത്. ഈ വിട്ടുനിൽക്കൽ ആൾദൈവ വളർച്ചയ്ക്ക് ഒരു തരത്തിലുള്ള വിഘാതവും സൃഷ്ടിച്ചില്ല. അമൃതാനന്ദമയിയെ 'അമ്മ' എന്ന് അഭിസംബോധന ചെയ്യുന്നതിൽ സായൂജ്യമടയുന്നവരായി രിക്കാം അവരുടെ ഭക്തന്മാർ. മാധ്യമങ്ങളും അതേ സായൂജ്യം തേടി പോകുന്നത് യുക്തിബോധത്തിന് നിരക്കുന്നതല്ല. അമൃതാനന്ദമയിക്ക് ചുറ്റുമുള്ള നിഗൂഢതകളിലേക്ക് കടന്നുചെല്ലാതെ, അതിന് സംരക്ഷണം തീർക്കുന്നത് വ്യക്തമായ താല്പര്യങ്ങളുടെ പുറത്താണെന്നുമാത്രം. ഇതിൽനിന്ന് മാറി ചിന്തിക്കാൻ ദേശാഭിമാനിക്ക് പോലും സാധിച്ചിട്ടി ല്ല. അമൃതാനന്ദമയി മഠത്തിനെതിരെ ഉയരുന്ന ആരോപണങ്ങളുടെ കാര്യത്തിൽ കരുതലോടെയുള്ള അകലം പ്രാപിക്കുന്നതാണ് ദേശാ ഭിമാനിയുടെയും രീതി.

സമൂഹത്തിന്റെ ഉന്നതശ്രേണിയിലുള്ളവരെ ബ്രാൻഡ് അംബാസി ഡർമാരെ പോലെ മുന്നിൽനിർത്തിയാണ് ആൾദൈവങ്ങൾ ജനഹൃദ യങ്ങളിൽ ഇടംപിടിക്കാൻ തുടങ്ങിയത്. ഉന്നതരെ മുന്നിൽനിർത്തി യാൽ സാധാരണക്കാരെ എളുപ്പം വീഴ്താമെന്ന തിരിച്ചറിവ് ആൾദൈ വങ്ങളും അനുചരന്മാരും ഫലപ്രദമായി ഉപയോഗപ്പെടുത്തുകയായി രുന്നു. ഇതിന് മാധ്യമങ്ങളുടെ പിന്തുണയും ആവോളം ലഭിച്ചു. ജീവ

കാരുണ്യ പ്രവർത്തനം എന്തിനുമുള്ള മറയായായിരുന്നു. പണം ജീവകാരുണ്യത്തിനായി ചെലവിടുന്നുവെങ്കിൽ അത് നല്ല പണമെന്നും ചെലവിടുന്നവർ മഹാന്മാരുമാകുന്നു. ഈ പണം എങ്ങനെ സംഘടിപ്പിക്കുന്നുവെന്നത് ഒരു ചോദ്യമേ അല്ലാതായി. മറ്റെല്ലാ പ്രശ്നങ്ങളിലും വലിയചോദ്യങ്ങളും അന്വേഷണാത്മകരീതിയും സ്വീകരിച്ചിരുന്ന മലയാളമാധ്യമങ്ങൾ ആൾദൈവങ്ങളുടെ ഇത്തരം ധനസ്രോതസ്സുകളുടെ പിന്നാലെ പോയതേയില്ല. പകരം ഭക്തിവ്യവസായത്തിന്റെ സാധ്യതകൾ ഇവിടെയും കണ്ട് ആൾദൈവങ്ങളുടെ 'പിന്നാലെ' പോവുകയായിരുന്നു. ഭാരതീയ യുക്തിവാദി സംഘത്തിന്റെ ജനറൽ സെക്രട്ടറിയായ ശ്രീനി പട്ടത്താനം എഴുതിയ 'മാതാ അമൃതാനന്ദമയി: ദിവ്യകഥകളും യാഥാർത്ഥ്യവും' എന്ന പുസ്തകം സുധാമണിയുടെ അമൃതാനന്ദമയിയിലേക്കുള്ള മാറ്റത്തെ(വളർച്ചയെ) വിമർശനമാത്മകമായി പരിശോധിക്കുന്നതാണ്. ഈ പുസ്തകത്തെ ആധാരമാക്കി 2002 ഓഗസ്റ്റ് ഏഴിലെ ഇന്ത്യാടുഡെയിൽ സക്കറിയ എഴുതിയ കുറിപ്പ് മാധ്യമങ്ങൾ അമൃതാനന്ദമയിയോട് സ്വീകരിക്കുന്ന സമീപനത്തിന്റെ നേർചിത്രമാണ്. സക്കറിയ എഴുതുന്നു:

> *'ഉള്ളിലേക്ക് കടക്കുമ്പോൾ, ശ്രീനിപട്ടത്താനത്തിന്റെ പുസ്തകം അമൃതാനന്ദമയിയുടെ ജീവിതം, പഠനങ്ങൾ, അവരെപ്പറ്റിയുള്ള അരോപണങ്ങൾ തുടങ്ങിയവയെ പരിശോധിക്കുന്നതായി കാണാം. അമൃതാനന്ദമയി എന്ന സുധാമണിയെപ്പറ്റി, ഇത്തരക്കാരായ പഴയതും പുതിയതുമായ എല്ലാ വ്യക്തികളെയുമെന്നതുപോലെ, നിർമ്മിക്കപ്പെട്ടിട്ടുള്ള അതിശയോക്തി കഥകൾക്കും വിസ്മയപാരായണങ്ങൾക്കുംഅത്ഭുതശക്തി പരിവേഷങ്ങൾക്കും പുറത്തുനിന്ന് ഇന്ത്യൻ പൗരന്മാരിലെ യുക്തിവാദി എന്ന 'ക്ലാസി'ൽപെടുന്ന ശ്രീനി പട്ടത്താനം വിചിന്തനം ചെയ്യുന്നതാണ് നാം ഈ ഗ്രന്ഥത്തിൽകാണുന്നത്. മലയാളത്തിലെ 'സ്വതന്ത്രം' എന്ന് സ്വയം വിവരിക്കുന്ന മാധ്യമങ്ങൾ, പരസ്യമോഹവും പ്രചാരമോഹവും വെറും നട്ടെല്ലില്ലായ്മയും നിമിത്തം സ്വീകരിക്കാൻ വിസമ്മതിക്കുന്ന അന്വേഷണാത്മക സമീപനമാണ് പട്ടത്താനം തന്റെ പുസ്തകത്തിൽ സ്വീകരിച്ചിരിക്കുന്നത്'*

അമൃതാനന്ദമയിയോടുള്ള മാധ്യമ സമീപനം സക്കറിയ ഒരു ഉദാഹരണമായി ചൂണ്ടിക്കാട്ടിയെന്നേയുള്ളൂ. കേരളത്തിലെ ആൾദൈവ

ങ്ങളിൽ 'വലുതും ശക്തിയേറിയതും' അമൃതാനന്ദമയി ആയതിനാൽ എളുപ്പം ഉദാഹരിച്ചുവെന്നുമാത്രം. അമൃതാനന്ദമയിയെ കൂടാതെ മറ്റ് ചെറുകിട ആത്മീയവ്യാപാരം നടത്തിയവരെയും തുറന്നുകാണിക്കാൻ മാധ്യമങ്ങൾ തയ്യാറായില്ല. അമൃതചൈതന്യ എന്ന സന്തോഷ്മാധവന്റെ ആത്മീയവ്യാപാരത്തിലെ കള്ളക്കളികൾ പരാതിയായി പുറത്തുവരുന്നതുവരെ ആൾദൈവങ്ങൾക്ക് വളരാനുള്ള സ്വതന്ത്രവാർത്താപ്രതലമാണ് മാധ്യമങ്ങൾ ഒരുക്കിക്കൊടുത്തത്.

## സന്തോഷ് മാധവനിൽ സടകുടഞ്ഞ്

ഇതിലൊരു മാറ്റമുണ്ടായത് അമൃതചൈതന്യ എന്ന സന്തോഷ്മാധവനെതിരെ ഉയർന്ന പരാതിയോടെയാണ്. എന്നാൽ, അതും മാധ്യമങ്ങളുടെ അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ മിടുക്കോ, നിലപാടുകളുടെ സ്ഥൈര്യമോ കാരണം പുറത്തുവന്ന വാർത്തയുമല്ല. മറിച്ച്, രേഖാമൂലമുള്ള പരാതി കിട്ടിയപ്പോഴും അതിനോട് നിഷേധാത്മക സമീപനമായിരുന്നു ആദ്യഘട്ടത്തിൽ മാധ്യമങ്ങൾ പുലർത്തിയതെന്നാണ് വസ്തുത. എഡ്വിൻ സെറാഫിൻ എന്ന പ്രവാസി വനിത 2008 മെയിൽ പൊലീസിന് നൽകിയ പരാതിയോടെയാണ് സന്തോഷ്മാധവൻ വാർത്തയിൽ ഇടം പിടിച്ചത്. എറണാകുളം മരടിൽ ശാന്തിതീരം എന്ന ആശ്രമം നടത്തുന്ന അമൃതചൈതന്യ എന്ന കട്ടപ്പനക്കാരൻ സന്തോഷ്മാധവൻ 40 ലക്ഷം രൂപ തട്ടിയെടുത്തുവെന്നായിരുന്നു എൻഡ്വിൻസെറാഫിൻ പൊലീസിന് നൽകിയ പരാതി.

രാജ്യാന്തര തലത്തിലുള്ള അന്വേഷണ ഏജൻസികൾക്കടക്കം നൽകിയ പരാതിയും അതിൽ നടത്തുന്ന അന്വേഷണവും രേഖാമൂലം നല്കിയെങ്കിലും അമൃതചൈതന്യയുടെ ആത്മീയ'ചൈതന്യ' ത്തിൽ കേരളത്തിലെ മാധ്യമങ്ങൾ ആദ്യം പകച്ചുനിൽക്കുകയാണ് ചെയ്തത്. ഒന്നാം നിരയിലുള്ള പത്രങ്ങൾക്കെല്ലാം പരാതിയുടെ പകർപ്പ് ലഭ്യമായെങ്കിലും പരാതിക്കാരിയുടെ വിശ്വാസ്യത ഉറപ്പുവരുത്താനാവാതെയും അമൃതചൈതന്യയ്ക്ക് 'വിശ്വാസ്യത' യുടെ ആനുകൂല്യം നല്കിയും മാധ്യമങ്ങൾ വാർത്ത തമസ്കരിച്ചു. സമൂഹത്തിലെ ഉന്നതരായ വ്യക്തികളുമായി ആത്മീയ-റിയൽഎസ്റ്റേറ്റ് വ്യാപാരത്തിലൂടെ വലിയബന്ധം സൃഷ്ടിച്ചതിനാൽ എളുപ്പം ആക്രമിക്കപ്പെടാത്ത പ്രതിരോധം സന്തോഷ്മാധവൻ ആദ്യമേതന്നെ സൃഷ്ടിച്ചിരുവന്നുവെന്നത് യാഥാർഥ്യമായിരുന്നു. ഈ പ്രതിരോധം ഭേദിക്കാൻ മാധ്യമങ്ങൾ ഒട്ടും ധൈര്യം കാണിച്ചില്ല.

‘കേരളശബ്ദ’ മാണ് ഈ വേലിക്കെട്ട് പൊട്ടിച്ചത്. ഒന്നാംനിരമാധ്യമങ്ങൾ അഗണിച്ചപ്പോൾ ചെറുകിട പത്രങ്ങളെ സമീപിച്ച പരാതിക്കാരന്റെ ഭാഗത്തിന് ഇടം നൽകാൻ കേരള ശബ്ദം ധൈര്യം കാണിച്ചു. കേരളശബ്ദത്തിന്റെ വാർത്തയെ പിന്നീട് അവഗണിക്കാൻ മാധ്യമങ്ങൾക്കായില്ല. പൊലീസ് അന്വേഷണം കൂടിയായതോടെ മറ്റ് മാധ്യമങ്ങളും സന്തോഷ് മാധവൻ പ്രശ്നം ഏറ്റെടുത്തു. വീണ്ടും ഒഴിഞ്ഞുമാറാൻ വയ്യാത്ത വിധം അപ്പോഴേക്കും സംഭവങ്ങളുടെ നീണ്ട നിര തന്നെ ഉടലെടുത്തുകഴിഞ്ഞിരുന്നു. വാർത്തകളായി അച്ചടിച്ചുവരുന്നതിലേറെ കാര്യങ്ങൾ ഊഹാപോഹങ്ങളായി പൊതുസമൂഹത്തിൽ ഇഴുകിച്ചേർന്നു. പിന്നീട് മാധ്യമങ്ങൾക്ക് ഒരു ഭൂതാവേശമായിരുന്നു. ചൈതന്യമില്ലാത്ത സന്തോഷ്മാധവനെ തുറന്നുകാണിക്കുന്നതിൽ മുന്നിൽ തങ്ങളാണെന്ന് വരുത്തിതീർക്കാനുള്ള ശ്രമമാണ് പിന്നീട് മാധ്യമങ്ങൾ നടത്തിയത്. അതിനായി പൊലീസ് അന്വേഷണത്തിന് സമാന്തരമായി സ്വന്തം അന്വേഷണവും പൊടിപ്പും തൊങ്ങലും വച്ച വാർത്തകളും വാർത്തകളെ ആഘോഷിക്കുന്ന പതിവ് മാധ്യമരീതിപോലെ പത്രതാളുകളിൽ ഇടം പിടിച്ചു.

സെൻസേഷലൈസ് ചെയ്യപ്പെടുമ്പോൾ വായനക്കാർ കൂടുതൽ ആകർഷിക്കപ്പെടുന്നു എന്ന ആധുനിക മാധ്യമപ്രവർത്തന രീതി തന്നെയായിരുന്നു സന്തോഷ് മാധവനുമായി ബന്ധപ്പെട്ട തുടർവാർത്തകൾ നൽകുന്നതിലും മാധ്യമങ്ങൾ സ്വീകരിച്ചത്. മറിച്ച് ആത്മീയ വ്യാപാരത്തിനെതിരായ ആത്മാർഥമായ തുറന്ന യുദ്ധമായി അത് പരിണമിച്ചതേയില്ല. സന്തോഷ് മാധവന്റെ സംഭവങ്ങൾക്ക് പിന്നാലെ നാട്ടിൻപുറങ്ങളിൽ വിവിധ തലങ്ങളിൽനിന്ന ആൾദൈവങ്ങൾക്കെതിരെ നിരവധി പാരാതികൾ ഉയർന്നു. ഇത്രയേറെ ആൾദൈവങ്ങൾ ബൗദ്ധികവും സാംസ്കാരികവുമായി ഉയർന്ന കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ അലട്ടില്ലാതെ ദർശനം നൽകിയിരുന്നുവെന്ന് പുറത്തുവരുന്നതായിരുന്നു പിന്നീടുള്ള വാർത്തകൾ. മാധ്യമങ്ങൾ അന്വേഷിച്ചുപോകുന്നതിലേക്കാളേറെ ആൾദൈവങ്ങൾക്കെതിരായ ഒരു പൊതുബോധം ഉയരുകയും ആത്മീയവ്യാപാരം നടത്തുന്നവരുടെ കേന്ദ്രങ്ങളിലേക്ക് നാട്ടുകാരുടെയും യുവജനങ്ങളുടെയും പ്രതിഷേധങ്ങൾ ഉയർന്നുവരികയുമാണ് ഉണ്ടായത്.

സന്തോഷ് മാധവന്റെ കാര്യത്തിലെന്നപോലെ, സംഭവങ്ങളുണ്ടായപ്പോൾ അത് റിപ്പോർട്ട് ചെയ്യാതിരിക്കാൻ മാധ്യമങ്ങൾക്ക് സാധിക്കുമായിരുന്നില്ല. മാത്രമല്ല, അന്നത്തെ ജനവികാരം ആത്മീയ വ്യാപാ

രത്തിന്റെപേരിൽ നടക്കുന്ന കബളിപ്പിക്കലിന് എതിരായിത്തീരുകയും ചെയ്തു. തങ്ങളുടെ വായനാസമൂഹത്തിന്റെ ഈ പൊതുവികാരത്തിനൊപ്പം സഞ്ചരിക്കുകയായിരുന്നു മാധ്യമങ്ങൾ ചെയ്തത്. സമൂഹത്തിൽ പൊതുചർച്ച അത്രമേൽ സജീവമായി. രണ്ടാം നവോത്ഥാനമുന്നേറ്റത്തിനുള്ള ആഹ്വാനം വിവിധ കോണുകളിൽനിന്ന് ഉയർന്നുവന്നു. പുരോഗമന യുവജന സംഘടനകൾ ആത്മീയവ്യാപാരത്തിലെ കബളിപ്പിക്കലിനെതിരെ സാംസ്കാരികകൂട്ടായ്മ സംഘടിപ്പിച്ച് സമൂഹബോധത്തെ ഉണർത്തി.

എന്നാൽ, ഒരുതരം വൈകാരിക പ്രകടനത്തിനപ്പുറത്ത് യാഥാർഥ്യബോധത്തോടെ ആത്മീയവ്യാപാരത്തെ സമീപിക്കാൻ പിന്നീടും മാധ്യമങ്ങൾ തയ്യാറായില്ലെന്നതാണ് യാഥാർഥ്യം. സന്തോഷ്മാധന്റെ അറസ്റ്റും തുടർനടപടികളും മറ്റേത് കേസിലെ നിയമനടപടിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്ന രീതിയിൽ വാർത്തകളിൽ ഇടം പിടിച്ചു. കോടതി നടപടികൾ പൂർത്തിയാക്കി സന്തോഷ്മാധവനെ ശിക്ഷിക്കുന്നഘട്ടം വരെ മാധ്യമങ്ങൾ ഈ വാർത്തയുടെ പിന്നാലെ പോയി. സന്തോഷ്മാധവൻ ജയിലിൽ ആക്കപ്പെട്ടതിന് ശേഷം, ആൾദൈവ-ആത്മീയ വ്യാപാരങ്ങളെ 'തുറന്നുകാട്ടാനുള്ള' താല്പര്യം മാധ്യമങ്ങൾക്കും ഇല്ലാതാവുകയായിരുന്നു. ഉറക്കം നടിച്ച ആൾദൈവ-ആത്മീയവ്യാപാരികൾ പുകപടലം ഒടുങ്ങിയപ്പോൾ പതുക്കെതലപൊക്കാൻ തുടങ്ങിയെങ്കിലും മാധ്യമങ്ങൾ അങ്ങോട്ട് തിരിഞ്ഞു നോക്കിയതേയില്ല. രണ്ടാം നവോത്ഥാനത്തിന് ആഹ്വാനം ചെയ്ത കേരളത്തിലെ പുരോഗമനപ്രസ്ഥാനങ്ങളുടെ പുതുതലമുറയും അപ്പോഴുണ്ടായ താൽകാലിക വികാരപ്രകടനത്തിനപ്പുറത്തേക്ക് പ്രവർത്തന രീതിയും മാറ്റിയില്ല. സന്തോഷ്മാധവനും പരൽമീനുകളുടെ ഗണത്തിൽപെടാവുന്ന മറ്റ് ആൾദൈവങ്ങളും മാധ്യമ-പൊതുസമൂഹ വിചാരണയ്ക്ക് വിധേയമായപ്പോഴും 'പ്രസ്ഥാനമായി' മാറിയ മറ്റ് ആൾദൈവങ്ങൾ അവരുടെ പ്രവർത്തനം ഒരു പോറലുമേൽക്കാത്തവിധം മുന്നോട്ടുകൊണ്ടുപോയി എന്നത് കൂടി ശ്രദ്ധേയമായ വസ്തുതയാണ്.

## മുസ്ലീം നവോത്ഥാനവും ആത്മീയവ്യാപാരവും

ആത്മീയ വ്യാപാരം ഹിന്ദുമതവിഭാഗത്തോട് മാത്രം ചേർന്നുള്ളതല്ല. പൗരോഹിത്യകേന്ദ്രീകൃതമായ മുസ്ലീം-ക്രൈസ്തവ മതസ്ഥർക്കിടയിലും ഇത് ശക്തമാണ്. കേരളത്തിലെ പൊതുനവോത്ഥാനമുന്നേറ്റത്തിനൊപ്പം തന്നെ മുസ്ലീം സമൂഹം ഉയർത്തെഴുന്നേൽപ്പിന്റെ ചല

നങ്ങൾ പ്രകടിപ്പിച്ചിരുന്നുവെങ്കിലും അതിവേഗ വികാസം പ്രാപിക്കാൻ മുസ്‌ലീം നവോത്ഥാനമുന്നേറ്റത്തിന് സാധിച്ചിരുന്നില്ലെന്ന് കാണാം. അതിന്റെ ഫലം വിദ്യാഭ്യാസ-തൊഴിൽരംഗങ്ങളിൽ പിന്നാക്കം പോവുകയും സ്ത്രീശാക്തീകരണം പോലുള്ള കാര്യങ്ങളിൽ നിഷേധാത്മക സമീപനം തുടരുകയും മതപരമായ ആചാരങ്ങൾ അനുഷ്ടിക്കുന്നതിൽ കാലോചിതമാറ്റങ്ങൾ ഉൾക്കൊള്ളാതെ പിൻനടക്കുകയും ചെയ്തുവെന്നതാണ്.

ശക്തമായ ഇടപെടൽ നടത്താൻ കഴിയുമായിരുന്നത് മലയാള മാധ്യമങ്ങൾക്കായിരുന്നു. എന്നാൽ വിപണികേന്ദ്രീകൃതമായ ഒരു ഭയം ഇത്തരം പ്രശ്നങ്ങളിൽ ധൈര്യസമേതം ഇടപെടുന്നതിൽ നിന്ന് മാധ്യമങ്ങൾ സ്വയം വിലക്കിനുള്ള കാരണമാക്കി മാറ്റി. ആൾദൈവങ്ങൾക്കും ആത്മീയവ്യാപാരത്തിനുമെതിരെ വാർത്തകളുടെ കോലാഹലം സൃഷ്ടിക്കപ്പെട്ടപ്പോഴും മുസ്‌ലീം മതങ്ങളിലെ അന്ധവിശ്വാസസംബന്ധിയായ ആത്മീയചൂഷണങ്ങൾ പുറത്തുകൊണ്ടുവരുന്നതിൽ മാധ്യമങ്ങൾ വിമുഖത കാണിക്കുകയാണ് ചെയ്തത്. അതിനർത്ഥം എല്ലാ രീതിയിലുള്ള പുരോഗമനാശയങ്ങളോടും മാധ്യമങ്ങൾ പുറംതിരിഞ്ഞുവെന്നല്ല. വിദ്യാഭ്യാസം, സർക്കാർജോലി, സ്ത്രീശാക്തീകരണം തുടങ്ങിയ മേഖലയിൽ പുരോഗമനാത്മക ഇടപെടലുകൾ മാധ്യമങ്ങളുടെ ഭാഗത്തുനിന്നുണ്ടായെങ്കിലും ആത്മീയചൂഷണത്തെ നേരിടുന്ന കാര്യത്തിലായിരുന്നു സ്വയം വിട്ടുനിൽക്കുന്ന പ്രവണത കാണിച്ചത്.

സമുദായത്തിനകത്തെ അനിസ്‌ലാമികമായ ആചാര രീതികൾക്കെതിരായ പോരാട്ടമായിരുന്നു മുസ്‌ലീം സുദായത്തിലെ നവോത്ഥാനമുന്നേറ്റത്തിന്റെ ആദ്യഘട്ടം. വിദ്യാഭ്യാസം നേടിയെടുക്കാനുള്ള ശ്രമങ്ങൾ അതിന്റെ തുടർച്ചയായി ഉണ്ടായി. ഖബറിടം ആരാധനയായിരുന്നു മുസ്‌ലീം സമൂഹത്തിനിടയിലെ വിചിത്രമായ ആചാരം. ഇത് അനിസ്ലാമികമാണെന്ന വാദമാണ് വക്കം മൗലവിയെപോലുള്ളവർ കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കം മുതൽ മുന്നോട്ടുവച്ചത്. ഖബർ ആരാധനയും മഖാം ഉറൂസുകളും ആണ്ടുനേർച്ചയും ഇസ്‌ലാം വിശ്വാസ ധാരയുടെ ഏകത്വത്തിന്റെ നിഷേധമാണെന്ന വസ്തുത പരക്കെ അംഗീകരിക്കപ്പെട്ടതാണെങ്കിലും ആധുനിക യുഗത്തിലും ഖബർ ആരാധനയുൾപ്പെടെയുള്ള ചടങ്ങുകൾ നിർബാധം തുടരുകയാണ്. ഉറുസുകൾ ഉത്സവങ്ങളായാണ് ആഘോഷിക്കപ്പെടുന്നത്. മാമ്പുറം, മലപ്പുറം, കൊണ്ടോട്ടി നേർച്ചകളും തിരുവനന്തപുരം ബീമാപ്പള്ളി ഉറൂസും ആഘോഷങ്ങളുടെ ഇനത്തിൽ മുന്നിൽ നിൽക്കുന്നു.

മുൻനിര മുഖ്യധാരാ മാധ്യമങ്ങൾ ഇത്തരം ആചാരങ്ങൾക്കൊപ്പമാണെന്നതാണ് രസകരം. ഹൈന്ദവ, ക്രൈസ്തവ മതങ്ങളിലെ ആരാധനാലയങ്ങളിൽ നടക്കുന്ന ചടങ്ങുകൾക്ക് തുല്യമായാണ് മുൻനിര മുഖ്യാധാരാ മാധ്യമങ്ങളും ഇതിനെ കാണുന്നത്. ഇസ്ലാലിലെ ഏകദൈവ വിശ്വാസത്തെ നിരസിക്കുന്നതും ഒപ്പം അന്ധവിശ്വാസാധിഷ്ഠിതവുമായ ഖബറാരാധനയ്ക്കും ഉറൂസുകൾക്കും വലിയ വാർത്താപ്രാധാന്യം ഈ മാധ്യമങ്ങൾ നൽകുന്നു. മുസ്ലീം സമുഹത്തിന്റെ ഉന്നമനത്തിന് ഊന്നൽകൊടുത്തു നിലകൊള്ളുന്ന മുസ്ലീം സമുദായസംഘടനകളുടെ നിയന്ത്രണത്തിലുള്ള പത്രങ്ങളാണ് ഇതിൽ വിപരീത നിലപാടുകൾ സ്വീകരിക്കുന്നത്. ജമാഅത്തെ ഇസ്ലാമിയുടെ നേതൃത്വത്തിലുള്ള 'മാധ്യമ' വും കേരള നദ്‌വത്തുൽ മുജാഹിദ്ദീനിന്റെ നേതൃത്വത്തിലാംരംഭിച്ച 'വർത്തമാനവും' വിശ്വാസധാരയിൽ അധിഷ്ഠിതമായി ഖബറാരാധനയെയും ഉറൂസുകളെയും വിമർശനാത്മകമായി സമീപിക്കുന്നവയാണ്. എന്നാൽ, കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാരുടെ നേതൃത്വത്തിലുള്ള സുന്നിവിഭാഗത്തിന്റെ മുഖപത്രമായ 'സിറാജ്' മുസ്ലീം ലീഗിന്റെ മുഖപത്രമായ 'ചന്ദ്രിക' എന്നിവ ഉറൂസുകളെയും ഖബറാരാധനയെയും പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്.

വിശ്വാസികളായ ഒരു വലിയ സമൂഹത്തെ എന്തിന് ഉപേക്ഷിക്കണം എന്നതാണ് മുൻനിരമാധ്യമങ്ങൾ ഇക്കാര്യത്തിലും സ്വീകരിക്കുന്നത്. ഇത് ഹൈന്ദവ ആൾദൈവങ്ങളുടെയും ആത്മീയനേതാക്കളുടെയും കാര്യത്തിൽ സ്വീകരിക്കുന്നതിൽനിന്ന് ഭിന്നവുമല്ല. മുസ്ലീം സമുദായത്തിൽ ശക്തമായ സ്വാധീനം ചെലുത്താൻ കഴിയുന്ന 'മാധ്യമം' പോലും ഇക്കാര്യത്തിൽ നടത്തുന്ന ഇടപെടൽ ശക്തമാണെന്ന് പറയാൻ കഴിയില്ല. ഉറൂസുകളുടെ വാർത്തകൾ നൽകാതിരിക്കുകയോ, അല്ലെങ്കിൽ പ്രാധാന്യം കുറച്ച് നൽകുകയോ ചെയ്യുന്നതിനപ്പുറം ആത്മീയ വ്യാപാരത്തിനെതിരായ പൊതുവികാരം സമൂഹത്തിൽ സൃഷ്ടിക്കുന്നതിനുതകുന്ന ഇടപെടൽ നടത്താൻ മാധ്യമം മടികാണിക്കുകയാണ്. 'കണ്ടുനിൽക്കുകയല്ല ഇടപെടുകയാണ്' എന്ന മാധ്യമത്തിന്റെ ആപ്തവാക്യം ഇവിടെ ഇതെല്ലാം കണ്ടുനിൽക്കുന്നു.

എന്നാൽ, കാന്തപുരം എ പി അബൂബക്കർ മുസ്ലിയാർ 'തിരുകേശം' എന്ന് പേരിട്ട് മുഹമ്മദ് നബിയുടെ മുടി കൈവശമുണ്ടെന്ന അവകാശവാദം ഉന്നയിച്ചപ്പോൾ മാധ്യമം അതിനെതിരെ ശക്തമായി നിലപാടുതന്നെയെടുത്തു. തിരുകേശം ഇട്ടുവെച്ച വെള്ളത്തിന്

ദിവ്യത്വം കല്പിച്ച് നൽകുന്നതിനും ഇതിന്റെ പേരിൽനടത്തുന്ന ആത്മീയ വ്യാപാരത്തിനുമെതിരെയായിരുന്നു മാധ്യമത്തിന്റെ നിലപാട്. 'വർത്തമാനവും' തിരുകേശവിരുദ്ധ നിലപാട് സ്വീകരിച്ചുവെങ്കിലും പ്രചാരത്തിൽ മുന്നിലുള്ള മലയാള മനോരമയും മാതൃഭൂമിയും തിരുകേശം സംബന്ധിച്ച് സ്വന്തമായ നിലപാടെടുക്കുകയോ കാന്തപുരത്തിന്റെ അവകാശവാദത്തിന്റെ പൊരുൾ തേടുകയോ ചെയ്തില്ല. പകരം അനുകൂലവും പ്രതികൂലവുമായ നിലപാടുകൾ നൽകി 'നിഷ്പക്ഷത'യുടെ മൂടുപടം അണിയുകമാത്രമായിരുന്നു ചെയ്തത്.

തിരുകേശവിവാദം ഉയർന്നപ്പോൾ അതിനോട് പ്രതികരിക്കുന്ന കാര്യത്തിൽ കേരളത്തിലെ രാഷ്ട്രീയ-സാംസ്കാരിക നേതൃത്വവും ഭയപ്പാടോടെയുള്ള സമീപനമാണ് കൈക്കൊണ്ടത്. ആത്മീയകാര്യങ്ങളിൽ രാഷ്ട്രീയനേതൃത്വം ഇടപെടുന്നില്ലെന്ന ഒഴിഞ്ഞുമാറലായിരുന്നു കോൺഗ്രസ് നേതൃത്വത്തിന്റെ സമീപനം. അതേസമയം, മുടിയും നഖവും ഉൾപ്പെടയുള്ള എല്ലാകാര്യങ്ങളും ശരീരമാലിന്യമാണെന്ന് ചൂണ്ടിക്കാട്ടി സിപിഐ(എം) സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ പരസ്യനിലപാട് തിരുകേശത്തിനെതിരെ സ്വീകരിക്കുകയും ചെയ്തു. മറ്റ് രാഷ്ട്രീയ വിഷയങ്ങളിൽ ഇത്തരമൊരു പരസ്യപ്രസ്താവന വന്നാൽ, അതിന്മേൽ വലിയൊരു സംവാദസാധ്യത കണ്ടെത്തുമായിരുന്ന മാധ്യമങ്ങൾ, പക്ഷെ പിണറായി വിജയന്റെ പരസ്യപ്രസ്താവന വന്നശേഷവും 'തിരുകേശ' ചൂഷണത്തിന്റെ വസ്തുതകളിലേക്ക് കടക്കാൻ ശ്രമിച്ചിരുന്നില്ല. കേരള മുസ്ലീംകളിലെ വലിയൊരു വിഭാഗമായ സുന്നികളെ എന്തിന് പിണക്കണം എന്നതാണ് മാധ്യമങ്ങൾ ഇക്കാര്യത്തിൽ സ്വീകരിച്ച നിസ്സംഗതയുടെയും അടിസ്ഥാനം. ഹൈന്ദവ ആത്മീയവ്യാപാരത്തിന്റെ സാധ്യതകൾ പോലെ തിരുകേശ ആത്മീയതയുടെ വ്യാപാര സാധ്യതയ്ക്ക് തന്നെയാണ് മുൻനിരമാധ്യമങ്ങൾ പ്രാമുഖ്യം നൽകിയത്.

'മുസീബത്തുകളും ശൈത്താൻബാധകളും' നീക്കാനും രോഗങ്ങളും ക്ഷീണങ്ങളും മാറ്റാനും മന്ത്രിച്ചൂതിയ ഏലസ്സുകളും ഉറുക്കുകളും അരക്കെട്ടിലും കൈകളിലും കെട്ടുന്നത് ഇന്നും മുസ്ലീങ്ങളിലെ വിശ്വാസധാരയുടെ ഭാഗമാണ്. ഇസ്ലാമിൽ പൗരോഹിത്യത്തിന് സ്ഥാനമില്ലെങ്കിലും മന്ത്രവാദങ്ങളും ഉറുക്ക്-ഏലസ് വിദ്യകളും നൽകുന്ന സാധ്യതകൾ ഉപയോഗപ്പെടുത്തി മൗലവിമാരുടെ നേതൃത്വത്തിലുള്ള പുരോഹിതവൃന്ദം ശക്തിക്ഷയിക്കാതെ നിൽക്കുകയാണ് ആധുനിക സമൂഹത്തിലും. സിദ്ധന്മാർ ഗ്രാമങ്ങളിലും നഗരങ്ങളിലും 'വിഘ്നങ്ങൾ'

നീക്കുന്നത് ചോദ്യംചെയ്യപ്പെടാതെ പോവുകയും ചെയ്യുന്നു.

മതചര്യകളിലെ മറ്റുകാര്യങ്ങളിലും സമാനമാണ് മാധ്യമങ്ങൾ സ്വീകരിച്ച രീതി. ഹൈന്ദവാചാരങ്ങൾ പരിഷ്കരിക്കുന്ന വിഷയങ്ങൾ ഉയർന്നുവന്നപ്പോൾ അത് തൊടുന്നത് വിശ്വാസികളടങ്ങുന്ന ഒരുവിഭാഗത്തെ പിണക്കുന്നതിലേക്ക് നയിക്കുമെന്നതായിരുന്നു മാധ്യമ ഭയം. മുസ്ലിംങ്ങളിലെ ചിട്ടകളുടെ കാര്യത്തിലും ഇതേ സമീപനം തന്നെ മാധ്യമങ്ങൾ സ്വീകരിച്ചു. പള്ളികളിൽ ഖുത്ബയുടെ ഭാഷ ഏതെന്ന കാര്യത്തൽ മുസ്ലീം സമൂഹത്തിനിടയിൽ സംവാദങ്ങൾ നിരന്തരമുള്ളതാണ്. എല്ലാവർക്കും മനസ്സിലാകുന്നവിധം ഖുതുബ മലയാളത്തിലാക്കണമെന്നും പ്രാർത്ഥനയിൽ പുരോഹിതൻ പറയുന്നതിന് 'ആമീൻ' പറയുന്നതിൽ അർത്ഥമില്ലെന്നുമുള്ള വാദങ്ങൾ സമുദായത്തിനുള്ളിൽനിന്നുതന്നെ ശക്തമായി ഉയർന്നുവന്നിട്ടുള്ളതാണ്. മുസ്ലീം സമുദായ സംഘടനകൾ നടത്തുന്ന പ്രസിദ്ധീകരണങ്ങളിൽ ഇതുസംബന്ധിച്ച ചർച്ചകളും വിമർശനങ്ങളും ആരോപണപ്രത്യാരോപണങ്ങളും ഉയർന്നുവരുന്നുണ്ടെങ്കിലും അതൊന്നും മുൻനിരമാധ്യമങ്ങളുടെ പരിഗണനാവിഷയമേ ആകുന്നില്ല.

മതചര്യകൾ അനുവർത്തിക്കുന്നതിലെ പരിഷ്കരണങ്ങൾ നിർദേശിച്ചതിലൂടെയായിരുന്നു ചേകന്നൂർ മൗലവി കൊല്ലപ്പെടുന്നത്. ഇതുസംബന്ധിച്ച ക്രമിനൽ കേസുകൾക്ക് പ്രാധാന്യം ലഭിച്ചുവെന്നല്ലാതെ, ചേകന്നൂർ മൗലവി ഉയർത്തിയ ചോദ്യങ്ങളും മുന്നോട്ടുവച്ച നിർദേശങ്ങളും ഗൗരവമായ പൊതുചർച്ചയായി ഇടംകൊള്ളിക്കാൻ മുൻനിര മാധ്യമങ്ങൾ സന്നദ്ധരായില്ലെന്നത് പ്രീണനപത്രപ്രവർത്തനം എന്ന പുതിയ ശൈലിയായി സ്വീകരിച്ചതുകൊണ്ടുമാത്രമാണ്.

പൊതുവിദ്യാഭ്യാസ രംഗത്തുനിന്നും പൂർണമായും മാറിനിന്നതായിരുന്നു കേരളത്തിലെ, പ്രത്യേകിച്ച് മലബാറിലെ മുസ്ലീംകളുടെ പൂർവ്വകാലം. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുന്നതും മലയാളം പഠിക്കുന്നതുപോലും മതവിരുദ്ധമാണെന്ന പ്രചാരണം കഴിഞ്ഞനൂറ്റാണ്ടിന്റെ തുടക്കത്തിലടക്കം മൗലവിമാരും പുരോഹിതരും അഴിച്ചുവിട്ടിരുന്നു. സാമൂഹിക പിന്നാക്കാവസ്ഥയായിരുന്നു ഇതിന്റെ പ്രത്യാഘാതം. സ്വാതന്ത്ര്യലബ്ധിക്കുശേഷം, മുസ്ലീംസമുദായം രാഷ്ട്രീയശക്തിയായ ഉയർന്ന് ഏറെക്കഴിഞ്ഞാണ് പൊതുവിദ്യാഭ്യാസത്തിലേക്ക് മുസ്ലീം വിഭാഗത്തിലെ എല്ലാവരും എത്തിച്ചേരണമെന്ന ചിന്ത ഉടലെടുത്തത്. അപ്പോഴും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് മുൻഗണന കിട്ടിയില്ല. പെൺകുട്ടികളോടും സ്ത്രീകളോടും മതയാഥാസ്ഥി

തികർ കാണിക്കുന്ന സമീപനത്തിൽ ഇപ്പോഴും മാറ്റം വന്നിട്ടില്ലെങ്കിലും സാമൂഹിക പുരോഗതിക്കൊപ്പം നടക്കാൻ വിദ്യാഭ്യാസം നേടിയെടുക്കണമെന്ന ചിന്താധാരയിലേക്ക് മാറാൻ മുസ്‌ലീം സമുദായത്തിലെ വലിയൊരുവിഭാഗം സന്നദ്ധമായിരിക്കുന്നു.

സ്ത്രീകൾ പൊതുരംഗത്തേക്കു കടന്നുവരുന്നതിനോടുള്ള നിഷേധാത്മക നിലപാട് ഇന്നും മുസ്‌ലീം സമുദായത്തിനിടയിൽ പൂർണമായും മാറിയിട്ടില്ല. വിദ്യാഭ്യാസം നേടിയെടുക്കുന്നതിൽ വലിയൊരു മുന്നേറ്റം മുസ്‌ലീം പെൺകുട്ടികൾ നടത്തിയെങ്കിലും അത് പൂർണതോതിലുള്ള പൊതുപ്രവേശമായി മാറാത്ത പ്രദേശങ്ങൾ ഇപ്പോഴും കേരളത്തിലുണ്ട്. സമുദായത്തിന്റെ ഉന്നമനമാണ് മാധ്യമങ്ങളുടെയും നിലപാടെങ്കിലും പെൺകുട്ടികളെ ജോലിക്ക് നിർത്തുന്നതിൽ പത്രം തുടങ്ങി രണ്ടുദശാബ്ദത്തിലേറെ 'മാധ്യമം' പത്രവും തയ്യാറായിരുന്നില്ല. പ്രകടമായ സ്ത്രീവിരുദ്ധത പ്രകടിപ്പിക്കുകയായിരുന്നു മാധ്യമവും ചെയ്തത്. രണ്ടുദശാബ്ദത്തിന് ശേഷം സ്ത്രീകളെ ജോലിയിൽ പ്രവേശിപ്പിക്കാൻ മാധ്യമം മാനേജുമെന്റും തയ്യാറായത്, വിദ്യാഭ്യാസം നേടിയതിലൂടെ മുസ്‌ലീം സമുദായത്തിനുള്ളിലും ഉയർന്നുവന്ന ഉണർവിന്റെ ഫലം കൂടിയായിരുന്നു.

ആത്മീയവ്യാപാരത്തിന്റെയും മതചര്യകളിലെ പരിഷ്കാരങ്ങളുടെയും കാര്യത്തിൽ പിന്തിരിഞ്ഞുനിന്നുവെങ്കിലും വിദ്യാഭ്യാസരംഗത്തെന്നപോലെ സർക്കാർ സർവീസുകളിൽ മുസ്‌ലിം വിഭാഗത്തിന് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതിനുള്ള സമ്മർദം ചെലുത്തുന്നതിൽ പത്രങ്ങൾ വലിയ പ്രാമുഖ്യം നൽകി. 19-ാം നൂറ്റാണ്ടിൽ അധികാരസ്ഥാനങ്ങളിൽ അർഹിക്കുന്ന പ്രാതിനിധ്യം ലഭിക്കാനായി മുസ്‌ലീം അടക്കമുള്ള ഇതര പിന്നാക്കവിഭാഗം നടത്തിയ നിർവർത്തനപ്രക്ഷോഭത്തിന്റെ തുടർച്ചയാണ് ആറേഴുപതിറ്റാണ്ടിനുശേഷം സർക്കാർ സർവീസുകളിൽ നഷ്ടപ്പെട്ട അവസരങ്ങൾ വീണ്ടെടുക്കാനായി വീണ്ടും ഉടലെടുത്തത്. മുസ്‌ലീങ്ങളുടെ അവസര നഷ്ടത്തിന്റെ കണക്ക് വെളിവാക്കുന്നതായിരുന്നു ജസ്റ്റിസ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട്. ഈ റിപ്പോർട്ട് അടിസ്ഥാനമാക്കി നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് വലിയതോതിലുള്ള എതിർപ്പുകൾ മുന്നാക്ക സമുദായങ്ങളിൽനിന്നുണ്ടായെങ്കിലും മുസ്‌ലീങ്ങളുടെ നഷ്ടപ്പെട്ട അവസരം പുനസ്ഥാപിക്കുന്നതിൽ മാധ്യമങ്ങളുടെ ഭാഗത്തുനിന്നും കാര്യമായ എതിർപ്പുണ്ടായില്ല. മുസ്‌ലീം സമുദായ സംഘടനകളുടെയും രാഷ്ട്രീയപാർട്ടിയുടെയും ഉടമസ്ഥതയിലുള്ള പത്രങ്ങളെല്ലാം നരേന്ദ്രകമ്മി

ഷൻ റിപ്പോർട്ട് അടിസ്ഥാനമാക്കി അവകാശപ്പോരാട്ടത്തിനായി നില കൊണ്ടപ്പോൾ, അത് സാധാരണക്കാരന്റെ വികാരമാണെന്ന് മനസ്സി ലാക്കി പ്രക്ഷോഭത്തിന് പിന്തുണ നൽകാൻ മറ്റ് മുൻനിര പത്രങ്ങളും തയ്യാറായി.

## മിശ്രവിവാഹത്തിൽനിന്ന് ലൗജിഹാദിലേക്ക്

കേരളത്തിലെ സാമൂഹിക മാറ്റത്തിൽ മിശ്രവിവാഹങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്. ജാതി വിവേചനത്തിന്റെ ദുരവസ്ഥയിൽ കഴി ഞ്ഞിരുന്ന കീഴാള ജനവിഭാഗങ്ങൾക്ക് തല ഉയർത്തിപ്പിടിക്കാനും അവരെ ഇതരജാതി വിഭാഗങ്ങൾ സ്വീകരിക്കാനും തുടങ്ങിയത് മിശ്ര വിവാഹത്തോടെയായിരുന്നു. പകൽ നേരങ്ങളിൽ ജാതീയമായി മാറ്റി നിർത്തപ്പെട്ടുവെങ്കിലും അന്തിമയങ്ങിയാൽ കീഴാള വിഭാഗങ്ങളിലെ പെൺകുട്ടികളെ നിർബന്ധ സംബന്ധത്തിന് വിധേയമാക്കുന്നതിൽ സവർണ മുന്നാക്ക വിഭാഗങ്ങളിലെ പുരുഷന്മാർക്ക് ഒട്ടും മടിയില്ലാ ത്തതായിരുന്നു കേരളത്തിന്റെ ഭൂതകാലം. അത്തരം ബന്ധങ്ങളിലൂടെ പിറന്ന കുഞ്ഞുങ്ങളുമായി ശിഷ്ടജീവിതം നരകയാതന അനുഭവിക്കേ ണ്ടിവന്നപ്പോഴും തിരിഞ്ഞുനോക്കാൻ സവർണ പുരുഷന്മാർ തയ്യാറാ യിരുന്നില്ല. ഈ സാമൂഹിക യാഥാർഥ്യത്തിൽനിന്നാണ് മിശ്രവിവാഹ മെന്ന വിപ്ലവാത്മക പരിവർത്തനം 20-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ കേരളത്തിലുണ്ടാകുന്നത്.

ജാതീയ വേലിക്കെട്ടിനപ്പുറത്ത് സ്നേഹത്തിനും പ്രണയത്തിനും സ്ഥാനമുണ്ടെന്നും കുടുംബംജീവിതത്തിലേക്ക് അത് പകർത്തുക സാധ്യ മാണെന്നും മിശ്രവിവാഹത്തിലൂടെ തെളിഞ്ഞു. കുടുംബങ്ങളിലും സമൂഹത്തിലും വലിയ കോളിളക്കങ്ങളുണ്ടാക്കിയെങ്കിലും മിശ്രവിവാ ഹത്തിന്റെ  സാമൂഹിക പ്രസക്തി കൂടിക്കൊണ്ടേയിരുന്നു. ജാതി മാറി യുള്ള വിവാഹ ബന്ധങ്ങളോട് അനുഭാവം പ്രകടിപ്പിച്ചവർ അക്കാലം വളരെ അപൂർവമായിരുന്നു. എന്നാൽ, എതിർപ്പുകളെ അവഗണിച്ചു കൊണ്ടുതന്നെ ജാതിരഹിതമായ പ്രണയം മലയാളക്കരയിൽ സാധാ രണമായി. ഇത്തരം മിശ്രവിവാഹങ്ങൾ സ്വാതന്ത്ര്യത്തിന് മുമ്പ് പത്ര ങ്ങൾ വാർത്തയായി തന്നെ നൽകുകയും ചെയ്തു. ആ വാർത്തകൾ സാമൂഹിക മാറ്റത്തിന്റെ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കാൻ ഉദ്ദേ ശിച്ചുള്ളതുമായിരുന്നു. കേവലം ജാതീയമായ അതിർത്തിക്കുള്ളിൽ പ്രണയ സങ്കല്പങ്ങളെ തടഞ്ഞുവെക്കേണ്ടതല്ലെന്നും ജാതിവേലി ക്കെട്ട് ഭേദിച്ച് കടന്നുവരാൻ പ്രണയിനികളെ പ്രോത്സാഹിപ്പിച്ചതുമാ

യിരുന്നു അത്തരം വാർത്തകൾ. യാഥാസ്ഥിതികത്വത്തിന്റെ കമ്പളം മാറ്റാത്ത പല കുടുംബ ബന്ധങ്ങളും ഇക്കാരണത്താൽ ശിഥിലമായെങ്കിലും മിശ്രവിവാഹം സൃഷ്ടിച്ച സാമൂഹിക മാറ്റത്തെ അവഗണിക്കാനാവില്ല.

സ്വാതന്ത്ര്യാനന്തര നവീന കേരളത്തിൽ മിശ്രവിവാഹം എന്നത് വലിയ അത്ഭുതമോ അതിസാഹസിക സാമൂഹിക വിപ്ലവമോ അല്ലാതായി. അതൊരു സാധാരണ പ്രക്രിയയും അതുകൊണ്ടുതന്നെ വാർത്തകളല്ലാതാവുന്നതുമായി. വ്യക്തിസ്വാതന്ത്ര്യം അത്രമേൽ വിപുലവും പൊതുസമൂഹം അതിനെ അംഗീകരിക്കുകയും ചെയ്തു. ജാതിയും മതവും മാറിയുള്ള വിവാഹങ്ങൾ ചില കുടുംബങ്ങളുടെ സ്വാസ്ഥ്യം നഷ്ടപ്പെടുത്തിയിട്ടുണ്ടാകാമെങ്കിലും മിശ്രിവിവാഹത്തിന് ഏറക്കുറെ ഒരു പൊതുസ്വീകാര്യത ലഭിച്ചു.

ഈ സാമൂഹികസാഹചര്യത്തിന്മേലുള്ള കല്ലേറായിരുന്നു 'ലൗ ജിഹാദ്' എന്ന മാധ്യമ'കണ്ടെത്തൽ'. ഹൈന്ദവ ഫാസിസ്റ്റുകൾ ബാബറി മസ്ജിദ് തകർത്തതിന് ശേഷമുള്ള ഇന്ത്യയിൽ, താൻ തീവ്രവാദിയല്ലെന്ന് സ്വയം സ്ഥാപിക്കേണ്ട ബാധ്യത ഇന്ത്യയിലെ മുസ്ലീം സമുദായാംഗങ്ങളിൽ അടിച്ചേല്പിച്ചതിന്റെ തുടർച്ചയായിരുന്നു ലൗ ജിഹാദ്. മുസ്ലീം തീവ്രവാദ സംഘടനയിലെ പ്രവർത്തകർ പ്രണയം നടിച്ച് മറ്റുമതസ്ഥരുമായി വിവാഹ ബന്ധത്തിലേർപ്പെടുന്നുവെന്നും ഇത് തീവ്രവാദത്തിലേക്ക് ആളുകളെ എത്തിക്കാനുള്ള സംഘടിത ശ്രമമാണെന്നുമായിരുന്നു 2009-10 കാലത്ത് കേരളത്തിൽ ഉയർന്നുവന്ന ആരോപണം.

ഒരുകാലത്ത് കേരളത്തിന്റെ നവോത്ഥാന പരിവർത്തനത്തിന്റെ മുൻനിരയിലുണ്ടാവുകയും ജാതി-മതവിവേചനങ്ങളെ എതിർക്കുകയും മിശ്രവിവാഹത്തെ വിപ്ലവാത്മക പരിവർത്തനമായി പ്രോത്സാഹിപ്പിക്കുയും ചെയ്ത 'കേരള കൗമുദി' യായിരുന്നു 'ലൗജിഹാദ്' എന്ന ആരോപണത്തിന്റെ ആദ്യവെടിമുഴക്കിയത്. തീവ്രവാദവിരുദ്ധതയ്ക്കും ദേശസ്നേഹത്തിനും പത്തരമാറ്റിന്റെ വാർത്താമൂല്യം കല്പിച്ച മറ്റ് മുഖ്യധാര മാധ്യമങ്ങളും ഇത് ഏറ്റുപിടിച്ചു. മലയാള മനോരമയും മാതൃഭൂമിയും ലൗജിഹാദിന്റെ പിന്നാലെ പോയി. പൊലീസ് അന്വേഷണം വന്നു. തീവ്രവാദവളർച്ചയെ പ്രതിരോധിക്കാനുള്ള അതീവ ദേശസ്നേഹ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന ആത്മാഭിമാനത്തോടെയായിരുന്നു ലൗജിഹാദ് വാർത്തകളെ മുഖ്യധാരാ മാധ്യമങ്ങൾ സമീപിച്ചത്.

മുസ്‌ലീം-ഹിന്ദു കുടുംബങ്ങളിലുള്ളവർ നടത്തിയ വിവാഹത്തിന്റെ കണക്കുകളെടുത്ത് ലൗജിഹാദിന്റെ 'തീവ്രത' ഏറ്റിക്കൊണ്ടിരുന്നു പത്രങ്ങൾ. പൊലീസ് അന്വേഷണത്തിനും അവരുടെ കണ്ടെത്തലിനും മുന്നിലായിരുന്നു മാധ്യമങ്ങൾ. വസ്തുകൾക്ക് പകരം പൊടിപ്പും തൊങ്ങലുമുള്ള വാചകങ്ങളുമായി അത് സമൂഹത്തിന്റെ സ്വാസ്ഥ്യം കെടുത്തുന്ന രീതിയിലേക്ക് വളർന്നുവികസിച്ചു. വ്യത്യസ്ത മതസ്ഥരായവർ സംസാരിക്കുന്നതും പ്രണയബദ്ധരാകുന്നതും സംശയദൃഷ്ടിയോടെ നോക്കണമെന്ന വിപരീതബോധം സമൂഹമനസ്സിൽ അടിച്ചേൽപ്പിക്കുന്നതായിരുന്നു മാധ്യമങ്ങളുടെ ഇടപെടൽ. ആർ.എസ്.എസ്, എൻ.എസ്.എസ്, എസ്.എൻ.ഡി.പി തുടങ്ങിയ ഹൈന്ദവ രാഷ്ട്രീയ-സാമുദായിക സംഘടനകൾ ലൗജിഹാദ് ഏറ്റുപിടിച്ചു. കത്തോലിക്കാ സഭയും ലൗജിഹാദിനെതിരെ മുന്നറിയിപ്പുമായി രംഗത്തെത്തി.

മാധ്യമങ്ങൾ മുന്നോട്ടുവെച്ച സംഭവങ്ങളുടെ പിന്നാലെ പോയ പൊലീസിന്, കണ്ടെത്തലുകളെ സാധൂകരിക്കാനുള്ള തെളിവുകളുടെ ചെറിയ കച്ചിപോലും കിട്ടിയില്ല. അതോടെ കോടതിയിൽ, ലൗജിഹാദ് വെറും പൊള്ളക്കഥ മാത്രമാണെന്ന് വെളിവാക്കപ്പെട്ടു. ക്രമേണ ലൗജിഹാദ് എന്ന കണ്ടെത്തലിന്റെ മുനയൊടിയുകയും ചെയ്തു. കേസ് നടത്തിപ്പിനിടയിൽ കോടതി നടത്തിയ പരാമർശങ്ങൾ പോലും തങ്ങളുടെ ആദ്യവാർത്തയ്ക്ക് സാധൂകരണം നൽകുന്നവിധം തെറ്റായി വ്യാഖ്യാനിക്കുന്നതിൽ മാധ്യമങ്ങൾ അമിതാവേശം കാണിച്ചു. എന്നാൽ, മാധ്യമ കണ്ടെത്തലിൽ കഴമ്പില്ലെന്ന് കോടതി ആത്യന്തികമായി പറഞ്ഞതോടെ കൈ കഴുകി പിന്മാറുകയായിരുന്നു ഈ മാധ്യമങ്ങളെല്ലാം ചെയ്തത്.

സാമുദായിക സൗഹാർദ്ദം തകർക്കുന്ന വിധത്തിൽ സംശയവിത്തുകൾപാകി വാർത്തകൾ നല്കിയ മാധ്യമങ്ങൾ പക്ഷെ, ചെയ്തത് തെറ്റെന്ന് തെളിഞ്ഞശേഷം അതേറ്റുപറയുന്നതിൽ മറ്റെല്ലാകാര്യത്തിലുമെന്നപോലെ പതിവ് അലംഭാവം തുടർന്നു. സമൂഹത്തെ ഭിന്നിപ്പിന്റെ തലത്തിലേക്ക് ഉയർത്തിയതിൽ ഒരു കുറ്റബോധവും മാധ്യമങ്ങൾക്കുണ്ടായില്ല.

## തിരുത്തപ്പെടേണ്ട പ്രവണതകൾ

അലസമായിക്കിടക്കുന്ന ഒരു സമൂഹത്തിലേക്ക് ദൂഷിതസ്വഭാവങ്ങൾ നുഴഞ്ഞുകയറുന്നത് സ്വാഭാവികമാണ്. സാമൂഹികവികാസത്തിന്റെ

ചരിത്രം ഇത് പഠിപ്പിക്കുന്നു. നവോത്ഥാനാശയങ്ങൾ ഒരാളിൽനിന്നോ ഒരു പ്രത്യേക സന്ദർഭത്തിലോ ഉരുത്തിരിഞ്ഞു വന്നതായിരുന്നില്ല. വർഷങ്ങളായി മനുഷ്യൻ അനുവർത്തിച്ച ശീലങ്ങളിലെ യുക്തിരാഹിത്യം തിരിച്ചറിഞ്ഞവർ സ്വയം ഉയർത്തിയതും സമൂഹത്തിന്റെ മുന്നിലേക്ക് എറിഞ്ഞുകൊടുത്തതുമായ ചോദ്യങ്ങളാണ് പരിവർത്തനത്തിന് അടിസ്ഥാനകാരണമായത്. അനുഭവ യാഥാർഥ്യത്തിൽനിന്നുള്ള മാറ്റമായി ഇതിനെ ചരിത്രം രേഖപ്പെടുത്തി. മാറ്റം ശ്രമകരമായിരുന്നു. സമൂഹത്തിൽ ആധിപത്യം ഉറപ്പിച്ചിരുന്ന യാഥാസ്ഥിതികചിന്തകളെ ഇല്ലാതാക്കാൻ നടത്തുന്ന ഉദ്യമങ്ങളെ സാമൂഹ്യഘടനയുടെ ഉപരിതലത്തിൽ ഇരിപ്പുറപ്പിച്ച വിഭാഗം എക്കാലവും തടയിടാൻ ശ്രമിച്ചിട്ടുണ്ട്. ഏറ്റുമുട്ടലിന്റെ ഈ ചരിത്രം തന്നെയാണ് കേരളത്തിലെ നവോത്ഥാനമുന്നേറ്റത്തിനുമുണ്ടായത്. അതിൽ വ്യക്തമായ നിലപാടുമായി മുന്നോട്ടുപോയിരുന്ന മാധ്യമങ്ങൾ പിൽക്കാലത്ത് സമരസപ്പെടുകയെന്നതിലേക്ക് നിലപാട് മാറ്റിയെന്നതാണ് സ്വാതന്ത്ര്യലബ്ധിക്കും മാധ്യമ മേഖലയിലെ വ്യാവസായികവികാസത്തിനും ശേഷം പ്രകടമാവുന്നത്.

സമൂഹത്തെ പഠിക്കുകയാണ് മാധ്യമങ്ങൾ ചെയ്യുന്നത് എന്നതുപോലെ സമൂഹം അറിയുന്നതും പഠിക്കുന്നതും മാധ്യമങ്ങളിൽനിന്നു തന്നെയാണ്. ഈ കൊടുക്കൽ വാങ്ങലുകളെ തെറ്റായി പ്രയോഗവത്കരിക്കുകയാണ് പിൽകാലത്ത് നവോത്ഥാമൂല്യങ്ങളുടെ തുടർച്ച ഏറ്റെടുക്കുന്ന കാര്യത്തിൽ മലയാളമാധ്യമങ്ങൾ നൽകിയ സംഭാവന. ഇതിൽ പുനർവിചിന്തനത്തിന് പ്രസക്തിയുണ്ടെന്ന് പോലും മൂലധനതാല്പര്യം മേൽക്കൈ നേടിയ ആധുനിക മാധ്യമസംസ്കാരത്തിലുണ്ടെന്ന് തോന്നുന്നില്ല. വിപണിയുക്തിയെ സാമാന്യവത്കരിച്ച് വളർച്ചയുടെ രാസവളമാക്കുകയാണ് ആധുനികമാധ്യമ വ്യവസായം. പത്രാധിപർ പത്രത്തിന്റെ മുഖമായിരുന്ന കാലം അസ്തമിച്ചതുപോലെ, വേറിട്ട ചിന്തകളെ പ്രകടിപ്പിക്കാതെ എല്ലാം ഉൾച്ചേർന്ന സമൂഹത്തിന്റെ യഥാർത്ഥ പ്രതിഫലനമെന്ന നിലയിൽ സ്വയം പ്രതിഷ്ഠിക്കാനാവും മാധ്യമങ്ങൾ തുടർന്നും ശ്രമിക്കുക. പുരോഗമനവും പിന്തിരിപ്പനുമായ ആശയങ്ങളെ ഒരേ നുകത്തിൽ കെട്ടി വളർച്ചയിലേക്ക് ചുവടുവെക്കുന്നതാണ് പുതിയകാലത്തെ മാധ്യമ വൈഭവം.

## അധ്യായം 5

# വിശ്വാസങ്ങളുടെ വിപണി

ആധുനിക വികസിത സമൂഹത്തിന്റെ ചലനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത് വിപണിയെ ആശ്രയിച്ചാണ്. വിപണി നിശ്ചയിക്കുന്ന ഗതിയിലൂടെ സഞ്ചരിക്കുന്നത് സമൂഹത്തിന്റെ സ്വാഭാവിക രീതിയായി മാറിയിരിക്കുന്നു. വ്യക്തി ജീവിതത്തിലും സമൂഹത്തിന്റെ സ്വഭാവം പുനർനിർണയിക്കുന്നതിലും വിപണിയുടെ സ്വാധീനം അത്രത്തോളം വലുതാണ്. ഭാഷ, വേഷം, സംസ്കാരം എന്നിങ്ങനെ തനത് സ്വത്വങ്ങളിൽ വ്യക്തിത്വം കണ്ടെത്തിയിരുന്ന ഭിന്നസമൂഹങ്ങൾ അപ്രത്യക്ഷമാകുന്നു എന്നതാണ് വിപണി നിയന്ത്രിത പുതിയകാലത്തിന്റെ പരിണാമം. വിപണിയുടെ ഈ സാധ്യതയെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയതാണ് ആധുനിക മുതലാളിത്തത്തിന്റെ വിജയവും. മാധ്യമ മേഖല വ്യാവസായിക വത്കരണത്തിലേക്ക് നീങ്ങുകയും പത്രങ്ങളും ഒരു 'ഉത്പന്ന'മായി രൂപാന്തരപ്പെടുകയുംചെയ്ത പുതിയ കാലത്ത് വിപണിയുടെ സാധ്യതകളെ എങ്ങനെ പ്രയോജനപ്പെടുത്താമെന്നതായി ആധുനിക മാധ്യമവീക്ഷണം. വൃത്താന്തപത്രപ്രവർത്തനത്തിൽനിന്ന് മൂലധനകേന്ദ്രീകൃത പത്രപ്രവർത്തനത്തിലേക്കുള്ള മാറ്റമായിരുന്നു അതിന്റെ ഫലം.

മാധ്യമങ്ങളെ സംബന്ധിച്ച് വിപണി മറ്റേത് കോർപ്പറേറ്റ് സ്ഥാപനങ്ങളെയും ഉത്പന്നങ്ങളെയും പോലെയല്ല. ഒരേ സമയം ഇരട്ട സാധ്യതകൾ ലഭിക്കുന്നുവെന്നതാണ് മാധ്യമങ്ങൾക്കുള്ള അപൂർവ നേട്ടം. ഒന്ന് സ്വന്തം ഉത്പന്നം വിൽക്കാമെന്നതാണ്. രണ്ടാമത്തേത് ഉത്പന്നത്തിലെ ഇടം വിൽക്കാമെന്നതാണ്. ഇതിൽ ആദ്യത്തേതായ ഉത്പന്നം വിറ്റഴിക്കുന്നതിന് എല്ലാ മൂലധന ശക്തികളും ചെയ്യുന്നതുപോലെ വിപണിയിൽ ഏറ്റവും സ്വീകാര്യമായ ചേരുവ ഉത്പന്നത്തിന് നൽകുകയെന്ന തന്ത്രം തന്നെ മാധ്യമങ്ങളും സ്വീകരിക്കുന്നു. മലയാള മനോരമ എഡിറ്ററായിരുന്ന കെ.എം മാത്യു പറഞ്ഞ ജനാഭിലാഷപത്രപ്രവർത്തനം ഈ വിപണി താൽപര്യം മുൻനിർത്തിയുള്ളതാണ്. ഉത്പന്നം ഏറ്റവും നല്ല രീതിയിൽ വിറ്റുപോകുന്നതിനായി ഉത്പന്നത്തിന്റെ രസക്കൂട്ടിലെ ചേരുവകൾ ജനങ്ങളുടെ അഭിരുചിക്കനുസരിച്ച് മാറ്റുകയെന്നതാണ് പ്രഥമ തന്ത്രം. ആവശ്യക്കാരന് അഥവാ വായനക്കാരന് എന്താണോ വേണ്ടത് അത് നൽകുന്നു. സാധാരണ മനു

ഷ്യന്റെ വികാരങ്ങളെയും താൽപര്യങ്ങളെയുമാണ് അതിന് മാനദണ്ഡ മാക്കുന്നത്. ജനത്തിന് ഇന്നത് വേണം എന്ന് നിശ്ചയിക്കുകയും അത നുസരിച്ച് വിഭവങ്ങൾ നൽകുകയും ചെയ്യുന്ന രീതി. അവിടെ വാർത്ത യുടെ മൂല്യത്തിനല്ല ജനാഭിലാഷത്തിനാണ് മുൻഗണന. ജനപ്രിയ പത്ര പ്രവർത്തനവും വസ്തുനിഷ്ഠ പത്രപ്രവർത്തനവും വ്യത്യസ്തമാ ണെന്ന ധാരണ ഇല്ലാതെയല്ല, പകരം വസ്തുനിഷ്ഠയാഥാർഥ്യങ്ങ ളെക്കാൾ ജനപ്രിയത സ്വീകരിച്ചാലേ ഉത്പന്നം വിറ്റുപോവുകയുള്ളൂ എന്ന വിപണിയിലെ സാമാന്യ തത്വം പാലിക്കുകയാണ് മാധ്യമങ്ങൾ. വാർത്തയും അഭിപ്രായങ്ങളും തങ്ങളുടെ ഉത്പന്നം വിറ്റഴിക്കുന്നതിന് വിഘാതമാകുമെന്ന് കാണുമ്പോൾ അത് വിലക്കപ്പെടേണ്ട വാർത്ത യായിത്തീരുന്നു. വാർത്ത നൽകുന്നതിലൂടെ പത്രത്തിന്റെ ഒരു വരി ക്കാരനെ നഷ്ടപ്പെടുന്ന സാഹചര്യം പത്രമുടമകൾക്ക് താല്പര്യമു ള്ളതല്ല. പകരം വാർത്ത നൽകാതിരിക്കുന്നതിലൂടെ പുതിയ വരിക്കാ രനെ ലഭിക്കുകയാണെങ്കിൽ ഉടമകളുടെ താല്പര്യം അതിനോടാണുതാ നും.

ദൈനംദിന വാർത്തകളിൽ പത്രമുടമകൾ നേരിട്ട് ഇടപെടുന്ന രീതി മലയാള പത്രപ്രവർത്തനത്തിലുണ്ടെന്ന് പറയാൻ കഴിയില്ല. എന്നാൽ, സമീപനത്തിലെ പൊതുരീതി എന്തായിരിക്കണമെന്ന സന്ദേശം തങ്ങ ളുടെ സ്ഥാപനത്തിലെ ജീവനക്കാർക്ക് നൽകാൻ പത്രഉടമകൾക്ക് സാധിക്കുന്നുണ്ട്. ഈ നിർദേശം ലംഘിച്ചുകൊണ്ടോ, നയപരമായ തീരുമാനങ്ങൾക്ക് വിപരീതമായോ ആയ വാർത്തകൾ നൽകാൻ റിപ്പോർട്ടർമാർ തുനിയാറില്ല. നുഴഞ്ഞുകയറിവരുന്ന അത്തരം റിപ്പോർട്ടു കളെ സൂക്ഷ്മനിരീക്ഷണം നടത്താൻപറ്റുന്ന ശക്തമായ എഡിറ്റോറി യൽവിഭാഗം ഇന്ന് മുൻനിര മലയാള പത്രങ്ങൾക്കുണ്ട്. വായനക്കാ രനെ തൃപ്തിപ്പെടുത്തുന്ന രീതിയിൽ വാർത്തകൾ നൽകുന്നതിലേക്ക് ചില സന്ദർഭങ്ങളിലെല്ലാം ബോധപൂർവമായ തീരുമാനമെടുക്കുന്നത് പത്രത്തിന്റെ പ്രചാര വികാസത്തിനുള്ള മാധ്യമ ഉടമകളുടെ താല്പര്യം എഡിറ്റോറിയൽ വിഭാഗം നടത്തിക്കൊടുക്കുന്നു എന്നതുകൊണ്ടുത ന്നെയാണ്. അതുകൊണ്ടാണ്, ശരിയല്ലെന്നും അധാർമികമെന്നും തോന്നുന്നകാര്യങ്ങൾ പോലും വായനാഭിരുചി കണക്കാക്കി പത്രത്താ ളുകളിൽ ഇടംപിടിക്കുന്നത്. വാർത്തയുടെ മുൻഗണന നൽകുന്ന തിൽപോലും ഇത് പ്രകടമാവും, വാർത്തയുടെ നിർവചനത്തിൽപെ ടാത്ത സംഗതികൾപോലും വായനക്കാരെ ആകർഷിക്കുമെന്നതിനാൽ ഒന്നാംപേജിൽ ഇടം പിടിക്കുന്നത് ഇതുകൊണ്ടാണ്.

ഇംഗ്ലീഷ് മാധ്യമങ്ങളാണ് ഇക്കാര്യം വളരെ ഫലപ്രദമായി പ്രയോഗത്തിൽവരുത്തിയവർ. ഗോസിപ്പുകൾ നിറച്ച് കാതലില്ലാത്ത വായനയുടെ പുതിയ സംസ്കാരം രൂപപ്പെടുത്തുന്നതിൽ ബ്രിട്ടീഷ് ടാബ്ലോയ്ഡുകൾ ഒരുപുതിയ വിപ്ലവം തന്നെയാണ് തീർത്തത്. വാർത്താമൂല്യം നിർണയിക്കുന്നതിൽ ടാബ്ലോയ്ഡുകളുടെ പിന്നാലെ പോയില്ലെങ്കിലും അവർ നൽകുന്ന വാർത്തകൾ ചെറിയതോതിലെങ്കിലും എവിടെയെങ്കിലും ഉൾപ്പെടുത്തേണ്ട വിധം 'പോപ്പുലർ ന്യൂസ് റിപ്പോർട്ടിങ്ങു'കളിലേക്ക് ലോകത്തെ പ്രമുഖ മുൻനിര ഇംഗ്ലീഷ് മാധ്യമങ്ങൾക്കും തങ്ങളുടെ നിലപാടുകൾ മാറ്റേണ്ടിവന്നു. ഇന്ത്യയിലും ഈ പ്രവണത അനുകരിക്കുകയായിരുന്നു ഇംഗ്ലീഷ് മാധ്യമങ്ങൾചെയ്തത്. പത്രത്തിന്റെ മുഖം പത്രാധിപരായിരുന്ന നിലയിൽനിന്ന് മാറി മാനേജർമാർ പ്രധാനസ്ഥാനങ്ങളിലേക്ക് വരുന്നത് വിപണിസാധ്യതകളെ പത്രങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുകയെന്ന ആലോചനയുടെ ഭാഗമാണ്. പത്രാധിപർക്ക് പ്രസക്തിയില്ലാതാവുകയും എല്ലാവരാലും വായിക്കപ്പെടുന്നവിധം വ്യത്യസ്തചേരുവകളിലൂടെ വിപണിസ്വഭാവത്തെ ഉൾക്കൊള്ളുകയെന്നതിലേക്ക് വാർത്തയുടെ മുൻഗണന മാറുകയും ചെയ്തു.

ഇന്ത്യൻ മാധ്യമരംഗത്ത് വിപണിതാൽപര്യമാനദണ്ഡം പ്രയോഗത്തിൽവരുത്തിയതിനും മറ്റുപത്രങ്ങൾക്ക് അതിലേക്ക് നീങ്ങേണ്ടിവന്നതിനും കാരണം ടൈംസ് ഓഫ് ഇന്ത്യയുടെ നടത്തിപ്പുകാരായ ബെന്നറ്റ് കോൾമാൻ കമ്പനി സ്വീകരിച്ച നിലപാടുമാറ്റമാണെന്ന് ടി ജെ എസ് ജോർജ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇന്ത്യകണ്ട ഏറ്റവും മികച്ച പത്രാധിപരായിരുന്ന ഫ്രാങ്ക് മൊറയ്സണെ തരംതാഴ്തി ബെകോ കമ്പനിയുടെ ചെയർമാനായിരുന്ന അശോക് ജയിനിന്റെ മകൻ സമീർ ജയിൻ പത്രത്തിന്റെ സാരഥ്യം ഏറ്റെടുത്തതോടെയാണ് ഈ മാറ്റമെന്ന് ടി ജെ എസ് നിരീക്ഷിക്കുന്നു. പത്രത്തിന്റെ പ്രചാര വർധനയ്ക്ക് സമീർജെയിൻ പുതിയ പദ്ധതി തന്നെ അവതരിപ്പിക്കുകയുണ്ടായി. സമീർജയിനിന്റെ മുന്നിൽ പത്രം എന്നത് വെറും ഉത്പന്നം മാത്രമായിരുന്നു. ഇന്ത്യയിലെ മാധ്യമരംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതമാണ് ഈ നയംമാറ്റം സൃഷ്ടിച്ചതെന്നാണ് ടി ജെ എസ്സിന്റെ വിലയിരുത്തൽ:

> *'ഉത്പന്നം വിറ്റ് ലാഭം ഉണ്ടാക്കുക എന്ന ഏക ഇന ചുമതല നിറവേറ്റാൻ പ്രധാനമായും മൂന്ന് ഉപായങ്ങളാണ് അദ്ദേഹം*

*കണ്ടുപിടിച്ചത്: വാർത്ത മസാലവത്കരിക്കുക, പരസ്യവും വാർത്തയും തമ്മിലുള്ള അകൽച്ച കുറയ്ക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുക, പരസ്യം കൊടുക്കുന്ന കമ്പനികളുമായി സ്വകാര്യബന്ധത്തിലേർപ്പെടുക. രാഷ്ട്രീയത്തിന്റെ അതിപ്രസരം ഒഴിവാക്കാനെന്ന വ്യാജേനയാണ് സിനിമാനടികളുടെ വസ്ത്രധാരണവും, പ്രശസ്തരുടെ വിരുന്നുസത്കാരങ്ങളും കാപ്പികടകളിലെ കൊച്ചുവർത്തമാനവും റിപ്പോർട്ടർമാരുടെ വിഷയങ്ങളാക്കിയത്. പേജ് ത്രീ, ഡംബിങ് ഡൗൺ എന്നൊക്കെയുള്ളപ്രയോഗങ്ങൾ ഉരുത്തിരിഞ്ഞു. വാർത്തകളുടെ തരം താഴ്ത്തി, എരിവും പുളിയും നിറച്ച്, നിറവും മധുരവും കലർത്തി ഉത്പന്നം വാങ്ങാൻ ആളുകളെ പ്രേരിപ്പിക്കുന്ന ഡംബിഗ് ഡൗൺ ഒരു ഫാഷനായി. ഐശ്വര്യറായി നഹനടനുമായി വഴക്കുകൂടുന്നത് ഒന്നാംപേജിലെ ചൂടപ്പമായി. മറ്റുപത്രങ്ങളും ഈ വഴിക്ക് തിരിയാൻ തുടങ്ങിയപ്പോൾ ബെകോയുടെ സാരഥികൾ വിജയശ്രീലാളിതരായി'*

*-മാധ്യമപഠനങ്ങൾ, പത്രപ്രവർത്തനത്തിലെ പ്രവണതകളും പരീക്ഷണങ്ങളും*

ജനപ്രീയവാർത്തകളിലേക്കും ജനപ്രിയ പത്രപ്രവർത്തനങ്ങളിലേക്കും മാധ്യമങ്ങൾ മാറിയതെങ്ങനെയെന്നതിന് ഒരു ഉദാഹരണമാണിത്. ജനപ്രീയതയുടെ പരിഗണനയിൽ ഉൾപ്പെടേണ്ട വിഷയങ്ങൾ പ്രാദേശികവും ഭാഷാപരവുമായി വ്യത്യാസപ്പെട്ടുവെന്നല്ലാതെ ആധുനിക മാധ്യമരംഗത്തെ അനാരോഗ്യകരമായ പ്രവണതയായി മാറി ഇത്. വായനക്കാർക്ക് താൽപര്യമുള്ള വിഷയങ്ങൾ കണ്ടെത്തുകയെന്നതും അതിന് പ്രധാന്യം ലഭിക്കുകയും ചെയ്യുന്നരീതിയിൽ മലയാള മാധ്യമങ്ങൾ മാറിയതിന്റെ അടിസ്ഥാനം സമീർ ജയിൻ മുന്നോട്ടുവെച്ച വിപണി പിടിച്ചടക്കുകയെന്ന വാണിജ്യപത്രപ്രവർത്തന രീതി തന്നെയാണ്. സാമൂഹികവികാസത്തെ പിന്നാക്കം വലിക്കുന്നുവെന്ന് കണ്ട് നേരത്തെ തിരസ്കരിക്കുകയും എതിർക്കുകയും ചെയ്തിരുന്ന സംഗതികളെ പോലും, ചിലർ അനുഷ്ഠിക്കുന്നുവെങ്കിൽ, ചിലർക്ക് ഇഷ്ടമാണെങ്കിൽ അതിനോട് എന്തിന് മുഖം തിരിക്കണമെന്ന പുതിയ ലളിതയുക്തി അവതരിപ്പിച്ച് മലയാള മാധ്യമങ്ങൾ സ്വാംശീകരിക്കുന്നതിന്റെ കാരണവും ഇതുതന്നെ. ഭക്തിയും വിശ്വാസവും അന്ധവിശ്വാസവും ആഭിചാരക്രിയകളും ഉത്പന്നം വിറ്റുപോകാനുള്ള ഉപാധിയായി വാർത്തയുടെ സ്ഥാനത്ത് ഇങ്ങനെ ഇടം പിടിക്കുന്നു. ഈ പത്രം

തങ്ങൾക്കൊപ്പമാണെന്ന തോന്നൽ ഇത്തരം ആചാരവിശ്വാസങ്ങൾ പിന്തുടരുന്നവരിൽ സൃഷ്ടിച്ചെടുക്കയെന്നതാണ് ഇതിനായി അവലംബിക്കുന്ന മാർഗം. രാഷ്ട്രീയപാർട്ടികളുടെ സമ്മേളനങ്ങളും കലോത്സവങ്ങളും ആഘോഷിക്കപ്പെടുന്നത് ഇന്നത്തെ ദിവസം അവരുടേതാണ് എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ തന്ത്രം, സാമൂഹിക നവോത്ഥാനത്തെ പിന്നാക്കം വലിക്കുന്ന പിന്തിരിപ്പൻ വിശ്വാസധാരകളുടെ കാര്യത്തിലും മാധ്യമങ്ങൾ സ്വീകരിക്കുന്നു.

വിപണിയുടെ രണ്ടാമത്തെ സാധ്യത പത്രത്താളിലെ ഇടം വിൽകുന്നതിലൂടെയാണ്. വാർത്തകൾക്കായി നീക്കിവെച്ച സ്ഥലം മറ്റ് സ്ഥാപനങ്ങളുടെ പരസ്യങ്ങൾ നൽകാനായി നടത്തുന്ന വില്പന. മാധ്യമസ്ഥാപനങ്ങളുടെ പ്രധാന വരുമാന സ്രോതസാണ് പരസ്യം. സ്ഥാപനങ്ങളുടെ വളർച്ചയും ദൈനംദിന ചെലവുകളും ഈ ഇടം വില്പനയിലൂടെ തന്നെ കണ്ടെത്തേണ്ടിവരും. ആധുനിക ജീവിതത്തിൽ പരസ്യങ്ങളെ അവഗണിക്കാനാവില്ല. വർത്തമാന കാലത്തെ ഏറ്റവും ശക്തമായ സംവേദന ഉപാധിയാണ് പരസ്യം. ആഗോള പരസ്യവിപണിയുടെ മൂല്യം 1990കൾക്ക് ശേഷം കുതിക്കുകയാണ്. വികസിത വിപണികൾ ഫലപ്രദമായി ഉപയോഗിച്ച ഈ വിപണനോപാധി ഇന്ന് ഇന്ത്യയിലും ഏറ്റവും മികച്ച തലത്തിലേക്ക് ഉയർന്നിരിക്കുന്നു. ചൈനയും ഇന്ത്യയുമാണ് ബഹുരാഷ്ട്ര കമ്പനികളുടെയടക്കം ഏറ്റവം വലിയ പരസ്യ വിപണി. വാർത്തകളും പരസ്യങ്ങളും തമ്മിലുള്ള പരസ്പര പൂരക ബന്ധത്തിലൂടെയാണ് ആധുനിക മാധ്യമ വ്യവസായത്തിന്റെ നിലനില്പുതന്നെ. വേർപെടുത്തിയാൽ അതിജീവനം അസാധ്യമാകുന്ന ബന്ധം.

ആഗോള പരസ്യ വിപണി വികസിക്കുന്നതിന് മുമ്പ് തന്നെ മലയാള പത്രങ്ങളിലും പരസ്യങ്ങൾക്ക് പ്രാധാന്യം ലഭിച്ചിരുന്നു. കമ്പോളത്തിന്റെ വികാസനത്തിനുസരിച്ച് പരസ്യം നൽകുന്ന സ്ഥാപനങ്ങളുടെ എണ്ണവും പരസ്യത്തിന്റെ തോതും കൂടിയെന്നുമാത്രം. വാർത്തകളെയും പരസ്യങ്ങളെയും ഏങ്ങനെയാണ് ഒരേസമയം ബന്ധങ്ങളില്ലാതെയും ഏറ്റമുട്ടലൊഴിവാക്കിയും സമീപിക്കുകയെന്നത് മാധ്യമസ്ഥാപനങ്ങളിൽ നിരന്തരം ഉയരുന്ന ചോദ്യമാണ്. അതുകൊണ്ടുതന്നെ വലിയ പരസ്യദാതാക്കൾക്ക് ക്ഷതം സംഭവിക്കുന്ന വിധത്തിലുള്ള വാർത്താസാഹസത്തിന് മുഖ്യധാര മാധ്യമങ്ങൾ മിക്കവാറും മുതിരാറില്ല. മാധ്യമങ്ങളിൽ വരുന്ന പരസ്യങ്ങൾക്ക് മാധ്യമസ്ഥാപനവുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്ന ചോദ്യം പൊതുസമൂഹത്തിൽ

സ്വാഭാവികമാണ്. സ്വന്തം പത്രത്തിൽ പ്രസിദ്ധീകരിക്കുന്ന ഒരു പരസ്യത്തിന്റെ ഉത്തരവാദിത്തത്തിൽനിന്ന് ഒരു മാധ്യമസ്ഥാപനത്തിനും ഒഴിഞ്ഞുമാറാൻ കഴിയുന്നതല്ല. ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ കഴിയാത്ത പരസ്യങ്ങൾ ഒഴിവാക്കുന്ന പതിവ് മാധ്യമങ്ങൾ ഇപ്പോഴും സ്വീകരിച്ചുവരുന്നുമുണ്ട്. പരസ്യങ്ങളുടെ ഉത്തരവാദിത്തം പരസ്യദാതാവിന് മാത്രമല്ല, അത് പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങൾക്കുമുള്ളതാണെന്നതിനാലാണ് ഈ മുൻകരുതൽ. പൊതുസമൂഹത്തിൽ വിശ്വാസ്യതയാർജിച്ച ഒരു പത്രത്തിൽ പരസ്യം വരുത്താൻ കഴിയുന്നതിലൂടെ തങ്ങളുടെ ഉത്പന്നങ്ങൾക്ക് അല്ലെങ്കിൽ മുന്നോട്ടുവെക്കുന്ന ആശയത്തിന് കൂടുതൽ ആധികാരികത നൽകാൻ കഴിയുമെന്നതാണ് പരസ്യദാതാക്കളുടെ വിശ്വാസവും. പരസ്യവിപണിയിലെ സാധ്യതകളെ എല്ലാഅർത്ഥത്തിലും ഉപയോഗപ്പെടുത്തുകയെന്നതാണ് ആധുനിക മാധ്യമരംഗത്തെ സമീപനം. പ്രഖ്യാപിത ലക്ഷ്യങ്ങളിൽനിന്ന് ഭിന്നമായതായാൽപോലും അവ പരസ്യങ്ങളായി നല്കുന്നതിന് മാധ്യമങ്ങൾക്ക് മടിയില്ല. വരുമാന സ്രോതസ്സെന്ന നിലയിൽ അതിന് പരമാവധി പ്രോത്സാഹനം നല്കുകയും ചെയ്യുന്നു.

എന്തിന്റെ പരസ്യം ചെയ്യാം എന്നത് പത്രഉടമകളുടെ വിവേചനാധികാരമാണ്. ആധുനിക കാലത്ത് പത്രങ്ങളുടെ നിലനില്പ് തന്നെ പരസ്യവരുമാനവുമായി ബന്ധപ്പെട്ടു കിടിക്കുന്നു. പത്രങ്ങളുടെ ഉത്പാദന ചെലവിലും കുറഞ്ഞ നിരക്കിൽ വായനക്കാർക്ക് അവ ലഭ്യമാകുന്നത് പരസ്യങ്ങളിലൂടെ ലഭിക്കുന്ന വരുമാനംകൊണ്ടാണെന്നത് വിസ്മരിക്കാവുന്നതല്ല. എന്നാൽ, ഉടമകളുടെ താല്പര്യം അതിനപ്പുറം ലാഭേച്ഛയിലേക്ക് കടക്കുമ്പോൾ പരസ്യങ്ങൾ സ്വീകരിക്കുന്നതിനുള്ള വാതിലുകളും തുറന്നിടുകയെന്നതായി മാറുന്നു. എന്തും പരസ്യമായി മാറാം എന്ന വിപണിയിലെ സാധ്യതകൾ തന്നെയാണ് നവോത്ഥാനമൂല്യങ്ങളെ ഇല്ലാതാക്കുന്ന ഉത്പന്നങ്ങളും സംഗതികളും പരസ്യമായി വർത്തമാന പത്രത്തിൽ ഇടംപിടിക്കാനും വഴിയൊരുക്കുന്നത്.

കേരളത്തിലെ നവോത്ഥാന പത്രപ്രവർത്തനവുമായി ബന്ധപ്പെട്ടും പരസ്യങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. പരസ്യങ്ങൾക്കുള്ള ഇടത്തെ നവോത്ഥാന മൂല്യങ്ങൾക്കായി ഫലപ്രദമായി വിനിയോഗിച്ച പത്രങ്ങളും കാലവുമുണ്ടായിരുന്നു. ആധുനിക വിപണികേന്ദ്രീകൃത മാധ്യമരംഗം ഇതിനെ തലകീഴായ് പ്രതിഷ്ഠിച്ചിരിക്കുകയാണ്. സ്വാതന്ത്ര്യത്തിന് മുമ്പ് സാമൂഹിക നവോത്ഥാന മുന്നേറ്റത്തിന്റെ പ്രാരംഭ ദശമുതൽ സജീവമായി നിന്ന കാലംവരെ അന്ന് ഈ ലക്ഷ്യത്തിനായി

നിലകൊണ്ട മലയാള പത്രങ്ങൾ പരസ്യങ്ങൾക്ക് നൽകുന്ന ഇട ത്തെയും നവോത്ഥാന കാഴ്ചപ്പാടിലേക്ക് നയിക്കാനാണ് ശ്രമിച്ചിരുന്നത്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പ്രോത്സാഹിപ്പിക്കുന്ന പരസ്യങ്ങൾ ഇത്തരം പത്രങ്ങളുടെ താളുകളിൽ ഇടംപിടിച്ചിരുന്നില്ല. അതേസമയം അന്ധവിശ്വാസവും അനാചാരവും ദൂരീകരിക്കുന്നതിന്റെ ഭാഗമായുള്ള പരസ്യങ്ങൾക്ക് നല്കുകയും ചെയ്തു. പത്രങ്ങൾക്ക് പരസ്യവരുമാനം നാമമാത്രപോലും ഇല്ലാത്തകാലത്താണ് വിവേകപൂർണമായ ഈ തീരുമാനം ചില മലയാള പത്രങ്ങൾ സ്വീകരിച്ചിരുന്നത്.

വൈക്കം സത്യാഗ്രഹം നടന്ന കാലത്ത് അത് വിജയിപ്പിക്കുന്നതിനാവശ്യമായ നിരന്തര വാർത്തകൾ നല്കിയ പത്രമാണ് 'സമദർശി'. പത്രത്തിന്റെ പേജുകൾ പൂർണമായും സത്യാഗ്രഹ വാർത്തകൾക്കു മാത്രമായി നീക്കിവെക്കാൻ സമദർശി തയ്യാറായിരുന്നു. 1924 ജൂലൈ മൂന്നിന് സമദർശിയിൽ 'ഒരു അപേക്ഷ' എന്ന തലക്കെട്ടോടെ വന്ന ഒരു പരസ്യം ഇങ്ങനെയാണ്:

> *വൈക്കം സത്യാഗ്രഹ ഫണ്ടിലേക്ക് തിരുവനന്തപുരത്തുനിന്നും പ്രതിമാസം 100 രൂപയെങ്കിലും പിരിച്ചുകൊടുക്കേണ്ട ഭാരം എന്നെ കമ്മിറ്റിക്കാർ ഏല്പിച്ചിരിക്കുകയാണ്. ധർമ്മ സമര വിജയത്തേ കാംക്ഷിക്കുന്ന എല്ല ദേശഭക്തന്മാരും അവരാൽ കഴിയുന്ന ധനസഹായം ചെയ്തു നമ്മുടെ താലൂക്കിന്റെ ആത്മാഭിമാനത്തെ രക്ഷിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. തരാൻ സാധിക്കുന്ന തുക ഓരോരുത്തരും മണിയോർഡറായി എനിക്ക് അയച്ചുതരികയോ മറ്റുവിധത്തിൽ എന്റെ പുത്തൻചന്തയിലുള്ള ആപ്പീസിൽ എത്തിക്കയോ ചെയ്യണമെന്നപേക്ഷിക്കുന്നു. സംഭാവന ചെയ്യുന്നവരുടെ പേർ വിവരം അപ്പപ്പോൾ സമദർശിയിൽ പ്രസിദ്ധം ചെയ്യുന്നതാണ്.*
>
> *എന്ന്, കെ ജി കുഞ്ഞികൃഷ്ണപിള്ള, ബിഎ ബിഎൽ,*
> *വക്കീൽ, തിരുവനന്തപുരം*

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നാട്ടുനടപ്പായി തുടരുകയും അവയ്ക്ക് പ്രചാരം നല്കുന്നവിധം പരസ്യങ്ങളും വാർത്തകളും മറ്റ് പ്രസിദ്ധീകരണങ്ങൾ നല്കുകയും ചെയ്യുന്ന ഘട്ടത്തിലാണ് സമദർശി വ്യത്യസ്ത നിലപാട് സ്വീകരിച്ചത്. സോദ്ദേശ്യത്തോടെയുള്ള ഈ പരസ്യത്തിന്, അന്ന് വൈക്കം സത്യാഗ്രഹത്തിന്റെ ഭാഗമായി നിലയുറപ്പിച്ച സമദർശി, തുകവാങ്ങിയിരുന്നോ എന്ന് നിശ്ചയമില്ല. സമദർശിയെ പോലുള്ള പത്രങ്ങൾ ഇങ്ങനെ വ്യത്യസ്ത നിലപാട് സ്വീകരിച്ചപ്പോൾ

മറ്റ് പ്രസിദ്ധീകരണങ്ങളിൽ അന്ധവിശ്വാസം പ്രോത്സാഹിപ്പിക്കുന്ന പരസ്യങ്ങൾ സാധാരണമായിരുന്നു. അത്ഭുത സിദ്ധി പകരുന്ന മാന്ത്രിക ഏലസ്സുകളും മഷിനോട്ടം പോലുള്ള കാര്യങ്ങളും അന്ന് സാധാരണ ജനത്തിന്റെ വിശ്വാസതലങ്ങളിൽ രൂഢമൂലമായിരുന്ന കാലത്ത് ഇത് ചൂഷണം ചെയ്യുന്നതിനുള്ള പരസ്യങ്ങൾ പത്രങ്ങളിൽ ധാരാളം പ്രത്യക്ഷപ്പെട്ടു.

ഇത്തരം വിശ്വാസങ്ങൾ അന്ധവിശ്വാസമെന്ന് ബോധ്യമുള്ള പുതിയ കാലത്തും മുഖ്യധാര പത്രങ്ങൾ വിശ്വാസത്തെ ചൂഷണം ചെയ്തുള്ള പരസ്യങ്ങൾ നല്കുന്നത് നിർത്തിയിട്ടില്ല. സ്വാതന്ത്ര്യത്തിന് മുമ്പ് സാമൂഹിക നവോത്ഥാനത്തിന്റെ മുൻനിരയിലുണ്ടായിരുന്ന 'മാതൃഭൂമി' യും പ്രചാരത്തിൽ ഏറ്റവും മുന്നിൽനില്കുന്ന 'മലയാള മനോരമ' യും ക്ലാസിഫൈഡ് പേജുകളിൽ ഇത്തരമൊരു പരസ്യം നല്കാത്ത ഒരു ദിവസം പോലും കടന്നുപോകില്ല. മാന്ത്രിക ഏലസ്സുകളിൽ വിശ്വാസം കല്പിക്കുന്ന ഒരു സമൂഹം ഇപ്പോഴുമുണ്ടെന്നും അവർക്കുവേണ്ടിയാണ് ഈ പരസ്യങ്ങളെന്നുമാണ് ഇത്തരം പരസ്യങ്ങൾ നല്കുന്ന പത്രങ്ങളുടെ ഇപ്പോഴത്തെ നിലപാട്. വിശ്വാസമില്ലാത്തവരെ ഈ പരസ്യങ്ങൾ ഒട്ടും സ്വാധീനിക്കില്ലല്ലോ എന്ന യുക്തിയും ഈ പരസ്യങ്ങൾ നല്കുന്നതിനുള്ള ന്യായവാദങ്ങളായി നിരത്തുന്നു.

ശാസ്ത്ര ചിന്തകളും സാങ്കേതിക വിദ്യയും പൊതുബോധവും ഉയർന്നുനില്ക്കുന്ന ആധുനിക യുഗത്തിൽ മുഖ്യധാരാ പത്രങ്ങളുടെ താളുകളിൽ പതിവായി കാണുന്ന ചില പരസ്യങ്ങൾ നോക്കാം:

*അത്ഭുത സിദ്ധി മിനുട്ടുകൾക്കകം എല്ലാറ്റിനും പരിഹാരം*

*നൂറ്റാണ്ടുകൾ പഴക്കമുള്ള ഗ്രന്ഥത്തിൽനിന്നും തയ്യാറാക്കുന്ന ഏലസ്സ് ധരിച്ചാൽ നിങ്ങളുടെ ഏത് പ്രശ്നങ്ങൾക്കും ഉടൻ പരിഹാരം. മഹാലക്ഷ്മി ജ്യോതിഷാലയം, മാങ്കാവ്, കോഴിക്കോട് –7*

*ശക്തികൂടിയ മദനകാമേശ്വരി മാന്ത്രിക ഏലസ്*

*ദക്ഷിണയും ചിലവും കൂടി ചുരുങ്ങിയ തുകയ്ക്ക് നല്കുന്നു. ദേവാലയം (ഫോൺ നമ്പർ)*

*മഷിനോട്ടം സജീവ് പണിക്കർ*

*തലമുറകളായ് കൈമാറി വന്ന പാരമ്പര്യ സിദ്ധിയും കുലതൊ*

*ഴിലും. നിങ്ങളുടെ ദോഷ ദുരിത തടസ്സങ്ങൾ മഷിനോട്ടത്തി ലൂടെ അറിഞ്ഞ് കളരി ധർമദൈവ ഉപാസന മൂർത്തികളുടെ അനുഗ്രഹത്താൽ പരിഹരിക്കുന്നു. ജാതിമത ഭേദമന്യേ വിളിച്ചു വരിക (ഫോൺ)*

*മായാമോഹിനി മാന്ത്രിക ഏലസ്സ്*

*ഈ ഏലസ് വളരെയേറെ അത്ഭുതശക്തി നിറഞ്ഞതാണ്. ഇത് ധരിക്കുന്നവർക്ക് വളരെയധികം ആകർഷണ ശക്തിയുണ്ടാകും. ഇവരുടെ ആജ്ഞാശക്തിക്കുമുൻപിൽ എന്തും അടങ്ങി നില്കും. കുറഞ്ഞ ദക്ഷിണ ചെലവിൽ തയ്യാർ ചെയ്തു നല്കും. കനക ധാരാ കുബേര സേവാ മഠം, കൊല്ലങ്കോട്, 678506(ഫോൺ)*

*അത്ഭുത മാന്ത്രിക ഏലസ്സ്*

*ബിസിനസ്സ്, കാര്യസാദ്ധ്യം, വിവാഹം, ശത്രുരക്ഷ, വസ്തുവി ല്പന, ഏതാവശ്യത്തിനും എല്ലാ മതസ്ഥർക്കും മുഹമ്മദ് മുസ്ലി യാർ കാരക്കോട്, എറണാകുളം, ഫോൺ*

*കാര്യസാധ്യത പരിഹാരം*

*വിവാഹം, ബിസിനസ്സ്, വസ്തുവില്പന, സാമ്പത്തികം, ദാമ്പ ത്യം, വശ്യം. എല്ലാ പ്രശ്നങ്ങൾക്കും എല്ലാ മതസ്ഥർക്കും അബ്ദുൾസമദ് തങ്ങൾ.*

പരിഹരിക്കപ്പെടാനാകാത്ത ഒരു പ്രശ്നവും മാന്ത്രിക ഏലസ്സുകൾ നൽകുന്നവരുടെ മുന്നിലില്ല. ഒരു വിശ്വാസത്തിനപ്പുറത്ത് ഒന്നും ഇതി ലില്ലെന്ന് ഏറ്റവും നന്നായി തിരിച്ചറിയുന്നവർ ഏലസ്സുകൾ വില്ക്കു ന്നവർതന്നെയാണ്. ഏലസ്സുകൾകൊണ്ടു പ്രയോജനം ലഭിക്കുന്നവരും അവർ തന്നെ. മറ്റൊരുകൂട്ടർ പരസ്യം നൽകുന്ന മാധ്യമങ്ങളും. മാന്ത്രിക ഏലസ്സുകളുടെ ദിവ്യഫലത്തെ പരിഹസിച്ച് സഞ്ജയൻ 'രുദ്രാക്ഷമാ ഹാത്മ്യം' എഴുതി ദശകങ്ങൾക്കുശേഷവും പത്രതാളുകളിൽനിന്ന് ഏലസ് മാഹാത്മ്യങ്ങൾ അപ്രത്യക്ഷമായില്ലെന്നത് വലിയ ദുരവസ്ഥ യാണ്. ഏലസ് മാഹാത്മ്യം നിരന്തരം പരസ്യങ്ങളായി നൽകുന്ന ഒരു പത്രവും അതിന്റെ ഫലസിദ്ധിയെ കുറിച്ച് വസ്തുതാപരമായ ഒരു വാർത്ത നൽകാൻ ഇതുവരെ തയ്യാറായിട്ടില്ല. ആധുനിക മാധ്യമ വ്യവ സായ കണ്ണിൽ അതിന് പ്രസക്തിയുമില്ല.

അന്ധവിശ്വാസങ്ങളുടെ പ്രചാരണത്തിൽമാത്രമല്ല മതവിശ്വാസത്തെ ചൂഷണം ചെയ്തുള്ള പരസ്യവിപണി കണ്ടെത്തുന്നതിലും ആധുനിക

മാധ്യമ വ്യവസായം വിജയിച്ചിരിക്കുന്നു. പിതൃതർപ്പണം പോലുള്ള ചടങ്ങുകൾ മാധ്യമങ്ങൾക്ക് ഇന്ന് ആഘോഷമാണ്. ശ്രാദ്ധദിന പരസ്യങ്ങൾ മുഖ്യധാര പത്രങ്ങളുടെ സ്ഥിരവരുമാന സ്രോതസ്സുകളാണ്. ചരമ അറിയിപ്പായി ആദ്യം ഒരു പരസ്യം നൽകിയെങ്കിൽ അവരെ കൃത്യമായി ചരമവാർഷികം ഓർമിപ്പിക്കാൻ പ്രഫഷണലിസം മുഖമുദ്രയാക്കിയ മുഖ്യധാര പത്രങ്ങൾക്ക് ശുഷ്കാന്തിയേറെയാണ്. കത്തയച്ച് ശ്രാദ്ധദിനം ഓർമിപ്പിക്കുന്നതിലൂടെ ഒരു തവണ കൂടി പരസ്യം ഉറപ്പുവരുത്താൻ സാധിക്കുന്നു. എത്ര പരേതാത്മാക്കളാണ് ഓരോ വർഷവും ഇങ്ങനെ പത്രതാളിലൂടെ മക്കളും കുടുംബാംഗങ്ങളും തങ്ങളെ ഓർക്കുന്നതറിഞ്ഞ് ആത്മനിർവൃതിയടയുന്നത്! ഹൈന്ദവ വിശ്വാസത്തെ ആധാരമാക്കിയുള്ള ഈ ചൂഷണത്തിൽ 'മാതൃഭൂമി'ക്കുള്ള മേൽക്കയ്യിൽ അസ്വസ്ഥരാണ് 'മലയാള മനോരമ'. ശ്രാദ്ധ പരസ്യങ്ങളിലെ ഈ മത്സരത്തിൽ കൂടുതൽ നേട്ടമുണ്ടാക്കാനായി നിരക്കുകൾ മാറ്റം വരുത്തിയും മറ്റ് മാർഗങ്ങളുപയോഗിച്ചും കൂടുതൽ ചരമപരസ്യങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള നിർദേശം എക്സിക്യൂട്ടീവുകൾക്ക് നൽകുന്നു. ചരമവാർത്തകൾ ഒന്നും നഷ്ടമാകരുതെന്ന് ഏജന്റുമാർക്കും ലേഖകർക്കും മുഖ്യധാരാ പത്രങ്ങൾ കർശന നിർദേശം നല്കുന്നതും ഒരാൾ മരിച്ച വിവരം പത്രവാർത്തയിലൂടെ മറ്റുള്ളവർ അറിയാതെ പോകുന്നതിലെ സങ്കടം കൊണ്ടല്ല, മറിച്ച് തുടർന്നുള്ള വർഷങ്ങളിലെല്ലാം ശ്രാദ്ധപരസ്യം ഉറപ്പുവരുത്താനുള്ള ആദ്യപടികൂടിയാണ്.

വിശ്വാസത്തെ ചൂഷണം ചെയ്തുള്ള മറ്റൊരു പരസ്യമാണ് ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണകൾ. മലയാള മനോരമയിലും ദീപികയിലും ഉപകാരസ്മരണകൾ പ്രത്യക്ഷപ്പെടാത്ത ഒരുദിനംപോലുമുണ്ടാകില്ല. ഉപകാരസ്മരണകൾ കിട്ടാത്തതിന്റെ ദുഃഖത്തിലാണ് മറ്റുപത്രങ്ങൾ. ഏലസ് പരസ്യങ്ങൾ കൊണ്ട് പരസ്യദാതാവിനും മാധ്യമങ്ങൾക്കും പ്രയോജനം ലഭിക്കുന്നുണ്ടെങ്കിൽ ശ്രാദ്ധപരസ്യങ്ങളും ഉപകാരസ്മരണകളും കൊണ്ടുള്ള ഉപകാരം മാധ്യമങ്ങൾക്കുമാത്രമാണ്. യഥാർത്ഥത്തിൽ ഉപകാരസ്മരണ പരസ്യം നൽകേണ്ടത് വിശ്വാസികളെ ചൂഷണം ചെയ്യുന്ന ഇത്തരം മാധ്യമങ്ങളാണ്! വിശ്വാസങ്ങളെ ഇമ്മട്ടിൽ ചൂഷണം ചെയ്യുന്നതിൽ ലോകത്തുതന്നെ മുൻനിരയിലാണ് മലയാള മാധ്യമങ്ങൾ.

മുതിർന്ന മാധ്യമപ്രവർത്തകൻ ടി വേണുഗോപാൽ മാധ്യമങ്ങളുടെ ബിസിനസ് താല്പര്യത്തെയും മൂല്യച്യുതിയെയും നിരീക്ഷിക്കുന്നത് ഇങ്ങനെയാണ്:

*'പത്രലോകം ഇന്ന് ഒരു ദൂഷിതമേഖലയാണ്. വലിയ മുതൽമുടക്കിയേ ഇന്ന് ഒരുപത്രം തുടങ്ങാനോ വികസിപ്പിക്കാനോ പറ്റൂ. സ്വാഭാവികമായും അപ്പോൾ ബിസിനസ്സ് എന്ന കാഴ്ചപ്പാട് വേണ്ടിവരുന്നു. ബിസിനസ്സ് ആവുമ്പോൾ ലാഭം വേണം; വിജയം വേണം. വിജയിച്ചാലേ കൂടുതൽ ലാഭത്തിനും കൂടുതൽ വിജയത്തിനും വേണ്ട സ്വാധീനശക്തി വളർത്താൻ പറ്റൂ. അപ്പോൾ ആദർശങ്ങളൊക്കെ അലമാറയിൽ അടച്ചുപൂട്ടി, വിജയഗാഥകൾ ചിട്ടപ്പെടുത്താനുള്ള തന്ത്രങ്ങൾ മെനയേണ്ടിവരുന്നു. ഈ കളിയിൽ നിർണ്ണായകശക്തി പരസ്യങ്ങളാണ്. പത്രത്തിന്റെ നിലനിൽപ്പിനുള്ള അവശ്യഭൗതികസാഹചര്യം പരസ്യങ്ങളാണല്ലോ. പരസ്യങ്ങൾ കൂടാൻ പ്രചാരം കൂടണം. അതിനാൽ, പണ്ട് പാശ്ചാത്യനാടുകളിൽ ഒരു ഘട്ടത്തിൽ മുറുകിയ പ്രചാരണയുദ്ധത്തിന്റെ മുറകളെ ബാലലീലകളാക്കുന്ന തന്ത്രവൈഭവങ്ങൾ കാട്ടാൻ ഇന്ന് നമ്മുടെ പത്രങ്ങൾക്ക് സർഗഭാവന ഉദ്ദീപ്തമാവുന്നു.*

*വായനക്കാരുടെ അധമവികാരങ്ങളെ ഭാവാത്മകമായി പ്രീണിപ്പിക്കുകയും അവ ഉത്തമങ്ങളാണെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടത് ബിസിനസ്സ് ആവശ്യമായിത്തീർന്നിരിക്കുന്നു. ഇത് പ്രത്യക്ഷമായ മഞ്ഞപ്പത്ര പ്രവർത്തനമാണെന്നു തോന്നിക്കാതിരിക്കാൻ ബുദ്ധിമാന്മാർ മാന്യതയുടെ വ്യാജമുഖങ്ങൾ കെട്ടി നടക്കുന്നു. ആദർശപ്രതിബദ്ധകളൊക്കെ ഉണ്ടെന്ന് കരുതേണ്ട പത്രങ്ങൾപോലും ആ വഴിക്ക് നീങ്ങാൻ നിർബന്ധിതരാവുന്നു. നിലനിൽക്കാൻ പത്രലോകത്ത് കഴുത്തറപ്പൻ മത്സരമാണ്. ഇന്ന് ഒരുപാടു കുടുംബങ്ങൾ ഒരു പത്രത്തെ ആശ്രയിച്ചു കഴിയുന്നു. ബാങ്കുകളോടും മറ്റുമുള്ള സാമ്പത്തിക ബാധ്യതകൾ നിറവേറ്റാനുണ്ട്. കടം വാങ്ങി ബാങ്കുകളെ മുടിക്കുന്നത് നിലനിൽപ്പിന്റെ വഴിയല്ല. ആദർശത്തിന്റെ പേരിൽ എല്ലാം കുളമാക്കി കുടുംബങ്ങളെയും സ്ഥാപനങ്ങളെയും മുഴുവൻ വെള്ളത്തിലാക്കാമോ? അതുകൊണ്ട് നിലനിന്നേ പറ്റൂ. ജയിക്കണം. വിജയം ഒരു ലഹരിയാണ്. അത് അറിഞ്ഞുകഴിഞ്ഞാൽ കൂടുതൽ ജയിക്കാൻ നോക്കുന്നു. കോടികൾ ഉണ്ടാക്കിയവൻ എന്തിനാണ് പിന്നേയും പതിന്മടങ്ങു കോടികൾ ഉണ്ടാക്കാൻ കഷ്ടപ്പെടുന്നത്? ഇതിന്റെ സങ്കീർണ മനശ്ശാസ്ത്രം സാധുചിത്തന്മാർക്ക് മനസ്സിലാവില്ല.'*

*–മലയാള പത്രപ്രവർത്തനത്തിന്റെ അമ്പതുവർഷം*

ആദർശപ്രതിബദ്ധത അലമാരയിൽ പൂട്ടുന്നതുതന്നെയാണ് മുഖ്യാ ധാര പത്രങ്ങൾ ആധുനിക കാലത്ത് സ്വീകരിച്ച രീതി. ജനാഭി ലാഷത്തിന്റെ പരിചതീർത്താൽ എന്തും നൽകാമെന്ന നിലയിലേക്ക് പത്രപ്രവർത്തനയുക്തിയെ മാറ്റിയെഴുതിക്കഴിഞ്ഞതിനാൽ എല്ലാറ്റിനും ശരിയുടെയും ധാർമികതയുടെയും ഒരംശം നൽകാൻ കഴിയുന്നു. ഭക്തി യെയും അന്ധവിശ്വാസങ്ങളെയും പരസ്യവുമായി ഇണക്കിച്ചേർത്ത് വരുമാനോപാധിയാക്കുന്നതിനെ സ്വയം ന്യായീകരിക്കാൻ മാധ്യമ ങ്ങൾക്ക് കഴിയുന്നത് ഈ വ്യാഖ്യാനത്തിന്റെ പശ്ചാത്തലത്തിലാണ്. വാണിജ്യതാല്പര്യം മാത്രമാണ് അവിടെ മാധ്യമങ്ങളെ നയിക്കുന്ന ത്. ഭക്തി സ്ഥാപനവത്കരിക്കപ്പെട്ട ഇക്കാലത്ത് അതിന്റെ വിപണി മൂല്യം കണ്ടെത്തുകയും അതിന്റെ ഗുണഭോക്താവും ചൂഷകരുമാവു മാൻ മാധ്യങ്ങൾക്ക് സാധിച്ചു.

സങ്കീർണമായ ഈ സാമൂഹിക സാഹചര്യത്തെ അതേപടി നില നിർത്തുന്നതാണ് നിലവിലുള്ള വിപണിസാധ്യതയെ ഉപയോഗപ്പെ ടുത്താനുള്ള യഥാർഥ അന്തരീക്ഷമെന്ന വിലയിരുത്തലിലാണ് മാധ്യ മങ്ങളെന്നുപറയാം. സാമൂഹിക സാഹചര്യങ്ങളിലെ മാറ്റം വാക്കു കളിലൂടെ പ്രകടിപ്പിക്കുമെങ്കിലും എല്ലാവരെയും തൃപ്തിപ്പെടുത്തു കയെന്ന പൊതുതത്വമനുസരിച്ച് പിന്തിരിപ്പിൻകാര്യങ്ങളെ തുടരാ നനുവദിക്കുകയാണ് മാധ്യമങ്ങൾ. പൊതുസമൂഹത്തിന്റെ, കോട തികളുടേതുപോലും, ബോധമണ്ഡലത്തെ സ്വാധീനിക്കാൻ കഴിയു മെന്ന് തെളിയിച്ച മാധ്യമങ്ങളുടെ അഭിപ്രായനിർമിതിയിലെ ശക്തി അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതാക്കുന്നതിലും നവോത്ഥാനമുന്നേറ്റത്തിന്റെ തുടർച്ച ഏറ്റെടുക്കുന്നതിലും ഇല്ലാ തെപോകുന്നത് ഇക്കാരണത്താൽ തന്നെയാണ്.

## അധ്യായം ആറ്

# അറച്ചുനിൽക്കുന്ന ദൃശ്യമാധ്യമങ്ങൾ

വാർത്താമാധ്യമ രംഗത്തെ വിപ്ലവാത്മകമാറ്റമായിരുന്നു സ്വകാര്യ ദൃശ്യമാധ്യമങ്ങളുടെ വരവ്. സമ്പൂർണ വാർത്താചാനലുകളുടെ വരവോടെ കേരളത്തിന്റെ വാർത്താ സംസ്കാരത്തെ പൊളിച്ചെഴുതുന്ന നില കൈവന്നു. മറച്ചുവെക്കാനൊന്നുമില്ലാത്ത സാഹചര്യം സൃഷ്ടിക്കപ്പെട്ടു. വളച്ചുകെട്ടലും വ്യാഖ്യാനങ്ങൾക്കും ഇടനൽകാത്തവിധം പ്രേക്ഷകരിലേക്ക് കാര്യങ്ങൾ നേരിട്ടെത്തുകയെന്നതുൾപ്പെടെ വാർത്തകൾ അവതരിപ്പിക്കുന്നതിലെ സുതാര്യതയാണ് വാർത്താ ചാനലുകൾ സൃഷ്ടിച്ചത്. അച്ചടിമാധ്യമങ്ങളെ, പ്രത്യേകിച്ച് പത്രങ്ങളെ കടുത്ത ആശങ്കയിലേക്ക് തള്ളിവിട്ടതായിരുന്നു വാർത്താ ചാനലുകളുടെ പ്രവേശം. ഇനി അച്ചടിമാധ്യമങ്ങൾക്ക് പ്രസക്തിയില്ലെന്ന വാദം വരെ ഉയർന്നുവരികയുണ്ടായി. എന്നാൽ, കാര്യങ്ങൾ അങ്ങനെയായിരുന്നില്ല. ദൃശ്യമാധ്യമങ്ങളിലൂടെ അറിയുന്ന വാർത്തകൾക്കപ്പുറത്തേക്ക് കാര്യങ്ങൾ അറിയാൻ, ആഴത്തിൽ മനസ്സിലാക്കാൻ എന്നിങ്ങനെ മലയാളി വായനക്കാരന്റെ സ്വാധീന തലങ്ങളിൽ പത്രങ്ങൾക്ക് ഇപ്പോഴും പ്രഥമസ്ഥാനം തന്നെയുണ്ട്.

നവോത്ഥാന കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ പുഴുക്കുത്തുകൾ വീണുതുടങ്ങിയ കാലത്താണ് ദൃശ്യമാധ്യമങ്ങൾ കേരളത്തിൽ സജീവമാകുന്നത്. നവോത്ഥാന മൂല്യങ്ങൾ മുറുകെപിടിച്ച് വാർത്തയുടെ മൂല്യങ്ങൾ ഉയർത്തിക്കാട്ടുന്നതിൽ ദൃശ്യമാധ്യമങ്ങൾക്ക് എന്തു ചെയ്തുവെന്ന ലഘുപരിശോധനമാത്രമേ ഇപ്പോൾ നടത്താൻ സാധിക്കൂ. മനോഹരങ്ങളായ ദൃശ്യങ്ങളെ ആഘോഷിക്കുന്നതാണ് ദൃശ്യമാധ്യമങ്ങളുടെ രീതി. വർണപ്പകിട്ടുനൽകുന്ന ദൃശ്യങ്ങൾക്ക് പ്രേക്ഷകരെ എത്രനേരം വേണമെങ്കിലും പിടിച്ചുനിർത്താൻ കഴിയും. കാഴ്ച സുഖമുള്ള ഒരു അനുഭവമാകണമെന്നാഗ്രഹിക്കുന്നവരായിരിക്കും ബഹുഭൂരിപക്ഷവും. കാഴ്ചയുടെ ഈ തലത്തെ വാർത്തയുടെ ഉള്ളടക്കത്തിലേക്ക് സന്നിവേശിപ്പിക്കുകയാണ് ചിലഘട്ടത്തിൽ ദൃശ്യമാധ്യമങ്ങൾ ചെയ്യുന്നത്. തത്സമയ വാർത്തയുടെ കാലമാണിന്ന്. തത്സമയം ഓടിക്കാനാവശ്യമായ വിഭവങ്ങളില്ലെങ്കിൽ ഉള്ളതിനെ പൊലിപ്പിക്കുകയെന്നതാണ് ദൃശ്യമാധ്യമങ്ങളുടെ രീതി. അത് ചിലപ്പോൾ വാർത്തയ്ക്ക് ലഭിക്കുന്ന പരിഗണനയുടെ തലം തന്നെ മാറിമറിയാറുമുണ്ട്. മലയാ

ളത്തിൽ ദൃശ്യമാധ്യമങ്ങളുണ്ടാക്കിയ സാന്നിധ്യത്തെ ഡോ. സെബാസ്റ്റ്യൻപോൾ വിലയിരുത്തുന്നത് നോക്കുക:

*'മലയാള ടെലിവിഷൻ ചരിത്രത്തിന് തുടക്കമിടുന്നത് ദൂരദർശനാണെങ്കിലും ചാനൽ സംസ്കാരം, പത്താണ്ടു കഴിഞ്ഞെത്തിയ ഏഷ്യാനെറ്റിന്റെ സംഭാവനയാണ്. ആഗോളീകരണത്തിന്റെ ഭാഗമായ സാമ്പത്തിക മാറ്റങ്ങൾക്കുതുടക്കമിട്ട ദശകത്തിന്റെ ആരംഭത്തിലായിരുന്നു ഏഷ്യാനെറ്റിന്റെ ജനനമെന്നത് യാദൃച്ഛികമാണെങ്കിലും ശ്രദ്ധേയമാണ്. കേബിൾ ശൃംഖലയിലൂടെ കേരളത്തെ മുഴുവൻ വലയിലാക്കിയ ഏഷ്യാനെറ്റും തുടർന്ന് രംഗത്തെത്തിയ നിരവധി ചാനലുകളും ചേർന്ന് മലയാളികളുടെ പ്രാർത്ഥനാനിരതമായ സന്ധ്യകളെ ശബ്ദായമാനമാക്കി. ആഗോളീകരണം ആവശ്യപ്പെടുന്ന സാമൂഹികമായ ഒറ്റപ്പെടലിന് പരിസരമൊരുക്കിയ ചാനലുകൾ നവമായ ജനപ്രിയ സംസ്കാരത്തിന് അനുകൂലമായ സാമൂഹിക പരിസരം സൃഷ്ടിച്ചു. സാംസ്കാരികമായ അധിനിവേശത്തിനു കാരണമാകുന്ന അഭിനിവേശം വളർത്തിയെടുക്കുന്നതിലും അഭിരുചികൾ മാറ്റിയെടുക്കുന്നതിലും ടെലിവിഷൻ വിജയിച്ചു'*

*- മാധ്യമപഠനങ്ങൾ, അധിനിവേശവും മാധ്യമങ്ങളും*

ദൃശ്യമാധ്യമങ്ങളുടെ വലിയ പരിമിതി വാർത്തയ്ക്ക് ഉപോല്ബലകമായ ദൃശ്യങ്ങൾ നൽകിയില്ലെങ്കിൽ അത് സ്ഥാപിച്ചെടുക്കാനോ ജനങ്ങളെ വിശ്വസിപ്പിക്കാനോ സാധിക്കില്ല എന്നതാണ്. പല സംഭവങ്ങളും അതിന്റെ ആഴത്തിൽ കൈകാര്യം ചെയ്യാൻ ദൃശ്യങ്ങളുടെ അഭാവം മാത്രം തടസ്സമായി നിൽക്കാറുണ്ടെന്ന വസ്തുത മറക്കരുത്. എന്നാൽ, ദൃശ്യങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയുന്നതും ദൃശ്യങ്ങളിലൂടെമാത്രം ജനങ്ങളെ ബോധ്യപ്പെടുത്താനാവുന്നതുമായി നടപടികളിലേക്ക് ദൃശ്യമാധ്യമങ്ങൾ ഇനിയും കടന്നുചെന്നിട്ടില്ല.

നവോത്ഥാനമൂല്യങ്ങളെ ഏറ്റെടുക്കുന്നതിലും ദൃശ്യമാധ്യമങ്ങളുടെ ഇടപെടൽ എത്രത്തോളമാണെന്ന് വിലയിരുത്താനുള്ള സമയം, താരതമ്യേന കൗമാരം പിന്നിടാത്ത മലയാള ദൃശ്യമാധ്യമ മേഖലയെ സംബന്ധിച്ച് ആയില്ലെന്ന് പറയാം. എങ്കിലും മാധ്യമങ്ങളുടെ ഊന്നലുകൾ വിലയിരുത്തപ്പെടാവുന്നതുതന്നെയാണ്. ദൃശ്യങ്ങളാണ് ദൃശ്യമാധ്യമങ്ങളെ സമ്പന്നമാക്കുന്നത് ഉത്സവങ്ങളും ആഘോഷങ്ങളും ദൃശ്യമാധ്യമങ്ങൾ വിരുന്നൂട്ടാനുള്ള ആഘോഷങ്ങൾ തന്നെയാണ്. അത്

കൈകാര്യം ചെയ്യുന്നതിലെ പക്വതയാണ് മാധ്യമങ്ങളെ വേറിട്ടതാക്കുന്നത്. പത്രമാധ്യമങ്ങൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ തന്നെയാണ് ദൃശ്യമാധ്യമങ്ങൾക്കും കൈകാര്യം ചെയ്യേണ്ടിവരുന്നത്. എന്നാൽ, ദൃശ്യങ്ങളുടെ സാധ്യതകൾ വാർത്തയുടെ പ്രാമുഖ്യം നൽകുന്നതിൽ ഈ രണ്ടുമാധ്യമങ്ങളെയും വേറിട്ടതാക്കുകയും ചെയ്യുന്നു.

ശബരിമലയിലെ ഉത്സവവും ആറ്റുകാൽ പൊങ്കാലയും ദൃശ്യങ്ങൾ നൽകുന്ന മിഴിവിന്റെ ബലത്താൽ ദൃശ്യമാധ്യമങ്ങളുടെ വാർത്താസമയങ്ങളിൽ വലിയ ഇടംതന്നെ നേടിയെടുക്കുന്ന ഒന്നാണ്. അതേസമയം ശബരിമലയിലെ മകരജ്യോതിയുമായി ബന്ധപ്പെട്ട് ഉടലെടുത്ത വിവാദങ്ങളുടെ പിന്നാലെ പോയി വസ്തുതകൾ ദൃശ്യസഹായത്തോടെ പ്രക്ഷേകരിലെത്തിക്കാൻ എത്രമാധ്യമങ്ങളാണ് താല്പര്യം കാണിച്ചത്. പുല്ലുമേട് ദുരന്തത്തിന് മുമ്പ് മകരജ്യോതിയുടെ ഉറവിടം കണ്ടെത്തിയ കൈരളി ചാനൽ വസ്തുതകൾ ജനങ്ങളിലെത്തിക്കാനുള്ള ശരിയായവഴിയിലുള്ള സഞ്ചാരം നടത്തി തുടക്കമിടുകയുണ്ടായി. എന്നാൽ, മകരജ്യോതിയിലെ യാഥാർഥ്യം ബോധ്യമായ ഇതേ കൈരളി തന്നെ മകരജ്യോതി ദിനത്തിൽ അതിന്റെ തത്സമയ സംപ്രേഷണത്തിലൂടെ ഭക്തിയുടെ പാരമ്യത്തിലേക്ക് വിശ്വാസിസമൂഹത്തെ കൊണ്ടെത്തിക്കുന്നതും സാധാരണമാണ്.

മകരജ്യോതി തത്സമയം നൽകുന്നതിൽ എല്ലാ വാർത്താചാനലുകളും ഒരേ മത്സരത്തിലാണ്. വിശ്വാസികളായ ഒരുവലിയ സമൂഹം പ്രേക്ഷകരുണ്ടെന്നതും ദൃശ്യങ്ങളുടെ സൗന്ദര്യവുമാണ് മകരജ്യോതിയുടെ തത്സമയസംപ്രേഷണത്തിന് ആധാരമാകുന്നത്. ജ്യോതിയുടെ വസ്തുതകൾ വെളിവാക്കപ്പെട്ട ശേഷവും പക്ഷെ, ജ്യോതി തെളിയിക്കുന്ന നേരമുപയോഗിക്കുന്ന ഭാഷയിൽ, ഇതിലെ വസ്തുതകൾ ജനങ്ങളെ ഓർമ്മപ്പെടുത്തുന്നതിലും വസ്തുതാപരമായ രീതി അവലംബിക്കാൻ ദൃശ്യമാധ്യമങ്ങൾക്ക് കഴിഞ്ഞിട്ടില്ല. റിപ്പോർട്ടർമാർ അതിന്റെ ഭാഗമായിനിന്ന് നൽകുന്ന തത്സമയ വിവരണങ്ങൾ പലപ്പോഴും അതിന്റേതായ പരിമിതിയിൽ വികലമാക്കപ്പെടുകയും ചെയ്യും. തിരുവനന്തപുരത്തെ ആറ്റുകാൽ പൊങ്കാലയെ ഒരു സാധാരണ ഉത്സവമെന്നതിലുപരി ഒരു ദിനം നീണ്ട കവറേജുമായി പൊലിപ്പിച്ചുയർത്തുന്നതിൽ ദൃശ്യമാധ്യമങ്ങൾ വഹിച്ച വങ്ക് വളരെ വലുതാണ്. ഇതുതന്നെയാണ് പിതൃതർപ്പണ ദിനത്തിലും അരങ്ങേറുന്നത്.

എങ്കിലും വസ്തുതാപരമായ പുരോഗമന ഇടപെടലുകൾ നടത്താൻ പലപ്പോഴും ദൃശ്യമാധ്യമങ്ങളുടെ ഭാഗത്തുനിന്ന് ശ്രമം നടന്നിട്ടുണ്ടെ

ന്നതാണ് വസ്തുത. കാന്തപുരം എപി അബൂബക്കർ മുസ്ലിയാർ തിരുകേശവുമായി രംഗപ്രവേശം ചെയ്തപ്പോൾ അതിന്റെ വസ്തുതകളന്വേഷിക്കുന്നതിൽ ശ്രദ്ധേയ ഇടപെടലാണ് ദൃശ്യമാധ്യമങ്ങളുടെ ഭാഗത്തുനിന്നുണ്ടായത്. ആൾദൈവങ്ങൾ പത്രങ്ങളിൽ ആഘോഷിക്കപ്പെടുമ്പോൾ, പലപ്പോഴും പൂർണമായും തിരസ്കരിക്കുന്നതാണ് ദൃശ്യമാധ്യമങ്ങൾ സ്വീകരിച്ച രീതി. അമൃതാനന്ദമയിയും ശ്രീശ്രീ രവിശങ്കറും പോലുള്ള ആൾദൈവങ്ങളുടെ സന്ദർശനങ്ങൾ ദൃശ്യമാധ്യമങ്ങളിൽ ആഘോഷിക്കപ്പെടാതെ ഒതുങ്ങിപ്പോകുന്നുവെന്നതാണ് വസ്തുത. എന്നാൽ, പരസ്യവിപണിയുടെ സ്വാധീനത്തിൽനിന്ന് മാറാൻ വാർത്താ ചാനലുകൾക്കും കഴിഞ്ഞിട്ടില്ല. മാന്ത്രിക ഏലസുകളുടെ പ്രചാരവും ആത്മീയവ്യാപാരവും ചില ദൃശ്യമാധ്യമങ്ങളിൽ അരമണിക്കൂർ സ്ലോട്ടുകളിൽ ഇടംപിടിക്കുന്നു.

ഒരുപക്ഷെ, വലിയ ഇടപെടലുകൾക്കും പരീക്ഷണങ്ങൾക്കും ഇനിയും സാധ്യതകളുള്ളതായിരിക്കും മലയാളത്തിലെ വാർത്താ ചാനലുകളുടെ വികാസം. ഒരുപുതിയ വാർത്താ സംസ്കാരം രൂപപ്പെടുത്തിയ വാർത്താചാനലുകൾ പുതിയകാലത്തിന്റെ സാമൂഹികസാഹചര്യങ്ങളെ എങ്ങനെ സമീപിക്കുമെന്നത് ഇനിയും തെളിയിക്കപ്പെടേണ്ടതാണ്. ഒരു കാതലുമില്ലാത്ത വാർത്തകൾ പോലും പ്രതിദിന ചർച്ചകളാകുന്ന സാഹചര്യത്തിൽ ഒരു മാറ്റം അതിവിദുരമല്ലാത്ത ഭാവിയിൽതന്നെ സംഭവിച്ചേക്കാം. എല്ലാ ചാനലുകളിലും ഒരേ വിഷയത്തിൽ ഒരേ അതിഥികളെ ഇരുത്തി നടത്തുന്ന ചർച്ചകൾക്ക് ദീർഘകാലം റേറ്റിങ് പിടിച്ചുനിർത്താനായെന്ന് വരില്ല. അങ്ങനെ വരുമ്പോൾ ഗൗരവമായ വിഷയങ്ങളെ കണ്ടെത്താനോ വാർത്തകൾ നൽകുന്നതിൽ പുതിയ രീതികൾ പരീക്ഷിക്കാനോ ദൃശ്യമാധ്യമങ്ങളും നിർബന്ധിതമായേക്കും.

# സഹായക ഗ്രന്ഥങ്ങൾ


1 കേരള ചരിത്രം: എ ശ്രീധരമേനോൻ, ഡി സി ബുക്സ്, കോട്ടയം

2 കേരള ചരിത്രം മാർക്സിസ്റ്റ് വീക്ഷണത്തിൽ: ഇഎംഎസ് നമ്പൂതിരിപ്പാട്, ചിന്ത പബ്ലിഷേഴ്സ്

3 ആത്മകഥ: ഇഎംഎസ്, ചിന്ത പബ്ലിഷേഴ്സ്

4 ജീവിതസമരം: സി കേശവൻ, ഡിസി ബുക്സ് കോട്ടയം

5 മാതൃഭൂമിയുടെ ചരിത്രം വാല്യം ഒന്ന്, രണ്ട്, മൂന്ന്: മാതൃഭൂമി പ്രിന്റിങ് ആന്റ് പബ്ലിഷിങ് കമ്പനി

6 കേരള കൗമുദി ചരിത്രം: നെടുങ്കുന്നം ഗോപാലകൃഷ്ണൻ, കേരള കൗമുദി

7 കേരള പത്രപ്രവർത്തന ചരിത്രം: പുതുപ്പള്ളി രാഘവൻ

8 സ്വാതന്ത്ര്യം സാഹിത്യം പത്രപ്രവർത്തനം: സുകുമാരൻ പൊറ്റെക്കാട് സപ്തതി പ്രസിദ്ധീകരണം

9 പത്രപ്രവർത്തനം ഭിന്നമുഖങ്ങൾ: കേരള പ്രസ് അക്കാദമി

10 ആദ്യകാല മാസികകൾ: ജി പ്രിയദർശനൻ, കേരള സാഹിത്യ അക്കാദമി

11 നിരൂപകനായ കേസരി: ഡോ. ടി പി സുകുമാരൻ, ഡിസി ബുക്സ്

12 കേസരിയുടെ സാഹിത്യ വിമർശനങ്ങൾ: കേസരി എ ബാലകൃഷ്ണപിള്ള, സാഹിത്യപ്രവർത്തക സഹകരണ സംഘം

13 സ്വദേശാഭിമാനി വക്കം മൗലവി: ഡോ. ടി ജമാൽ മുഹമ്മദ്, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം

14 കെസി മാമൻ മാപ്പിള: എംകെ സാനു, കേരള സാഹിത്യ അക്കാദമി

15 കേരള നവോത്ഥാനം യുഗസന്തതികൾ യുഗശില്പികൾ: പി ഗോവിന്ദപ്പിള്ള, ചിന്ത പബ്ലിഷേഴ്സ്

16 അരയൻ:ഡോ. വള്ളിക്കാവ് മോഹൻദാസ്, കേരള സാഹിത്യ അക്കാദമി

17 വാക്കുകളും വസ്തുക്കളും : ബി രാജീവൻ, ഡിസി ബുക്സ്, കോട്ടയം

18 ഫാഷിസത്തിന്റെ നാളുകൾ: ഡോ. കെ എൻ പണിക്കർ, ഒലിവ്

19 വാഗ്ഭടാനന്ദഗുരുവും സാമൂഹിക നവോത്ഥാനവും: ഡോ.എം എസ് നായർ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരളസർക്കാർ

20 മാധ്യമ പഠനങ്ങൾ: എഡിറ്റർ പ്രൊഫ. പന്മന രാമചന്ദ്രൻ നായർ, കറന്റ് ബുക്സ്

21 സ്വദേശാഭിമാനിയുടെ പത്രപ്രവർത്തനം രാജവാഴ്ചയുടെ ദൃഷ്ടിയിൽ: പുതുപ്പള്ളി രാഘവൻ, കേരള പ്രസ് അക്കാദമി

22 കേരളീയതയും മറ്റും: പികെ ബാലകൃഷ്ണൻ, ഡിസി ബുക്സ്

23 മലയാള പത്രപ്രവർത്തനത്തിന്റെ അമ്പതുവർഷങ്ങൾ: കേരള പ്രസ് അക്കാദമി

24 വൃത്താന്തപത്രപ്രവർത്തനം: സ്വദേശാഭിമാനി കെ രാമകൃഷ്ണപ്പിള്ള, കേരള പ്രസ് അക്കാദമി

25 കേസരിയുടെ മുഖപ്രസംഗങ്ങൾ, കേസരി എ ബാലകൃഷ്ണപ്പിള്ള, ഡിസി ബുക്സ് കോട്ടയം

26 പത്രം ചരിത്രം പവനൻ: പവനൻ, എഡിറ്റർ സജി മുളന്തുരുത്തി, കേരള സാഹിത്യ അക്കാദമി

27 മാധ്യമങ്ങളുടെ രാഷ്ട്രീയം: ഷാജി ജേക്കബ്, ഒലിവ്

28 കേളപ്പജി:കെവി കുഞ്ഞിരാമൻ, കേരള സാഹിത്യ അക്കാദമി, തൃശൂർ

# സാമൂഹിക നവോത്ഥാനവും മാധ്യമങ്ങളും



കേരളത്തിലെ ഭൂതകാല സാമൂഹിക മുന്നേറ്റങ്ങളെയും അവയെ കീഴ്മേൽ മറിക്കുന്ന വർത്തമാന യാഥാർഥ്യങ്ങളെയും മാധ്യമങ്ങൾ കൈകാര്യം ചെയ്ത വിധം വിമർശനാത്മകമായി പരിശോധിക്കുന്ന പഠനം. നവോത്ഥാന കേരളത്തിന്റെ പിൻനടത്തത്തിന് മാധ്യമങ്ങൾ കുടപിടിച്ചതെങ്ങനെയെന്ന് വിശദമാക്കുന്ന യുക്തിഭദ്ര നിരീക്ഷണങ്ങൾ. ഭക്തിവ്യവസായത്തിലെ ലാഭവിഹിതം പറ്റാനുള്ള മാധ്യമങ്ങളുടെ വഴിവിട്ട സഞ്ചാരം വ്യക്തമാക്കുന്ന ഗ്രന്ഥം.

Kerala Press Academy
Kakkanad, Cochin